


എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ആഗസ്റ്റ് 2022 വാല്യം 54 ലക്കം 8 വില ₹ 25



**ഭാഷയും സാങ്കേതികവിദ്യയും ഭാഷാവൃത്തങ്ങളുടെ കമ്പ്യൂട്ടർ അപഗ്രഥനം**
ഡോ. അച്യുത്ശങ്കർ. എസ്. നായർ, നീന മോഹൻ
05
ഭാഷാവൃത്തങ്ങളുടെ നിർണയം കമ്പ്യൂട്ടർ അപഗ്രഥനത്തിലൂടെ സാധ്യമാക്കുന്ന സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്ന ലേഖനം.

54
**ഇന്ത്യൻ നാഷണൽ ലൈബ്രറി**
ഡോ. വിജയകുമാർ കെ. പി

60
**ജൂഠൻ: ഇന്ത്യൻ ദലിത് ജീവിതത്തിന്റെ സാമൂഹികഭൂപടം**
ഡോ. അലക്സ്. എൽ

65
**ജനാധിപത്യ ഉള്ളടക്കം പുരാതന സാഹിത്യ സിദ്ധാന്തങ്ങളിൽ**
ഡോ. കെ.പി. കൃഷ്ണൻകുട്ടി



**സമരമുറകളുടെ വികാസപരിണാമങ്ങൾ**
മായ കെ.
30
മനുഷ്യരാശിയുടെ ചരിത്രത്തിൽ സമരങ്ങളുടെ വികാസപരിണാമങ്ങൾ അടയാളപ്പെടുത്തുന്ന ലേഖനം

13
**ആംഗ്യഭാഷയുടെ (sign language) പ്രാധാന്യം**
ഡോ. സുജ എസ്.

16
**ഭാരതീയ കാവ്യങ്ങളിലെ വക്രോക്തിയും ഉദാത്തതയും**
കീർത്തി വിദ്യാസാഗർ

26
**അച്ചടി-സാക്ഷരത-വായന**
ഡോ. പി.എസ്. രാധാകൃഷ്ണൻ

49
**കാലാവസ്ഥാവ്യതിയാനപഠനങ്ങളിലെ സത്യാനന്തര സ്വാധീനവും** മുതലാളിത്ത യുക്തികളും
എബിൻ എം.ഡി.



**കാലാവസ്ഥാവ്യതിയാനവും നീതിയും**
ഡോ. രതീഷ് മോൻ. പി
40
കാലാവസ്ഥാവ്യതിയാനം മറ്റെല്ലാ മേഖലകളെപ്പോലെ തന്നെ സാമൂഹ്യനീതിയെയും എങ്ങനെ ബാധിക്കുന്നു എന്ന് ചർച്ച ചെയ്യുന്നു.

69
**സ്ഥലനാമങ്ങളുടെ നിരുക്തിയും പൊരുളും**
ഡോ. ഡേവിസ് സേവ്യർ

73
**മനുഷ്യത്വത്തിന്റെ നിർവചനങ്ങൾ**
പി.എസ്. ജ്യോതിലക്ഷ്മി

76
**മീമുകളുടെയും ട്രോളുകളുടെയും വിനിമയക്ഷമതയും സംസ്കാരനിർമിതിയും**
ഡോ. ജൈനിമോൾ കെ വി

82
പുസ്തക പരിചയം

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. -എഡിറ്റർ

ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255
www.keralabhashainstitute.org

**ചീഫ് എഡിറ്റർ**
ഡോ. മ്യൂസ്മേരി ജോർജ്
**എഡിറ്റർ**
ജി.ബി. ഹരീന്ദ്രനാഥ്
**സബ് എഡിറ്റർ**
കെ.ആർ. സരിതകുമാരി
**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ
ഡോ. പ്രിയ വർഗീസ്
എൻ. ജയകൃഷ്ണൻ
ഡോ. റ്റി. ഗംഗ
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
രമ്യ കെ. ജയപാലൻ
വിദ്യ എസ്.
ദീപ്തി കെ.ആർ.
ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ.
അനുപമ ജെ.
**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ
**ടൈപ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
**കവർ ഡിസൈൻ :**
നാരായണ ഭട്ടതിരി

# ഭാഷയും സാങ്കേതികവിദ്യയും

ലോകത്തുള്ള മിക്കവാറും എല്ലാ ഭാഷകളുടെയും വികാസത്തിനും പ്രചരണത്തിനും അഭ്യസനത്തിനും സാങ്കേതികവിദ്യ വഹിക്കുന്ന പങ്ക് ഒട്ടും ചെറുതല്ല. ഭാഷയുടെ പ്രചരണത്തിനായി ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ശിലാലിഖിതങ്ങളും ലോഹപ്പാളികളും താളിയോലകളും പാപ്പിറസ് ചുരുളുകളും പേപ്പറിനും അച്ചടിക്കും വഴിമാറിയത് ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടെത്തിയതിലൂടെയാണ്. അച്ചടി വിവിധ ഭാഷകളുടെ പ്രചാരണത്തിനും വികാസത്തിനും വഴിതെളിച്ചു. അച്ചടിച്ച പുസ്തകങ്ങൾ വളരെ എളുപ്പത്തിൽ തന്നെ സൂക്ഷിച്ചു വയ്ക്കാനും ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകാനും വളരെ സൗകര്യപ്രദമായി.

അച്ചടി വളരെ വലിയ വിപ്ലവമാണ് ഭാഷാവികസനത്തിലും അഭ്യസനത്തിലും സൃഷ്ടിച്ചത്. വിവിധതരം ഫോണ്ടുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ കല്ലച്ചിന്റെ സഹായത്തോടെ പേപ്പറിൽ പ്രിന്റ് ചെയ്യാൻ കഴിഞ്ഞു. ഭാഷയുടെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്നായ ആശയവിനിമയം കൂടുതൽ വ്യക്തതയോടെയും എളുപ്പത്തിലും നിർവഹിക്കുവാൻ ഇതുമൂലം സാധിച്ചു. കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ പ്രിന്റിംഗ് ടെക്നോളജിയിലുണ്ടായ അത്ഭുതപൂർവമായ വളർച്ച ബഹുവർണ അച്ചടിരംഗത്ത് വളരെ വലിയ വിപ്ലവങ്ങളാണ് സൃഷ്ടിച്ചത്. അതോടൊപ്പം തന്നെ വിവിധതരം പേപ്പറുകൾ നിർമിക്കപ്പെട്ടതും അച്ചടിക്ക് മുതൽക്കൂട്ടായി മാറി.

കമ്പ്യൂട്ടറിന്റെ ആവിർഭാവം ഡിജിറ്റൽ പബ്ലിഷിങ് രംഗത്ത് കൂടുതൽ സാധ്യതകൾ തുറന്നിട്ടു. ഇന്റർനെറ്റ് പ്രചുരപ്രചാരത്തിൽ വന്നതോടെ ഏതാണ്ട് എല്ലാ ഭാഷകളുടെയും ഉപയോഗവും പഠനവും വിനിമയവും ആഗോളതലത്തിൽ തന്നെ നിർവഹിക്കാൻ പറ്റുന്നതായി മാറി. ഇന്ന് ഭാഷയുടെ ഉപയോഗത്തിന്റെ വിവിധ ഘടകങ്ങളായ ഫോണ്ടുനിർമാണം, ഗ്രാമർ ചെക്കിങ്, സ്പെൽ ചെക്കിങ് എന്നീ നൂതനരീതികളിലെല്ലാം വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. വൈകിയാണെങ്കിലും മലയാളവും ഇന്ന് സാങ്കേതികവിദ്യയുടെ സഹായത്താൽ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഭാഷാ പഠനത്തിനായിട്ടുള്ള വിവിധതരം ആപ്പുകൾ, വിവർത്തനത്തിനായിട്ടുള്ള വിവിധതരം ടൂളുകൾ, സ്പെൽ ചെക്കർ എന്നിവ പ്രചാരത്തിലുണ്ട്. നൂറുശതമാനം കൃത്യതയോടെ നിർവഹിക്കാൻ കഴിയുന്നില്ലെങ്കിലും ഭാവിയിൽ തന്നെ ഏറ്റവും കൃത്യതയോടെ ഇവയെല്ലാം നിർവഹിക്കാൻ കഴിയുമെന്ന് വിശ്വസിക്കാം. ഭാഷാ പണ്ഡിതരും അധ്യാപകരും സാങ്കേതിക വിദഗ്ധരും തോളോടുതോൾ ചേർന്നുള്ള പ്രവർത്തനമാണ് ഇതിനായി വേണ്ടത്.

**- ചീഫ് എഡിറ്റർ**

# ഭാഷാവൃത്തങ്ങളുടെ കമ്പ്യൂട്ടർ അപഗ്രഥനം

ഡോ. അച്യുത്ശങ്കർ. എസ്. നായർ, നീന മോഹൻ

## ആമുഖം

പദ്യങ്ങളുടെ വൃത്തഘടന കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിലൂടെ മനസ്സിലാക്കി എടുക്കുവാനുള്ള ശ്രമങ്ങൾ വളരെ കാലമായി നടന്നുവരികയാണ്. സംസ്കൃതവൃത്തങ്ങളെ സംബന്ധിച്ചിടത്തോളം നൂറു ശതമാനം കൃത്യതയോടെ ഇത് ചെയ്തുകഴിഞ്ഞിട്ടുണ്ട്. മൂന്നു ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാം. കേശവ് മെൽനാഥ്, പവൻ ഗോയൽ, പീറ്റർ സ്കാർഫ് എന്നിവർ തയാറാക്കിയിട്ടുള്ള ഓൺലൈൻ ടൂൾ (www.sanskritlibrary.org/ MeterIdentification) [1], ശ്രീവത്സാ രാജഗോപാലൻ തയാറാക്കിയിട്ടുള്ള മീറ്റർ ഐഡന്റിഫിക്കേഷൻ ടൂൾ (www.sanskritmeter.appspot.com)[2], നെയിൽ ടിയുടെ 'സ്ക്രൂട്ടബിൾ' (https://www.skrutable.info) [3] ഇവ മൂന്നും വളരെ മികച്ച രീതിയിൽ സംസ്കൃതവൃത്തങ്ങൾ തിരിച്ചറിയുന്ന സംവിധാനങ്ങളാണ്. സംസ്കൃതവൃത്തങ്ങളുടെ അപഗ്രഥനം വളരെ ലഘുവാണ്. സംസ്കൃതവൃത്തങ്ങളുടെ നിർവചനം കണിശമാകയാലും പദ്യരചനയിൽ യാതൊരു വ്യതിയാനവും അനുവദിക്കായ്കയാലും യഥാസ്ഥാനങ്ങളിൽ നിയതമായ അക്ഷരയിനങ്ങൾ (ലഘു/ ഗുരു) പ്രയോഗിച്ചിട്ടുണ്ടോ എന്ന് നോക്കുന്നതിലേക്കു മാത്രം ഈ അപഗ്രഥനം ചുരുങ്ങുന്നു (ചില്ലക്ഷരങ്ങൾ സംസ്കൃത ഭാഷയിൽ പ്രസക്തമല്ലാത്തതിനാൽ അവ തീവ്രമായതരത്തിൽ ഉച്ചരിക്കുന്നവയാണോ എന്നുതുടങ്ങി പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളും സംസ്കൃതവൃത്തങ്ങളെ അലട്ടുന്നില്ല). എന്നാൽ മലയാള ഭാഷാവൃത്തങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ഓരോ സ്ഥാനത്തും നിയതമായ ഗുരു ലഘു അക്ഷരങ്ങൾ വരണമെന്ന് യാതൊരു നിബന്ധനയും പൊതുവിൽ ഇല്ലാത്തതിനാലും, അക്ഷരങ്ങളുടെ മാത്രയെ അധിഷ്ഠിതമാക്കി വൃത്തശില്പം നിലനിൽക്കുന്നതിനാലും, മാത്രകളുടെ നീട്ടലും കുറുക്കലും അനുവദനീയമായതിനാലും കമ്പ്യൂട്ടർ അപഗ്രഥനം ഇതുവരെ ആരും പരീക്ഷിച്ചുനോക്കിയതായി അറിവില്ല. ഇക്കാര്യത്തിൽ ചില മുൻവിധികളും ഉണ്ടെന്നു സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി വൃത്തമഞ്ജരിയിൽ തന്നെ 'ഒന്നിനും ഒരു വ്യവസ്ഥയും ഇല്ല' എന്നമട്ടിലുള്ള പരാമർശത്തിലൂടെ ഭാഷാവൃത്തങ്ങൾ ചിട്ടയായ അപഗ്രഥനത്തിനു വിധേയമല്ലാത്തവയാണെന്ന സൂചന നൽകിയിരിക്കുന്നു[4]. മറ്റുചില വസ്തുതകളും ഭാഷാവൃത്ത അപഗ്രഥനത്തെ സങ്കീർണമാക്കുന്നു. ഭാഷാവൃത്തങ്ങൾ യഥാർഥത്തിൽ അവ ചൊല്ലുമ്പോഴാണ് നിലവിൽ വരുന്നത്. വരികളിലെ നിയതഖണ്ഡങ്ങളിലെ മാത്ര അല്പം കുറയുകയോ കൂട്ടുകയോ ചെയ്താലും വരികൾ ചൊല്ലുമ്പോൾ നീട്ടിയും കുറുക്കിയും അവ വൃത്തത്തിന്റെ ചട്ടക്കൂടിൽ ഒതുക്കുമ്പോഴാണ് ഭാഷാവൃത്തം ആവിർഭവിക്കുന്നത്. എന്നാൽ ഈ മുൻവിധികൾ എല്ലാം പൂർണമായും ശരിയല്ല എന്ന് തെളിയിച്ചുകൊണ്ട് കമ്പ്യൂട്ടർ അപഗ്രഥനത്തിലൂടെ 95 ശതമാനത്തിൽ അധികം കൃത്യതയോടുകൂടി ഭാഷാവൃത്തങ്ങളെ തിരിച്ചറിയാൻ സാധിക്കുന്ന ഒരു പദ്ധതിയാണ് ഈ ലേഖനത്തിൽ ഞങ്ങൾ വിവരിക്കുന്നത്. പൈത്തൺ എന്ന

> ഭാഷാവൃത്തങ്ങൾ യഥാർഥത്തിൽ അവ ചൊല്ലുമ്പോഴാണ് നിലവിൽ വരുന്നത്. വരികളിലെ നിയതഖണ്ഡങ്ങളിലെ മാത്ര അല്പം കുറയുകയോ കൂട്ടുകയോ ചെയ്താലും വരികൾ ചൊല്ലുമ്പോൾ നീട്ടിയും കുറുക്കിയും അവ വൃത്തത്തിന്റെ ചട്ടക്കൂടിൽ ഒതുക്കുമ്പോഴാണ് ഭാഷാവൃത്തം ആവിർഭവിക്കുന്നത്.




*ചിത്രം - 1*



ആധുനിക കമ്പ്യൂട്ടർ ഭാഷയിൽ വൃത്തങ്ങളെ കൈകാര്യം ചെയ്യുവാനുള്ള പ്രോഗ്രാമിങ് ശകലങ്ങൾ ഉൾപ്പെടുത്തി 'കാവ്യനർത്തകി' എന്ന ഒരു പാക്കേജ് കേരള സർവകലാശാലയിലെ കമ്പ്യൂട്ടേഷനൽ ബയോളജി ആൻഡ് ബയോഇൻഫർമാറ്റിക്സ് വിഭാഗത്തിലെ തല്പരരായിട്ടുള്ള ഗവേഷകർ ചേർന്ന സൃഷ്ടിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഭാഷാവൃത്തങ്ങളുടെ അപഗ്രഥനം തയാറാക്കിയിരിക്കുന്നത്. ഈ പാക്കേജിലെ ലളിതമായ നിർദേശങ്ങളിലൂടെ മലയാളത്തിൽ ടൈപ്പ് ചെയ്ത ഈരടികളെ അപഗ്രഥിച്ച ഏതു ഭാഷാവൃത്തമാണെന്ന പറയുവാൻ സാധിക്കുന്ന. മലയാള ഭാഷയിൽ ഇൻപുട്ട സ്വീകരിക്കാനും ഔട്ട്പുട്ട നൽകാനും പൈത്തൺ ഭാഷ സുസജ്ജമാണ്. അതിനൊരു ഉദാഹരണം ആദ്യം സൂചിപ്പിച്ചുകൊണ്ട് വിശദാംശത്തിലേക്ക് കടക്കാം. ചിത്രം 1-ൽ കേകയിലെ ഒരു വരിയുടെ അപഗ്രഥന ഫലം കാണിച്ചിരിക്കുന്ന. L1 , L2 എന്നത് ഒന്നും രണ്ടും വരികളിലെ അക്ഷര എണ്ണവും M1, M2 എന്നത് തൽവരികളിലെ മാത്രക്കണക്കുമാണ്.

ചിത്രം - 1: കാവ്യനർത്തകി പാക്കേജിന്റെ പ്രവർത്തനത്തിന് ഉദാഹരണം

## ഭാഷാവൃത്തങ്ങളുടെ വർഗീകരണം

ഭാഷാവൃത്തങ്ങളുടെ വർഗീകരണം സൂചിപ്പിക്കുന്ന ചിത്രം ചുവടെ ചേർക്കുന്ന (ചിത്രം -2). ചിത്രം-2: ഭാഷാവൃത്തങ്ങളുടെ വർഗീകരണം

മേൽ സൂചിപ്പിച്ച വർഗീകരണത്തിൽ നാലാമത്തെ ഇനത്തിന്റെ കാര്യത്തിൽ വിശദീകരണം നൽകേണ്ടതുണ്ട്. സംസ്കൃതവൃത്തങ്ങളെ സാധാരണ ഭാഷാവൃത്തങ്ങൾക്കു കീഴിലായി ഉൾപ്പെടുത്താറില്ല. എന്നാൽ മേൽ ചിത്രത്തിൽ നാലാമത്തെ ഇനത്തിൽ അങ്ങനെ ഭവിച്ചിരിക്കുന്ന. സംസ്കൃത വൃത്തങ്ങൾ മലയാളത്തിൽ ഉപയോഗിക്കുമ്പോൾ പലപ്പോഴും ഭാഷാവൃത്തങ്ങളുടെ സ്വാതന്ത്ര്യം അവയിൽ ഉപയോഗിച്ചു കാണാറുണ്ട് എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഇനം കൂടി വർഗീകരണത്തിൽ ഉൾപ്പെടുത്തിയത്. അതിനു ഏറ്റവും മികച്ച ഉദാഹരണം പഞ്ചചാമരം ആണ്.

സംസ്കൃതത്തിൽ ഇതിന്റെ ഘടന ലഘു/ഗുരു ക്രമത്തിൽ എട്ടു കൂട്ടങ്ങൾ ചേർന്നതാണ്. എന്നാൽ ഇത് മലയാളത്തിൽ ഉപയോഗിക്കുമ്പോൾ ഭാഷാരീതിയുടെ സ്വാതന്ത്ര്യം എടുത്തുകൊണ്ട് ചില ഖണ്ഡങ്ങളിൽ 'ലഘു, ഗുരു'-നു പകരം 'ഗുരു, ലഘു' എന്നോ 'ലഘു ലഘു ലഘു' എന്നോ വരെ ഉപയോഗിച്ചു എന്നു വരാം. അതിനു പുറമേ ഊനം ഉപയോഗിക്കുന്ന ശൈലിയും കണ്ടു എന്ന് വരാം. ഇതുപോലെ തന്നെയാണ് സമാനിക, പ്രാമാണിക, ഭുജംഗപ്രയാതം എന്നീ സംസ്കൃത വൃത്തങ്ങളുടെയും കാര്യം. അതിനാലാണ് അത്തരം വൃത്തങ്ങളെ ഭാഷാവൃത്തങ്ങൾക്കു കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആവശ്യമെങ്കിൽ ഇവയുടെ പേര് പരാമർശിക്കുമ്പോൾ അതിന്റെ മുന്നിൽ 'ഭാഷാ' എന്നുകൂടി ചേർക്കുന്നത് നന്നായിരിക്കും (ഉദാഹരണം: ഭാഷാപഞ്ചചാമരം).

## ഭാഷാവൃത്തങ്ങൾക്കൊരു ചട്ടക്കൂട്

മലയാള ഭാഷാവൃത്തങ്ങളെ പഠിക്കുവാനും തിട്ടപ്പെടുത്തുവാനുമായി ഭാഷാവൃത്തങ്ങളെ നിർവചിക്കുന്ന ഘടകങ്ങൾ എന്താണെന്ന് ആദ്യമായി പരിശോധിക്കേണ്ടതുണ്ട്. പരമ്പരാഗത മലയാള വൃത്തങ്ങളെ താഴെ പറയുന്ന നാല് സംഖ്യകൾ കൊണ്ട് നമുക്കു പൂർണമായും സൂചിപ്പിക്കാം.

'l' (lines): ഒരു സമ്പൂർണ ആശയം വ്യക്തമാകാൻ ഉപയോഗിക്കുന്ന പദ്യത്തിന്റെ വരികളുടെ എണ്ണം. മലയാളത്തിൽ ഇത് സാധാരണയായി രണ്ട് ആണ് (ഈരടി). എന്നാൽ ഈ നിയമം എപ്പോഴും പാലിക്കപ്പെട്ടോണം എന്നില്ല.


's' (segments): ഒരു വരിയിലെ ഖണ്ഡങ്ങളുടെ എണ്ണം. ഇതിനെ ഗണം എന്നും പരാമർശിക്കാറുണ്ട്. സാധാരണയായി ഇത് 4 ആണ്. എന്നാൽ 6, 7, 8 എന്നിവയും കാണാറുണ്ട്.

'm' (maathra): ഒരു ഖണ്ഡത്തിലെ മാത്രയുടെ കണക്ക് 3|4|5 എന്നിവയാണ് ഏറ്റവും പ്രചാരത്തിൽ. മറ്റുള്ളവയും കണ്ടു എന്നു വരാം. അതിനു പുറമേ ഓരോ ഖണ്ഡത്തിലും വ്യത്യസ്തമാത്രകൾ ഉണ്ടായെന്നും വരാം.

'n' (number of letters): ഒരു ഖണ്ഡത്തിലെ അക്ഷരങ്ങളുടെ എണ്ണം. ഇതും ഓരോ ഖണ്ഡത്തിലും വ്യത്യസ്തമായി വന്നു എന്ന് വരാം.

മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ മൂല്യം നിർവചിക്കുന്നത് അനുസരിച്ച വിവിധ ഭാഷാവൃത്തങ്ങൾ ഉത്ഭവിക്കുന്ന. അവയിൽ ചില നിബന്ധനകൾ കൂടി നിർവചിച്ചുകൊണ്ടു അവാന്തര വിഭാഗങ്ങൾ (ജന്യവൃത്തങ്ങൾ) സൃഷ്ടിക്കാം. ജന്യ വൃത്തങ്ങൾ സൃഷ്ടിക്കാൻ ഊനം, ശ്ലഥം, ഗുണിതം, ഹരണം, നിയതം എന്നീ രീതികൾ ഉപയോഗിക്കുന്നതായിട്ടു കാണാം. പ്രശസ്ത മലയാള വൃത്തങ്ങൾക്കു 'l', 's', 'm', 'n' എന്നിവയുടെ മൂല്യങ്ങൾ പട്ടിക 1-ൽ ചേർക്കുന്ന.

ഭാഷാവൃത്തങ്ങൾക്കു ഒരു വ്യവസ്ഥയും ഇല്ല




ആധുനിക കമ്പ്യൂട്ടർ ഭാഷയിൽ വൃത്തങ്ങളെ കൈകാര്യം ചെയ്യുവാനുള്ള പ്രോഗ്രാമിങ് ശകലങ്ങൾ ഉൾപ്പെടുത്തി 'കാവ്യനർത്തകി' എന്ന ഒരു പാക്കേജ് കേരള സർവകലാശാലയിലെ കമ്പ്യൂട്ടേഷനൽ ബയോളജി ആൻഡ് ബയോഇൻഫർമാറ്റിക്സ് വിഭാഗത്തിലെ തല്പരരായിട്ടുള്ള ഗവേഷകർ ചേർന്ന സൃഷ്ടിച്ചിട്ടുണ്ട്.

**പൈത്തൺ എന്ന ആധുനിക കമ്പ്യൂട്ടർ ഭാഷ ലോകത്ത് ഇന്ന് ഏറ്റവും പ്രചാരമുള്ള കമ്പ്യൂട്ടർ ഭാഷകളിൽ ഒന്നാണ്. ഓപ്പൺ സോഴ്സ് സമീപനം സ്വീകരിച്ചിരിക്കുന്ന ഈ ഭാഷയിൽ നമുക്ക് കൂട്ടിച്ചേർക്കലുകൾ നടത്താൻ സാധിക്കുന്നു.**

എന്ന മുൻവിധിക്കു പ്രതികരണമായി ഒരു ലഘുവായ ചട്ടക്കൂട് ചിത്രം 3-ൽ ചേർത്തിരിക്കുന്നു. പ്രമുഖ പണ്ഡിതരായ കെ.കെ.വാധ്യാർ [5], പി.കുഞ്ഞിക്കൃഷ്ണ മേനോൻ [6], കുട്ടിക്കൃഷ്ണമാരാർ [7] എന്നിവരെല്ലാം അവരുടേതായ രീതിയിൽ ചട്ടക്കൂടുകൾ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ കമ്പ്യൂട്ടർ അപഗ്രഥനത്തിനെ മുൻനിർത്തിയാണ് ചട്ടക്കൂട് രൂപകല്പന. 's' , 'm' എന്നീ രണ്ടു മൂല്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു പട്ടികയാണ് ഈ ചട്ടക്കൂടിനെ നിർവചിക്കുന്നത്(നേരത്തെ സൂചിപ്പിച്ചതു പോലെ 's' എന്നത് എത്ര ഗണങ്ങൾ/ ഖണ്ഡങ്ങൾ (segments) എന്നതിനെ സൂചിപ്പിക്കുന്നു, 'm' എന്നത് ഓരോ ഖണ്ഡത്തിലെയും മാത്രയേയും). ഈ ചട്ടക്കൂടിൽ പ്രമുഖ ഭാഷാവൃത്തങ്ങൾ രേഖപ്പെടുത്താനാകും. ഭാഷാവൃത്തങ്ങളായ കേക, ഓമനക്കുട്ടൻ തുടങ്ങിയവയും ഈ ചട്ടക്കൂടിൽ ഒതുങ്ങും.

| | l | s | m | n |
|---|---|---|---|---|
| തരംഗിണി | 2 | 8 | 2 | 8 മുതൽ 16വരെ |
| കാകളി | 2 | 4 | 5 | 20 |
| അന്നനട | 2 | 6 | 3 | 18 |
| നതോന്നത | 2 | 8 | 4 | 32,26* |
| കേക | 1 or 2 | 6 | ** | 14 |
| ഓമനക്കുട്ടൻ | 2 | 4 | ** | 10,8 |

**പരമാവധി മാത്രയാണിത്. പ്രയോഗത്തിൽ കാര്യമായ കുറവ് കാണാം, പാടിനീട്ടാറാണ് പതിവ്.*
***ഓരോ ഖണ്ഡത്തിലും മാത്രയ്ക്കു ഏറ്റക്കുറച്ചിൽ ഉണ്ടാകാം*
*പട്ടിക-1:പ്രമുഖ വൃത്തങ്ങളുടെ l,s,m,n മൂല്യങ്ങൾ. (രണ്ടു വരികളിലും വ്യത്യസ്ത അക്ഷരക്കണക്കുള്ളവ കോമ കൊണ്ട് വേർതിരിച്ചു കാണിച്ചിരിക്കുന്നു).*

അവ ഒന്നിലേറെ കളങ്ങളിൽ വ്യാപിക്കും എന്ന് മാത്രം. കേകയുടെ വിന്യാസം ചിത്രം 3-ൽ നൽകിയിരിക്കുന്നു (ഇവ യഥാർഥത്തിൽ മാത്ര അളവിൽ വലിച്ചുനീട്ടൽ അനുവദിക്കുന്ന വൃത്തങ്ങളാണ് 'ഫ്ലെക്സിവൃത്തം' എന്നു പരാമർശിക്കാം). ഭാഷാവൃത്തങ്ങൾ സംസ്കൃതവൃത്തങ്ങളെ അപേക്ഷിച്ചു നൽകുന്ന അടിസ്ഥാന സ്വാതന്ത്ര്യത്തിനുപരിയായി മാത്രക്കണക്കിലെ സ്വാതന്ത്ര്യം കൂടി നൽകുന്നതുകൊണ്ടാകണം കേക ഏറെ പ്രചാരത്തിലുള്ളത്.

ഈ ചട്ടക്കൂടിനു അകത്തു നിന്നുകൊണ്ട് പൊതുവായ മലയാള വൃത്തങ്ങളെ അപഗ്രഥിച്ചതിന്റെ അനുഭവത്തിൽ പറയുവാൻ സാധിക്കുന്നത് മലയാള ഭാഷാവൃത്തങ്ങളുടെ സ്വഭാവത്തെ ഏകദേശം പൂർണമായി അതിന്റെ വരികളിലെ അക്ഷരങ്ങളും മാത്രകളും കണക്കുകൂട്ടുക വഴി നമുക്ക് നിർവചിക്കാൻ സാധിക്കും എന്നതാണ്. എഴുത്തും ചൊല്ലലും തമ്മിലുള്ള വ്യത്യാസം സാധാരണ കരുതുന്നതു പോലെ അപഗ്രഥനത്തെ തടസ്സപ്പെടുത്തുന്നില്ല. നിർവചനങ്ങൾക്കും ലക്ഷണങ്ങൾക്കും കാരികകൾക്കും ഒക്കെ പുറമേ ഏകദേശം അയ്യായിരത്തോളം ഈരടികൾ (പല വൃത്തങ്ങളിൽ ഉള്ളവ) കമ്പ്യൂട്ടർ ഉപയോഗിച്ച് ഈ പഠനത്തിൽ അപഗ്രഥിച്ചിരുന്നു. അവയുടെ അക്ഷരവും മാത്രയും ശരാശരി എങ്ങനെ പ്രത്യക്ഷമാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ഭാഷാ വൃത്തങ്ങളുടെ വിശദാംശങ്ങളെ ഒരു പട്ടികയിലേക്ക് ഒതുക്കാൻ സാധിച്ചിട്ടുണ്ട് (പട്ടിക-2). പട്ടികയിൽ L1 എന്നത് ഈരടികളുടെ ആദ്യത്തെ വരിയിലെ അക്ഷരങ്ങളുടെ എണ്ണത്തിന്റെ ശരാശരിയും, L2 എന്നത് ഈരടികളുടെ രണ്ടാമത്തെ വരിയിലെ അക്ഷരങ്ങളുടെ എണ്ണത്തിന്റെ ശരാശരിയും, M1 എന്നത് ഈരടികളുടെ ആദ്യത്തെ വരിയിലെ മാത്രയുടെ ശരാശരിയും, M2 എന്നത് ഈരടികളുടെ രണ്ടാമത്തെ വരിയിലെ മാത്രയുടെ ശരാശരിയും ആണ് സൂചിപ്പിക്കുന്നത്. '~' എന്ന ചിഹ്നത്തെ 'ഏകദേശം' എന്നു വായിക്കണം.

| | s=4 | s=5 | s=6 | s=7 | s=8 |
|---|---|---|---|---|---|
| m=2 | | | | | തരംഗിണി2 |
| m=3 | പ്രമാണിക സമാനിക | | അന്നനട | | പഞ്ചചാമരം |
| m=4 | തരംഗിണി1 | | | കുറത്തി | നതോന്നത |
| m=5 | കാകളി | | | | |
| m=6 | | | | | |
| m=7 | | | | | |
| m=8 | | | | | |

ചിത്രം-3: ഭാഷാവൃത്തങ്ങളുടെ 's'-'m'പട്ടിക

| | s=4 | s=5 | s=6 | s=7 | s=8 |
|---|---|---|---|---|---|
| m=2 | | | | | |
| m=3 | | | കേക (ഫ്ലക്സി വൃത്തം) | | |
| m=4 | | | | | |
| m=5 | | | | | |
| m=6 | | | | | |
| m=7 | | | | | |
| m=8 | | | | | |
| | | | | | |

** 1,4 ഖണ്ഡം:4 മുതൽ 6 മാത്രവരെ; 2,3,5,6 ഖണ്ഡം: 3 മുതൽ 4 മാത്രവരെ*
*ചിത്രം-4: 's'-'m'പട്ടികയിൽ കേകയുടെ വിന്യാസം*

പട്ടിക-2: ഭാഷാവൃത്തങ്ങളുടെ അക്ഷര-മാത്രാക്കണക്കുകൾ

ഇതിലെ മാത്രാക്കണക്കും അക്ഷരക്കണക്കും മാത്രമാണ് സൂചിപ്പിച്ചിരിക്കുന്നതെങ്കിലും ഇതിനു പുറമേ ചില വൃത്തങ്ങളിൽ അക്ഷരക്രമങ്ങളും നിഷ്കർ

ഷിക്കപ്പെട്ടിട്ടുണ്ട് (ഉദാഹരണം: പ്രമാണിക വൃത്തത്തിൽ 3 മാത്രയുള്ള 4 ഖണ്ഡങ്ങൾ മാത്രം വന്നാൽ പോരാ, ആ ഖണ്ഡങ്ങൾ 'ലഘു ഗുരു' എന്ന ക്രമത്തിൽ തന്നെ ആയിരിക്കുകയും വേണം. അതുപോലെ കളകാഞ്ചി, മണികാഞ്ചി എന്നുള്ളവയിൽ ആദ്യത്തെ ഖണ്ഡങ്ങളിൽ അഞ്ചു മാത്ര വന്നാൽ മാത്രം പോരാ, അവ അഞ്ചു ലഘു അക്ഷരങ്ങളിലൂടെയായിരിക്കുകയും വേണം. ഇത് പരിശോധിക്കുന്നത് കമ്പ്യൂട്ടറുകൾക്ക് വളരെ ലളിതമാണ്.)

## 'കാവ്യനർത്തകി' പാക്കേജ്

പൈത്തൺ എന്ന ആധുനിക കമ്പ്യൂട്ടർ ഭാഷ ലോകത്ത് ഇന്ന് ഏറ്റവും പ്രചാരമുള്ള കമ്പ്യൂട്ടർ ഭാഷകളിൽ ഒന്നാണ്. ഓപ്പൺ സോഴ്സ് സമീപനം സ്വീകരിച്ചിരിക്കുന്ന ഈ ഭാഷയിൽ നമുക്ക് കൂട്ടിച്ചേർക്കലുകൾ നടത്താൻ സാധിക്കുന്നു. ഒരു ലക്ഷത്തോളം ഇത്തരം കൂട്ടിച്ചേർക്കലുകൾ (പാക്കേജുകൾ) ഈ ഭാഷയുടെ വൈവിധ്യത്തെ മെച്ചപ്പെടുത്തുന്നു. ഇതിൽ കേരള സർവകലാശാലയുടെ സംഭാവനയാണ് 'കാവ്യനർത്തകി' പാക്കേജ്. ഇത് പൈത്തൺ ഭാഷയിൽ നിലവിൽവരുത്താൻ നൽകേണ്ട ലളിതമായ നിർദേശം താഴെ സൂചിപ്പിക്കുന്നു.

pip install kavyanarthaki

തുടർന്ന്

import kavyanarthaki as kn

ഇത് നൽകിക്കഴിഞ്ഞാൽ മലയാള ഈരടികളുടെ പലതരം അപഗ്രഥനങ്ങൾ സാധ്യമാകുന്നു (സംസ്കൃത വൃത്ത അപഗ്രഥനവും ഇതിൽപ്പെടുന്നു). ചില ഉദാഹരണങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു. ചില്ലക്ഷരങ്ങൾ അവഗണിച്ചാണ് അപഗ്രഥനം. 'G','L' എന്നീ അക്ഷരങ്ങൾ യഥാക്രമം ഗുരു, ലഘു എന്നിവയെ സൂചിപ്പിക്കുന്നു.

ഭാഷാ വൃത്തങ്ങൾ തിരിച്ചറിയാൻ kn. BhashaVritham() എന്ന കമാൻഡിൽ ബ്രാക്കറ്റിനുള്ളിൽ കോട്ടുകൾക്കുള്ളിൽ വരികൾ നൽകിയാൽ മതി (ലേഖനത്തിന്റെ ഒന്നാം ഭാഗത്തു തന്നെ ഇതിന്റെ ഉദാഹരണം നൽകിയിരുന്നു).

ഒരു ഈരടി മാത്രമാണ് നൽകുന്നതെങ്കിൽ ചിലപ്പോൾ ഭാഷാവൃത്തത്തിൽ അനുവദനീയമായ മാത്രാക്കുറവോ കൂടുതലോ വൃത്തനിർണയത്തെ സ്വാധീനിച്ചു എന്നു വരാം (ഒരു മാത്ര വ്യത്യാസം അവഗണിച്ചാണ് പ്രോഗ്രാം തയാറാക്കിയിട്ടുള്ളത്). എന്നാൽ ഒരു കൂട്ടം ഈരടികൾ നൽകിയാൽ ശരാശരി മാത്രാക്കണക്ക് എടുക്കുന്നതിനാൽ വൃത്തനിർണയം കൂടുതൽ കൃത്യമാകും. ഇതിനായി കുറെയേറെ ഈരടികൾ ഒരു ഫയലിലാക്കി അതു മുഴുവൻ അപഗ്രഥിക്കാൻ കാവ്യനർത്തകി പാക്കേജ് അനുവദിക്കും.

അപഗ്രഥന ഫലം L1, M1, L2, M2 എന്നീ മൂല്യങ്ങളോടെയാണ് കമ്പ്യൂട്ടർ പ്രദർശിപ്പിക്കുക. ഇവയുടെ നിർവചനം നേരത്തെ സൂചിപ്പിച്ചു കഴിഞ്ഞു (ലേഖനത്തിന്റെ മൂന്നാം ഭാഗത്ത്). ഊനം എന്ന ആശയത്തെ കാവ്യനർത്തകി പാക്കേജ് എങ്ങനെ

| ക്രമ നമ്പർ: | L1 | M1 | L2 | M2 | വൃത്തം | കുറിപ്പ് (G=ഗുരു, L=ലഘു) |
|---|---|---|---|---|---|---|
| 1 | 8-12 | ~12 | 8-12 | ~12 | മുമ്മാത്ര | GLGLGLGL- സമാനിക<br>LGLGLGLG- പ്രമാണിക |
| 2 | 12 | 15-18 | 12 | 15-18 | അന്നനട | |
| 3 | 8-16 | ~16 | 8-16 | ~16 | തരംഗിണി | |
| 4 | 16 | ~32 | 13 | ~26 | നതോന്നത | |
| 5 | 10 | ഫ്ലെക്സി | 10 | ഫ്ലെക്സി | മാവേലി | |
| 6 | 12 | ~20 | 12 | ~20 | കാകളി | ആദ്യാക്ഷരം ഗുരു |
| 7 | 14 | ~20 | 14 | ~20 | മണികാഞ്ചി | ആദ്യ ഖണ്ഡം സർവ്വ ലഘു |
| 8 | 16 | ~20 | 16/18 | ~20 | കളകാഞ്ചി | ആദ്യ രണ്ടോ മൂന്നോ ഖണ്ഡങ്ങൾ സർവ്വ ലഘു |
| 9 | 12 | ~20 | 8 | ~14 | മാരകാകളി | രണ്ടാം വരിയിൽ ഊനം |
| 10 | 11 | ~18 | 11 | ~18 | പാന | |
| 11 | 12 | ~18 | 10 | ~17 | മഞ്ജരി | |
| 12 | 16 | ഫ്ലെക്സി | 16 | ഫ്ലെക്സി | കേക | ഓരോ ഖണ്ഡത്തിലും ഗുരു വേണം |
| 13 | 12 | ഫ്ലെക്സി | 10 | ഫ്ലെക്സി | മതിലേഖ | 1,4 ഖണ്ഡങ്ങളുടെ തുടക്കം രണ്ടു ലഘുവിൽ |
| 14 | ~10 | ഫ്ലെക്സി | ~10 | ഫ്ലെക്സി | താരാട്ട്/<br>ഓമനക്കുട്ടൻ* | ചൊൽവടിവിലാണ് ഇവതമ്മിൽ വ്യത്യാസം |
| 15 | 16 | ~24 | 16 | ~24 | ഭാഷാ പഞ്ചചാമരം | |

** ഓമനക്കുട്ടനിൽ ഓരോ ഖണ്ഡത്തിലും ഗുരു വേണം. താരാട്ടിൽ ആദ്യ വരിയുടെ അവസാനം രണ്ടു ഗുരു അക്ഷരങ്ങൾ വേറിട്ടു നിൽക്കണം.*

| ക്രമ നമ്പർ | അപഗ്രഥനം | ഉദാഹരണം |
|---|---|---|
| 1 | ലഘു ഗുരു തിരിക്കൽ | kn.gl("അങ്കണ തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ")<br>['G', 'L', 'L', 'G', 'G', 'L', '-', 'G', 'G', 'G', 'L', 'L', 'G', 'G', 'L'] |
| 2 | മാത്ര കണക്കു കൂട്ടൽ | kn.MathraCount(['G', 'L', 'L', 'G', 'G', 'L', '-', 'G', 'G', 'G', 'L', 'L', 'G', 'G', 'L'])<br>22 |
| 3 | അക്ഷരം കണക്കുകൂട്ടൽ | len(kn.ml("അങ്കണ തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ"))<br>14 |
| 4 | സംസ്കൃത വൃത്തം കണ്ടെത്തൽ | kn.FindVritham_Sanskrit("പ്രഭുംപ്രാണനാഥം വിഭുംവിശ്വനാഥം")<br>വൃത്ത പ്രവചനം: ഭുജംഗപ്രയാതം (ലക്ഷണം: YYYY) |

*പട്ടിക-3: കാവ്യനർത്തകി പാക്കേജിലെ ചില സാധ്യതകൾ*

| | |
|---|---|
| തകധിമി തകധിമി തകധിമി ധീം ധീം<br>തകധിമി തകധിമി തകധിമി തധീം - | രണ്ടാം വരിയിൽ ഒരു മാത്ര കുറവ് - പാടി നീട്ടാം |
| തകധിമി തകധിമി തകധിമി തകധിമി<br>തകധിമി തകധിമി തകധിമി ധീം - - | രണ്ടാം വരിയിൽ രണ്ടു മാത്ര കുറവ് - പാടി നീട്ടുകയോ മൗനം പാലിക്കയോ ചെയ്യാം |
| തകധിമി തകധിമി തകധിമി തകധിമി<br>തകധിമി തകധിമി തകധീം - - - - | രണ്ടാം വരിയിൽ നാല് മാത്ര കുറവ് - ഊനവൃത്തം (പാടി നീട്ടാൻ സാധ്യത കുറവ്, മൗനം പാലിക്കേണ്ടി വരും ) |

പട്ടിക-4: തരംഗിണിയിലെ നേരിയ മാത്രാക്കുറവും പ്രകടമായ ഊനവും

സമീപിക്കുന്നു എന്നത് പരാമർശം അർഹിക്കുന്നു. നേർത്ത മാത്രാക്കുറവിനെ ഊനമായി കാവ്യനർത്തകി പാക്കേജ് പരിഗണിക്കുന്നില്ല. അത് പാടി നീട്ടി മാത്രപൂർത്തിയാക്കാവുന്നതാണല്ലോ. അതിനാലാണ് ഒരു മാത്രയുടെ വ്യത്യാസം കാവ്യനർത്തകി പാക്കേജ് അവഗണിക്കുന്നത്. പാടിനീട്ടി നികത്താവുന്നതിനെക്കാൾ ദൈർഘ്യമുള്ള ഊനം ഉണ്ടാകുമ്പോഴാണ് ഊനവൃത്തമെന്ന വിശേഷണം യോജിക്കുന്നത്. 'രാമ രാമ രാമ രാമ ; രാമ രാമ പാഹിമാം' എന്നത് പൂർണ മുമ്മാത്രാ വൃത്തമായി കാവ്യനർത്തകി പ്രവചിക്കുന്നത് ഇതിനാലാണ്. ശ്രദ്ധേയമായ ഒരു താളശിൽപ്പം ഊനത്തിലൂടെ ഉണ്ടാകുമ്പോഴാണ് ഊനവൃത്തമെന്ന പേരിന് യോഗ്യമാകുന്നത്. തരംഗിണി വൃത്തത്തിൽ പല ഊന മൂല്യങ്ങൾ പട്ടിക 4-ൽ ചേർത്തിരിക്കുന്നു. വായ്ത്താരിയിലൂടെ അവയെ ഉദാഹരിച്ചിരിക്കുന്നു.

പാടിനീട്ടി നികത്താവുന്നതിനെക്കാൾ ദൈർഘ്യമുള്ള ഊനം ഉണ്ടാകുമ്പോഴാണ് ഊനവൃത്തമെന്ന വിശേഷണം യോജിക്കുന്നത്. 'രാമ രാമ രാമ രാമ ; രാമ രാമ പാഹിമാം' എന്നത് പൂർണ മുമ്മാത്രാ വൃത്തമായി കാവ്യനർത്തകി പ്രവചിക്കുന്നത്

## കാവ്യനർത്തകി പാക്കേജിന്റെ പ്രകടനം

ഇനി കാവ്യനർത്തകി പാക്കേജിന്റെ മികവ് മനസ്സിലാക്കാനായി കാവ്യനർത്തകി പാക്കേജ് ഉപയോഗിച്ചുള്ള കൃത്യമായ വൃത്തപ്രവചനങ്ങൾ പട്ടിക 5-ൽ നൽകിയിരിക്കുന്നു.

കമ്പ്യൂട്ടർ അപഗ്രഥനത്തിൽ ലേഖകർ ശ്രദ്ധിച്ച ഒരു പുതുമയുള്ള കാര്യം തരംഗിണി വൃത്തത്തെ പാന, മാവേലി, അന്നനട എന്നീ വൃത്തങ്ങളായി കൂടി ചില അവസരത്തിൽ കമ്പ്യൂട്ടർ പ്രവചിക്കുന്നു എന്നതാണ്. തരംഗിണി വൃത്തത്തിൽ 16 മാത്ര വീതമാണല്ലോ രണ്ടു വരികളിലും. ഇത് 8 അക്ഷരങ്ങൾ മുതൽ (എല്ലാം ഗുരു) 16 അക്ഷരങ്ങൾ വരെ (എല്ലാം ലഘു) ആയി വരാൻ സാധിക്കും. ഇതിൽ ചില അക്ഷരക്കണക്കുകൾ മറ്റു വൃത്തങ്ങളുമായി തുല്യതയുണ്ട്. അവ പട്ടിക 6-ൽ നൽകിയിരിക്കുന്നു.

പട്ടിക 7-ൽ മൂന്നു ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു. ഇവയെല്ലാം തരംഗിണിയാണ്. എന്നാൽ ഇവ യഥാക്രമം "നിരന്നപീലികൾ നിരക്കവേകുത്തി", "മാവേലി നാടുവാണിടും....", "കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ", എന്നീ ചൊൽവടിവുകളിൽ പാടുക സുസാധ്യമാണ്. അതായത് കമ്പ്യൂട്ടറിന് തെറ്റുപറ്റിയിട്ടില്ല. പെട്ടെന്നു ശ്രദ്ധിക്കാത്ത ഒരു തുല്യത കമ്പ്യൂട്ടർ കൃത്യമായി കണ്ടെത്തി എന്നതാണ് വാസ്തവം (അക്ഷരക്കണക്കിനു പുറമേ വാക്കുകൾ ഖണ്ഡങ്ങളിൽ ഒതുങ്ങിവന്നാലേ വൃത്തശില്പം ഭംഗിയാകൂ. അതിനാൽ എല്ലാ അവസരത്തിലും ഈ തുല്യത ശരിയാകണമെന്നില്ല).

<table>
<tr><td rowspan="3">തരംഗിണി<br>മാത്ര=16<br>അക്ഷരങ്ങൾ= 8 മുതൽ 16 വരെ</td><td>10 അക്ഷരം</td><td>മാവേലി</td></tr>
<tr><td>11 അക്ഷരം</td><td>പാന</td></tr>
<tr><td>12 അക്ഷരം</td><td>അന്നനട</td></tr>
</table>

*പട്ടിക-6: മാവേലി, പാന,അന്നനട എന്നിവയ്ക്ക് തരംഗിണിയുമായി തുല്യതവരുന്ന അവസ്ഥകൾ.*

| കമ്പ്യൂട്ടറിനു നൽകിയ പദ്യം | പ്രവചനം |
| --- | --- |
| അങ്കണ തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ<br>അമ്മതൻ നേത്രത്തിൽ നിന്നുതിർന്നൂ ചുടുകണ്ണീർ | L1= 14 M1= 22 L2= 14 M2= 22<br>വൃത്ത പ്രവചനം: കേക |
| കനവിൽ നിറയെ കവിതൻ മൊഴികൾ<br>നിനവിൽ നിറയെ മഴതൻ ഒലികൾ | L1= 12 M1= 12 L2= 12 M2= 12<br>വൃത്ത പ്രവചനം: മുമ്മാത്ര |
| സൂചന സൂചന സൂചന മാത്രം<br>സൂചന കണ്ടു പഠിച്ചില്ലെങ്കിൽ<br>സമരത്തിന്റെ രൂപം മാറും<br>രൂപം മാറും ഭാവം മാറും | L1= 10 M1= 16 L2= 9 M2= 16<br>വൃത്ത പ്രവചനം: തരംഗിണി |
| പാളത്തിലോടാത്ത തീവണ്ടിയായ് നിന്നു<br>തീയും വെളിച്ചവും തുപ്പുന്ന കേശവൻ | L1= 12 M1= 20 L2= 12 M2= 20<br>വൃത്ത പ്രവചനം: കാകളി |
| അരുമസഖി! നീയെന്റെ മാനസം കണ്ടുവോ<br>ഒരു ചെറിയ മോഹമൊന്നുണ്ടെന്റെ ഹൃത്തടേ | L1= 14 M1= 20 L2= 14 M2= 20<br>വൃത്ത പ്രവചനം: മണികാഞ്ചി |
| മാവേലി നാടു വാണീടും കാലം<br>മാനുഷരെല്ലാരുമൊന്നു പോലെ | L1= 10 M1= 17 L2= 10 M2= 17<br>വൃത്ത പ്രവചനം: മാവേലി |
| കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ കുയിലാളേ<br>കൊട്ടുവേണം കുഴൽ വേണം കുരവ വേണം | L1= 16 M1= 24 L2= 13 M2= 20<br>വൃത്ത പ്രവചനം: നതോന്നത |
| സ്വർണച്ചാമരം വീശിയെത്തുന്ന<br>സ്വപ്നമായിരുന്നെങ്കിൽ ഞാൻ | L1= 10 M1= 17 L2= 8 M2= 13<br>വൃത്ത പ്രവചനം: താരാട്ടു/ഓമനക്കുട്ടൻ |
| കണികാണും നേരം കമലാനേത്രന്റെ<br>നിറമേറും മഞ്ഞത്തുകിൽ ചാർത്തി | L1= 12 M1= 19 L2= 10 M2= 16<br>വൃത്ത പ്രവചനം: മതിലേഖ |
| കണ്ടു കണ്ടങ്ങിരിക്കും ജനങ്ങളെ<br>കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ | L1= 11 M1= 14 L2= 11 M2= 18<br>വൃത്ത പ്രവചനം: പാന |
| മറഞ്ഞ സന്ധ്യകൾ പുനർജ്ജനിക്കുമോ<br>മറഞ്ഞ പക്ഷികൾ ഇനിയുമെത്തുമോ | L1= 12 M1= 17 L2= 12 M2= 16<br>വൃത്ത പ്രവചനം: അന്നനട |

*പട്ടിക-5: കാവ്യനർത്തകി പാക്കേജിന്റെ കൃത്യമായ പ്രവചനങ്ങൾ*

**കമ്പ്യൂട്ടർ അപഗ്രഥനത്തിൽ ലേഖകർ ശ്രദ്ധിച്ച ഒരു പുതുമയുള്ള കാര്യം തരംഗിണി വൃത്തത്തെ പാന, മാവേലി, അന്നനട എന്നീ വൃത്തങ്ങളായി കൂടി ചില അവസരത്തിൽ കമ്പ്യൂട്ടർ പ്രവചിക്കുന്നു എന്നതാണ്.**

പട്ടിക-7: കാവ്യനർത്തകി പാക്കേജ് ഒന്നിലധികം വൃത്തങ്ങൾ പ്രവചിക്കുന്നതിനുദാഹരണം

കാവ്യനർത്തകി പാക്കേജ് തെറ്റായി പ്രവചനം നടത്തുകയോ ഒരു പ്രവചനവും നടത്താൻ സാധിക്കാതിരിക്കുകയോ ചെയ്യുന്നതിന് ഉദാഹരണം പട്ടിക 8-ൽ നൽകിയിരിക്കുന്നു. മുക്തഛന്ദസ്സും ഗദ്യകവിതയും നൽകുമ്പോൾ വൃത്തം പ്രവചിക്കാതിരിക്കുന്നത് സ്വാഭാവികം മാത്രമാണെന്ന് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ.

* ആദ്യാക്ഷരം ഗുരു വേണം എന്നത് കാവ്യനർത്തകി അവഗണിച്ചിരിക്കുന്നു. ഇത് ഭുജംഗപ്രയാതമെന്ന സംസ്കൃത വൃത്തം ആണ്. kn.FindVritham_Sanskrit() എന്ന കമാൻഡ് നൽകിയാൽ ഇത് ഭുജംഗപ്രയാതം ആണെന്ന് കാവ്യനർത്തകി കൃത്യമായി കണ്ടെത്തുന്നുമുണ്ട്.

പട്ടിക-8: കാവ്യനർത്തകി പാക്കേജിന് വൃത്തനിർണയം കൃത്യമായി നടത്താൻ സാധിക്കാത്തതിനുദാഹരണങ്ങൾ

## ഉപസംഹാരം

ഈ പാക്കേജ് സമ്പൂർണമെന്നു അവകാശപ്പെടുന്നില്ല. എല്ലാ പ്രമുഖ ഭാഷാവൃത്തങ്ങളും ഇതിൽ അപഗ്രഥിക്കപ്പെടുന്നുണ്ടെങ്കിലും ഏതാനും വൃത്തങ്ങൾ കൂടി ഇനിയും ചേർക്കാനുണ്ട്. ഊനവൃത്തങ്ങളുടെ കൈകാര്യം ചെയ്യലും ഇനിയും മെച്ചപ്പെടുത്താവുന്നതാണ്. യതി നിർവചിച്ചിട്ടുള്ള വൃത്തങ്ങളുണ്ട്. കാവ്യനർത്തകി ഇത് പരിശോധിക്കുന്നില്ല. ഇക്കാര്യത്തിൽ ശാസ്ത്രീയസമീപനം ഉരുത്തിരിയേണ്ടതുണ്ട് (ആധുനിക കാലഘട്ടത്തിൽ യതിഭംഗം ഗൗനിക്കേണ്ടതുണ്ടോ എന്ന ചോദ്യവും നിലനിൽക്കുന്നു). ഭാഷാവൃത്തങ്ങളുടെ നാമകരണത്തിലും വർഗീകരണത്തിലും എല്ലാം കണ്ടുവരുന്ന മാനകീകരണത്തിന്റെ അഭാവം ഈ പാക്കേജിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആർക്കും മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്താവുന്ന ഓപ്പൺ സോഴ്സ് ശൈലിയിലാണ് 'കാവ്യനർത്തകി' പാക്കേജ് സജ്ജീകരിച്ചിട്ടുള്ളത്. ആയതിനാൽ ഇതിനെ തുടർച്ചയായി മെച്ചപ്പെടുത്താൻ ആർക്കും സാധിക്കും.

| കമ്പ്യൂട്ടറിനു നൽകിയ പദ്യം | പ്രവചനം |
|---|---|
| മെല്ലെത്തിരിഞ്ഞൊന്നു നോക്കി, പിറകിലെ സീറ്റിലുണ്ടമ്മ. വലത്തോട്ടു പൂർണമായ് ചാഞ്ഞ്, മടങ്ങി മയങ്ങിക്കിടക്കുന്നു. | വൃത്ത പ്രവചനം: കണ്ടെത്താനായില്ല (L1: 17.0, L2:17.0, M1:25.0,M2:25.0) |
| അരി മുതുകിലേറ്റി ഞാൻ തെരുവിലൂടെപ്പോകെ ഹരി ! നീ വിളിച്ചു ; നിൻ മുറ്റത്തു വന്നു ഞാൻ | വൃത്ത പ്രവചനം: കണ്ടെത്താനായില്ല (L1: 15.0, L2:15.0, M1:20.0,M2:20.0) |
| ഒരേ മണ്ണു കൊണ്ട് നീയും ഞാനും സൃഷ്ടിക്കപ്പെട്ടു. പ്രാണൻ കിട്ടിയ നാൾമുതൽ നമ്മുടെ രക്തം ഒരു കൊച്ചരുവിപോലെ ഒന്നിച്ചൊഴുകി. | വൃത്ത പ്രവചനം: കണ്ടെത്താനായില്ല (ലക്ഷണം: കണ്ടെത്താനായില്ല) |

| കമ്പ്യൂട്ടറിനു നൽകിയ പദ്യം | പ്രവചനം |
|---|---|
| അധരം മധുരം വചനം മധുരം<br>മധുരാധിപതേ അഖിലം മധുരം | L1= 12 M1= 16 L2= 12 M2= 16<br>വൃത്ത പ്രവചനം: തരംഗിണി<br>വൃത്ത പ്രവചനം: അന്നനട |
| നല്ലൊരു പാട്ടും കൊട്ടും കേട്ടാൽ<br>കല്ലിനു ഭാവവികാരമതുണ്ടോ | L1= 10 M1= 16 L2= 10 M2= 16<br>വൃത്ത പ്രവചനം: തരംഗിണി<br>വൃത്ത പ്രവചനം: മാവേലി |
| താളക്കാരനു മാത്ര പിഴച്ചാൽ<br>തകിലറിയുന്നവൻ അവതാളത്തിൽ | L1= 11 M1= 16 L2= 11 M2= 16<br>വൃത്ത പ്രവചനം: തരംഗിണി<br>വൃത്ത പ്രവചനം: പാന |

ഭാഷാവൃത്ത നിർണയം കമ്പ്യൂട്ടർ അധിഷ്ഠിതമായി നടത്തുന്നതിൽ ഒരു പ്രമുഖ കാൽവയ്പു നടത്താൻ കാവ്യനർത്തകി പാക്കേജിന് സാധിച്ചിരിക്കുന്നു എന്ന വിശ്വാസത്തോടെ ഈ പാക്കേജ് വൃത്തപഠന തല്പരരായവർക്കു മുന്നിൽ സമർപ്പിക്കുന്നു.


## കടപ്പാട്

കേരളം സർവകലാശാലയിലെ കമ്പ്യൂട്ടേഷനൽ ബയോളജി & ബയോഇൻഫർമാറ്റിക്സ് വിഭാഗത്തിലെ അധ്യാപകരും ഗവേഷകരും വിദ്യാർഥികളും 'കാവ്യനർത്തകി' പ്രോഗ്രാം സൃഷ്ടിക്കുന്നതിൽ സംഭാവന ചെയ്തിട്ടുണ്ട്. വരികളെ ഏറ്റവും അടിസ്ഥാനപരമായി അപഗ്രഥിച്ച് ഗുരു-ലഘു തിരിച്ചെടുക്കുന്നതിൽ ഡോ. ബിജി സി.എൽ, ശ്രീ. വിനോദ് എം.പി, ഡോ.ശില്പ ഭാസ്കരൻ എന്നിവരും, സംസ്കൃത വൃത്ത അപഗ്രഥനത്തിലും പാക്കേജ് രൂപകല്പനയിലും ശ്രീ. വിനോദ് എം.പി യും ഭാഷാവൃത്ത അപഗ്രഥനത്തിൽ നീനു മോഹനുമാണ് മുൻനിര സംഭാവന നൽകിയത്. ഈരടികളുടെ ഒരു ഡേറ്റാബേസ് ഉണ്ടാക്കുന്നതിൽ ശ്രീമതി. ആശ വി.എസ് സംഭാവന നൽകി.

ഈ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകിയ കവി ശ്രീ വി.മധുസൂദനൻ നായർ, ഡോ. ശ്രീനാഥ് എസ്, പ്രൊഫ. ഗീതാദേവി എന്നിവരോടുള്ള ലേഖകരുടെ കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.


## റഫറൻസുകൾ


1) Keshav Melnad, Peter Scharf, and Pawan Goyal. 11. “Meter Identication of Sanskrit Verse”. in: Selected Papers Presented at the Seminar on Sanskrit Syntax and Discourse Structures, University Paris Diderot.
2) S. Rajagopalan. 2018. A user-friendly tool for metrical analysis of Sanskrit verse, In “Computational Sanskrit & Digital Humanities”, pages 113–142, 2018,
3) Neill, T. “ Skrutable : Another Step Toward Effective Sanskrit Meter Identification”, Proceedings of World Sanskrit Conference, 2022
4) ഏ.ആർ.രാജരാജവർമ്മ, വൃത്തമഞ്ജരി, ഡി.സി. ബുക്സ്, 2005
5) കെ.കെ.വാധ്യാർ, വൃത്തവിചാരം, നാഷണൽ ബുക്സ്റ്റാൾ, 1971
6) പി.കുഞ്ഞിക്കൃഷ്ണമേനോൻ, ഭാഷാവൃത്തദീപിക, നാഷണൽ ബുക്സ്, 1972
7) കുട്ടിക്കൃഷ്ണമാരാർ, വൃത്തശില്പം, മാതൃഭൂമി ബുക്സ്, 1964



*(sankar.achut@gmail.com)*



# ആംഗ്യഭാഷയുടെ (sign language) പ്രാധാന്യം

ഡോ. സുജ എസ്.

സാമൂഹിക ജീവിയായ മനുഷ്യന് ആശയവിനിമയത്തിന് ഭാഷ ആവശ്യമാണ്. സംസാര ഭാഷയുണ്ടാകുന്നതിനു മുമ്പുതന്നെ മനുഷ്യർ ആശയവിനിമയം നടത്തിയിരുന്നു. അതിനുവേണ്ടി ശബ്ദങ്ങളും ആംഗ്യങ്ങളും ഉപയോഗിച്ചിരുന്നു. അടയാളങ്ങളിൽനിന്നും ചിത്രങ്ങളിലേക്കും അവിടെ നിന്ന് ലിപികളിലേക്കും ഭാഷ വികസിച്ചു. ശ്രവണ - ഭാഷണങ്ങൾക്ക് കഴിവുള്ളവർക്ക് വായ്മൊഴിയിലൂടെയോ വരമൊഴിയിലൂടെയോ ഭാഷ പ്രകടിപ്പിക്കാനാവും; എന്നാൽ ആശയങ്ങളും ചിന്തകളും വികാരങ്ങളും ഉണ്ടായിട്ടും സംസാരിക്കാനോ കേൾക്കാനോ കഴിയാത്തതുകൊണ്ട് മാത്രം പൊതുസമൂഹത്തിൽനിന്ന് മാറിനിൽക്കേണ്ടിവരുന്ന ഒരുകൂട്ടം വ്യക്തികളുണ്ട്. സംസാരശേഷിയില്ലാത്ത അവർക്കും സമൂഹത്തിന്റെ പൊതുധാരയിലേക്ക് വരാൻ അവകാശമുണ്ട്. കായികവും മാനസികവുമായ ധാരാളം കഴിവുകൾ ഉള്ളവരാണ് അവരിൽ പലരും. അവർക്ക് കഴിവുകൾ പ്രകടിപ്പിക്കുന്നതിനും സമൂഹത്തിന്റെ ഭാഗമാകുന്നതിനും സഹായിക്കുന്ന ശ്രവണപരിമിതരുടെ പൊതുഭാഷയാണ് ആംഗ്യഭാഷ (sign language).

ബധിരരുടെ അഖിലേന്ത്യാ സംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ 40 ലക്ഷത്തോളം പേർ ശ്രവണപരിമിതരാണ്. ശ്രവണേന്ദ്രിയത്തിന്റെയോ ഉച്ചാരണാവയവത്തിന്റെയോ തകരാറുമൂലം സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്ത ഇവർ സമൂഹത്തിൽനിന്നും മാറ്റിനിർത്തപ്പെടുകയോ സ്വയം മാറിനിൽക്കുകയോ ചെയ്യുന്നു.

സ്വതന്ത്രമായി ജീവിക്കുവാനും ആഗ്രഹങ്ങൾ നിറവേറ്റുവാനും അവർക്കും അവകാശമുണ്ട്. അതിനുവേണ്ടി അവർക്ക് തങ്ങളുടെ പരിമിതികൾ അതിജീവിക്കേണ്ടിയിരിക്കുന്നു. അതിനുള്ള മാർഗമാണ് ആംഗ്യഭാഷ.

എന്താണ് ആംഗ്യഭാഷ (sign language)? എങ്ങനെയാണ് ആംഗ്യഭാഷ ഉണ്ടായത്? ആംഗ്യ ഭാഷയുടെ ആവശ്യകതയെന്ത്? പൊതുസ്വഭാവമെന്ത്? തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ അന്വേഷിക്കുന്നത്.

## ഭാഷയുടെ ചരിത്രവും വികാസവും

ആദിമമനുഷ്യൻ ആശയവിനിമയത്തിനുപയോഗിച്ച ആംഗ്യങ്ങളല്ല ആംഗ്യഭാഷയുടെ അടിസ്ഥാനം. ഒറ്റപ്പെട്ടുപോയ ഒരു വിഭാഗത്തിന്റെ കൂട്ടായ്മയുടെ അതിജീവനശ്രമമാണത്. ശ്രവണപരിമിതരുടെ സമൂഹമാണ് ആംഗ്യഭാഷ ആവിഷ്കരിച്ചതെന്ന് കരുതുന്നതാവും ശരി. പരസ്പരം ആശയവിനിമയം ചെയ്യുന്നതിനായി ബധിരസമൂഹം കണ്ടെത്തിയ ഭാഷയാണത്. കൈകാര്യംചെയ്തു തുടങ്ങിയതോടെ മറ്റെല്ലാ ഭാഷകളെയും പോലെ ആംഗ്യഭാഷയും വികസിച്ചു. ശ്രവണ പരിമിതർക്കിടയിൽ ആംഗ്യഭാഷ പ്രചരിപ്പിക്കുന്നതിനായി പ്രത്യേക സംഘങ്ങളും വിദ്യാലയങ്ങളുമുണ്ടായി. ലോകത്തിന്റെ പല ഭാഗങ്ങളിലും വർഷങ്ങൾക്കു മുമ്പുതന്നെ ആംഗ്യഭാഷയും ഉണ്ടായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. 400 വർഷം മുമ്പ് തുർക്കിയിൽ ആംഗ്യഭാഷ ഉപയോഗിച്ചിരുന്നു. ഏതാണ്ട് 100 വർഷം മുമ്പ് ഇന്ത്യയിൽ ബധിരർക്കുവേണ്ടിയുള്ള വിദ്യാലയങ്ങളുണ്ടായിരുന്നു. ഇതിൽനിന്നൊക്കെ ഭാഷയുടെ പ്രാധാന്യം നമ്മുടെ പൂർവികർ തിരിച്ചറിഞ്ഞിരുന്നുവെന്നു മനസ്സിലാക്കാം. "ആംഗ്യഭാഷയ്ക്ക് പതിനാറാംനൂറ്റാണ്ടോടുകൂടി ഒരു രൂപമാതൃകയു ണ്ടായെങ്കിലും ഇറ്റലിക്കാരനായ പാബ്ലോ ദെ 1620-ൽ ആംഗ്യഭാഷയെക്കുറിച്ച് ആദ്യമായി ഒരു ഗ്രന്ഥം തയാറാക്കിയതോടെയാണ് ബധിരസമൂഹത്തിന് പ്രയോജനപ്പെടുംവിധം ആംഗ്യഭാഷയ്ക്ക് ഒരു അടിസ്ഥാനം ഉണ്ടായത്."

## ആംഗ്യഭാഷയുടെ വൈവിധ്യങ്ങൾ

1771-ൽ ബധിരർക്കുവേണ്ടി ആദ്യ വിദ്യാലയം സ്ഥാപിച്ചത് ആബി ചാൾസ് ദെലെപ്പി എന്ന ഫ്രഞ്ചുകാരനാണ്. അദ്ദേഹം ആംഗ്യങ്ങളിലൂടെ ആശയവിനിമയം നടത്തുന്നതിനായി ഒരു മാനക ഭാഷ രൂപപ്പെടുത്തി. ഈ ഭാഷയാണ് പിന്നീട് ഫ്രഞ്ച് സൈൻ ലാംഗ്വേജായി (FSL) പിന്നീട് യൂറോപ്പിലാകെ പ്രചരിച്ചത്. അമേരിക്കൻ സൈൻ ലാംഗ്വേജ് (ASL) രൂപീകരണം നടത്തിയത് ലോറന്റ് ക്ലാർക്ക്,

ബധിരരുടെ അഖിലേന്ത്യാ സംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ 40 ലക്ഷത്തോളം പേർ ശ്രവണപരിമിതരാണ്. ശ്രവണേന്ദ്രിയത്തിന്റെയോ ഉച്ചാരണാവയവത്തിന്റെയോ തകരാറു മൂലം സംസാര ശേഷിയും കേൾവിശക്തിയും ഇല്ലാത്ത ഇവർ സമൂഹത്തിൽനിന്നും മാറ്റിനിർത്തപ്പെട്ടുകയോ സ്വയം മാറിനിൽക്കുകയോ ചെയ്യുന്നു.

**സാധാരണയായി ഉപയോഗിക്കുന്ന ആശംസകളും വാക്കുകളും**




തോമസ് ഹോപ്കിൻസ് എന്നിവർ ചേർന്നാണ്. ലോറന്റ് ക്ലാർക്ക് യൂറോപ്പിൽ നിന്നും ഫ്രഞ്ച് സൈൻ ലാംഗ്വേജ് പഠിക്കുകയും അമേരിക്കയിലെ ശ്രവണ പരിമിതർ വികസിപ്പിച്ചെടുത്ത അടയാളങ്ങളുംകൂടി ചേർത്ത് അമേരിക്കൻ സൈൻ ലാംഗ്വേജായി വികസിപ്പിക്കുകയും ചെയ്തു.

ഭാഷകളെപ്പോലെ തന്നെ ആംഗ്യഭാഷകളും നിരവധിയാണ്. വ്യത്യസ്ത രാജ്യങ്ങളിലെ ആംഗ്യഭാഷകൾക്ക് ഒരു പൊതുഘടന കണ്ടെത്താനാവില്ല. ഒരു രാജ്യത്തെ സംസാരഭാഷയിൽനിന്നുപോലും അവിടുത്തെ ആംഗ്യഭാഷ വ്യത്യസ്തമാണെന്നു കാണാം. സംസാരഭാഷയെ കൈമുദ്രകളിലേക്കു മാറ്റിയാൽ ആംഗ്യഭാഷയാവില്ല. അച്ഛൻ, അമ്മ എന്നീ ബന്ധസൂചകങ്ങളെ പ്രകടിപ്പിക്കുന്നത് രണ്ട് ചിഹ്നങ്ങൾ സമന്വയിപ്പിച്ചാണ്. അച്ഛനെ സൂചിപ്പിക്കുന്നതിന് പുരുഷൻ എന്ന അടയാളവും ബന്ധത്തിനുള്ള ചിഹ്നവും കാണിക്കേണ്ടതുണ്ട്. അമ്മയെ സൂചിപ്പിക്കുന്നതിന് സ്ത്രീ എന്ന അടയാളവും ബന്ധത്തെ സൂചിപ്പിക്കുന്ന അടയാളവും കാണിക്കണം. ജീവിതപങ്കാളിയെ സൂചിപ്പിക്കുന്നതിന് വിവാഹത്തിന്റെ ചിഹ്നം കാണിച്ചാൽ മതി.


(അച്ഛൻ, അമ്മ, പങ്കാളി ചിത്രങ്ങൾ.)

ഒരു രാജ്യത്തെ ആംഗ്യഭാഷ അറിയാവുന്നവർക്ക് മറ്റൊരു രാജ്യത്തെ ആംഗ്യഭാഷ മനസ്സിലാകുമെന്ന് ധരിക്കുന്നത് ശരിയല്ല. ചില ആംഗ്യങ്ങളിൽ സമാനത ഉണ്ടാകുമെങ്കിലും കൂടുതലും വ്യത്യസ്തതകളാണ് കാണാൻ കഴിയുന്നത്. ഉദാഹരണമായി അമേരിക്കൻ സൈൻ ലാംഗ്വേജ് (ASL) ഒരു കൈകൊണ്ട് മാത്രം ആംഗ്യങ്ങൾ കാണിക്കുമ്പോൾ ബ്രിട്ടീഷ് സൈൻ ലാംഗ്വേജ് (BSL) ആംഗ്യങ്ങൾ പ്രകടിപ്പിക്കാൻ രണ്ടുകൈകളും ഉപയോഗിക്കുന്നു. ബ്രിട്ടീഷുകാർ ചിഹ്നങ്ങൾകൊണ്ട് ആശയവിനിമയം നടത്തുന്നതിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുമ്പോൾ അമേരിക്കക്കാരുടെ രീതി വിരലുകൾകൊണ്ട് സ്പെല്ലിങ് കാണിക്കുക എന്നതാണ്. ഇന്ത്യയിൽ പ്രചാരത്തിലുള്ളത് ഇന്ത്യൻ സൈൻ ലാംഗ്വേജാണ് (ISL). ഇത് ഇന്ത്യയിലെ ഭാഷകൾ പോലെതന്നെ വൈവിധ്യമുള്ളതാണ്. ഇന്ത്യയിലെ 40 ലക്ഷത്തോളം വരുന്ന ശ്രവണപരിമിതരിൽ ഏതാണ്ട് 10 ലക്ഷത്തോളം പേർക്കു മാത്രമാണ് സൈൻ ലാംഗ്വേജ് പഠിക്കാൻ അവസരം ലഭിച്ചിട്ടുള്ളത്. ശ്രവണവൈകല്യമുള്ളവർക്ക് പ്രയോജനപ്പെടും വിധം ഇന്ത്യൻ സൈൻ ലാംഗ്വേജ് ഏകീകരിക്കുന്നതിനും ഈ ഭാഷ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും സർക്കാർതലത്തിൽനടന്ന ശ്രമങ്ങളുടെ ഫലമാണ് 2015 സെപ്റ്റംബർ 28 ന് ഡൽഹിയിൽ ആരംഭിച്ച ISLRTC (ഇന്ത്യൻ സൈൻ ലാംഗ്വേജ് റിസർച്ച് ആൻഡ് ട്രെയിനിങ് സെന്റർ) എന്ന സ്ഥാപനം. സൈൻ ലാംഗ്വേജിനെ പറ്റി ഗവേഷണവും പരിശീലനവും ഇവിടെ നടത്തുന്നുണ്ട്. ഇന്ത്യൻ സൈൻ ലാംഗ്വേജ് നിഘണ്ടുവും ശബ്ദകോശവും നിർമിക്കുകയും ശാസ്ത്രസാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി പ്രത്യേക ഗ്രന്ഥങ്ങൾ തയാറാക്കുകയും ചെയ്യുന്നതിൽ ഈ സ്ഥാപനം മുൻകൈയെടുക്കുന്നു. ശ്രീരാമകൃഷ്ണമിഷനും ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ തയാറാക്കിയിട്ടുണ്ട്.

ആംഗ്യഭാഷ മൂകാഭിനയമോ കഥകളിയിലെ കൈമുദ്രകളോ അല്ല. മറ്റു ഭാഷകൾപോലെതന്നെ ആംഗ്യഭാഷയ്ക്കും തനതായ സ്വത്വമുണ്ട്. സംസാരഭാഷയിലൂടെ പ്രകടിപ്പിക്കുന്ന ആശയങ്ങൾ മിക്കതും ആംഗ്യഭാഷയിലൂടെ പ്രകടിപ്പിക്കാനാവും. ആംഗ്യഭാഷകൾക്കോരോന്നിനും അതിന്റേതായ പദസഞ്ചയവും വ്യാകരണവുമുണ്ട്. ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ വാക്യഘടന കർത്താവ്- കർമം - ക്രിയ എന്നതാണ്. ഈ ഘടനതന്നെയാണ് കേരളത്തിലെ

ഭാഷകളെപ്പോലെ തന്നെ ആംഗ്യഭാഷകളും നിരവധിയാണ്. വ്യത്യസ്ത രാജ്യങ്ങളിലെ ആംഗ്യഭാഷകൾക്ക് ഒരു പൊതുഘടന കണ്ടെത്താനാവില്ല. ഒരു രാജ്യത്തെ സംസാരഭാഷയിൽ നിന്നുപോലും അവിടുത്തെ ആംഗ്യഭാഷ വ്യത്യസ്തമാണെന്നു കാണാം.

## സംഖ്യകൾ



സൈൻ ലാംഗ്വേജിനുമുള്ളത്. ആംഗ്യഭാഷയിൽ കൈമുദ്രകൾക്ക് പ്രാധാന്യമുള്ളതുപോലെ തന്നെ മുഖഭാവങ്ങൾക്കും ശരീരചലനങ്ങൾക്കും പ്രാധാന്യമുണ്ട്. കണ്ണുകളുടെ ചലനം, മുഖഭാവങ്ങൾ, ശിരസ്സിന്റെയും മറ്റ് ശരീരഭാഗങ്ങളുടെയും ചലനങ്ങൾ ഇവയെല്ലാം ആംഗ്യഭാഷയുടെ സമർഥമായ ഉപയോഗത്തിന് ആവശ്യമാണ്. ഇവ ആംഗ്യഭാഷാ വ്യാകരണത്തിന്റെ ഭാഗംതന്നെയാണ്. ഇന്ത്യൻ സൈൻ ലാംഗ്വേജിനെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിന് ISLRC യുടെ വെബ്സൈറ്റിലുള്ള വീഡിയോകൾ സഹായകമാണ്.

കേരളത്തിലും സൈൻ ലാംഗ്വേജ് പ്രതീക്ഷനൽകുന്നതരത്തിൽ വികാസം പ്രാപിച്ചുവരുന്നു. മലയാളത്തിലെ സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ബധിര വിദ്യാലയങ്ങൾക്കുവേണ്ടി ഒരു ഏകീകൃത ആംഗ്യഭാഷ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. 2014 മുതൽ നടന്നുവരുന്ന വലിയ പരിശ്രമത്തിന്റെ ഫലമായി ഓൾ കേരള ഡെഫ് അസോസിയേഷനും തിരുവനന്തപുരത്ത് സാമൂഹികനീതി വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങും (NISH) ചേർന്നാണ് ഈ യജ്ഞം പൂർത്തിയാക്കിയത്. മലയാളത്തിലാദ്യമായി ഒരു ഏകീകൃത ആംഗ്യഭാഷാ ലിപി (ഫിംഗർ സ്പെല്ലിങ്) രൂപീകരിക്കാൻ ഈ കൂട്ടായ്മക്കു കഴിഞ്ഞു. ആംഗ്യഭാഷ സ്കൂൾ-കോളെജ് തലത്തിൽ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സർക്കാർ തലത്തിൽ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു എന്നത് സന്തോഷകരമാണ്.

## ആംഗ്യഭാഷാപഠനത്തിന്റെ ആവശ്യകത

ആംഗ്യഭാഷ ബധിരസമൂഹത്തിൽ മാത്രം ഒതുങ്ങിനിൽക്കേണ്ട ഒന്നല്ല. അവരെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് സ്വയംപര്യാപ്തത നൽകുന്നതിനും ആംഗ്യഭാഷയുടെ ഉപയോഗം പൊതുജനങ്ങളിലേക്കെത്തേണ്ടതുണ്ട്. ആംഗ്യഭാഷയെ സംസാരഭാഷയിലേക്കും സംസാരഭാഷയെ ആംഗ്യഭാഷയിലേക്കും വിവർത്തനം ചെയ്യുന്നതിന് വ്യാഖ്യാതാക്കളെ (interpreters) ആവശ്യമുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ സമൂഹത്തിൽ വളരെ കുറച്ചുപേർക്കു മാത്രമേ അതിനുള്ള പരിജ്ഞാനമുള്ളൂ. ആംഗ്യഭാഷ സ്കൂൾതലം മുതൽ പാഠ്യപദ്ധതിയിലുൾപ്പെടുത്തുകയും വിദ്യാർഥികൾക്ക് അതിൽ പ്രായോഗിക പരിശീലനം നൽകുകയും ചെയ്താൽ ശ്രവണ-സംസാരശേഷിയില്ലാത്തവരോട് അടുത്ത തലമുറയെങ്കിലും നീതിപുലർത്താനാകും.

## സഹായകഗ്രന്ഥങ്ങൾ

1. രഘുനാഥൻ നായർ, എ. ബി. , "ആംഗ്യഭാഷയും ചുരുക്കെഴുത്തും", ഡോ. എ. എം. ഉണ്ണിക്കൃഷ്ണൻ (എഡി. ), മലയാളഭാഷാപഠനങ്ങൾ, എ. കെ. പരമേശ്വരൻ നായർ ട്രസ്റ്റ്, കറന്റ് ബുക്സ്, 2019
2. Adam C, Shembri and Ceil Lucas (eds. ), Sociolinguistics and Deaf Communities, Cambridge University Press, 2015.
3. Bayley, R and C Lucas (eds. ), Sociolinguistic variation, Theories, Methods and Applications, Cambridge University press, 2007.
4. Easter brooks, S. R and Baker, S, Language learning in children who are deaf and hard of hearing. Multiple pathways, Boston, M. A; Allyn and Bacon 2002.
5. Hill. J, Language Attitudes in the American Deaf Community, Washington, DC; Gallaudet University Press, 2012.
6. Lane, H, Do Deaf people have disability? Sign language Studies, 2002
7. Lucas. C (ed. ) The Sociolinguistics of the Deaf community, San Diego, CA: Academic Press, 1989
8. Sto-kee, W. C, D. C, Casterline and C. G. Croneberg (ed. ), A Dictionary of American Sign Language on Linguistic principles, Silver Spring, MD; Linstok press, 1965

## ഇംഗ്ലീഷ് ആൽഫബറ്റ്സ്




*(ഡോ. സുജ എസ്.*
*അസിസ്റ്റന്റ് പ്രൊഫസർ (മലയാളം)*
*വിദൂര വിദ്യാഭ്യാസ വിഭാഗം, കേരള സർവകലാശാല*
*ഫോൺ: 94472 180 18*
*ഇ- മെയിൽ : sujasdr@gmail. com)*

**ആംഗ്യഭാഷ ബധിരസമൂഹത്തിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. അവരെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് സ്വയംപര്യാപ്തത നൽകുന്നതിനും ആംഗ്യഭാഷയുടെ ഉപയോഗം പൊതുജനങ്ങളിലേക്കെത്തേണ്ടതുണ്ട്.**



# ഭാരതീയ കാവ്യങ്ങളിലെ വക്രോക്തിയും ഉദാത്തതയും

കീർത്തി വിദ്യാസാഗർ

(തുടർച്ച)

## ആശാന്റെ നളിനി

ആർഷങ്ങളായ വേദാന്തതത്വങ്ങൾ ജീവിതചര്യയാക്കി വിരക്തിയിലൂടെയും ആത്മതപസ്സിലൂടെയും ബ്രഹ്മഭ്രയം പ്രാപിച്ച് ദിവാകരൻ സ്നേഹത്തിന്റെ ആത്മീയ ഭാവത്തെ പ്രതിനിധീകരിക്കുന്നു. ശ്രീപാർവതിയുടെ ഏകാഗ്രവും സലക്ഷ്യവുമായ തപസ്സിനെ ആണ് നളിനിയുടെ ആത്മവിസ്മൃതിയോടുകൂടിയ വ്രതനിഷ്ഠ അനുസ്മരിപ്പിക്കുന്നത്. സംശുദ്ധമായ സ്നേഹത്തിന്റെ നിഷ്കന്മഷമായ രതിഭാവത്തിന്റെ മൂർത്തീകരണമാണ് നളിനി. ഐന്ദ്രിയസുഖേച്ഛ അതിജീവിച്ച നിരപേക്ഷമായ ഒരു സന്തർപ്പണത്തിന്റെയും വ്യവസ്ഥാപിതമല്ലാത്ത നിഷ്കാമമായ ബലിദാനത്തിന്റെയും ഭാവബന്ധുരതയുണ്ട് നളിനിയുടെ സ്നേഹത്തിന്. നളിനിയുടെ നിരങ്കുശവും നിസ്വാർഥവുമായ സ്നേഹത്തോടു തുലനം ചെയ്യുമ്പോൾ ദിവാകരന്റെ യോഗസാധനയുടെ ലക്ഷ്യം സ്വാർഥമോഹിതമായ മോക്ഷം ആണെന്നു തോന്നിപ്പോകും. നളിനിക്ക് കൈവന്നത് അതിശയകരമായ കൈവല്യമാണ്. ഇപ്രകാരം നളിനി പ്രതിനിധാനം ചെയ്യുന്ന നിഷ്കാമമായ സ്നേഹസപര്യയുടെ ഉൽക്കർഷവും പ്രാപഞ്ചിക സ്നേഹത്തിന്റെ പ്രസക്തിയും പ്രവർത്തനമാർഗവും ജീവിതാനുഗ്രഹപരതയും ഉദാഹരിച്ച് സമർഥിക്കാൻ ഈ കാവ്യത്തിൽക്കൂടി ആശാന് കഴിഞ്ഞു. ദർശനങ്ങളുടെ ഹൈമവതശൃംഗങ്ങളിൽ വിഹരിച്ച് ജീവിതനിഷേധിയായ ആത്മീയ സ്നേഹത്തെ പാടിപ്പുകഴ്ത്താതെ, വ്യക്തിയുടെയും സമഷ്ടിയുടെയും സന്തുഷ്ടിയെ സഹായിക്കുന്ന സേവനോത്സുകമായ ഒരു പരിപാവന തപസ്യയായി മാറുന്ന സ്നേഹത്തെ വിഭാവനം ചെയ്യാനും ആലേഖനം ചെയ്യാനും നളിനിയിൽ ആശാന് കഴിഞ്ഞു. അദ്ദേഹത്തിന്റെ കൃതികളെല്ലാംതന്നെ സ്നേഹത്തിന്റെ ജൈവശക്തിയെ പ്രകാരഭേദങ്ങളോടെ അനുഗാനം ചെയ്യുന്നു.

## നളിനിയിലെ വക്രോക്തിയും ഉദാത്തതയും

നളിനം വിടരുന്ന പശ്ചാത്തലമാണ് നളിനി. നളിനം ശൃംഗാരോദ്ദീപകമാണ്. വിപ്രലംഭത്തിന്റെ നളിനത അതിരുച്യമായ അനുഭവതലത്തിലേക്ക് വ്യാപിക്കുമ്പോഴും അതിരൂക്ഷമായ വ്യഥ; ശോകം; ഒരു അഴലായി, മിഴിനീരായി അവിടെ തളം കെട്ടി നിൽക്കുന്നു. രതി, ശോകം, ഉത്സാഹം, ഭയം, ജുഗുപ്സ, വിസ്മയം തുടങ്ങിയ സ്ഥായീഭാവങ്ങൾ താമരയിൽ വാസനാരൂപത്തിൽ നിലീനമായിക്കിടപ്പുണ്ട്. പുരുഷാർഥങ്ങൾ നേടുവാൻ; മോക്ഷം അഥവാ ദുഃഖങ്ങളിൽ നിന്നുള്ള ആത്യന്തിക മോചനം നേടുവാൻ ഈ സ്ഥായീഭാവങ്ങൾ സഹായിക്കുന്നു. ചതുർവിധ പുരുഷാർഥങ്ങൾ നേടാൻ സഹായിക്കുന്നതെന്തും ഉദാത്തമാണ്. വ്യഭിചാരീഭാവങ്ങൾ സ്ഥായീഭാവത്തെ പോഷിപ്പിച്ച് രസനീയമാക്കുന്നു. വ്രീളാവിനമ്രയായ താമര തിരോഭൂതമാകുന്നത് താമരപ്പൊയ്കയിലാണ്. ഇത് നളിനിയുടെ പ്രണയത്തി

ലൂടെ നേടിയ ആത്മസാക്ഷാൽക്കാരത്തെ സൂചിപ്പിക്കുന്നു. സമുദ്രത്തിൽ അലകൾ ഉയരുകയും ലയിക്കുകയും ചെയ്യുന്നതുപോലെ[11] താമരയിൽ കുടികൊള്ളുന്ന വ്യഭിചാരീഭാവങ്ങൾ ഓരോന്നും സ്ഥായീഭാവത്തിൽ വിലയിക്കുന്നു. എല്ലാ വിഭാവാനുഭാവവ്യഭിചാരീഭാവങ്ങളും താമരപ്പൊയ്കയിലെ നിർവേദാവസ്ഥയിൽ ലയിക്കുന്നു. എല്ലാ സ്ഥായിഭാവങ്ങളും വിഭാവാനുഭാവവ്യഭിചാരികളും രസങ്ങളും അംഗിരസമായ ശാന്തത്തിൽ അംഗമായി നിബന്ധിക്കപ്പെടുന്നു. ശീർഷകം നളിനം എന്നായിരുന്നെങ്കിൽ രസത്തിന് വ്യഞ്ജകമാകില്ലായിരുന്നു. തന്മൂലം കാവ്യത്തിന്റെ പ്രതിപാദ്യവും രസരഹസ്യവും രൂഢിവക്രതാവിശേഷവും[12] പര്യായവക്രതാ[13] ഭാസുരവുമായ 'നളിനി' ശബ്ദത്തിൽ പ്രവേശിച്ച് അതിനെ പ്രബന്ധാർഥപൂർണമാക്കിത്തീർത്തിരിക്കുന്നത് ശീർഷക വൈചിത്ര്യത്താലാകുന്നു. കൃതിയുടെ പ്രാണനെപ്പോലെയിരിക്കുന്ന കഥാഘടനയെ സൂചിപ്പിക്കുന്ന, വക്രതാവൈചിത്ര്യം കൈവരുത്തുന്ന ശീർഷകമാണ് 'നളിനി'. നിരുപമമായ കൽപ്പനാസൗന്ദര്യം തികഞ്ഞ അസാധാരണ വക്രതയാർന്ന രമണീയാക്ഷരമായ ഈ ശീർഷകം രസാഭിവ്യക്തിക്ക് നിദാനമായ ഉദാത്തതാ സങ്കൽപ്പത്തിന് മകുടോദാഹരണമാണ്. ശീർഷവക്രതയും[14] ഉദാത്തതയും ഇത്തരുണം കൈകോർത്തു നിൽക്കുന്നതായി കാണാം. ഉദാത്തതയുടെ ഉറവിടമായ കവിഹൃദയത്തിന്റെ ഉൽക്കർഷം ഉദാത്തമായ കാവ്യശിൽപ്പകൽപ്പനയായി ഇവിടെ മാറുകയായിരുന്നു.

"സ്വാമിയാം രവിയെ നോക്കി നിൽക്കുമെൻ
താമരേ, തരളവായുവേറ്റു നീ
ആമയം തടവിടായ്ക, തൽകര-
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും. (34)
സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളിനിൽക്കുമോമലേ
ഹന്ത! ധന്യമിഹ നിന്റെ ജീവിതം. " (35)

ഇത് അദ്വൈതജീവിത ദർശനമാണ്. ഈ ദർശനത്തെ പ്രതിഫലിപ്പിക്കുന്ന പ്രതീകമാണ് താമര. അത് നായികാ നാമവുമാണ്.

'സ്വാമിയാം രവി' ഇവിടെ ലോകസൂര്യനാണ്. പരബ്രഹ്മസ്വരൂപമാണ്. നായികാപക്ഷത്തുനിന്നു നോക്കിയാൽ താമര സ്വന്തം ഹൃദയവും തപസ്വിനിയായ നളിനി സ്വന്തം ഹൃദയത്തോടാണ് സംസാരിക്കുന്നതെന്നും വ്യാഖ്യാനിക്കാം. ആത്മവിസ്മൃതിയിൽ നിൽക്കുന്ന നായിക വാചാൽ താമരയോടും അർഥാൽ തന്റെ ഹൃദയത്തോടും ആണ് സംസാരിക്കുന്നത്. പരബ്രഹ്മസ്വരൂപമായ സൂര്യനെ നോക്കി തപസ്സ് ചെയ്യുന്ന ഹൃദയമാകുന്ന താമരേ ചപലവായുവേറ്റ് നീ ദുഃഖിക്കേണ്ട. ആത്മസാക്ഷാൽക്കാരം നേടാനുള്ള ആ ബ്രഹ്മചൈതന്യം ജഗത്തിലെല്ലാം നിറഞ്ഞിരിക്കുന്നതിനാൽ മനസ്സെങ്ങോട്ടൊന്നു തിരിഞ്ഞാലും ആ ശക്തിവിശേഷത്തെ നിനക്കു ദർശിക്കാം. ഇവിടെ തിരിഞ്ഞു നോക്കിയാൽ



*കുമാരനാശാൻ*

കാണുന്ന ദൂരത്തിലല്ല നായകൻ. അതിനാൽ 'ആമയം തടവിടായ്ക' എന്നതാണ് ധ്വനിക്കുന്നത്. ദുഃഖിക്കരുത്; ദുഃഖം അവസാനിച്ചു. തപഫലം അനുഭവിക്കാൻ പോകുന്നു, സ്വന്തം നിഷ്ഠയുടെ കേവലസുഖം ആസ്വദിക്കാൻ പോകുന്നു എന്ന് അർഥം. സാധാരണീകരണത്തിന് അവസരം നൽകുന്ന വിഭാവാദികളാണ് കവി ഇവിടെ ചിത്രണം ചെയ്തിരിക്കുന്നത്. തന്മൂലം ഉദാത്തതയുടെ ഭാവചാരുത ഈ വരികളിൽ വന്നു ഭവിക്കുന്നു. ആശാന്റെ ജീവിതദർശനം[15] പ്രതിപാദകമായ ഇവിടെ പ്രബന്ധവക്രതയുടെ അലൗകിക കാന്തി പ്രസരിക്കുന്നതായും കാണാം. ശ്രേഷ്ഠമായ ഒരു ജീവിതമുഹൂർത്തത്തിലൂടെ കടന്നുപോകുമ്പോൾ അനുഭവവേദ്യമാകുന്ന രസത്തിന്റെ നിർവൃതി അനുവാചകന് ലഭിക്കുന്നു. നായികയുടേയും കവിയുടേയും അനുവാചകന്റേയും പക്ഷങ്ങളിലൂടെ ഈ വരികളെ വ്യാഖ്യാനിക്കാമെങ്കിലും വിപ്രലംഭാവസ്ഥയുടെ തീക്ഷ്ണതയിൽ വേപഥുവായി വിധുരവേദനയോടെ പുലമ്പുന്ന നായികയുടെ കണ്ണുനീരാണ് ഇവിടെ ധ്വനിയായി, പ്രതിധ്വനിയായി മാറുന്നത്. വികാരോജ്ജ്വലതയാണ് ഇവിടെ ഉദാത്തതയ്ക്ക് നിദാനം. പക്ഷേ, അത് പൗരസ്ത്യസങ്കൽപ്പമനുസരിച്ചുള്ള, സാധാരണീകരണം സംഭവിച്ച് രസാനുഭവത്തിൽ അനുവാചകനെ കൊണ്ടെത്തിക്കുന്ന ഉജ്ജ്വലമായ വികാരമാണെന്നു മാത്രം.

"ബന്ധുരാംഗരുചി തൂവിനിന്നുഷ-
സ്സന്ധ്യപോലെയൊരു പാവനാംഗിയാൾ" (16)

ഉഷഃസന്ധ്യയ്ക്ക് സായംസന്ധ്യയുടെ വിഷാദനിർഭരമായ ശോണിമയല്ല. ഉഷഃസന്ധ്യാരാഗം രാത്രിയുടെ തമസ്സിനെ ദൂരീകരിച്ച് ആലക്തികമായ ഒരു ശോഭ ഉളവാക്കുന്നു. ആ ശോണിമ രാത്രിയുടെ ശോകത്തേയും കരുണത്തേയും ശൃംഗാരത്തേയും,

**ഉഷഃസന്ധ്യയ്ക്ക് സായംസന്ധ്യയുടെ വിഷാദനിർഭരമായ ശോണിമയല്ല. ഉഷഃസന്ധ്യാരാഗം രാത്രിയുടെ തമസ്സിനെ ദൂരീകരിച്ച് ആലക്തികമായ ഒരു ശോഭ ഉളവാക്കുന്നു. ആ ശോണിമ രാത്രിയുടെ ശോകത്തേയും കരുണത്തേയും ശൃംഗാരത്തേയും, ഭയാനകത്തേയും, ബീഭത്സത്തേയും എല്ലാം ശാന്തത്തിൽ ലയിപ്പിക്കുന്നു.**

**ഉഷഃസന്ധ്യയ്ക്ക് സായംസന്ധ്യയുടെ വിഷാദനിർഭരമായ ശോണിമയല്ല. ഉഷഃസന്ധ്യാരാഗം രാത്രിയുടെ തമസ്സിനെ ദൂരീകരിച്ച് ആലക്തിക മായ ഒരു ശോഭ ഉളവാക്കുന്നു. ആ ശോണിമ രാത്രിയുടെ ശോകത്തേയും കരുണത്തേയും ശൃംഗാരത്തേയും, ഭയാനകത്തേയും, ബീഭത്സത്തേയും എല്ലാം ശാന്തത്തിൽ ലയിപ്പിക്കുന്നു.**

ഭയാനകത്തേയും, ബീഭത്സത്തേയും എല്ലാം ശാന്തത്തിൽ ലയിപ്പിക്കുന്നു.

അലങ്കാരത്താൽ ഉപസംസ്കരിക്കപ്പെടുന്ന പര്യായവക്രതയാണിത്. 'ഉഷഃസന്ധ്യ' അലങ്കാരത്തിനു ശോഭ പകരുന്ന ഹൃദയാഭിരാമമായ പര്യായമാണ്. 'പോലെ' എന്ന ഉപമാവാചകത്താൽ ഉള്ള പദാർഥോപമയാണിത്. ഉഷഃസന്ധ്യ അലങ്കാരോപസംസ്കാര മനോഹാരി പര്യായമാണ്.[16]

നളിനിയുടെ പാതിവ്രത്യനിഷ്ഠയും സൗന്ദര്യവും പ്രകാശിപ്പിക്കാൻ പോന്നതാണ് ഉഷഃസന്ധ്യപോലെ എന്ന ഉപമ. [17] ദിവാകരനെ ഉത്ഫുല്ലബാലരവിയോടും നളിനിയെ ഉഷഃസന്ധ്യയോടും ഉപമിച്ചിരിക്കുന്നതിന്റെ ഔചിത്യം ആലോചനാ സുന്ദരമാണ്. പ്രഭാതസന്ധ്യ സൂര്യന്റെ പത്നിയാണെന്ന് പുരാണം. ഭാവപുഷ്കലമായ പ്രയോഗമാണ് ഉഷഃസന്ധ്യ എന്നത്. നായകൻ ബാലരവിയാണെങ്കിൽ നായിക സൂര്യപത്നിയായ പ്രഭാതസന്ധ്യയാണെന്നും അന്വയിക്കാം. നളിനി അൽപ്പായുസ്സാണെന്ന ധ്വനികൂടി ഈ ഉപമയിലുണ്ട്.

ബ്രഹ്മാവിന്റെ മകളായ സന്ധ്യയുടെ പുരാവൃത്തമാണ് ഇവിടെ പരാമർശിക്കുന്നത്.

പുരാവൃത്തം പറയുന്നിടത്തും ഉദാത്തത എന്ന അലങ്കാരം കാണാം. ഉഷ-സന്ധ്യയുടെ ചരിത്രബന്ധംകൊണ്ട് നായികയായ നളിനിക്ക് ശ്ലാഘ്യത്വം സമ്പാദിക്കുന്നത് ഉദാത്തം

"പുരാവൃത്തപരാമർശ-
മുദാത്തം ശ്രീസമൃദ്ധിയും"

(ഉദാത്തം, 85, ഭാഷാഭൂഷണം)

സന്ധ്യയുടെ പാവനാംഗിത്വം പോലെയുള്ള വീര്യസമ്പദാദിഗുണങ്ങളുടെ അതിശയം വർണിക്കുന്നിടത്തും ഉദാത്തത്തിന്റെ ശ്രീസമൃദ്ധി ദർശിക്കാം.

സന്ധ്യ ഉഷഃ സന്ധ്യയിൽ ലയിച്ചു. നളിനി ഉഷഃസന്ധ്യപോലെ പാവനാംഗിയാണ്. നായികയുടെ പര്യായമായാണ് 'പാവനാംഗി'. ഇത് കവി കൽപ്പിതമായ പര്യായമായതിനാൽ സ്വച്ഛായോൽക്കർഷപേശലം. [18] നായിക പാതിവ്രത്യനിഷ്ഠയുള്ളവളും പരിശുദ്ധയും ആണ്. താപസിയെപ്പോലെ അന്യപുരുഷവിചാരവുമില്ലാത്തവളാണ്.

'ഉഷഃസന്ധ്യപോലെ' എന്ന ഭാവപുഷ്കലമായ നായികാ വിശേഷണത്തോടുകൂടി കവി നമുക്കവളെ കാവ്യത്തിലാദ്യം പരിചയപ്പെടുത്തുമ്പോൾ നളിനിയുടെ പാതിവ്രത്യനിഷ്ഠയേയും സൗന്ദര്യത്തേയും അനുവാചകർക്ക് കവി വ്യക്തമാക്കിത്തരുന്നു. പാത്രസ്വഭാവത്തെ ഇപ്രകാരം കവി വ്യക്തീകരിക്കുമ്പോൾ സ്വാശയോലേഖ വക്രത[19] പ്രകരണത്തിലൂടെ പ്രബന്ധത്തിൽ വ്യാപിക്കുന്നു. ഇവിടെയെല്ലാം ഉദാത്തതയുടെ ഹൃദയം തുടിക്കുന്നതായി കാണാം. ഉൽക്കൃഷ്ടാലങ്കാരങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഉദാത്തചിന്തകൾ ഉദാത്തതയുടെ ഹേതുവാണ്.

'മഹാഭാഗയാം നളിനി' (155) എന്ന കാവ്യത്തിലെ സംബോധന ശീർഷകത്തെ ഉൽക്കൃഷ്ടവും ശ്രേഷ്ഠവുമാക്കി മഹത്വവൽക്കരിക്കുന്നു. ഉൽക്കൃഷ്ടമായ വചോവിന്യാസവും ഉദാത്തതയുടെ ഉറവിടമാണ്. ആന്തരമായ സദ്ഗുണസഞ്ചയം കൊണ്ടും പരിശുദ്ധതകൊണ്ടും അന്യർക്ക് ഒരു ദീപസ്തംഭമായി ശോഭിക്കുകയും അതുവഴി തീവ്രമായ മനോദുഃഖങ്ങളിൽ നിന്നും നിർമുക്തരാകാൻ അന്യർക്ക് സഹായമേകുകയും, കൂടാതെ ജീവിത വിശുദ്ധി, മനശ്ശാന്തി, ജീവന്മുക്തി എന്നിവ കൈവരാൻ മറ്റുള്ളവർക്ക് മാർഗം തെളിക്കുകയും ചെയ്യുന്ന ഒരു സ്ത്രീ രത്നമാണ് 'മഹാഭാഗ' എന്ന സ്ഥാനത്തിന് അർഹമാകുന്നത്. മഹാഭാഗയായ നളിനി ധന്യയാണ് എന്നു പറയാൻ കാരണം നാനാതരത്തിലുള്ള വിഷയസുഖം കൊണ്ട് ആരെയും കൊതിപ്പിക്കുന്ന ഈ ലോകത്തെ യൗവനത്തിൽ തന്നെ നിഷ്പ്രയാസം സമ്പൂർണമായി ഉപേക്ഷിക്കാൻ തയാറായതിനാലാണ്. ഇങ്ങനെ ഹേതുവാക്യപദാർഥമായി പറഞ്ഞിരിക്കുന്നതിനാൽ കാവ്യലിംഗവും[20] വാക്യത്തെ അലങ്കരിക്കുന്നു. മഹാഭാഗയാം നളിനി ധന്യതന്നെ നീ എന്നതിൽ വിശേഷണത്തിന്റെ വക്രതാസൗന്ദര്യവും സ്ഫുരിക്കുന്നുണ്ട്. വിശിഷ്ട പദവിന്യാസത്താലുള്ള ഉദാത്തതയും വിശേഷണ വക്രതയും[21] രസാനുഭവത്തെ പ്രദാനം ചെയ്യുന്നു. ഉൽക്കൃഷ്ടമായ ശൈലി മുഗ്ദഭാവനയിൽ മുങ്ങിയ ഹൃദയത്തിൽനിന്നേ ഉത്ഭൂതമാകൂ.

യോഗിയായ ദിവാകരനെക്കാൾ മുൻപേ അനായാസം ആത്മസാക്ഷാൽക്കാരം നേടി ബ്രഹ്മപദം പ്രാപിച്ച നായിക തന്റെ അവസാന നിമിഷം പോലും പ്രാണപ്രിയന്റെ ബാഹാന്തരം ആണ് ചരമശയ്യയാക്കിയത്. തന്മൂലം തന്റെ ജീവിതലക്ഷ്യമായ പ്രണയവും ഇവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു. പ്രണയ സാക്ഷാൽക്കാരവും ആത്മസാക്ഷാൽക്കാരവും ഒന്നായിത്തീരുന്ന സാക്ഷ്യപത്രമാണീ കാവ്യം. നിർവേദം ഇവിടെ ഉന്നിദ്രാണമാകുന്നു. ഇതിവൃത്ത നിബന്ധന വക്രത അങ്ങനെ ശാന്തത്തിൽ പരിസമാപ്തമാകുന്നു. ശാന്തരസത്തെ പൂർണശോഭം അനുഭവപ്പെടുത്താൻ ഉപയുക്തമാകുന്നിടത്താണ് ഈ ഇതിവൃത്ത നിബന്ധന വക്രത സാഫല്യം നേടുന്നത്.

ചതുർവിധപുരുഷാർഥങ്ങൾ നേടാൻ പാകത്തിലുള്ള വിഭാവാദികൾക്ക് സ്ഥായിത്വം നേടി രസാനുഭവത്തിനു വഴിയൊരുക്കി ഉദാത്തത കാവ്യത്തിനു കൈവരുത്തുന്നു. ഇന്ദ്രിയാതീതമായ അനുഭൂതികൾ അനുവാചകന്റെ ആത്മാവിനെ ഉണർത്തുന്നു. ഗൗരവവും മഹത്വവുമേറിയ ഗംഭീരവും സുഘടിതവുമായ സംരചന, ഉൽക്കൃഷ്ടാലങ്കാരങ്ങളുടെ മുഗ്ധഭാവന എന്നിവയെല്ലാം ഉദാത്തതാഫലസിദ്ധിക്കിവിടെ നിദാനമാകുന്നു. വൈദഗ്ധ്യഭംഗീഭണിതികളെല്ലാം ഉദാത്തതയുടെ ഉപകരണമായി മാറുന്നു. രസാനുഭൂതിയുടെ ഹിമവത്ശൃംഗത്തിലേറി നിൽക്കുമ്പോൾ നിർവേദത്തിലെ നിഗൂഢ വൈഖരി ലോകാതിക്രാന്തഗോചരത്വമാകുന്നിവിടെ.

## കുമാരസംഭവവും വക്രോക്തിയും ഉദാത്തതയും

വേദേതിഹാസങ്ങൾവഴിയായും സ്മൃതിവിചാരങ്ങളിലൂടെയും ഉരുത്തിരിഞ്ഞ ഹൈന്ദവധർമവും സം

സ്കാരവും ഉയർത്തിക്കാട്ടുന്നതായിരുന്നു കാളിദാസകൃതികൾ. കാവ്യരചനയിൽ വാല്മീകിയുടെ കാൽനഖേന്ദുമരീചികൾ പിൻതുടർന്ന കാളിദാസൻ ആർഷസംസ്കാരത്തിലടിയുറച്ച ജീവിതദർശനങ്ങളുടെ വക്താവായിരുന്നു. ചിരന്തനമായ സംസ്കാരത്തിന്റെ പ്രതീകമായ മഹാകവി കാളിദാസൻ, ആ സംസ്കാരത്തിന്റെ വിത്തുകളെ അക്ഷരങ്ങളിൽ പാകി സ്വകൃതിയിൽ നട്ടു നനച്ച് വളർത്തി, മഹാവൃക്ഷങ്ങളാക്കി മാറ്റി. ആ വൃക്ഷങ്ങളുടെ വേരുകൾ മണ്ണിൽ ആഴ്ന്നിറങ്ങുകയും അതിന്റെ ശാഖകൾ അലൗകികതയുടെ വിഹായസ്സിലേക്ക് പടർന്നുകയറുകയും ചെയ്യുന്നു.

സാഹിത്യപഠനത്തിൽ കാളിദാസകൃതികൾക്കു നിസ്തുലമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. ഭാരതത്തിലെ പാഠ്യക്രമത്തിൽ ഒരിക്കൽ പുരാണേതിഹാസങ്ങൾക്കൊപ്പം ആ കൃതികളെയും ഉൾപ്പെടുത്തിയിരുന്നു.

'പഠേത് സമസ്താൻ കില കാളിദാസ-
കൃതപ്രബന്ധാനിതിഹാസദർശി'

എന്ന് പതിനൊന്നാം ശതകത്തിൽ ക്ഷേമേന്ദ്രൻ ഉപദേശിച്ചിരുന്നു.

പഞ്ചമഹാകാവ്യങ്ങളിൽ പ്രമുഖസ്ഥാനത്തു നിൽക്കുന്ന കുമാരസംഭവം ഉമാമഹേശ്വരന്മാരുടെ പ്രേമവും കുമാരജനനത്തിന്റെ സാഹചര്യവും വർണിക്കുന്ന മഹാകാവ്യമാണ്. ശ്രീ അരവിന്ദന്റെ അഭിപ്രായത്തിൽ സംസ്കൃതത്തിലെ എന്നല്ല, ലോകത്തിലെ തന്നെ ഏറ്റവും മികച്ച കാവ്യം കുമാരസംഭവമാണ്. ശിവ-പാർവതീപ്രണയകഥയെ പുനരാവിഷ്കരിക്കുന്നതിലൂടെ അർധനാരീശ്വര സങ്കൽപ്പത്തെ ആവിഷ്കരിക്കുകയാണദ്ദേഹം തന്റെ കൃതിയിൽ. "ആധ്യാത്മികത കർമരാഹിത്യത്തോളം പൊയ്ക്കൂടാ എന്ന ദർശനം കുമാരസംഭവകഥയിൽ നിഹിതമാണ്. പ്രേമം തപസ്സിലേക്കും തപസ്സ് പ്രേമത്തിലേക്കും പരിണമിക്കുകയാണ് അവിടെ. കാളിദാസീയദർശനത്തിലേക്കു തന്നെയാണ് ഈ പരിണാമകഥ വായനക്കാരെ കൊണ്ടുപോകുന്നത്. "[22] എന്ന് എ. ആർ. നിരീക്ഷിക്കുന്നുണ്ട്. കാളിദാസകൃതിയിലെ അലൗകികതയെക്കുറിച്ച് വ്യതിരിക്തത ഉണ്ട്. ഇന്ദ്രിയാനുഭൂതികളുടെ കവിയായി ശ്രീ അരവിന്ദൻ കാളിദാസനെ വിലയിരുത്തുന്നു. എന്നാൽ ടാഗോറാകട്ടെ, ഭാരതത്തിൽ കൊടികുത്തിവാണ ആധ്യാത്മികചിന്തയാൽ പരിഭൂതമായ ലൗകികതയെ ജീവിതത്തിലേക്ക് പുനരാവാഹിച്ച കവിതയാണ് കാളിദാസന്റേത്, എന്നാലത്, ആധ്യാത്മികതയെ ശിരസ്സിൽ ചൂടുന്നുമുണ്ടെന്ന് നിരീക്ഷിച്ചു. കാളിദാസീയസങ്കൽപ്പം എന്തുതന്നെയായാലും, വാഗർഥങ്ങൾ സംയുക്തമായി സംജാതമാകുന്ന ഇന്ദ്രിയാതീതാനുഭൂതി ഉക്തിയുടെ വൈചിത്ര്യമാണ്, ഭാഷണ വൈചിത്ര്യമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ വൈദഗ്ധ്യഭംഗീഭണിതികളാണ്.

നാലാം സർഗത്തിന്റെ അവതാരികയിൽ എ. ആർ. ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ഐന്ദ്രിയവിഷയങ്ങളോടുള്ള അദമ്യമായ അഭിലാഷം ഒരു വശത്ത്; സംയമപവിത്രതയോടുള്ള സമാദരം മറുവശത്ത്. അങ്ങനെ ഭോഗവും പ്രജ്ഞാനവും ഇരുവശങ്ങളിൽ നിന്നുകൊണ്ട് കാളിദാസനെ സമാകർഷിക്കുന്നു. ഇവയ്ക്കിടയിൽ പാലം പണിയുകയാണ് കാളിദാസവാങ്മയം" ഇങ്ങനെ ഇന്ദ്രിയാനുഭവങ്ങളെ ഉപാധിയാക്കിക്കൊണ്ട് ഇന്ദ്രിയാതീതാനുഭവം നേടാൻ പാകത്തിൽ ശബ്ദാർഥങ്ങൾക്കു അലൗകികമായ പുതുരൂപം പകരുന്ന വൈചിത്ര്യമാണു വക്രോക്തി. ഇത് ലൗകികോക്തിയല്ല; അലൗകികോക്തിയാണ്. ചുരുക്കത്തിൽ ഭൗതികജഗത്തിനേയും അലൗകികമായ കാവ്യജഗത്തിനേയും വേർതിരിക്കുന്ന സമുദ്രത്തിനു കുറുകെ കവിപ്രതിഭ നിർമിക്കുന്ന പാലമാണ് വക്രോക്തി. ലൗകികമായിരിക്കുന്ന സവിശേഷതകളും പ്രവണതകളുമെല്ലാം ലോകസിദ്ധമല്ലാതായി അലൗകികമായിപ്പോകുന്നുണ്ടിവിടെ. "തപസ്സുകൊണ്ട് നീയെന്നെ വിലയ്ക്കു എടുത്തിരിക്കുന്നു" എന്ന ചന്ദ്രശേഖരവാക്യത്തിൽനിന്നും പ്രണയം തപശ്ശുദ്ധിയിലൂടെ സ്വായത്തമാക്കി; വിരക്തിയെ നിഷ്കാസിതമാക്കി; എന്നാൽ രതിയെ പവിത്രീകരിക്കുകയും ചെയ്യുതായി വായിച്ചെടുക്കാം.

പരിചിതമായ ഇന്ദ്രിയാനുഭവങ്ങളെ ആധാരമാക്കി അപരിചിതമായ ആന്തരലോകത്തേക്കു പുരോഗമിക്കുന്നത് അതീന്ദ്രിയാനുഭവമാണ്. "സ്ഥൂലജഗത്തിനെ വിട്ട് മനോമയമായ സൂക്ഷ്മജഗത്തിനെ സാക്ഷാൽക്കരിക്കലാണിത്. ഈ വിധമായ സാക്ഷാൽക്കാരത്തിന്റെ ഉത്തുംഗസീമയിൽ വ്യക്തിനിഷ്ഠമായ പരിമിതികളെല്ലാം കൊഴിഞ്ഞുപോയി സർവസാധാരണമായിത്തീർന്ന രത്യാദി സ്ഥായിഭാവങ്ങളെ സഹൃദയൻ അനുഭവിക്കുന്നു. സാധാരണീകരണത്തിന്റെയും രസാനുഭവത്തിന്റെയും തത്വം ഇവിടെ കാണാം. ഇങ്ങനെ ഇന്ദ്രിയതലത്തിൽനിന്ന് ഇന്ദ്രിയാതീതതലങ്ങളിലേക്ക് സഹൃദയനെ നയിക്കുന്ന ഉപാധിയാണ് അലൗകിക സ്വഭാവമായ വക്രോക്തി. " ഇന്ദ്രിയതലത്തിൽനിന്ന് ഇന്ദ്രിയാതീതതലത്തിലേക്ക് അനുഭൂതികളെ നയിക്കുമ്പോൾ, ലൗകികോക്തിയിൽനിന്ന് അലൗകികതലത്തിലേക്ക് വാഗർഥങ്ങളെ നയിക്കുമ്പോൾ വാക്കും അർഥവുംപോലെ ഒന്നായിത്തീർന്ന ["വാഗർഥാവിവസംപൃക്തൗ, വാഗർഥപ്രതിപത്തയേ"] ശ്രീ പാർവതീ പരമേശ്വരന്മാർ തന്നെയാണ് സാക്ഷിയാകുന്നതു സാക്ഷാൽക്കാരമാകുന്നതും.

കാവ്യത്തിൽ രസാഭിവ്യക്തിയുണ്ടാകാൻ അതിനു പറ്റിയ സന്നാഹങ്ങൾ വേണം. ഉദാത്തമായ വിഷയം, ഉദാത്തമായ കഥാപാത്രങ്ങൾ, ഉദാത്തമായ ഭാഷ, ഉദാത്തമായ കഥാപുരോഗമനം, ഉദാത്തമായ അലങ്കാരങ്ങൾ എന്നിങ്ങനെ ഒരുദാഹരണം പറയുകയാണെങ്കിൽ 'മന്നവേന്ദ്രാ' വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻമുഖം. ' ഇത് ഉപമാലങ്കാരമാണ്. എന്നാൽ പുരുഷാർഥങ്ങളെ സാധിക്കുന്നതു മാത്രമേ ഉദാത്തമാകൂ എന്നതിനാൽ ഇത് ഉദാത്തമാകുന്നില്ല. കുമാരസംഭവത്തിലെ ഒരു ഉദാഹരണം ശ്രദ്ധിക്കൂ. ശിവൻ വടുവേഷത്തിൽ പാർവതീദേവി




പഞ്ചമഹാകാവ്യങ്ങളിൽ പ്രമുഖസ്ഥാനത്തു നിൽക്കുന്ന കുമാരസംഭവം ഉമാമഹേശ്വരന്മാരുടെ പ്രേമവും കുമാരജനനത്തിന്റെ സാഹചര്യവും വർണിക്കുന്ന മഹാകാവ്യമാണ്. ശ്രീ അരവിന്ദന്റെ അഭിപ്രായത്തിൽ സംസ്കൃതത്തിലെ എന്നല്ല, ലോകത്തിലെ തന്നെ ഏറ്റവും മികച്ച കാവ്യം കുമാരസംഭവമാണ്.

യുടെ തപസ്സിളക്കാനെത്തി. തപസ്സിന്റെ കാരണമ ദ്ദേഹം അന്വേഷിച്ചു. ദേവി കാരണം പറഞ്ഞു. പിനാകിയെ ഭർത്താവായിക്കിട്ടാനാണ് ഈ കഠി നതപസ്സെന്ന് അശുഭകാര്യങ്ങളിൽ തത്പരനായ അയാളെപ്പറ്റി ഓർത്തിട്ട് തനിക്ക് പാർവതിയെ അനുകൂലിക്കാനാകുന്നില്ല എന്നും തുടർന്ന് പരമശി വനെ നിശിതമായി പരിഹസിക്കുകയും വട്ടു ചെയ്തു. പാമ്പിൻവളയണിഞ്ഞവൻ, ശോണിതബിന്ദു വർ ഷിക്കുന്ന ആനത്തോൽ ധരിച്ചവൻ, ശ്മശാനത്തിൽ ജീവിക്കുന്നവൻ, ചിതാഭസ്മം ധരിക്കുന്നവൻ, മുതുകാ ളപ്പുറത്തു സഞ്ചരിക്കുന്നവൻ തുടങ്ങിയ പരിഹാസ പരാമർശങ്ങൾ ശിവനെക്കുറിച്ച് ബ്രഹ്മചാരി നടത്തി. ശിവനെ പ്രാപിച്ചതുമൂലം ചന്ദ്രൻ ശോഷിച്ചു. തുടർന്ന് വീണ്ടും ആക്ഷേപിച്ചു.

"വപുർ വിരൂപാക്ഷ, മലക്ഷ്യജന്മതാ,
ദിഗംബരത്വേന നിവേദിതം വസുഃ"

ശിവന്റെ ശരീരം മുക്കണ്ണുകൊണ്ടു വിരൂപമാണ്. എവിടെ ആർക്ക് ജനിച്ചുവെന്ന് ഒരുത്തർക്കും നി ശ്ചയവുമില്ല. നഗ്നതകൊണ്ട് സമ്പത്തിന്റെ കാര്യം വെളിപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള ആക്ഷേപ ങ്ങൾ പാർവതി കേട്ടുനിന്നത് ബ്രഹ്മചാരിയോട് അനാദരവു കാട്ടണ്ട എന്നു കരുതിയിട്ടാണ്. എങ്കിലും പുരികം ചുളിച്ച് അയാളോടവൾ ആഭിമുഖ്യക്കുറവ് പ്രകടിപ്പിച്ചു. അടിസ്ഥാനരഹിതമായ കാര്യങ്ങൾ വട്ടു പറയുന്നത് മഹേശ്വരനെ പരമാർഥത്തിൽ അറിയാത്തതിനാലാണ്. ഈ ആക്ഷേപ പരാമർ ശങ്ങൾക്കെല്ലാം ആധ്യാത്മികമായ വ്യാഖ്യാനം അവൾ നൽകി. അവസാനം അവൾ പറഞ്ഞു. മഹാ ന്മാരെ അപവദിക്കുന്നവർ മാത്രമല്ല, കേട്ടു നിൽക്കു ന്നവരും പാപത്തിന് പാത്രമാകുന്നതാണ്. തന്മൂലം താൻതന്നെ ഇവിടെനിന്നു പോയേക്കാം എന്ന് പറഞ്ഞ് ഗൗരി മാറിൽനിന്ന് മരവുരി ഇളകുമാറു നടന്നു. മഹേശ്വരൻ ആ നേരം സ്വന്തം രൂപം കൈ ക്കൊണ്ട് പുഞ്ചിരിപൊഴിച്ച് അവളെത്തടഞ്ഞു.

"തം വീക്ഷ്യ വേപഥുമതീ സരസാംഗയഷ്ടി-
ർനിക്ഷേപണായ പദമുദ്ധൃതമുദ്വഹന്തീ
മാർഗാചലവ്യതികരാകുലിതേവ സിന്ധുഃ
ശൈലാധിരാജതനയാ ന യയൗ ന തസ്ഥൗ"

സ്വന്തം രൂപം ധരിച്ച മഹേശ്വരനെക്കണ്ട് അവളുടെ ശരീരമാകെ വിറച്ചു. അവയവങ്ങളിൽ വിയർപ്പുപൊടിഞ്ഞു. മുന്നോട്ടുവയ്ക്കാൻ ഉയർത്തിയ കാല് അങ്ങനെതന്നെ ഉയർത്തി നിൽക്കുകയാണ്. 'ന യയൗ ന തസ്ഥൗ' പോയതുമില്ല, നിന്നതുമില്ല. മുന്നോട്ടു പോകാൻ തുനിഞ്ഞു എന്നാൽ പോയില്ല. അവിടെ നിൽക്കുകയാണോ എന്ന ചോദിച്ചാൽ അതുമല്ല. ഈ അവസ്ഥയെ കാളിദാസൻ ഉപമിക്കു ന്നത് ഇപ്രകാരമാണ്. 'മാർഗാചലവ്യതികരാകുലി തേവ സിന്ധുഃ' കാല് ഉയർത്തിനിൽക്കുന്ന പർവത രാജപുത്രി വഴിയിലെ പർവതത്തിൽ തടഞ്ഞു കറങ്ങിത്തിരിഞ്ഞ നദിപോലെ മുന്നോട്ടു പോയതു മില്ല ഒട്ടുനിന്നതുമില്ല. ഈ നദി പർവതത്തിൽ നി ന്നുത്ഭവിച്ച് വളരെ വേഗത്തിൽ ഒഴുകിവരികയാണ്. ഇത്രയും ശക്തിയായി ഒഴുകി വരുന്ന നദിയെ വഴി യിലൊരു അചലം തടഞ്ഞു. അചലമാണ്, അതായത് ചലിക്കാത്ത ഒന്നാണു തടഞ്ഞത്. അതിനെ മാർഗ ത്തിൽനിന്നു തള്ളിമാറ്റാൻ സാധിക്കില്ല. ഇതിൽ ചെന്നിടിച്ച് അവിടെ നദി വട്ടംകറങ്ങുകയാണ്. മു ന്നോട്ടു പോകാനാകില്ല. അതേപോലെ നിൽക്കാ നുമാകുന്നില്ല, കാരണം വന്ന വേഗത നദിയെ ചുഴ റ്റുകയാണ്. നദി അവിടെക്കിടന്ന് ഇളകിമറിയുക യാണ്. എന്താ സംഭവിക്കുന്നത് എന്ന് പറയാനാ കാത്ത കോലാഹലത്തിലുഴലുകയാണ്. ഇതേ അവസ്ഥ തന്നെയാണ് ശൈലാധിരാജതനയയായ പാർവതിക്കും. മാർഗാചലവ്യതികരമായി ആകുലി തമായ അവസ്ഥ. ഒന്നുകിൽ നടക്കണം അല്ലെങ്കിൽ നിൽക്കണം. എന്നാൽ രണ്ടുമിവിടെ സംഭവിച്ചില്ല. താൻ ആരെ ലഭിക്കാൻവേണ്ടിയാണോ ഇത്രയും കാലം കഠിനതപസ്സ് ചെയ്തത്, ഇതാ ഇപ്പോൾ അദ്ദേഹം തന്റെ മുന്നിലെത്തിയിരിക്കുന്നു. ഇതാണ് അവളെ ഇതികർത്തവ്യതാമൂഢയാക്കിയത്. കാളി ദാസൻ പാർവതിയുടെ അപ്പോഴത്തെ ശാരീരികവും മാനസികവുമായിട്ടുള്ള അവസ്ഥയെ ഇപ്രകാരം മനോഹരമായി ഉപമിക്കുന്നു. അത് നമുക്കുംകൂടി അനുഭവപ്പെടുത്തിത്തരാൻ ഈ ഉപമയ്ക്കു കഴിയുന്നു. ഇത് രസാനുഭവത്തെ ഉളവാക്കുന്നു. പാർവതിയുടെ ഹൃദയത്തിലെ അപ്പോഴത്തെ അനുഭവത്തെ ഉന്മീ ലനം ചെയ്തതിനാലാണത്. ഹർഷം, കോപം, വേപഥു, സ്തംഭം, സ്വേദം, വ്രീള, രോമാഞ്ചം, പ്രളയം, ധൃതി, ഗർവം മുതലായ സാത്വിക-സഞ്ചാരീഭാവങ്ങൾ അവളിൽ കാണാനാകും. തന്റെ ഹൃദയേശ്വരനെ ക്കുറിച്ചുള്ള അഭിമാനമാണ് ഗർവായി പരിണമിച്ചത്. അതിനു വിപരീതമായി കേട്ടതിനാൽ അവളിൽ കോപം ഉടലെടുത്തു. ക്രോധം എന്ന സ്ഥായീഭാവം, രൗദ്രമെന്ന രസാനുഭവമായി ഇവിടെ പരിണമിച്ചു. പിന്നീട് ശിവനെ കണ്ടതിനാലുള്ള ഹർഷം, അതായത് ആഹ്ലാദം. തന്മൂലം വ്രീഡയുണ്ടാകുന്നു, ലജ്ജയുണ്ടാകുന്നു. ഈ ഭാവങ്ങളെല്ലാം ഒന്നിച്ചനുഭ വിപ്പിക്കുന്ന ഉപമയാണിത്, 'മാർഗചലവ്യതികരാ കുലിതേവ സിന്ധു. ' ഇങ്ങനെയൊരു ഉപമ കാളിദാ സനല്ലാതെ മറ്റാർക്കും പ്രയോഗിക്കാൻ സാധ്യമല്ല. മാത്രമല്ല, ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ തമ്മിൽ ചേരാതെ തട്ടിത്തെറിച്ചുപോകുന്ന വാക്കുകളാണ്. വ്യതികരാകുലിതേവ ചേരാത്ത വാക്കാണ്. വാക്കു കളെല്ലാം കലിപൂണ്ടുവേഗത്തിൽ വന്ന ജലപ്രവാഹം ചിതറിത്തെറിക്കുന്നപോലെയാണ്. 'മാർഗാചലവ്യ തികരാകുലിതേവ സിന്ധു' എന്നതിൽ ഓരോ അക്ഷ രവും മറ്റുള്ളവയുമായി പൊരുത്തപ്പെടാത്തവയാണ്. മാർഗാചലവ്യതികരണത്തിന്റെ ആകുലിതം നമുക്ക് അനുഭവപ്പെട്ടും; സിന്ധുവിന് അനുഭവപ്പെട്ട ആകു ലിതംപോലെ. മാർഗാചലവ്യതികരാകുലിതയാണ് സിന്ധു. ഇതിനെത്തുടർന്നാണ് കവി നിന്നുമില്ല, നടന്നുമില്ല - ന യയൗ ന തസ്ഥൗ എന്ന് പ്രയോഗി ച്ചിരിക്കുന്നത്. ഇത് അത്ഭുതകരമായ വക്രതയാണ്. അവൾ മുന്നോട്ടു നീങ്ങാൻ തുനിഞ്ഞതും പെട്ടെന്ന് നിയന്ത്രിച്ചതുമായ വിരുദ്ധഭാവം, നയയൗ തതസ്ഥൗ എന്ന വിരോധാഭാസംകൊണ്ട് വ്യഞ്ജിപ്പിക്കുന്നു.

ശിവന്റെ ശരീരം മുക്കണ്ണുകൊണ്ടു വിരൂപമാണ്. എവിടെ ആർക്ക് ജനിച്ചുവെന്ന് ഒരുത്തർക്കും നിശ്ചയ വുമില്ല. നഗ്നതകൊണ്ട് സമ്പത്തിന്റെ കാര്യം വെളിപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ പാർവതി കേട്ടുനിന്നത് ബ്രഹ്മചാരിയോട് അനാദരവു കാട്ടണ്ട എന്നു കരുതിയിട്ടാണ്. എങ്കിലും പുരികം ചുളിച്ച് അയാളോടവൾ ആഭിമുഖ്യക്കുറവ് പ്രകടിപ്പിച്ചു.

ശബ്ദംകൊണ്ടും അർഥസാമർഥ്യംകൊണ്ടും ശ്ലേഷം കൊണ്ടും വിരോധപ്രതീതിയുളവാക്കാം. പ്രഥമശ്രവണത്തിൽ വിരുദ്ധമെന്നു തോന്നിക്കുന്ന പ്രസ്താവങ്ങളുടെ യുക്തിയുക്തത ബോധ്യപ്പെടുത്തി വിരോധപ്രതീതി ഇല്ലാതാക്കിത്തീർക്കുന്നത് വിരോധമെന്ന അലങ്കാരമാകുന്നു.[24] അതേപോലെയാണ് ഭാവാഭിവ്യഞ്ജകമായ സൗന്ദര്യവിശേഷത്തെ പ്രദാനം ചെയ്യുന്ന അനുപമമായ ഉപമാലങ്കാരത്തിന്റെ പ്രയോഗവും. വിവക്ഷിതമായ ധർമവിശേഷം സഹൃദയാഹ്ലാദമാകാൻ വർണ്യവസ്തുവിനെ ഗുണമേന്മയുള്ള അവർണ്യവസ്തുവിനോട് സാമ്യം കൽപ്പിക്കുന്നതാണ് ഉപമാലങ്കാരം.[25] സഹൃദയാഹ്ലാദകാരിതയ്ക്കുവേണ്ടി ഏറെ മനോഹരമായ 'മാർഗാചലവ്യതികരാകുലിതേവ സിന്ധു' എന്ന അപ്രസ്തുത വസ്തുവിനോട് പ്രസ്തുതത്തിന്റെ (പാർവതീദേവിയുടെ മാനസികാവസ്ഥ) സാമ്യം വർണിക്കുന്നു. വൈദഗ്ധ്യഭംഗിനിറഞ്ഞ ശബ്ദങ്ങളും ക്രിയാപദങ്ങളും കൊണ്ട് ഉപമാവാചകങ്ങളെയും പ്രതിപാദിക്കുന്നിവിടെ. വൈചിത്ര്യമുളവാക്കുന്ന പ്രതിഭാപ്രസൂനങ്ങളായ വാക്യവക്രതകളാണിതെല്ലാം.

നിന്നുമില്ല, നടന്നുമില്ല എന്നുള്ളത് അസാധ്യമായ, അത്ഭുതകരമായ ക്രിയാവക്രതയാണ്. 'പ്രസിദ്ധവും സ്വഭാവേന സൗന്ദര്യരഹിതവുമായ ധാതുക്കൾ സമർഥരായ കവികളുടെ കയ്യിൽ അലൗകികമായ ചാരുതയുടെ നിറകതിർച്ചൂടും. ധാതുക്കളെ ഇങ്ങനെ സുന്ദരമാക്കുന്ന പ്രയോഗവൈശിഷ്ട്യമാണു ക്രിയാവൈചിത്ര്യവക്രത. '[26] ഈ വക്രതകൾ എല്ലാം രസത്തെ അഭിവ്യഞ്ജിപ്പിക്കുന്നു. ഇത് ഉദാത്തതയുമാണ്. ഉദാത്തതയുടെ അനുഭവം വിരിയിക്കുന്ന ഇവിടെ ഗംഭീരമായ വിഷയം, വികാരനിർഭരമായ തീവ്രസങ്കൽപ്പശക്തി, ഉയർന്നു പറക്കുന്ന ചിന്ത, സ്പഷ്ടമായ ആശയപ്രകാശനക്ഷമത എന്നിവ ഒത്തുചേരുന്നതായും ഔചിത്യം നിയാമകമായി കുടികൊള്ളുന്നതായും ഉചിതമായ ഭാഷ, രചന, അലങ്കാരം, വർണന എന്നിവ ആവിഷ്കരിക്കുന്നതായും കാണാം. മേൽസൂചിപ്പിച്ച ഘടകങ്ങളെല്ലാം സമഞ്ജസമായാണ് സമ്മേളിക്കുന്നത്. ഉദാത്തതയില്ലെങ്കിൽ രസമില്ല. രസമില്ലാത്തിടത്ത് ഉദാത്തതയുമില്ല. രസമെന്നു പറഞ്ഞാൽ ഉദാത്തതയെന്നു പിന്നെ പറയേണ്ട കാര്യമില്ല. ഉദാഹരണത്തിന് നെയ്യ് എന്നു പറയുന്നതുതന്നെയല്ലേ ഘൃതം. ഘൃതമെന്നാൽ നെയ്യും. ഇതുതന്നെയാണ് രസവും ഉദാത്തതയും തമ്മിലുള്ള ബന്ധവും. ഇതാണ് സങ്കൽപ്പത്തിലെ ഉദാത്തത. ഈയൊരൊറ്റ ചതുഷ്പദ കാളിദാസീയ ശ്ലോകത്തിൽ സമ്മേളിക്കുന്ന രസവും വക്രോക്തിയും ഉദാത്തതയും അന്യോന്യം ഇവിടെ പര്യായങ്ങളായി ഭവിക്കുന്നു.

## സാവിത്രിയും ഉദാത്തതയും വക്രോക്തിയും

ശ്രീ അരവിന്ദന്റെ മഹാഗ്രന്ഥങ്ങളോരോന്നും ക്ലാസ്സിക് രചനയായി മാറിയത്, അതിലന്തർലീനമായിരുന്ന അപൂർവമായൊരന്തർദർശനത്തിലാണ്. ഏറെ വർഷത്തെ തപഃസ്വാധ്യായത്താലല്ലാതെ ഇത്തരത്തിലുള്ള കൃതികളെ രചിക്കാനാകില്ല. പക്ഷേ, കുറഞ്ഞകാലം കൊണ്ട് ഇത്ര അനായാസമായി ഇത്രയധികം ഗ്രന്ഥങ്ങൾ രചിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ യോഗാത്മകതലം സമ്മാനിച്ച അതീതശക്തികൊണ്ടാണ്. തത്വചിന്തയും മതവും കലയും കവിതയും ഭാഷാശാസ്ത്രവും ജൈവശാസ്ത്രങ്ങളും സാമൂഹികശാസ്ത്രങ്ങളും, രാഷ്ട്രതന്ത്രവുമൊക്കെ അഗാധമായി അദ്ദേഹത്തിന്റെ കൃതികളിൽ ചർച്ച ചെയ്യുന്നതിലൂടെ അതിനൊരു ബഹുസ്വരതയും ബഹുമുഖത്വവും സിദ്ധിച്ചു. ഉപരിപ്ലവമായി പറഞ്ഞുപോവുകയായിരുന്നില്ല ഒരു വിഷയവും.

വക്രോക്തിയും ഉദാത്തതയും പഠിക്കാനും മനസ്സിലാക്കാനും അപഗ്രഥിക്കാനും ഏറ്റവും ഉചിതമായ സാഹിത്യവും ഭാഷയുമായിരുന്നു അരവിന്ദന്റേത്. ഡോ. കെ. വേലായുധൻ നായർ, 'അരവിന്ദദർശന'ത്തിൽ രേഖപ്പെടുത്തിയതു നോക്കുക: 'ശ്രീ അരവിന്ദന്റെ യഥാർഥജീവിതം ആന്തരികമാണ്. അതേപ്പറ്റി അറിയാൻ ഒരൊറ്റ മാർഗമേയുള്ളുതാനും. അദ്ദേഹം തന്റെ കൃതികളിലൂടെ നിർവചിക്കുന്ന ദർശനത്തെ മനസ്സിലാക്കുകയാണത്. എന്നാൽ ഈ ദർശനത്തെ അറിയുക എന്നതും അത്ര എളുപ്പമുള്ള കാര്യമല്ല; കാരണം, ശ്രീ അരവിന്ദന്റെ ദർശനം ഒരു ധൈഷണികതത്വശാസ്ത്രമല്ല. അദ്ദേഹത്തിന്റെ യോഗാനുഭൂതികളുടെ ആവിഷ്കരണമാകുന്നു അത്. ശ്രീ അരവിന്ദൻ മഹായോഗിയാണ്. അദ്ദേഹത്തിന്റെ അനുഭൂതികളെ പൂർണതയിൽ അറിയാൻ യഥാർഥത്തിൽ ഒരു മഹായോഗിക്കു മാത്രമേ കഴിയൂ. 'ബുദ്ധി'ക്കപ്പുറമൊരു പ്രമാണമില്ലെന്നു വിശ്വസിക്കുന്ന ആധുനികമനസ്സിന് അവയെ അറിയുക സാധ്യമേയല്ല. അതൊരു കാര്യം. അദ്ദേഹത്തിന്റെ ആവിഷ്കരണമാധ്യമം 'ക്ലാസ്സിക്കൽ ഇംഗ്ലീഷ്' ഭാഷയാണെന്നതാണ് മറ്റൊന്ന്. 'ക്ലാസ്സിക്കൽ' എന്നിവിടെ പറയുന്നത് ഒരു പ്രത്യേക അർഥത്തിലാണ്. ഓരോ ഭാഷയ്ക്കും, ഓരോ ശൈലിക്കും അതിന്റേതായ ഒരു വഹനശേഷിയുണ്ട്. ചില കാര്യങ്ങളെ പ്രകടിപ്പിക്കാൻ, ചില ചിന്തകൾ ആവിഷ്കരിക്കാൻ ചില ഭാഷാശൈലികൾ അസമർഥങ്ങളാണ്. പ്രത്യേകിച്ച് അഭൗമമായ, ആധ്യാത്മികമായ വിഷയങ്ങൾക്ക് സംസാരഭാഷ അപര്യാപ്തമാകുന്നു. പ്രാചീനസംസ്കൃതവും പ്രാചീന ഗ്രീക്കുഭാഷയും ഉദാത്തമായ ദർശനങ്ങളുടെ മീഡിയങ്ങളായിരുന്നത് വെറും യാദൃച്ഛികമല്ല.[27] ഗ്രീക്ക്, സംസ്കൃതം ഭാഷകളിലെ ആശയതലങ്ങളെയും അർഥഭേദങ്ങളെയും അനുഭൂതിദായകമായി അവതരിപ്പിക്കുവാൻ ഇംഗ്ലീഷ്ഭാഷയ്ക്കു കഴിയുമായിരുന്നില്ല. അതിനാൽ അരവിന്ദൻ ഒരു ക്ലാസ്സിക്കൽ ഇംഗ്ലീഷ് ശൈലി എപ്രകാരം രൂപപ്പെടുത്തി എടുത്തുവെന്നും ഡോ. കെ. വേലായുധൻ നായർ രേഖപ്പെടുത്തുന്നുണ്ട്. "വൈദികസംസ്കൃതത്തിലെ ആശയങ്ങളെ ഇംഗ്ലീഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ അവയുടെ സൂക്ഷ്മമായ അർഥവിശേഷങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. അസാധാരണങ്ങളായ ആശയങ്ങളെ, ആധ്യാത്മികാനുഭൂതികളെ ഇംഗ്ലീഷിൽ ആവിഷ്കരിക്കുവാൻ പ്രാചീന

ശ്രീ അരവിന്ദന്റെ മഹാഗ്രന്ഥങ്ങളോരോന്നും ക്ലാസ്സിക് രചനയായി മാറിയത്, അതിലന്തർലീനമായിരുന്ന അപൂർവമായൊരന്തർദർശനത്തിലാണ്. ഏറെ വർഷത്തെ തപഃസ്വാധ്യായത്താലല്ലാതെ ഇത്തരത്തിലുള്ള കൃതികളെ രചിക്കാനാകില്ല. പക്ഷേ, കുറഞ്ഞ കാലം കൊണ്ട് ഇത്ര അനായാസമായി ഇത്രയധികം ഗ്രന്ഥങ്ങൾ രചിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ യോഗാത്മകതലം സമ്മാനിച്ച അതീതശക്തികൊണ്ടാണ്.

**സാധാരണീകരണത്തിലൂടെ അപരിമിതാവസ്ഥയിലെത്തിച്ചേരുന്ന കാവ്യവൈകാരികത രസഭാവാദികളുടെ തലത്തിലേക്ക് ഉയർന്ന്, സത്വോദ്രേകം മൂലം ആസ്വാദകനും അപരിമിതിയെ പുൽകുന്നു. ഇവിടെ പരാമൃഷ്ടമായ വൈകാരികത വൈയക്തികതലത്തിൽനിന്നുയർന്ന് ആത്മീയതലത്തിൽ എത്തിച്ചേർന്ന അതീന്ദ്രിയാനുഭൂതിയാണ്.**

സംസ്കൃതത്തിന് സമാനമായ ഒരു ഇംഗ്ലീഷ് ഭാഷ തന്മൂലം ആവശ്യമായി വന്നു. ഗ്രീക്ക് ഭാഷയിലും സംസ്കൃതഭാഷയിലും ഇംഗ്ലീഷ്ഭാഷയിലും അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്ന ശ്രീ അരവിന്ദനുമാത്രം സൃഷ്ടിക്കാൻ കഴിയുന്ന ഒരു ക്ലാസ്സിക്കൽ ഇംഗ്ലീഷ് ശൈലിക്ക് അദ്ദേഹം രൂപംകൊടുക്കുകയും ആ ശൈലിയിൽ തന്റെ ദർശനാനുഭൂതികളെ ആവിഷ്കരിക്കുകയും ചെയ്തു. ഈ ഭാഷ മനസ്സിലാക്കുക അൽപ്പബുദ്ധികൾക്കല്ല, ഭാഷാപ്രാവീണർക്കും ദുഷ്കരമത്രേ. കാരണം, അതിലൂടെ ആവിഷ്കൃതമാകുന്ന ചിന്തകളെ അറിയുന്നവർക്കു മാത്രമേ ഭാഷയെ അറിയാനൊക്കൂ. അതാണ് അതിന്റെ സവിശേഷത. ഈ ഭാഷയെ അറിയാൻ അതുകൊണ്ട്, നിഘണ്ടുവല്ല, സംസ്കാരത്തിന്റെ ആദിപ്രഭവങ്ങളായ വേദോപനിഷത്തുകളെപ്പറ്റിയുള്ള അന്തർജ്ഞാനമാണു സമ്പാദിക്കേണ്ടത്. [28] അദ്ദേഹത്തിന്റെ ഭാഷയുടെ ഔന്നത്യം ഇതിൽനിന്നും മനസ്സിലാക്കാനാകും. ഇത് വൈദഗ്ധ്യഭംഗീഭണിതികളാൽ ഉദാത്തതയുടെ പരകോടിയിലാകും എത്തിനിൽക്കുക.

അരവിന്ദന്റെ 'സാവിത്രി' എന്ന കാവ്യമാണ് അദ്ദേഹത്തിലെ മഹായോഗിയേയും മഹാകവിയേയും നമുക്ക് കാട്ടിത്തന്നത്. അദ്ദേഹത്തിന്റെ കാവ്യഭാവന യോഗാത്മകതയുടെ അത്യുന്നതങ്ങളിലാണു സഞ്ചരിക്കുന്നത്. ഇത് നൽകുന്ന അതീന്ദ്രിയമായ, അതിസാന്ദ്രമായ, ആത്മീയഹർഷോന്മാദത്തിന്റേതായ ഒരു അനുഭൂതിമണ്ഡലം ഉദാത്തതയുടെ രത്നസിംഹാസനമാണ്. അനിർവചനീയമായ ആത്മീയാനുഭൂതികളെ ലൗകികഭാഷയിൽ പ്രകാശിപ്പിക്കാനാകില്ല. മന്ത്രമുഗ്ധമായ അലൗകികോക്തികൾ തന്നെയാണദ്ദേഹം 'സാവിത്രി'യിൽ ഉപയോഗിച്ചത്. ആത്മാവിൽ ആലേഖനം ചെയ്യുന്ന ലോകാതിക്രാന്തഗോചരത്വമായ കവിതയാണ് സാവിത്രി. പൊതുവേ, അദ്ദേഹത്തിന്റെ മിസ്റ്റിക് കവിതകളെപ്പറ്റി അരവിന്ദദർശനത്തിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു: 'ഈ കവിതകൾ ആസ്വദിക്കാൻ, അനുഭവിക്കാൻ, ധാരണാതലത്തിനപ്പുറം അന്തർജ്ഞാനത്താൽ മാത്രം ലഭ്യമാകുന്ന ഒരു സംവേദനക്ഷമത വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഈ കവിതകളുടെ സംഗീതം ശ്രവിക്കാൻ മറ്റൊരു ശ്രവണേന്ദ്രിയം ആവശ്യമാണ്. വർണപ്പൊലിമ ദർശിക്കാൻ മറ്റൊരു ദർശനേന്ദ്രിയം വേണം. അവയുടെ ചിന്തകൾ ഉൾക്കൊള്ളാൻ മറ്റൊരു ബൗദ്ധികതലവും. [29]

ശ്രീ അരവിന്ദന്റെ കാവ്യപ്രതിഭ പൂർണശോഭം പ്രകാശിക്കുന്ന കാവ്യമാണ് സാവിത്രി. 'സാവിത്രി ഒരു പുരാവൃത്തവും ഒരു പ്രതീകവും' എന്നാണദ്ദേഹം ഈ മഹാകാവ്യത്തിനു പേരിട്ടിരിക്കുന്നത്. ദാമ്പത്യപ്രേമം മരണത്തെ അതിജീവിക്കുന്ന സത്യവാൻ-സാവിത്രി കഥ മഹാഭാരതത്തിലെ ആരണ്യപർവത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഈ കഥയെ പ്രതീകാത്മകമായി സാവിത്രിയിൽ ചിത്രീകരിക്കുകയാണ്. അശ്വപതിയും സാവിത്രിയും സത്യവാനും, ദ്യുമത്സേനനും ആണ് ഈ മഹാകാവ്യത്തിലെ പ്രധാന കഥാപാത്രങ്ങൾ. ഇവരെയാണ് പ്രതീകവൽക്കരിക്കുന്നത്. സത്യത്തിന്റെ പ്രതീകമാണ് സത്യവാൻ. സത്യദേവതയായി ഭൂമിയിൽ അവതരിച്ച സൂര്യപുത്രിയാണ് സാവിത്രി.

സാവിത്രിയിലെ അനുഭൂതികളെ സാധാരണ മനുഷ്യമനസ്സിന് ഉൾക്കൊള്ളാൻ സാധ്യമായ ഒന്നല്ല എന്ന് ശ്രീ അരവിന്ദൻതന്നെ സമ്മതിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ രചിച്ച മഹാകാവ്യമായതിനാൽ, സങ്കൽപ്പാധിഷ്ഠിതമായ ഉദാത്തതയും സംസ്കൃതസാഹിത്യസിദ്ധാന്തമായ വക്രോക്തിയും ഈ കാവ്യത്തിലപഗ്രഥിക്കുക അൽപ്പം പ്രയാസമേറിയ കാര്യമാണ്. എന്നാൽ തത്വശാസ്ത്രത്തെ അവലംബിതമാക്കിയ ഈ മഹാകാവ്യത്തിൽ ദർശനങ്ങളാണ് മൂർത്തമായ അനുഭൂതികൾ പ്രദാനം ചെയ്യുന്നത്. ഈ ദർശനങ്ങൾ കവിയുടെ ജീവിതദർശനങ്ങൾ തന്നെയാണ്.

"In 'darkness' core she dug out wells of light,
On the undiscovered depths imposed a form,
Lent a vibrant cry to the unuttered vasts,
And through great shoreless voiceless, starless breadths
Bore earthward fragments of revealing thought
Hewn from the silence of the Ineffable"

കാതോർത്താൽ ഈ വരികളിൽ ഋഗ്വേദമന്ത്രധ്വനികൾ നമുക്കു കേൾക്കാനാകും. അതേപോലെ തന്നെ നിർവാണത്തെക്കുറിച്ചുള്ള വരികളിൽ മതാതീതവും ആധ്യാത്മികതയ്ക്ക് അപ്പുറമുള്ള ഒരു അനുഭവമായിട്ടാണ് അദ്ദേഹം അതിനെ കണക്കാക്കുന്നത്. മൗനത്തിന്റെ ആഴങ്ങളിൽ മനുഷ്യമനസ്സ് തിരിച്ചറിയുന്ന വലിയൊരനുഭൂതിയുടെ വിവർത്തനമോ പകർത്തലോ ആണ് നിർവാണം. ഇത് ബൗദ്ധികസങ്കൽപ്പങ്ങൾക്കതീതമായ ചിത്രങ്ങളെ വരച്ചുകാട്ടുന്നു. ഇത്തരത്തിലുള്ള ഭാവനാതീതമായ ദർശനങ്ങളെ വിവരിക്കുന്ന വാക്കുകൾക്ക് അലൗകികമായൊരു പരിവേഷം തന്നെയുണ്ട്.

"All is abolished but the mute Alone,
The mind from thought released, the heart from grief
Grow inexistent now beyond belief;
There is no I, no Nature, known - unknown
The city, a shadow picture without tone,
Floats, quivers unreal; forms without relief.

Flow, a Cinema's vacant shapes, like a reef
Floundering in shoreless gulfs the world is done

Only the illimitable Permanent
Is here. A Peace stupendous, featureless, still
Replaces all, -- what once was I, in It
A silent unnamed emptiness content
Either to fade in the unknowable
Or thrill with the luminous seas of, the Infinite. "

'കവിയുടെ ആന്തരാത്മാവിൽനിന്നും, സത്യത്തിന്റെ വിദൂരഗേഹത്തിൽനിന്നും' ഒരേ സമയം ഉദിച്ചുയരുന്ന, അസാധാരണമായ വികാരതീവ്രതയും ആവഹനശേഷിയുമുള്ള വാങ്മയങ്ങൾ. ആത്മാവുമായി സംവദിക്കുന്നവയായിരുന്നു അവ. പരമാത്മാവിന്റെ മന്ത്രണങ്ങളെ മനുഷ്യാത്മാവിലേക്കും മനുഷ്യാത്മാവിന്റെ അർഥനകളെ പരമാത്മാവിലേക്കും എത്തിക്കുന്ന പ്രവഹണപ്രകാരങ്ങളായിരുന്നു ഈ കാവ്യവചസ്സുകൾ എന്നതിൽ തർക്കമില്ല.

സാധാരണീകരണത്തിലൂടെ അപരിമിതാവസ്ഥയിലെത്തിച്ചേരുന്ന കാവ്യവൈകാരികത രസഭാവാദികളുടെ തലത്തിലേക്ക് ഉയർന്ന്, സത്വോദ്രേകംമൂലം ആസ്വാദകനും അപരിമിതിയെ പുൽകുന്നു. ഇവിടെ പരാമൃഷ്ടമായ വൈകാരികത വൈയക്തികതലത്തിൽനിന്നുയർന്ന് ആത്മീയതലത്തിൽ എത്തിച്ചേർന്ന അതീന്ദ്രിയാനുഭൂതിയാണ്. ഇതിനെല്ലാം സഹായകമായി നിൽക്കുന്ന കാവ്യത്തിന്റെ ഉൽക്കൃഷ്ടതയാണ് ഉദാത്തത. വിഷയഗാംഭീര്യം, ഉയർന്ന ചിന്തനം, സ്ഫടികസങ്കാശമായ ആശയപ്രകാശനം മുതലായവയുടെ സമ്മിളിതാനുഭൂതി, ഇതിവൃത്തം, ജീവിതദർശനം, പാത്രസ്വഭാവചിത്രീകരണം, പദരചന, അലങ്കാരം എന്നീ തത്വങ്ങളിൽ നിഷ്കർഷിക്കുന്നുണ്ടിവിടെ. ഇത് രസാനുഭവത്തിന് വഴിയൊരുക്കുന്നു. ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഉദാത്തമായ മിസ്റ്റിക് കാവ്യമാണ് സാവിത്രിയെന്ന് നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനെ ശരിവയ്ക്കുന്നുണ്ടെങ്കിലും അത് സങ്കൽപ്പപ്രകാരമാണെന്നു മാത്രം.

ശ്രീ അരവിന്ദന്റെ അന്തർദർശനങ്ങളെല്ലാം അദ്ദേഹത്തിന്റെ ജീവിതദർശനങ്ങളായിരുന്നു. നിരന്തരമിടിക്കുന്ന ജീവിതങ്ങളുടെ ആവിഷ്കാരമായിരുന്നു അദ്ദേഹത്തിന്റെ കാവ്യങ്ങൾ. പ്രത്യേകിച്ചും സാവിത്രി. രസാനുഭൂതിയും അലൗകികതയും മനുഷ്യജീവിതത്തിനു കൈവരിക്കാനാവുന്ന ഉദാത്തമായ നൂതനമാനമാണ്. സാവിത്രിയും അദ്ദേഹത്തിന്റെ മറ്റു കൃതികളും കാലാതിവർത്തികളായി നിൽക്കുന്നത് ജീവിതം അവയ്ക്കുള്ളിൽ സ്പന്ദിക്കുന്നതിനാലാണ്. ഇവ സഹൃദയാഹ്ലാദകാരികളായിരിക്കുന്നതിനാൽ വക്രോക്തിഭാസുരവുമായിരിക്കും.


## ഉപസംഹാരം

ഉദാത്തതയുടെ നിർവചനം വൈയക്തികമായ ഒരു പ്രഭാവത്തിന്റെ കാവ്യനിഷ്ഠമായ പ്രതിഫലനമാണ് എന്ന് ലോംഗിനസ്സ് പറഞ്ഞപ്പോൾ സങ്കൽപ്പം വൈകാരികതയ്ക്ക് മറ്റൊരു നിറം ചാർത്തി. വികാരാനുഭവം അനുദാത്തവും അധമവുമാണ്; കാരണം അത് രസാനുഭവം ഉണ്ടാക്കുന്നില്ല. സാധാരണീകരണത്തിന് അവസരം നൽകുന്ന വിഭാവാദിയാണ് ഉദാത്തതയ്ക്ക് വഴിയൊരുക്കുന്നത്. സാധാരണീകരണം സംഭവിച്ച് രസാനുഭവത്തിൽ അനുവാചകനെ കൊണ്ടെത്തിക്കുന്ന വികാരോജ്ജ്വലതയാണ് ഉദാത്തതയ്ക്ക് നിദാനം. സാധാരണീകരണം ലോംഗിനസ്സിന്റെ കൃതികളിൽ ഒരിക്കലും നമുക്ക് ദർശിക്കാനാകില്ല. ഇത് ഒന്നാമത്തെ വ്യതിരിക്തത. ചതുർവിധപുരുഷാർഥങ്ങൾ നേടിത്തരാൻ സഹായിക്കുന്ന ഭാവങ്ങൾ അല്ലെങ്കിൽ കൃതികൾ മാത്രമേ ഉദാത്തമാകൂ. കാരണം അത്തരം ഭാവങ്ങൾക്കേ സ്ഥായിത്വമുള്ളൂ; രസപദവിയുള്ളൂ. അർഥകാമങ്ങൾ ധർമാനുസാരിയായി പുരുഷാർഥങ്ങളെ സാധൂകരിക്കുന്ന കാവ്യം മാത്രമേ ഉദാത്തമാകൂ എന്നാണ് സങ്കൽപ്പം. ഇത് ഉദാത്തതയെക്കുറിച്ച് പാശ്ചാത്യ പൗരസ്ത്യ സങ്കൽപ്പങ്ങൾ തമ്മിലുള്ള രണ്ടാമത്തെ വ്യതിരിക്തത. ഗ്രീക്കു സാഹിത്യകൃതികളെ ഉപകരണമാക്കി ഉദാത്തതയെ ലോംഗിനസ്സ് നിർവചിച്ചപ്പോൾ ധർമാനുസൃതമല്ലാത്ത പ്രവൃത്തികൾപോലും ഉദാത്തമായാണ് കണ്ടത്. ഉദാത്തത ഭാരതത്തിൽ രസസിദ്ധാന്തത്തിന്റെ ഭാഗമാണ്.

ഉൽക്കൃഷ്ടമായ കാവ്യാനുഭവം ഇന്ദ്രിയാതീതമായ അനുഭവമാകയാൽ ലോകാതിക്രാന്തഗോചരത്വം എന്ന് അതിനെ വിശേഷിപ്പിച്ചു. ലോകസാധാരണമല്ലാത്ത രൂപഭാവഭംഗികളുടെ ആവിഷ്കരണം, ലോകസീമയിലെ അനുഭവത്തെ കടന്നുള്ള അനുഭൂതി, ഇതാണ് ലോകാതിക്രാന്തഗോചരത്വം എന്ന സങ്കൽപ്പത്തിലെ ഉദാത്തത. ഉദാത്തമായ ഇതിവൃത്തം, ഉദാത്തമായ പ്രമേയം, ഉദാത്തമായ കഥാപാത്രങ്ങൾ, അവരുടെ പ്രവൃത്തികൾ, ഉദാത്തമായ ഭാഷ, ഉദാത്തമായ അലങ്കാരങ്ങൾ ഇത്യാദികളെല്ലാം കാവ്യത്തിന് ഉണ്ടാക്കിക്കൊടുക്കുന്ന ഉപകരണമാണ് വക്രോക്തി. ഇത് രസാഭിവ്യക്തി ഉളവാക്കുന്നു. സാഹിത്യത്തിൽ രസവും ഉദാത്തതയും വക്രോക്തിയും അന്യോന്യം പര്യായങ്ങളാണെന്നു പറയാം.

കലകളുടെ പ്രഭവം ഭൗതിക വസ്തുക്കളോ ക്രിയകളോ അല്ല മറിച്ച് രസാനുഭൂതിയാണ്. രസാഭിവ്യക്തിക്കായി ഇന്ദ്രിയഗ്രാഹ്യമായ ഉപാധികൾ സ്വീകരിക്കുന്നുണ്ടെന്നേയുള്ളൂ. പാശ്ചാത്യലോകം ലൗകികോപാധികളിൽ നിലയുറപ്പിച്ചുകൊണ്ട് ആനന്ദാനുഭവം തേടുന്നു. ലോകാതിക്രാന്തഗോചരത്വം കലകളുടെ മുഖമുദ്രയും ലോകസീമകൾക്കുള്ളിലെ സൗന്ദര്യം പടിഞ്ഞാറൻ കലകളുടെ കൈമുതലുമായി.

കുമാരനാശാന്റെ കൃതികളുടെ മിക്ക സവിശേഷതകളും ഒത്തിണങ്ങിയ നളിനീകാവ്യവും കാളിദാസന്റെ കുമാരസംഭവവും അരവിന്ദന്റെ സാവിത്രിയുമാണ് അപഗ്രഥനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. പ്രബന്ധവിസ്തൃതിക്ക് പരിമിതിയുള്ളതിനാൽ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഇതിൽ ഉദാത്തതയും വക്രോക്തിയും തമ്മിലുള്ള ബന്ധത്തി




ഉദാത്തതയുടെ നിർവചനം വൈയക്തികമായ ഒരു പ്രഭാവത്തിന്റെ കാവ്യനിഷ്ഠമായ പ്രതിഫലനമാണ് എന്ന് ലോംഗിനസ്സ് പറഞ്ഞപ്പോൾ സങ്കൽപ്പം വൈകാരികതയ്ക്ക് മറ്റൊരു നിറം ചാർത്തി. വികാരാനുഭവം അനുദാത്തവും അധമവുമാണ്; കാരണം അത് രസാനുഭവം ഉണ്ടാക്കുന്നില്ല.




നായി കൊടുത്തിരിക്കുന്നത്. വികാരോജ്ജ്വലത, ഉദാത്തമായ അലങ്കാരങ്ങളും ചിന്തയും, കവിഹൃദയത്തിന്റെ ഉൽക്കർഷം, ഉൽക്കൃഷ്ടമായ വചോവിന്യാസം, ഉള്ളടക്കത്തിന്റെ ഗൗരവവും, മഹത്വവും തുടങ്ങി ഉദാത്തതയുടെ അഞ്ചുഹേതുക്കളും ഇതിൽ സമർഥമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത കവികളുടെ ഇതരകൃതികളിലെ അപഗ്രഥനത്തിന്റെ സാധ്യത മാത്രമല്ല മറ്റ് എഴുത്തുകാരുടെ കൃതികളിലും സമാനമായ പഠനസാധ്യതകൾ ഉണ്ടെന്ന് ഈ വിശകലനം തെളിയിക്കുന്നു.

ശ്രീ അരവിന്ദന്റെ അന്തർദർശനങ്ങളെല്ലാം അദ്ദേഹത്തിന്റെ ജീവിതദർശനങ്ങളായിരുന്നു. നിരന്തരമിടിക്കുന്ന ജീവിതങ്ങളുടെ ആവിഷ്കാരമായിരുന്ന അദ്ദേഹത്തിന്റെ കാവ്യങ്ങൾ. പ്രത്യേകിച്ചും സാവിത്രി. രസാനുഭൂതിയും അലൗകികതയും മനുഷ്യജീവിതത്തിനു കൈവരിക്കാനാവുന്ന ഉദാത്തമായ നൂതന മാനമാണ്.

## കുറിപ്പുകൾ:

1) ഏകോ ദ്വൗബഹവോ വർണാഃ ബധ്യമാനാഃ പുനഃ പുനഃ
സ്വൽപാന്തരാസ്ത്രിധാ സോക്താ വർണവിന്യാസവക്രതാ. (കുന്തകൻ, വക്രോക്തി ജീവിതം, 2-1)
ഒന്നോ രണ്ടോ അതിലേറെയോ വർണങ്ങളെ അകലെയല്ലാതെ വീണ്ടും വീണ്ടും നിബന്ധിക്കുന്നത് വർണവിന്യാസവക്രതയാകുന്നു.

2) പദത്തിന്റെ പൂർവാർഥം പ്രകൃതിയും ഉത്തരാർധം പ്രത്യയവുമാണ്. നാമപ്രകൃതിക്കു പ്രാതിപദികമെന്നും ക്രിയാപ്രകൃതിക്കു ധാതുവെന്നും പേര്. കാവ്യജഗത്തിൽ പ്രതിഷ്ഠിക്കും മുമ്പ് പ്രാതിപദികങ്ങൾക്കും ധാതുക്കൾക്കും നൂതനമായ ആസ്വാദ്യത പകരേണ്ടത് ആവശ്യമായിത്തീരുന്നു. പ്രതിഭാവാനുമാത്രമേ അതിനുവേണ്ടുന്ന രാസവിദ്യ കൈവശമുണ്ടാവുകയുള്ളൂ. അയാളുടെ തെളിവാർന്ന ഹൃദയമുകുരത്തിൽ പ്രാതിപദികങ്ങളും ധാതുക്കളും രമണീയമായ അനുഭൂതി വിശേഷങ്ങളുടെ അഭൗമമേഖലകൾ തുറന്നിടുന്ന കാമധേനുക്കളായി പരിണമിക്കുന്നു. അതിനായി എഴുത്തുകാരൻ അവലംബിക്കുന്ന രസോജ്ജ്വലമായ സൗന്ദര്യോപാധിയാണ് പദപൂർവാർധവക്രത.

3) വക്രകവിവ്യാപാരത്തിനു പരിധിയില്ലാത്ത അവസരമൊരുക്കുന്ന ഭാഷാതലമാണ് പ്രത്യയങ്ങളുടേത്. മലയാളഭാഷയുടെ സംവിധാനമനുസരിച്ച് പദത്തിന്റെ ഉത്തരാർധത്തിലാണ് പ്രത്യയങ്ങൾക്ക് സ്ഥാനം. സംസ്കൃതഭാഷയിൽ പ്രത്യയങ്ങളധികവും പദാന്തത്തിലാണ് വരുന്നതെങ്കിലും പദമധ്യത്തിൽ സംഭവിക്കുന്നവയും പലതുണ്ട്.

4) മാർഗസ്ഥവക്രശബ്ദാർഥ ഗുണാലങ്കാര സംപദഃ
അന്യദ് വാക്യസ്യവക്രത്വം തഥാഭിഹിതജീവിതം
മനോജ്ഞഫല കോല്ലേഖ വർണച്ഛായാശ്രിയഃ പൃഥക്
ചിത്രസ്യേവമനോഹാരി കർത്തുഃ കിമപി കൗശലം. (കുന്തകൻ, വക്രോക്തി ജീവിതം 3-3, 4)
മനോജ്ഞമായ കാൻവാസ്, തൂലിക, വർണങ്ങൾ മുതലായവയുടെ അഴകിൽ നിന്നു ഭിന്നമായി ചിത്രസൗന്ദര്യം വിളങ്ങുംപോലെ സുകുമാരാദിമാർഗങ്ങളിൽ കുടികൊള്ളുന്ന വക്രമായ ശബ്ദം, വക്രമായ അർഥം, വക്രമായ ഗുണം, വക്രമായ അലങ്കാരം മുതലായ സൗന്ദര്യസമ്പത്തിൽ നിന്നു ഭിന്നമായി ഇന്നവിധമെന്നു പറഞ്ഞറിയിക്കാനാവാത്ത അപൂർവമായ പ്രതിപാദനം പ്രാണനായുള്ള അലൗകികമായ കവികൗശലമാണ് വാക്യവക്രത.

5) യത്ര നിര്യന്ത്രണോത്സാഹ പരിസ്പന്ദോപശോഭിനീ
പ്രവൃത്തിർ വ്യവഹർത്തൃണാം സ്വാശയോല്ലേഖശാലിനീ,
അപ്യാമൂലാദനാശങ്ക സമുത്ഥാനേ മനോരഥേ
കാപ്യുന്മീലതി നിസ്സീമാ സാ പ്രബന്ധാംശവക്രതാ. (കുന്തകൻ, വക്രോക്തി ജീവിതം 4-1, 2)
വ്യവഹർത്താക്കളുടെ തടവില്ലാത്ത ഉത്സാഹാധിക്യത്താൽ ശോഭിക്കുന്നതും സ്വന്തം ആശയത്തെ ശക്തിയായി ആവിഷ്കരിക്കുന്നതുമായ പ്രവൃത്തിയെ കാവ്യാന്തത്തിൽ ആർജിക്കേണ്ടുന്ന ലക്ഷ്യം ആരംഭത്തിലേ പ്രകടമായിപ്പോകാത്തവിധം നിബന്ധിക്കുന്നത് പരിധിയില്ലാത്ത സൗന്ദര്യത്തെ ആവഹിക്കും. അതിനു നിദാനമായ കവികർമകൗശലം പ്രകരണവക്രതയാകുന്നു.

6) ഏതു വലിയ കാവ്യത്തിന്റേയും പൂർണരൂപമാണു പ്രബന്ധം. പ്രകരണങ്ങളുടെ കാര്യത്തിൽ കുന്തകൻ സൂചിപ്പിച്ച കാവ്യോചിതവിഷയം, വിഷയത്തിന്റെ ദൃശ്യവൽക്കരണം, പ്രവൃത്തിനിബന്ധനം, പരിണാമാനുമൂലനം, സ്വാശയോല്ലേഖം അഥവാ പാത്രാഭിലാഷ പ്രകാശകത്വം, പാത്രപ്രവൃത്തിയിലെ ഉത്സാഹം എന്നീ തത്വങ്ങൾ പ്രബന്ധത്തിനും സംഗതമാണ്. അവയിൽ ആദ്യത്തെ മൂന്നെണ്ണം വക്രതാവിഷയങ്ങളല്ല.

7) ലോംഗിനസിന്റെ ഉദാത്തത, വിശ്വസാഹിത്യ ദർശനങ്ങൾ, നെല്ലിക്കൽ മുരളീധരൻ

8) രസകൗമുദി, ഡോ. പൂജപ്പുര കൃഷ്ണൻനായർ, പുറം-284

9) വേദബന്ധു, ലോംഗിനസിന്റെ ഉദാത്തതാസമീക്ഷ, യവനകാവ്യതത്വങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഫെബ്രുവരി 1974, പുറം. 100

10) വക്രോക്തികൈരളി, ഡോ. പൂജപ്പുര കൃഷ്ണൻനായർ, പുറം-369

11) വിശേഷാദാഭിമുഖ്യേന
ചരന്തോവ്യഭിചാരിണ:
സ്ഥായിന്യന്മഗ്നനിർമഗ്നാ:
കല്ലോലാ ഇവ വാരിധൗ -ദശരൂപകം

12) യത്രരൂഢേ രസംഭാവ്യ ധർമാധ്യാരോപഗർഭതാ
സദ്ധർമാതിശയാരോപ ഗർഭത്വം വാ പ്രതീയതേ,
ലോകോത്തര തിരസ്കാര ശ്ലാഘ്യോൽക്കർഷാഭിധിത്സയാ
വാച്യസ്യ സോച്യതേകാപി രൂഢിവൈചിത്ര്യവക്രതാ (വക്രോക്തി ജീവിതം 2-8, 9)
ലോകോത്തര തിരസ്കാരമോ പ്രശംസനീയമായ ഉൽക്കർഷമോ പറയാനുള്ള ആഗ്രഹംമൂലം സംഭാവന ചെയ്യാനരുതാത്ത ധർമങ്ങളോ നിലവിലുള്ള ധർമങ്ങളുടെ അതിശയോക്തിപരമായ ആധിക്യമോ രൂഢിശബ്ദത്തിൽ പ്രതിപാദിക്കുന്നത് രൂഢിവൈചിത്ര്യവക്രതയാകുന്നു. (വക്രോക്തി കൈരളി, പുറം 255)

13) അഭിധേയാന്തരതമ സ്തസ്യാതിശയ പോഷകഃ
രമ്യച്ഛായാന്തര സ്പർശാത്തദലംകർത്തുമീശ്വരഃ
സ്വയം വിശേഷണേനാപി സ്വച്ഛായോൽക്കർഷപേശലഃ
അസംഭാവ്യാർഥപാത്രത്വ ഗർഭം യശ്ചാഭിധീയതേ,
അലംകാരോപ സംസ്കാര മനോഹാരി നിബന്ധന
പര്യായ സ്തേന വൈചിത്ര്യം പരാപര്യായ വക്രതാ.
(വക്രോക്തി ജീവിതം 2-10, 11, 12)
വാച്യാർഥത്തോട് ഏറ്റവും അടുത്തിരിക്കുന്നതും, അതിന്റെ സൗന്ദര്യാതിശയത്തെ പോഷിപ്പിക്കുന്നതും, സ്വയമായോ സ്വന്തം വിശേഷണങ്ങളാലോ രമണീയമായ വേറൊരു കാന്തി ചാലിച്ച് വാച്യാർഥത്തെ അലങ്കരിക്കുന്നതിൽ സമർഥവും, സ്വന്തം സൗന്ദര്യത്തിന്റെ ആധിക്യം കൊണ്ട് രമണീയവും, സങ്കൽപ്പിക്കാനരുതാത്ത സൗന്ദര്യാസ്പദത്വത്തെ ഗർഭീകരിക്കുന്നതും, അലങ്കാരത്താലുളവാകുന്ന ശോഭയാലും അലങ്കാരത്തിനുപകരുന്ന ശോഭയാലും മനോഹരവുമായ പര്യായത്താൽ ഉണ്ടാകുന്ന വൈചിത്ര്യമാണ് പര്യായവക്രത. (വക്രോക്തി കൈരളി, പുറം. 260)

14) ആസ്താം വസ്തുഷുവൈദഗ്ധി കാവ്യേകാമപിവക്രതാം
പ്രധാനസംവിധാനാങ്ക നാമ്നാപി കുരുതേ കവിഃ
(കുന്തകൻ, വക്രോക്തി ജീവിതം 4-24, (എഡി. ഡോ. കെ. കൃഷ്ണമൂർത്തി) കർണാടക് യൂണിവേഴ്സിറ്റി, ദർവാഡ്, 1977)
വർണ്യവസ്തുവിനെ അവതരിപ്പിക്കുന്നതിലുള്ള വൈദഗ്ധ്യം മാറ്റിവച്ചാലും പ്രബന്ധപ്രാണനായ കഥായോജനത്തെ ബോധിപ്പിക്കുന്ന തലക്കെട്ടുകൊണ്ട് കവി കാവ്യനാടകാദികളിൽ അത്ഭുതകരമായ വക്രതയെ പ്രസരിപ്പിക്കുന്നു.
(ഡോ. പൂജപ്പുര കൃഷ്ണൻനായർ, വക്രോക്തി കൈരളി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2003, പുറം. 385)

15) മഹാകവി പ്രബന്ധാനാം സർവേഷാമസ്തി വക്രതാ
നൂതനോപായ നിഷ്ന്ന നയവർത്മോപദേശിനാം (വക്രോക്തി ജീവിതം, 4-26)
സാമാദികളായ നൂതനോപായങ്ങളിൽ നിന്നുളവാകുന്ന നയമാർഗങ്ങളുപദേശിക്കുന്ന മഹാകവി പ്രബന്ധങ്ങളിലെല്ലാം വക്രതയുണ്ടാകും. (വക്രോക്തി കൈരളി, പുറം. 387)

16) പുതുമയാർന്ന ശോഭാവിശേഷത്തെ പകരുന്ന പ്രക്രിയയാണ് ഉപസംസ്കാരമെന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. അലങ്കാരത്താൽ ഉപസംസ്കരിക്കപ്പെടുന്നതെന്നും അലങ്കാരത്തെ ഉപസംസ്കരിക്കുന്നതെന്നും ഇതു രണ്ടു വിധമാകാം. അതിനാൽ രൂപകം, ഉത്പ്രേക്ഷ മുതലായ അലങ്കാരമുളവാക്കുന്ന ശോഭയാൽ മനോഹരമായ പര്യായവും അലങ്കാരത്തിനു ശോഭപകരുന്ന ഹൃദയാഭിരാമമായ പര്യായവും ഈ വക്രതാവിഭാഗത്തിൽപ്പെടുന്നു. (വക്രോക്തി കൈരളി, പുറം. 270)

17) ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമത്.
ഒരു വസ്തുവിന് മറ്റൊന്നിനോട് ചമൽക്കാരകാരകമായ സാദൃശ്യം ചൊല്ലുന്നത് ഉപമാലങ്കാരം. (ഭാഷാഭൂഷണം, പുറം 15, 16)

18) സ്വകീയമായ സൗന്ദര്യാധിക്യത്താൽ ഹൃദയഹാരിയായ പര്യായമാണ് ഈ വക്രതാപ്രകാരം. സവിശേഷമായൊരു വിധത്തിലവതരിപ്പിക്കപ്പെടുന്ന വർണ്യവസ്തുവിന്റെ സൗന്ദര്യസമ്പത്തു തന്നെ സഹൃദയഹൃദയാഹ്ലാദകരമായിത്തീരുന്നതാണ് ഈ പര്യായവക്രതയുടെ പ്രത്യേകത.

19) പ്രബന്ധത്തിൽ സന്നിവേശിപ്പിക്കുന്ന പ്രവൃത്തികൾ കഥാപാത്രങ്ങളുടെ സ്വഭാവത്തെയും വികാരവിചാരങ്ങളെയും വ്യഞ്ജിപ്പിക്കുന്നതാകണം. അല്ലാതുള്ളവ കാവ്യഗാത്രത്തിനു ഭാരമായിരിക്കും. അഭിലാഷപ്രകാശകമായ പ്രവൃത്തിനിബന്ധനം പ്രബന്ധവക്രതയാകുന്നു. (വക്രോക്തി കൈരളി, പുറം. 376)

20) ഹേതുവാക്യപദാർഥങ്ങ-
ളാവുകിൽ കാവ്യലിംഗമാം (കാവ്യലിംഗം, ഭാഷാഭൂഷണം)
ഹേതുവിനെ പഞ്ചമി (പ്രയോജിക) മുതലായ വിഭക്തികളോ മറ്റോകൊണ്ട് സ്പഷ്ടമാക്കിക്കാണിക്കാതെ ഒരു വാക്യത്തിന്റെയോ പദത്തിന്റെയോ അർഥമാക്കി കൽപ്പിക്കുന്നത് കാവ്യലിംഗം.

21) വിശേഷണസ്യമാഹാത്മ്യാത് ക്രിയായാഃ കാരകസ്യവാ
യത്രോല്ലസതിലാവണ്യം സാവിശേഷണ വക്രതാ.
(കുന്തകൻ, വക്രോക്തിജീവിതം 2-15)
വിശേഷണത്തിന്റെ മാഹാത്മ്യത്താൽ ക്രിയയ്ക്കോ അതിന്റെ കാരകത്തിനോ എവിടെയാണോ ലാവണ്യമുണ്ടാകുന്നത് അതു വിശേഷണവക്രതയാകുന്നു.

22) കാളിദാസകൃതികൾ സമ്പൂർണം, കുമാരസംഭവം, വിവഃ ഏ. ആർ. രാജരാജവർമ, ഒന്നാം സർഗം, ഡി. സി. ബുക്സ്, 2005

23) വക്രോക്തികൈരളി, പുറം 17, 18

24) ''വിരോധോയോ വിരുദ്ധാർഥ വാചിനാം സംഗതിം പുനഃ
സമർപ്പയന്നല്ലിഖതി പ്രതീതേർയുക്തിയുക്തതാം'
(കുന്തകൻ, വക്രോക്തിജീവിതം 3-50)

25) "വിവക്ഷിത പരിസ്പന്ദ മനോഹാരിത്വ സിദ്ധയേ
വസ്തുനഃ കേനചിത്സാമ്യം തദുൽക്കർഷവതോപമാ"
(കുന്തകൻ, വക്രോക്തി ജീവിതം 3-35)

26) വക്രോക്തി കൈരളി, പുറം 292.

27) ഡോ.കെ.വേലായുധൻനായർ, അരവിന്ദദർശനം, ട്രസ്റ്റ് പബ്ലിക്കേഷൻസ്, 2000, പുറം 16, 17.

28) അതേ പുസ്തകം, പുറം, 17, 18

29) അതേ പുസ്തകം, പുറം 149, 150

*(കീർത്തി വിദ്യാസാഗർ - 8156904428)*

**കലകളുടെ പ്രഭവം ഭൗതിക വസ്തുക്കളോ ക്രിയകളോ അല്ല മറിച്ച് രസാനുഭൂതിയാണ്. രസാഭിവ്യക്തിക്കായി ഇന്ദ്രിയഗ്രാഹ്യമായ ഉപാധികൾ സ്വീകരിക്കുന്നുണ്ടെന്നേയുള്ളൂ. പാശ്ചാത്യലോകം ലൗകികോപാധികളിൽ നിലയുറപ്പിച്ചുകൊണ്ട് ആനന്ദാനുഭവം തേടുന്നു.**



# അച്ചടി–സാക്ഷരത–വായന

**ഡോ. പി.എസ്. രാധാകൃഷ്ണൻ**

അക്ഷരജ്ഞാനമാണ് സാക്ഷരതയെന്ന് നിഘണ്ടുക്കൾ! എഴുതാനും വായിക്കാനുമുള്ള പ്രാപ്തിയെയാണ് സാക്ഷരതകൊണ്ടിവർ സൂചിപ്പിക്കുന്നത്. അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ ഭാഷ വിനിമയംചെയ്യാനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കഴിവാണ് സാക്ഷരതയെന്ന് യുനസ്കോ. അറിവിന്റെ പ്രതലങ്ങളിലേക്കുള്ള വാതായനമാണ് സാക്ഷരത സഫലമാക്കുന്നതെന്ന് പറയാം. പൊതുമണ്ഡലത്തിന്റെ ഭാഗമാവുന്നതിലേക്കുള്ള വഴിത്താരയായും ഇതിനെ കാണാം. അറിവിനൊപ്പം വ്യക്തിബോധം നിർണയിക്കുവാൻ ഇതിനാകുന്നു. ആധുനികതയുടെയും അധിനിവേശത്തിന്റെയും ഇടപെടലുകൾ സാക്ഷരതയ്ക്ക് ഇന്ധനമേകി. സമൂഹം എന്ന സങ്കൽപ്പം നിലനിൽക്കുമ്പോഴും 'വ്യക്തി'യുടെ സ്വത്വാത്മകതയെയും കർതൃത്വബോധത്തെയും സാക്ഷരത പരിചരിക്കുന്നുണ്ട്.

അക്ഷരാഭ്യാസത്തിനപ്പുറം സാക്ഷരതയുടെ ധർമം വിപുലമാകുന്നുണ്ട്. അറിവിന്റെ വിവിധ തലങ്ങളിലായുള്ള വിന്യസനം ഇവിടെ നിർണായകമാണ്. മാത്രമല്ല, ആധുനികപൂർവകാലത്തും അക്ഷരവിദ്യയുടെ നിഴല്പാടുകൾ കാണാനാവും. ഗുഹാന്തരങ്ങളിൽ കൊത്തിവച്ച ചിഹ്നങ്ങളും ചിത്രണങ്ങളും ഇതിന്റെ സാക്ഷ്യങ്ങളാണ്. മാനവചിന്തയുടെയും അനുഭവങ്ങളുടെയും സാക്ഷാൽക്കരണത്തിനായി മനുഷ്യസമൂഹം വ്യത്യസ്തങ്ങളായ പരീക്ഷണങ്ങൾ നിരന്തരം നടത്തിയിരുന്നു. കളിമണ്ണുകുഴച്ചുണ്ടാക്കുന്ന ചിത്രങ്ങൾ, 'പാപ്പിറസ്' മഷിയിൽ ആലേഖനം ചെയ്ത രേഖകൾ, കല്ലിൽ കൊത്തിയ ശിൽപ്പങ്ങൾ തുടങ്ങിയവയിലൂടെ ഇവർ കാലത്തെ വെല്ലുവിളിക്കുകയായിരുന്നു. ഗുഹാജീവിതത്തെപ്പറ്റി അതിന്റെ ഭിത്തികളിൽ ആലേഖനം ചെയ്യുന്ന ചിത്രങ്ങൾക്ക് മാറിവരുന്ന കാലത്തോട് ഒരുപാട് സംസാരിക്കാനുണ്ട്. ആശയവിനിമയത്തിനായി അവരുപയോഗിച്ച ഭാഷയാണ് ഗുഹാഭിത്തികളിൽ നാം കാണുന്നത്.

മരത്തൊലികളും തുകൽച്ചുരുളുകളും ലോഹത്തകിടുകളുമൊക്കെ ആശയാവിഷ്കാരത്തിനായി ഇവർ ഉപയോഗിച്ചിട്ടുണ്ട്. അവയോരോന്നും അതത് കാലങ്ങളിലെ സാക്ഷരതയുടെ സാക്ഷ്യപത്രങ്ങളായി. വർത്തമാനകാലത്തെ ലിപിവിന്യാസങ്ങളുടെ പൂർവരൂപങ്ങൾ ക്രിസ്തുവർഷത്തിനും എത്രയോ മുമ്പ് നിലനിന്നിരുന്നതാണ്. മനുഷ്യചിന്തനങ്ങളുടെ നി

അക്ഷരാഭ്യാസത്തിനപ്പുറം സാക്ഷരതയുടെ ധർമം വിപുലമാകുന്നുണ്ട്. അറിവിന്റെ വിവിധ തലങ്ങളിലായുള്ള വിന്യസനം ഇവിടെ നിർണായകമാണ്. മാത്രമല്ല, ആധുനികപൂർവകാലത്തും അക്ഷരവിദ്യയുടെ നിഴല്പാടുകൾ കാണാനാവും. ഗുഹാന്തരങ്ങളിൽ കൊത്തിവച്ച ചിഹ്നങ്ങളും ചിത്രണങ്ങളും ഇതിന്റെ സാക്ഷ്യങ്ങളാണ്.

രന്തരമായ പരീക്ഷണവാസനയാണ് മാനവികതയുടെ ആധുനിക പകർപ്പിൽനിന്നും ഇവയെ വ്യത്യസ്തമാക്കുന്നത്. അറിവുകളും വിവരങ്ങളും മറവിയിലേക്ക് നഷ്ടപ്പെടാതെ പരിരക്ഷിക്കുകയായിരുന്നു ഇവ. ജൈവാനുഭവത്തിലും അതിന്റെ സാക്ഷാൽക്കാരത്തിലും ഇതടങ്ങിയിട്ടുണ്ട്. പ്രകൃതിയുമായി പോരാടാനുള്ള ശേഷിയും ജീവിതസാഹചര്യങ്ങൾക്കുമേലുള്ള അതിജീവനക്ഷമതയും പിൻഗാമികളിലേക്ക് പകരുവാനുള്ള പ്രേരണ ആദിമ കാലത്ത് സജീവമായിരുന്നു. പൂർവികർ യാഥാർഥ്യമാക്കിയത് സാക്ഷരതയുടെ 'പ്രാകൃത'മായ ആദ്യപാഠങ്ങളാണ്. പ്രകൃതിശിക്ഷണത്തിൽനിന്ന് ആധുനികമായ സാങ്കേതിക വ്യവഹാരങ്ങളിലേക്കുള്ള അന്തരണ (Shift) മാണ് ഇതിന്റെ രണ്ടാംഘട്ടം. മരത്തോലിലും തുകലിലും താളിയോലകളിലും നിന്ന് കടലാസിലേക്കുള്ള ഗതിമാറ്റം ഒരു നിർണായകമായ ചരിത്രഘട്ടത്തെയാണ് സാക്ഷ്യപ്പെടുത്തുന്നത്. അത് അച്ചടിയുടെയും പുസ്തകനിർമാണത്തിന്റെയും പാരായണകലയുടെയും കാലമാണ്. വിവരവിദ്യകൾ കടലാസ്സുപകർപ്പുകൾ വഴി വിനിമയം ചെയ്യുന്നതിലൂടെയാണ് വായന സ്ഥാപനവൽക്കരിക്കപ്പെടുന്നത്.

അച്ചടിയുടെ വ്യാപനവും അതിനുണ്ടായ പരിഷ്കരണങ്ങളും പുസ്തകനിർമാണത്തിന് വിപുലമായ വിപണിയാണ് തുറന്നുകൊടുത്തത്. താളിയോലയിൽ നിന്നുള്ള പകർപ്പുകൾക്ക് അച്ചടിയിലൂടെ വ്യാപകമായ സ്വീകാര്യതയുണ്ടായി. താളിയോലകളിൽ ഉറഞ്ഞുപോയ അതിരുകളില്ലാത്ത ജ്ഞാനരൂപങ്ങൾക്ക് തുറവിയേകിയത് അച്ചടിയാണ്. മനുഷ്യസമൂഹത്തിനിടയിലെ വിവേചനങ്ങളെയും നിയാമകങ്ങളെയും മറികടക്കുവാനിത് സഹായകവുമായി. അച്ചടിയിലൂടെ പ്രചരിച്ച ആധുനികതയുടെ പ്രതിമാനങ്ങൾക്ക് രാഷ്ട്രീയസ്വരൂപം കൂടിയുണ്ട്. അറിവിനെ അധികാരവുമായി ഇണക്കുവാൻ ഇതിനാവുന്നു. ദേശീയതയെയും പ്രാ-ദേശീയതയെയും ജനകീയപ്രശ്നമായി നിർവചിക്കുന്നതിൽ ഇവയുടെ പങ്കാളിത്തം ചെറുതല്ല. മാത്രമല്ല, ഭാഷയുടെ മാനകീകരണം സ്ഥിരീകരിക്കുന്നതിൽ അച്ചടിയുടെ പങ്ക് വലുതാണ് താനും. പത്തൊമ്പതാം ശതകത്തിന്റെ രണ്ടാം പാതിയോടെ അച്ചുകൂടങ്ങൾ അനിവാര്യഘടകങ്ങളായി. മതഗ്രന്ഥങ്ങൾ, ചരിത്രാഖ്യായികകൾ, സാഹിത്യചരിത്രങ്ങൾ, ശാസ്ത്രപുസ്തകങ്ങൾ തുടങ്ങിയവയ്ക്ക് ലഭിച്ച ജനസ്വീകാര്യത ഇത് സാധൂകരിക്കുന്നു. സമാന്തരമായി പുസ്തകവിപണി സജീവമാവുകയും ചെയ്തു.

## അച്ചടിയും ഐക്യകേരളനിർമാണവും

19-ാം നൂറ്റാണ്ടിൽ ഉടനീളവും 20--ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി സംഭവിച്ച അച്ചടിയുടെ വ്യാപനം, സാക്ഷരതയുടെ വളർച്ച, പുസ്തക പ്രസാധനം, ഗ്രന്ഥശാലകളുടെ പ്രചാരം എന്നിവ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ വലിയ സ്വാധീനം ചെലുത്തി. വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും വികാസം സമൂഹത്തിന് അനിവാര്യമാണെന്ന് ഭരണകൂടങ്ങളെ ബോധ്യപ്പെടുത്തിയത് ക്രൈസ്തവമിഷനറിമാരായിരുന്നു. അതിനുള്ള അന്തരീക്ഷവും അവർ സൃഷ്ടിച്ചു. ഇതിന്റെ പ്രതിഫലനം ഏറ്റവും അനുഭവപ്പെട്ടത് തെക്കൻ കേരളത്തിലാണ്. സാക്ഷരതാവർധനവിന്റെ കാര്യത്തിൽ തിരുവിതാംകൂറും കൊച്ചിയുമാണ് മുന്നിട്ടുനിന്നത്. 1901-ൽ 14. 9 ശതമാനമായിരുന്ന തിരുവിതാംകൂറിലെ സാക്ഷരതാനിലവാരം 1951 ആയപ്പോഴേക്കും 54. 6 ശതമാനമായി. മലബാറിലാവട്ടെ 11 ശതമാനത്തിൽ നിന്നും 35. 2 ശതമാനവും. ഇക്കാലത്ത് ഇതരവിഭാഗങ്ങളെ അപേക്ഷിച്ച് ഈഴവ-ക്രൈസ്തവ സമുദായാംഗങ്ങൾക്കിടയിലാണ് സാക്ഷരതയുടെ വികാസം അധികമായി അനുഭവപ്പെട്ടത്. തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ ഈ രണ്ടു സമുദായങ്ങളെ പൊതുവേ സ്വാധീനിച്ച സാമ്പത്തികവികാസം വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയുടെയും അതിനനുകൂലമായ വ്യാവസായിക പ്രവർത്തനങ്ങളുടെയും വളർച്ചയായിരുന്നു. അനുകൂലമായ പ്രതികരണം ഇതരജനവിഭാഗങ്ങൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ ഇതു സഹായകമായി. ആധുനികരീതിയിലുള്ള സാക്ഷരത കൈവരിക്കേണ്ടത് ഒരാവശ്യമായി മാറുകയായിരുന്നു. വാണിജ്യവൽക്കൃതകൃഷിയെ സാമ്പത്തികനേട്ടമുള്ളതാക്കുന്നതിനും സാമൂഹികമായ മേൽഗതി നേടുന്നതിനും സാക്ഷരത അനിവാര്യമായി. ഈയർഥത്തിൽ ജനങ്ങളുടെ ഇടയിൽ നിന്നുയരുന്ന ചോദനയാൽ നയിക്കപ്പെടുന്ന പ്രക്രിയയായിട്ടാണ് 19-20 നൂറ്റാണ്ടുകളിലെ അടിസ്ഥാനവിദ്യാഭ്യാസ പ്രചാരത്തെയും സാക്ഷരതാ വർധനവിനെയും പി. കെ. മൈക്കിൾ തരകൻ കാണുന്നത് (മൈക്കിൾ തരകൻ പി. കെ. 2005:23). ഇതോടൊപ്പം സാംസ്കാരിക രംഗത്തുണ്ടായ വൻകുതിപ്പെന്നു പറയാവുന്നത് വായനശാലകളുടെ ആവിർഭാവമാണ്. 1944-ലെ കണക്കനുസരിച്ച് 134 ലൈബ്രറികളാണുണ്ടായിരു



*പബ്ലിക് ലൈബ്രറി*

അച്ചടിയുടെ വ്യാപനവും അതിനുണ്ടായ പരിഷ്കരണങ്ങളും പുസ്തകനിർമാണത്തിന് വിപുലമായ വിപണിയാണ് തുറന്നുകൊടുത്തത്. താളിയോലയിൽനിന്നുള്ള പകർപ്പുകൾക്ക് അച്ചടിയിലൂടെ വ്യാപകമായ സ്വീകാര്യതയുണ്ടായി. താളിയോലകളിൽ ഉറഞ്ഞുപോയ അതിരുകളില്ലാത്ത ജ്ഞാനരൂപങ്ങൾക്ക് തുറവിയേകിയത് അച്ചടിയാണ്.



ന്നത്. 1829 ൽ തന്നെ തിരുവിതാംകൂറിൽ പബ്ലിക് ലൈബ്രറി സ്ഥാപിതമായെന്നോർക്കണം. കേരള ലൈബ്രറി പ്രസ്ഥാനത്തിന് അടിത്തറയേകിയ കേരള ഗ്രന്ഥാലയസംഘം 1943 ലും അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘം 1945ലും രൂപപ്പെട്ടു. ഐക്യതിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘമാവട്ടെ 1949ലും. ജനകീയവും ജനപ്രിയവുമായി ഭാവാന്തരം വന്ന സംസ്കാരത്തോട് പലവിധ ഒത്തുതീർപ്പു കൾക്കും ഗ്രന്ഥശാലാസംഘം തയാറായെന്നത് ചെറിയ കാര്യമല്ല. അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം ഇതര ഗ്രാമീണ താലൂക്ക് വായനശാലകൾക്ക് മുമ്പാകെ വച്ച ഉപാധികളിൽ ചിലതിങ്ങനെയായിരുന്നു.

1. ഭരണം ജനാധിപത്യപരമായി തിരഞ്ഞെടുത്ത കമ്മിറ്റികളിലൂടെയാവണം. സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പാക്കണം.
2. റേഡിയോ പരിപാടികൾ, വയോജന വിദ്യാഭ്യാസപദ്ധതി എന്നിവ വായനശാലകളിൽ നിർബന്ധമാണ്.
3. ലൈബ്രറി നോട്ടീസ് ബോർഡിൽ എല്ലാ പ്രധാന വാർത്തകളും പ്രദർശിപ്പിക്കണം.
4. രണ്ട് വാർത്താപത്രിക, മൂന്നാഴ്ചപ്പതിപ്പ്, ഗവ. ഗസെറ്റ് എന്നിവ നിർബന്ധമാക്കുക.
5. 50, 000 രൂപയുടെ പുസ്തകം താലൂക്ക് ലൈബ്രറിയിൽ, 20, 000 രൂപയുടേത് ഗ്രാമീണ ലൈബ്രറിയിലും.
6. വരുമാനം വർധിപ്പിക്കാൻ സാംസ്കാരിക വിനോദപരിപാടികൾ സംഘടിപ്പിക്കണം (പസലിത്തിൽ. എ 2006:93)

ഗ്രന്ഥശാലാപ്രസ്ഥാനവും സാഹിത്യപ്രവർത്തക സഹകരണസംഘവുമായുള്ള ബാന്ധവം വായനയുടെ കമ്പോളത്തെ ഉഷാറാക്കിയ ഘടകളിലൊന്നാണ്. 1945ൽ രൂപം കൊണ്ട സാഹിത്യപ്രവർത്തക സഹക സംഘം പുസ്തകവിൽപ്പനയ്ക്കായി 1949ൽ നാഷണൽ ബുക്സ്റ്റാൾ തുറന്നു. പുസ്തകപ്രസാധനത്തിൽ സംഘത്തിന് തുണയായത്. വായനശാലകൾക്ക് അന്നേക്ക് കൈവന്ന ജനസമ്മതിയാണ്. പ്രസാധനം/ പ്രസാധകൻ, പുസ്തകം/ ആഴ്ചപ്പതിപ്പ്, വായനശാലകൾ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ പരസ്പരധാരണയോടെ പ്രവർത്തിച്ചു തുടങ്ങിയതും 1950കളോടെയാണ്. വായനയെ സ്ഥാപനമാക്കിത്തീർത്ത ഈ പ്രവണത ഇപ്പോൾ ശക്തിപ്പെട്ടിട്ടേയുള്ളു. മലയാളിയുടെ ലാവണ്യബോധത്തിൽ ലാവണ്യബോധത്തിലാകെ മാറ്റമുണ്ടായി. സാഹിത്യചരിത്രങ്ങളിൽ പ്രബലമായിരുന്ന പല ധാരണകളും കടപുഴകി. പല പ്രവണതകളും കീഴ്മേലായി. അക്കാദമികതലത്തിൽ പ്രാതിനിധ്യം കിട്ടിയില്ലെങ്കിലും സ്വയം നിർണയശേഷിയുള്ള സാക്ഷരസമൂഹം സംസ്കാരനിർമിതിയിലും ഇടപെട്ടു തുടങ്ങി. സാഹിത്യരചന, പ്രസാധനം, അവയുടെ സ്വീകാരം, പാരായണരീതികൾ, ഗുണനിലവാരം അടിസ്ഥാനപ്പെടുത്തിയുണ്ടായ താരതമ്യങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായിരുന്നു. പുസ്തകപ്രസാധനരംഗത്ത് സാരമായ രുചിഭേദം അനുഭവപ്പെടുന്നതിന്റെ ദൃശ്യങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കാണാം. പ്രസാധനം ചെയ്ത പുസ്തകങ്ങളുടെ കണക്കുവച്ച് പറഞ്ഞാൽ ഇതരസാഹിത്യ വിഭാഗങ്ങളെ അപേക്ഷിച്ച് കഥയും നോവലിനും കൈവന്ന മുൻതൂക്കമാണ് ശ്രദ്ധേയമാകുന്നത്. 1901-1910 കാലത്ത് കഥ/ നോവൽ എന്നിവയുടെ എണ്ണം നാലിൽ ഒതുങ്ങി. 1911-20 വരെ പന്ത്രണ്ടും 1920-30 വരെ പതിനെട്ടും 1931-40ൽ 27ഉം കഥകളും നോവലുകളുമായിരുന്നു പ്രസിദ്ധപ്പെടുത്തിയത്. എന്നാൽ 1941-1950 കാലത്ത് 55 നോവലും 88 ചെറുകഥകളുമാണ് പുറത്തിറങ്ങിയത്. ഭാവുകത്വശീലങ്ങളിലും അവയുടെ വിചാരമാതൃകകളിലും വന്നുചേർന്ന വലിയൊരന്തരത്തെയാണിത് സൂചിപ്പിക്കുന്നത്. അച്ചടിയിൽസംഭവിക്കുന്ന പരിഷ്കാരങ്ങൾ പുസ്തകങ്ങളുടെയും

19-ാം നൂറ്റാണ്ടിൽ ഉടനീളവും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി സംഭവിച്ച അച്ചടിയുടെ വ്യാപനം, സാക്ഷരതയുടെ വളർച്ച, പുസ്തക പ്രസാധനം, ഗ്രന്ഥശാലകളുടെ പ്രചാരം എന്നിവ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ വലിയ സ്വാധീനം ചെലുത്തി.



ആനുകാലികങ്ങളുടെയും ഉള്ളടക്കത്തെയും രൂപ ഘടനയെയും നിരന്തരം പുനർനിർവചിച്ചിട്ടുണ്ട്.

## അധികവായന


ഗോവി, കെ.എം. 1998. ആദിമുദ്രണം ഭാരതത്തിലും കേരളത്തിലും. തൃശ്ശൂർ, കേരളസാഹിത്യഅക്കാദമി.

മൈക്കിൾ തരകൻ, പി.കെ. 2004. മലയാളികളെ സാക്ഷരരാക്കിയതാരാണ്? മാതൃഭൂമി ആഴ്ചപ്പതിപ്പ് മാർച്ച് 7-13 പു. 2 1. 1 പുറം. 20-23.

ശ്രീകുമാർ, എ.ജി. 2016. പുസ്തകവും കേരളസംസ്കാര പരിണാമവും. തിരുവനന്തപുരം, കേരള സർവകലാശാല.

Abhijit, Gupta and Swapan Chakravorty (Ed). 2008. Moveable Type : Book History in India. Uttaranchal, Permanent black.

Febvre, Lucien and Henri-Jean Martin. 1976. The Coming of the Book. London, Verso Classics.

Kesavan, B. S. 1985. History of Printing and Publishing in India - A Story of Cultural Re-awakening (Vol I). New Delhi, National Book Trust.

Paslithil. A. 2006. Public Library Movement in Kerala. Delhi, Kalpaz Publishers.



*(പ്രൊഫ. ഡോ. പി.എസ്. രാധാകൃഷ്ണൻ*
*സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, പിഡി ഹിൽസ് പി.ഒ., കോട്ടയം. പിൻ 686560*
*- 9446567097)*



**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**അധികാരക്കൈമാറ്റത്തിന്റെ**
**അഞ്ച് ദൃക്സാക്ഷി വിവരണങ്ങൾ**
**ഡോ. പി.കെ. ബാലകൃഷ്ണൻ**

സ്വാതന്ത്ര്യസമര ചരിത്രത്തെ വളച്ചൊടിക്കാനും സ്വാതന്ത്ര്യസമര നായകരിൽ ചിലരെ മഹത്വവൽക്കരിക്കാനും മറ്റുചിലരെ അപകീർത്തിപ്പെടുത്തുവാനും വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അത്തരം ശ്രമങ്ങളെ പരാജയപ്പെടുത്തണമെങ്കിൽ ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സത്യസന്ധമായ സ്വാതന്ത്ര്യസമര ചരിത്രം തയാറാക്കുന്നതിനായി ആ ചരിത്രത്തിനൊപ്പം സഞ്ചരിച്ച അഞ്ച് ദൃക്സാക്ഷികൾ നൽകുന്ന വിവരണങ്ങളാണ് ഈ ഗ്രന്ഥത്തിൽ കോർത്തിണക്കിയിരിക്കുന്നത്.

₹ 350



# സമരമുറകളുടെ വികാസപരിണാമങ്ങൾ

**മായ കെ.**

മനുഷ്യൻ സമൂഹജീവിയായി വസിക്കുവാൻ തുടങ്ങിയ കാലം മുതൽ സമരങ്ങളും ആരംഭിച്ചിരുന്നു. മനുഷ്യന്റെ ഭൗതികവും ധൈഷണികവുമായ ആവശ്യങ്ങളിൽ നിന്നും അതിജീവനപോരാട്ടങ്ങളിൽ നിന്നുമാണ് സമരങ്ങൾ ഉണ്ടാകുന്നത്. ഒറ്റയ്ക്കും കൂട്ടായും അവർ അതിനുവേണ്ടി പൊരുതുന്നു. ആദ്യകാലങ്ങളിൽ അടിയായ്മയ്ക്കും അടിമത്തത്തിനുമെതിരെയുള്ള സമരങ്ങളാണ് നടന്നിരുന്നതെങ്കിൽ പിൽക്കാലത്ത് അവയുടെ സ്വഭാവം മാറുന്നുണ്ട്. ഉൽപ്പാദനം, സമ്പത്ത്, ഭരണകൂടം, എന്നിവയുടെ ആവിർഭാവം ജനങ്ങളെ പല വർഗങ്ങളായി വിഭജിച്ചു. സാമൂഹിക ജീവിതത്തിലുണ്ടായ ഈ വിഭജനം ജനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയതോടെ തുല്യതയ്ക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള സമരത്തിലേർപ്പെട്ടു. ഇങ്ങനെ മാറുന്ന സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് ചൂഷണത്തിനും അനീതികൾക്കും അവകാശനിഷേധങ്ങൾക്കും എതിരായുള്ള സമരങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. അതോടൊപ്പം വ്യത്യസ്ത സമരരീതികളും കടന്നു വരുന്നു. സമരങ്ങൾക്ക് വ്യത്യസ്ത സമരരീതികൾ തെരഞ്ഞെടുക്കുന്നതിന്റെ രാഷ്ട്രീയം ആലോചിക്കേണ്ടതാണ്. കാരണം; സമരത്തിന്റെ ജയപരാജയങ്ങൾ ഇതിനെ ആശ്രയിച്ചാണോ നിലകൊള്ളുന്നത്?, സമരങ്ങളെ ശക്തിപ്പെടുത്തുന്നതും/ദുർബലപ്പെടുത്തുന്നതും, മുന്നോട്ടുകൊണ്ടുപോകുന്നതും തെരഞ്ഞെടുക്കപ്പെടുന്ന സമരമുറകളാണോ?, അനുയോജ്യമായ സമരരീതി കൊണ്ടുമാത്രം സമരങ്ങൾ നയിക്കപ്പെടാനാകുമോ?, അതിന്റെ പിന്നിലെ സാമൂഹിക-രാഷ്ട്രീയഘടകങ്ങൾ എന്തൊക്കെയാണ്? തുടങ്ങിയ അന്വേഷണങ്ങൾ 'സമരം' എന്ന വിമോചനമാർഗത്തിന്റെ നാനാവശങ്ങളിലേക്കും കടന്നുചെല്ലാനുള്ള തുറസ്സാണ്. അത് സമരങ്ങളെ രൂപപ്പെടുത്തിയെടുക്കുന്ന സാംസ്കാരിക ഘടകങ്ങളുടെ വിശകലനത്തിലേക്കാണ് നയിക്കുന്നത്. സമരങ്ങളും സമരമുറകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായാണ് രൂപം കൊണ്ടിട്ടുള്ളത്. സമരങ്ങളുടെ ഫലപ്രാപ്തി കണ്ടറിഞ്ഞ് ഇതര ജനങ്ങളും രാഷ്ട്രങ്ങളും അവയിൽ നിന്നും ആർജവമുൾക്കൊണ്ട് അതേ മാതൃക സ്വീകരിക്കുകയും ഏറ്റെടുക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. അതിനാൽത്തന്നെ ലോകമുന്നേറ്റങ്ങളിൽ നിന്നും അടർത്തിമാറ്റിക്കൊണ്ട് കേരളത്തിന്റെയോ മറ്റേ



സമരങ്ങൾക്ക് ആവേശം പകരുന്നവയാണ് മുദ്രാവാക്യങ്ങൾ. ഓരോ മുദ്രാവാക്യത്തിലും സമരങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളും പ്രതിഷേധങ്ങളും ഉണ്ടാവും. സമരങ്ങളിൽ മുദ്രാവാക്യങ്ങൾ ഉയർന്നു വരുന്നത് ചൈനയിലെ മഞ്ഞത്തലപ്പാവുകാരുടെ കലാപത്തിലാണ്. 'സാർവത്രികസമത്വം' എന്നതായിരുന്നു അവർ മുന്നോട്ടുവച്ച മുദ്രാവാക്യം.

തെങ്കിലും പ്രദേശങ്ങളുടെയോ സമരമുറകളുടെ വികാസപരിണാമങ്ങൾ അന്വേഷിക്കാനാവില്ല. ലോകത്തുണ്ടായിട്ടുള്ള സമരമുറകളുടെ പ്രധാനഘട്ടങ്ങളോടൊപ്പം കേരളം സ്വീകരിച്ചിട്ടുള്ള സമരമാർഗങ്ങളും പരിശോധിച്ചു പോവാനാണ് ഇവിടെ ശ്രമിക്കുന്നത്.

## സമരങ്ങൾ കലാപങ്ങളായിരുന്ന കാലം

പ്രാചീനസാമ്രാജ്യങ്ങളിൽ രൂപംകൊണ്ട സമരമുറകൾ പരിശോധിക്കുമ്പോൾ, ജനകീയമായ എല്ലാത്തരം ചെറുത്തുനിൽപ്പുകളെയും കലാപം, ആക്രമണം, യുദ്ധം, വർഗസംഘട്ടനം എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അടിമകൾ ഉടമകൾക്കെതിരെ നടത്തിയ കലാപങ്ങൾ, കർഷകർ ഭൂവുടമകൾക്കെതിരെ നടത്തിയ കലാപങ്ങൾ, ചൂഷിതരായ ജനങ്ങൾ ഭരണാധികാരികൾക്കെതിരെ നടത്തിയ കലാപങ്ങൾ തുടങ്ങിയവയായിരുന്ന പ്രധാനസമരങ്ങൾ. അധികാരവും സമ്പത്തും കൈയാളിയിരുന്ന ഉപരിവർഗത്തിന് സാധാരണക്കാരുടെ പ്രതിഷേധങ്ങളെ കലാപങ്ങളെന്നു മുദ്രകുത്തി അടിച്ചമർത്താൻ വളരെ അനായാസേന സാധിച്ചിരുന്നു. അക്കാലത്ത് പ്രധാനമായും കാർഷികസമരങ്ങളാണ് നടന്നിരുന്നത്. ഭരണകൂടം ക്രൂരമായിത്തന്നെ സമരങ്ങളെ ഇല്ലായ്മചെയ്തിരുന്നു. പാവപ്പെട്ട ജനങ്ങൾക്ക് ജീവനല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനുണ്ടായിരുന്നില്ല. അത്തരം സാഹചര്യങ്ങളിൽ സമരങ്ങൾ പലപ്പോഴും സായുധസമരങ്ങളുടെ സ്വഭാവം കൈവരിച്ചിരുന്നു. ബി.സി 18-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഈജിപ്തിൽ കൃഷിക്കാരുടെയും കരകൗശല ജോലിക്കാരുടെയും അടിമകളുടെയും കലാപത്തിൽ ഫറോവ സ്ഥാനമൊഴിഞ്ഞു പോകേണ്ടിവന്നു. ജനങ്ങളുടെ സംഘടിതസമരങ്ങൾക്ക് ഫലപ്രാപ്തിയുണ്ടെന്ന് തിരിച്ചറിഞ്ഞത് ഈ സമരത്തിലൂടെയാവാം. ഇതിൽനിന്ന് പ്രചോദനമുൾക്കൊണ്ട് ഇതര സാമ്രാജ്യങ്ങളിലും നിരവധി കലാപങ്ങൾ ഉയർന്നുവന്നു.

സമരങ്ങൾക്ക് ആവേശം പകരുന്നവയാണ് മുദ്രാവാക്യങ്ങൾ. ഓരോ മുദ്രാവാക്യത്തിലും സമരങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളും പ്രതിഷേധങ്ങളും ഉണ്ടാവും. സമരങ്ങളിൽ മുദ്രാവാക്യങ്ങൾ ഉയർന്നു വരുന്നത് ചൈനയിലെ മഞ്ഞത്തലപ്പാവുകാരുടെ കലാപത്തിലാണ്. 'സാർവത്രികസമത്വം' എന്നതായിരുന്നു അവർ മുന്നോട്ടുവച്ച മുദ്രാവാക്യം. രക്തസാക്ഷിത്വം ജനകീയസമരങ്ങളുടെ ചിഹ്നമായിത്തീരുന്നത് ഇറ്റലിയിലാണ്. സ്പാർട്ടക്കസിന്റെ നേതൃത്വത്തിലുള്ള അടിമകളുടെ കലാപം ഇത്തരത്തിൽ ചരിത്രപ്രാധാന്യമുള്ളതാണ്. കലാപങ്ങൾക്കൊപ്പം തന്നെ സമരം എന്ന സംജ്ഞയും ഉപയോഗിക്കപ്പെട്ടിരുന്നുവെന്ന് കാണാം. ആഭ്യന്തരസമരങ്ങളോടും ഉപരിവർഗസമരങ്ങളോടും ചേർത്താണ് ഇങ്ങനെ പ്രയോഗിച്ച് കാണുന്നത്. രാഷ്ട്രീയസമരങ്ങൾ ഉയർന്നുവരുന്നത് ഏതൻസിലാണ്. ദരിദ്രകൃഷിക്കാർ നടത്തിയ സമരമായിരുന്നു ഇത്. റോമിൽ ഗ്രാക്ചസ് സഹോദരന്മാർ നേതൃത്വം വഹിച്ച സമരത്തിൽ നിന്നുമാണ് സമരങ്ങളുമായി ബന്ധപ്പെട്ട് പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നത്. പ്രസ്ഥാനങ്ങൾ സമരത്തിന് സംഘടിതമായ ഒരു


രൂപം നൽകുന്നതിലും മുന്നോട്ട് നയിക്കുന്നതിലും വളരെ പ്രധാനപ്പെട്ടവയാണ്. സംഘടിതസ്വഭാവം സമരങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ആദ്യകാല സമരങ്ങളേറെയും പരാജയപ്പെട്ട പോയതിന്റെ പ്രധാന കാരണങ്ങളിലൊന്ന് സംഘാടനം ഇല്ലാതെ പോയതാണ്. വർഗസംഘട്ടനം, വർഗസമരം എന്നിങ്ങനെയും അക്കാലത്തെ സമരങ്ങളെ അടയാളപ്പെടുത്തിയിട്ടുണ്ട്. എ.ഡി. 1-ാം നൂറ്റാണ്ടോടു കൂടിയാണ് വർഗസമരങ്ങൾ ശക്തമാകുന്നത്. വൻഭൂവുടമകളും കൃഷിക്കാരും, പാട്ടക്കൃഷിക്കാരും അടിമകളുമായിരുന്നു ഈ വർഗങ്ങൾ. റോമിലാണ് തീക്ഷ്ണമായ വർഗസമരങ്ങളുണ്ടാകുന്നത്. സിസിലിയിൽ ഉയർന്നുവന്ന അടിമകളുടെ കലാപപരമ്പര ഇതിനുദാഹരണമാണ്. വർഗസംഘട്ടനങ്ങൾ ചൈനയെ ആകെപ്പിടിച്ചു കുലുക്കുന്നുണ്ട്. അതോടൊപ്പം തന്നെ ആഫ്രിക്കയിലും ഏഷ്യാമൈനറിലും നിരവധി വർഗസമരങ്ങൾ ഉയർന്നുവന്നിരുന്നു. പ്രാചീനകാലഘട്ടത്തിൽ ഇന്ത്യ ഒരു ഏകീകൃത രാഷ്ട്രമായിരുന്നില്ല. വിവിധ നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു കിടക്കുകയായിരുന്നു. നാട്ടുരാജ്യങ്ങൾ തമ്മിൽ അധികാരത്തിനുവേണ്ടിയുള്ള നിരവധി കലാപങ്ങൾ നടന്നിരുന്നു. ജനങ്ങൾ ചരിത്രത്തിൽ അപ്രസക്തരായതിനാൽ ജനകീയസമരങ്ങളൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല. കേരളചരിത്രവും ഇതിൽ നിന്നും ഭിന്നമായിരുന്നില്ല.

## സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ


മധ്യയുഗം എന്നു പൊതുവേ വിശേഷിപ്പിക്കപ്പെട്ടുന്ന ഫ്യൂഡൽകാലഘട്ടം സാമൂഹികപരിവർത്തനത്തിന്റെ നിർണായകഘട്ടം കൂടിയായിരുന്നു. ഈ കാലഘട്ടത്തിൽ രൂപംകൊണ്ട ജനകീയസമരങ്ങളും സന്ധിയില്ലാത്ത പോരാട്ടങ്ങളുമാണ് ലോകത്തെത്തന്നെ പരിവർത്തനപ്പെടുത്തിയത്. ഇക്കാലത്ത് വർഗസമരങ്ങൾ ശക്തിപ്രാപിച്ചു. സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ജനങ്ങൾ സംഘടിക്കപ്പെട്ടു. സായുധസമരങ്ങളും സഹനസമരങ്ങളും ഉണ്ടായി. സഹനസമരരീതി സ്വീകരിച്ചുകൊണ്ട് 'മാനിക്കേയിസം' എന്ന ബഹുജനപ്രസ്ഥാനം ഇറാനിൽ രൂപംകൊണ്ടു. മാനിക്കേയിസത്തെത്തുടർന്ന് വിവിധ ഗ്രൂപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് 'മസ്ദാക്കിസം' എന്ന പ്രസ്ഥാനം നിലവിൽ വരികയും ഇതിന്റെ ആഭിമുഖ്യത്തിൽ ഭൂപ്രഭുക്കളുടെ കൈവശമുള്ള മിച്ച സ്വത്ത് പിടിച്ചെടുക്കാനുള്ള സമരം നടത്തുകയും ചെയ്തു. ഭൂപ്രഭുക്കളുടെ എസ്റ്റേറ്റുകളിൽ കാർഷികസമരങ്ങൾ രൂക്ഷമായിത്തീരുന്നത് ഇങ്ങനെയാണ്. 'മാർച്ചുചെയ്യുക' എന്ന സമരരീതി ഇംഗ്ലണ്ടിലാണ് കടന്നുവരുന്നത്. 'പോൾടാക്സ്' എന്നറിയപ്പെടുന്ന സാർവത്രികനികുതി ഏർപ്പെടുത്തിയതിനെതിരെയാണ് കർഷകസേന ലണ്ടനിലേക്ക് മാർച്ചുചെയ്തത്. ഇക്കാലത്ത് ഏഷ്യൻ- യൂറോപ്യൻ രാജ്യങ്ങളിലാകമാനം പടർന്നുപിടിക്കുന്ന കാർഷികകലാപങ്ങൾ കാണാവുന്നതാണ്. അതോടൊപ്പം തന്നെ വൈദേശികാധിപത്യത്തിനെതിരെ ഉയർന്നുവരുന്ന ചെറുത്തുനിൽപ്പുകളും ശ്രദ്ധേയമാണ്. സായുധകലാപങ്ങളായിരുന്നു ഇവയിലേറെയും.

മധ്യയുഗത്തിന്റെ അവസാനഘട്ടമെത്തുമ്പോഴേക്കും നാട്ടുവാഴിത്തത്തിന്റെ സ്ഥാനത്തേക്ക് പുതിയൊരു സാമൂഹികവ്യവസ്ഥ ഉയർന്നുവരാൻ തുടങ്ങി. നാട്ടുവാഴിത്ത ഉൽപ്പാദനബന്ധത്തിനു പകരം മുതലാളിത്ത ഉൽപ്പാദനബന്ധത്തിലേക്ക് വഴിമാറുകയും മുതലാളിത്തം ആവിർഭവിക്കുകയും ചെയ്തു. മുതലാളിത്തം കർഷകരെ ഭീകരമായ ചൂഷണത്തിനു വിധേയരാക്കി. സ്വന്തം രാജ്യത്തെ കർഷകരെ കൊള്ളയടിച്ചു മതിവരാതെ മുതലാളിത്തം ഇതര രാഷ്ട്രങ്ങളിലേക്കും കടന്നുകയറി. സമ്പത്തിനുവേണ്ടിയുള്ള ഈ പരക്കംപാച്ചിലിൽ നിന്നുമാണ് കൊളോണിയലിസം ഉടലെടുക്കുന്നത്. അതോടൊപ്പം കർഷകരുടെയും ഭൂപ്രഭുക്കളുടെയും സ്ഥാനത്തേക്ക് തൊഴിലാളി, ബൂർഷ്വാസി എന്നീ വർഗങ്ങളും രൂപംകൊണ്ടു. തുടർന്ന് അധ്വാനം വിൽക്കാൻ നിർബന്ധിതരായ തൊഴിലാളികൾ ഉൽപ്പാദനോടമകളായ ബൂർഷ്വാസിക്കെതിരെ നടത്തിയ സന്ധിയില്ലാത്ത സമരങ്ങളാണ് ചരിത്രത്തിൽ കാണാനാവുന്നത്. റഷ്യാചരിത്രത്തിൽ 'കുഴപ്പങ്ങളുടെ കാലഘട്ടം' എന്നറിയപ്പെടുന്ന കർഷകകലാപപരമ്പര തന്നെയുണ്ടാകുന്നുണ്ട്. കൂടാതെ അധികാരം വിപുലപ്പെടുത്തുന്ന തിനായി ബൂർഷ്വാവർഗം പരസ്പരം പോരടിക്കുന്നതും കാണാം. ജർമനിയിലാണ് ആദ്യത്തെ ബൂർഷ്വാവിപ്ലവം നടക്കുന്നത്. അധി

മധ്യയുഗത്തിന്റെ അവസാനഘട്ടമെത്തുമ്പോഴേക്കും നാട്ടുവാഴിത്തത്തിന്റെ സ്ഥാനത്തേക്ക് പുതിയൊരു സാമൂഹികവ്യവസ്ഥ ഉയർന്നുവരാൻ തുടങ്ങി. നാട്ടുവാഴിത്ത ഉൽപ്പാദനബന്ധത്തിനു പകരം മുതലാളിത്ത ഉൽപ്പാദനബന്ധത്തിലേക്ക് വഴിമാറുകയും മുതലാളിത്തം ആവിർഭവിക്കുകയും ചെയ്തു.



*ഉപ്പുസത്യാഗ്രഹം*



*വില്ലുവണ്ടി സമരം*

കാരത്തിനു വേണ്ടിയുള്ള ഏറ്റുമുട്ടലുകളായിരുന്നു ഇവ. അഞ്ചാം നൂറ്റാണ്ടിലാണ് ഫ്യൂഡലിസം ഇന്ത്യയിൽ ആരംഭിക്കുന്നത്. ഫ്യൂഡൽ ഗവൺമെന്റിനെതിരെ ഇന്ത്യയിലും സമരങ്ങൾ നടന്നിരുന്നു. കർഷകരിൽ നിന്നുമാണ് സമരങ്ങൾ ഉയർന്നുവന്നത്. കൂടാതെ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധക്കെട്ടതികൾ ബഹുജനസമരങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇവയിൽ സാധാരണജനങ്ങളുടെ സമരങ്ങൾ കലാപങ്ങളും ബൂർഷ്വാസിയുടെ സമരങ്ങൾ വിപ്ലവങ്ങളാകുന്നതിന്റെയും രാഷ്ട്രീയം ചരിത്രത്തിൽ കാണാവുന്നതാണ്.

## പണിമുടക്കം പ്രതിഷേധപ്രകടനങ്ങളും

മുതലാളിത്തയുഗത്തിലാണ് വർഗസമരവും ബൂർഷ്വാവിപ്ലവവും ഒരുപോലെ ശക്തിപ്രാപിക്കുന്നത്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും തൊഴിലവകാശങ്ങൾക്കും വേണ്ടി ദരിദ്രരായ തൊഴിലാളികളും സാധാരണജനങ്ങളും സമരത്തിലേർപ്പെട്ടപ്പോൾ സാമ്പത്തികമായി ശക്തരായ ബൂർഷ്വാസി അധികാരത്തിനു വേണ്ടിയും മതാധികാരത്തിനും സദാചാരകാഴ്ചപ്പാടുകൾക്കും പള്ളിക്കും രാജത്വത്തിനുമെതിരെ സമരത്തിലേർപ്പെട്ടു. മുതലാളിത്തത്തിന്റെ സൃഷ്ടിയാണ് യൂറോപ്യൻനവോത്ഥാനം. ശാസ്ത്രം, സാഹിത്യം, കല എന്നിവയിലൂടെ ആശയസമരങ്ങളുടെയും പ്രതിഷേധത്തിന്റെയും പുതിയമാർഗങ്ങൾ ലോകത്തിനു കാട്ടിക്കൊടുത്തത് യൂറോപ്യൻനവോത്ഥാനമാണ്. പുതിയ കണ്ടുപിടുത്തങ്ങൾ അവതരിപ്പിച്ചതിന്, ചിത്രം വരച്ചതിന്, സാഹിത്യകൃതികൾ രചിച്ചതിന് ഭരണകൂടം വധിക്കുകയും ശിക്ഷിക്കുകയും ചെയ്തവർ സർഗാത്മകസമരത്തിന്റെ വക്താക്കളായിരുന്നു. കൂടാതെ പ്രചാരണവാക്യങ്ങളും മുദ്രാവാക്യങ്ങളും വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നത് ഇക്കാലത്താണ്. രാജാവിനെതിരെ പ്രഭുവർഗം സംഘടിപ്പിച്ചതിന്റെ ഭാഗമായി ലണ്ടൻ നഗരത്തിന്റെ ഭിത്തികളിൽ നിറച്ചു വിപ്ലവകരമായ മുദ്രാവാക്യങ്ങൾ നിരത്തിയിട്ടുണ്ട്. യഥാർഥത്തിൽ ഇത്തരം പ്രചാരണമാധ്യമങ്ങൾക്ക് പിന്നിൽ സാമ്പത്തികം ഒരു പ്രധാനഘടകമാണെന്ന് ഓർമിക്കേണ്ടതുണ്ട്. ബൂർഷ്വാവിപ്ലവത്തിൽ കർഷകർക്കോ സാധാരണ ജനങ്ങൾക്കോ യാതൊരു നേട്ടവുമുണ്ടാകുന്നില്ല. എന്നാൽ ഫ്രാൻസിലെ രാജവാഴ്ചയുടെ അടിത്തറയിളക്കുന്നത് ഒരു നൂറ്റാണ്ടു മുഴുവൻ നീണ്ടുനിന്ന കർഷകകലാപങ്ങളാണ് എന്നത് മറ്റൊരു ചരിത്രവസ്തുത. സായുധകലാപമല്ലാതെ മറ്റൊരു വഴിയും അന്നുണ്ടായിരുന്നില്ല. അടിമജീവിതവും അടിയായ്മജീവിതവും നയിക്കേണ്ടിവന്ന മനുഷ്യർക്ക് പൗരാവകാശ സ്വാതന്ത്ര്യത്തോടെ സമരം ചെയ്യാനുള്ള സാമൂഹിക സാഹചര്യം അന്നുണ്ടായിരുന്നില്ല എന്നു തിരിച്ചറിയേണ്ടതുണ്ട്. ഭരണസിരാകേന്ദ്രത്തിലേക്ക് ജാഥയും പ്രകടനവുമായി ജനങ്ങൾ സമരത്തിനിറങ്ങുന്നത് പാരീസിലാണ്. 1789-ൽ സ്ത്രീകളും തൊഴിലാളികളും കൈവേലക്കാരും ചെറുകിട കച്ചവടക്കാരും വെഴ്സെയിൻസിലേക്ക് അവകാശനിഷേധങ്ങൾക്കെതിരെ പ്രതിഷേധജാഥ നടത്തി. ഇതേത്തുടർന്ന് ജനകീയപ്രകടനങ്ങളെ നേരിടുവാൻ പട്ടാളത്തെ ഉപയോഗിക്കാനുള്ള നിയമം ഭരണഘടനയിൽ പാസ്സാക്കി. 1791-ൽ ലേ ചാവെലിയർ നിയമപ്രകാരം തൊഴിലാളി യൂണിയനുകളും പണിമുടക്കുകളും സംഘടിപ്പിക്കുന്നത് നിരോധിക്ക

മുതലാളിത്തയുഗത്തിലാണ് വർഗസമരവും ബൂർഷ്വാവിപ്ലവവും ഒരുപോലെ ശക്തിപ്രാപിക്കുന്നത്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും തൊഴിലവകാശങ്ങൾക്കും വേണ്ടി ദരിദ്രരായ തൊഴിലാളികളും സാധാരണജനങ്ങളും സമരത്തിലേർപ്പെട്ടപ്പോൾ സാമ്പത്തികമായി ശക്തരായ ബൂർഷ്വാസി അധികാരത്തിനു വേണ്ടിയും മതാധികാരത്തിനും സദാചാരകാഴ്ചപ്പാടുകൾക്കും പള്ളിക്കും രാജത്വത്തിനുമെതിരെ സമരത്തിലേർപ്പെട്ടു.


ന്നുണ്ട്. ഇത് പണിമുടക്കിന്റെ ശക്തി ബോധ്യപ്പെടു ത്തുന്നു. മുതലാളിത്തയുഗത്തിലെ ശക്തമായ സമര മാർഗം പണിമുടക്ക് ആയിരുന്നു. പണിമുടക്കിലൂടെ മാത്രമേ മുതലാളിത്തത്തിന് സാമ്പത്തികനഷ്ടം വരുത്തിവയ്ക്കാൻ സാധിച്ചിരുന്നുള്ളൂ. നിരോധനങ്ങൾ വകവയ്ക്കാതെ തുടർന്ന ജനകീയപ്രക്ഷോഭങ്ങളാലാണ് ഫ്രഞ്ച് രാജവാഴ്ചയ്ക്ക് അന്ത്യമുണ്ടാകുന്നത്. യുദ്ധവും രാജവാഴ്ചയും സൃഷ്ടിച്ച സാമ്പത്തിക അനിശ്ചിതത്വം പ്രതിവിപ്ലവകലാപങ്ങളിലേക്കാണ് തുടർന്ന് ജനങ്ങ ളെ നയിക്കുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ മായും സഫലമാകാത്ത കാലത്തോളം സമരങ്ങൾക്ക് അവസാനമുണ്ടാകുന്നില്ല എന്ന വസ്തുതയാണ് ഇത് ബോധ്യപ്പെടുത്തുന്നത്.

മുതലാളിത്തത്തിന്റെ വികാസഘട്ടത്തിൽ വ്യവ സായബൂർഷ്വാസി, വ്യവസായത്തൊഴിലാളിവർഗം എന്നിങ്ങനെ രണ്ടുവർഗങ്ങൾ രൂപം കൊണ്ടു. ചൂഷണ വിധേയരായ തൊഴിലാളികൾ, 'ജീവിക്കു വാനും ജോലി ചെയ്യാനുമുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതി മരിക്കാൻ ഞങ്ങൾ തയാറാണ്" എന്ന മുദ്രാവാക്യവുമായി വ്യവസായശാലകളിൽ മാർച്ചും പണിമുടക്കുകളും നടത്തി. 1848-കളിൽ യൂ റോപ്പിൽ നിരവധി വിപ്ലവങ്ങളുണ്ടാകുന്നുണ്ട്. ഫ്രാൻ സിലെ ഫെബ്രുവരി വിപ്ലവം, ജൂൺ കലാപം, ജർമ നിയിലെ വിപ്ലവം, ബർലിൻ കലാപം, ആസ്ട്രിയൻ വിപ്ലവം, ഹംഗറിയിലെ വിപ്ലവം എന്നിവ കൂടാതെ പ്രതിവിപ്ലവങ്ങളും ഉണ്ടായി. യൂറോപ്യൻ ചരിത്രഗ തിയെത്തന്നെ മാറ്റിമറിച്ച ഈ സമരങ്ങൾക്ക് വിപ്ല വസ്വഭാവമായിരുന്നു എന്നു മനസ്സിലാക്കാം. ഈ കാലഘട്ടത്തിൽ രൂപംകൊണ്ട പ്രസ്ഥാനങ്ങളെല്ലാം സായുധസമരതന്ത്രങ്ങളാണ് സ്വീകരിച്ചത്. സായു ധസമരങ്ങളിൽ ഗറില്ലാസമരമുറകളും പ്രയോഗിച്ചി രുന്നു. തൊഴിലാളിവർഗം ശക്തിപ്രാപിക്കുന്നതിന നുസരിച്ച് ട്രേഡ് യൂണിയനുകൾ രൂപം കൊണ്ടു. ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിലാണ് ശക്ത മായ പണിമുടക്കുകൾ ആരംഭിക്കുന്നത്. "സർവരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ" എന്ന മുദ്രാവാ ക്യവുമായി മാർക്സിന്റെയും എംഗൽസിന്റെയും നേതൃ ത്വത്തിൽ 1864-ൽ ലണ്ടനിൽ 'ഇന്റർനാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷൻ' സ്ഥാപി തമായി. തുടർന്നുവന്ന പാരീസ് കമ്യൂൺ വർഗസമ രങ്ങൾക്ക് ആക്കംകൂട്ടി. 19-ാം നൂറ്റാണ്ടിന്റെ അവസാനം റഷ്യയിൽ ജനകീയവിപ്ലവങ്ങൾ ശക്തി പ്രാപിച്ചു. സാറിസ്റ്റ് ഭരണകൂടത്തിനെതിരെ ജനങ്ങൾ തെരുവുകളിൽ പ്രകടനങ്ങൾ നടത്തി. കൂടുതൽ ശക്തമായ സമരമുറകൾ സ്വീകരിച്ചുകൊണ്ട് കൃഷി ക്കാർ ഭൂവുടമകൾക്കെതിരെ മുന്നോട്ടുവന്നു. ഹർജികൾ സമർപ്പിക്കുക, കൃഷിപ്പണികളിൽ നിന്നകന്നു നിൽ ക്കുക തുടങ്ങിയ പഴയ സമരമുറകൾക്കു പകരം അവർ ഭൂവുടമകളെ കടന്നാക്രമിച്ചു, വീടുകൾ കയ്യേറി, കൃഷിഭൂമി പിടിച്ചെടുത്തു. ഈ വിപ്ലവങ്ങൾ ബുദ്ധിജീവികളെ സ്പർശിക്കുന്നതും സർവകലാശാലകളിലെ വിദ്യാർഥി കൾ സമരത്തിന്റെ ഭാഗമാകുന്നതും ചരിത്രത്തിൽ കാണാം. 1903-ൽ രണ്ടുലക്ഷം തൊഴിലാളികൾ പങ്കെ ടുത്ത സമരം റഷ്യയെയും തൊഴിലാളിവർഗശക്തി യെയും ചരിത്രത്തിൽ അടയാളപ്പെടുത്തി. 1905 ഒക്ടോ ബറിലെ റഷ്യൻവിപ്ലവം സമരമാർഗങ്ങളും ലക്ഷ്യങ്ങളും എന്താകണമെന്ന് ലോകതൊഴിലാളി വർഗത്തിന് ബോധ്യപ്പെടുത്തി കൊടുത്തു. രണ്ടു ദശ ലക്ഷം വ്യവസായത്തൊഴിലാളികളും റെയിൽവേ തൊഴിലാളികളും പങ്കെടുത്ത രാജ്യവ്യാപകമായ രാ ഷ്ട്രീയപണിമുടക്കായിരുന്നു ഇത്. 1917-ലെ ഒക്ടോബർ വിപ്ലവം മാനവചരിത്രത്തിലെ വിപ്ലവാത്മകമായ ഒരേടാണ്. ചൂഷിതരും ചൂഷകരുമില്ലാത്ത ഒരു പുതിയ സാമൂഹികവ്യവസ്ഥിതിയാണ് സോഷ്യലിസ്റ്റ് വിപ്ലവ ത്തിലൂടെ നേടിയെടുത്തത്. ലോകജനതയ്ക്ക് സമത്വ പൂർണമായ ഒരു സമൂഹമാതൃക കാട്ടിക്കൊടുത്തത് ഒക്ടോബർ വിപ്ലവമാണ്. സുശക്തമായ ലക്ഷ്യവും മികച്ച നേതൃത്വവും സംഘാടനവും അനുസൃതമായ സമരമുറകളും ജനങ്ങളുടെ പൂർണപിന്തുണയും പങ്കാ ളിത്തവുമുണ്ടെങ്കിൽ ജനകീയസമരങ്ങൾക്ക് ലോക ത്തെത്തന്നെ മാറ്റിമറിക്കാൻ കഴിയുമെന്നതിന്റെ ഏറ്റവും മഹത്തായ ഉദാഹരണമാണ് ഒക്ടോബർ വിപ്ലവം.

## സഹനസമരവും തീവ്രവിപ്ലവങ്ങളും

ഇന്ത്യയിൽ ജനകീയകലാപങ്ങൾ ഉണ്ടാകുന്ന ത് ശതവാഹനരാജവംശത്തിന്റെ കാലത്താണ്. ഗുപ്തകാലത്ത് ഫ്യൂഡൽവ്യവസ്ഥിതി ഭാരതത്തിൽ ആരംഭിക്കുകയും അടിമത്തസമ്പ്രദായം നികൃഷ്ടരൂ പത്തിൽ നിലനിൽക്കുകയും കർഷകർ ചൂഷണം ചെയ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ശക്തമായ സമരങ്ങളൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല. വൈ ദേശികാധിപത്യത്തിനെതിരെയുള്ള ചെറുത്തുനിൽ പ്പുകൾ മുതലാണ് രേഖപ്പെടുത്തപ്പെട്ട ഇന്ത്യൻസമ രചരിത്രം ആരംഭിക്കുന്നത്. 1700-കൾ തൊട്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങളുടെ തുടക്കം കാണാൻ കഴിയും. അവയിൽ പലതും ബ്രിട്ടീഷ് അധികാരികൾക്കെതി രെയുള്ള ഒറ്റപ്പെട്ട പോരാട്ടങ്ങളായിരുന്നു. സായുധ സമരതന്ത്രങ്ങളാണ് കൂടുതലും സ്വീകരിച്ചിരുന്നത്. കൊളോണിയൽ ഭരണത്തിനെതിരെയുള്ള സമര ങ്ങളോടൊപ്പം നാടുവാഴിത്തത്തിനെതിരെയുള്ള സമരങ്ങളും നടക്കുന്നുണ്ടായിരുന്നു. ഇന്ത്യൻസ്വാത ന്ത്ര്യസമരത്തിന് പല കൈവഴികളുണ്ട്. അഹിംസ യിലധിഷ്ഠിതമായ സഹനസമരത്തിന്റെയും തീവ്ര വിപ്ലവസ്വഭാവം കൈക്കൊണ്ട സായുധസമരങ്ങളു ടെയും രണ്ട് ധാരകളിലൂടെയാണ് പ്രധാനമായും ദേശീയസ്വാതന്ത്ര്യസമരം മുന്നേറിയത്. അതോടൊ പ്പം തന്നെ വികസിച്ചുവന്ന നവോത്ഥാനസമരങ്ങ ളുടെ ഉണർവാണ് ജാതിഭ്രാന്തിൽ ചിതറിക്കിടന്നി രുന്ന ഇന്ത്യൻജനതയെ ചേർത്തുനിർത്തിയത്. ഗാന്ധിമാർഗത്തിൽ സത്യഗ്രഹം, നിസ്സഹരണസ മരം, നിരാഹാരസത്യഗ്രഹം തുടങ്ങിയ സമരമുറകൾ സ്വീകരിച്ചുകൊണ്ട് വിദേശവസ്തുബഹിഷ്കരണം, ഖാദിപ്രചാരണം, നിയമലംഘനപ്രസ്ഥാനം, ഉപ്പു സത്യഗ്രഹം, എന്നിങ്ങനെ സമരങ്ങൾ തുടർന്നു. മറുവശത്താകട്ടെ ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്,

ഇന്ത്യയിൽ ജനകീയകലാപങ്ങൾ ഉണ്ടാകുന്നത് ശതവാഹനരാജവംശത്തിന്റെ കാലത്താണ്. ഗുപ്തകാലത്ത് ഫ്യൂഡൽവ്യവസ്ഥിതി ഭാരതത്തിൽ ആരംഭിക്കുകയും അടിമത്തസമ്പ്രദായം നികൃഷ്ടരൂപത്തിൽ നിലനിൽക്കുകയും കർഷകർ ചൂഷണം ചെയ്യപ്പെടുകയും ചെയ്തിരുന്നു.



സുഖ്ദേവ് സിംഗ് തുടങ്ങിയ യുവാക്കളുടെ നേതൃത്വത്തിൽ ഒറ്റയ്ക്കും കൂട്ടായും നടത്തപ്പെട്ട ശക്തമായ പ്രതിഷേധങ്ങളും വിപ്ലവപ്രവർത്തനങ്ങളും രക്തസാക്ഷിത്വങ്ങളും. ഇവ കൂടാതെ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള സൈനികചെറുത്തുനിൽപ്പുകൾ. ഇവയ്ക്ക് സമാന്തരമായി ഇന്ത്യയിൽ വളർന്നുവന്ന കർഷക-തൊഴിലാളി-സോഷ്യലിസ്റ്റ്പ്രസ്ഥാനങ്ങൾ ദേശീയസമരത്തിന്റെ ഭാഗമാകുന്നതോടെയാണ് സ്വാതന്ത്ര്യസമരം ശക്തമാകുന്നത്. ഈ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലാണ് യുദ്ധവിരുദ്ധപ്രകടനങ്ങളും പണിമുടക്കുകളും ഇന്ത്യയിലാകമാനം വ്യാപിക്കുന്നത്. 1919-ലെ റൗലത്ത് ആക്ട് രാജ്യവ്യാപകമായി പ്രതിഷേധത്തിനും ഹർത്താലിനും ഇടയായി. ഇതിനെതിരെ ഉയർന്ന പ്രതിഷേധമാണ് ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണമാകുന്നത്. രക്ത ശ്രുക്ഷിതമായ സമരങ്ങളിലൂടെയാണ് ഇന്ത്യ കടന്നുപോയത്. ക്വിറ്റിന്ത്യാസമരം, മുംബൈലഹള, ഐഎൻഎയുടെ റെഡ്ഫോർട്ട് വിചാരണ തുടങ്ങിയവ ബ്രിട്ടീഷ് ഭരണത്തിനെതിരെ ഉയർന്നുവന്ന ജനകീയസമരങ്ങളാണ്. സന്ധിയില്ലാത്ത വിവിധതരം സമരങ്ങളിലൂടെയാണ് വൈദേശികാധിപത്യത്തിൽ നിന്നും ഇന്ത്യ സ്വതന്ത്രമായത്.

1940-കൾ മുതൽ ശക്തിപ്രാപിക്കുന്ന കാർഷികപ്രക്ഷോഭങ്ങൾ ഒരേസമയം ജന്മിത്വത്തിനും വൈദേശികാധിപത്യത്തിനും എതിരെ നിലയുറപ്പിച്ചുകൊണ്ട് വ്യത്യസ്തമായ ഒരു സമരധാര തന്നെയാണ് സൃഷ്ടിച്ചത്. ആയിരക്കണക്കിന് ജനങ്ങൾ ജീവൻ ബലിയർപ്പിച്ചുകൊണ്ടാണ് ഈ പ്രക്ഷോഭങ്ങളുടെ ഭാഗമായത്. സമരത്തീയിലേക്ക് എടുത്തുചാടുന്ന ഒരു ജനതയെയാണ് നമുക്ക് ചരിത്രത്തിൽ കാണാനാവുന്നത്. അവകാശങ്ങൾ നേടിയെടുക്കാൻ ജീവൻ നൽകുകയല്ലാതെ മറ്റൊരു സമരമാർഗവും അവർക്കു മുന്നിലുണ്ടായിരുന്നില്ല. തെലുങ്കാനസമരം, തേഭാഗസമരം, ബർദോളിസമരം, പുന്നപ്ര-വയലാർ സമരം തുടങ്ങിയവ ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. ഇന്ത്യയെ പിടിച്ചുകുലുക്കിയ സമരങ്ങളായിരുന്നു അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട് ഉണ്ടായത്. ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് കൃത്രിമത്വ ത്തിനെതിരെ നിരവധി സമരങ്ങൾ രാജ്യത്തുയർന്നു വന്നതിനെത്തുടർന്ന് സമരങ്ങളും പ്രതിഷേധങ്ങളും ഭരണത്തെ സ്തംഭിപ്പിച്ചുവെന്നും ഇത് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചുവെന്നും ആരോപിച്ചാണ് ഇന്ദിരാസർക്കാർ 1975 മുതൽ 1977 വരെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത്. സമരങ്ങൾ ഇല്ലായ്മ ചെയ്തുകൊണ്ട് ജനാധിപത്യത്തിനുനേരെയുള്ള കടുത്ത വെല്ലുവിളിയായിരുന്നു ഇത്. ഭരണകൂടത്തെ പിടിച്ചുകുലുക്കുവാൻ പാകത്തിൽ സമരങ്ങൾക്കെത്രമേൽ സാധ്യമാകും എന്നതിന്റെ ഉത്തമോദാഹരണമാണ് ഇന്ത്യയിലെ അടിയന്തരാവസ്ഥ. മാറുന്ന സാമൂഹികസാഹചര്യ ങ്ങൾക്കും ഭരണകൂടവ്യവസ്ഥിതികൾക്കും അനുസരിച്ച് ഇന്ത്യയിപ്പോഴും സമരോന്മുഖമാണ്. ആധുനിക ഇന്ത്യയിൽ സമരം, പ്രതിഷേധം, പ്രകടനം, പണിമുടക്ക്, ഹർത്താൽ, മാർച്ച്, നിരാഹാരസത്യഗ്രഹം, അനിശ്ചിതകാലസമരം, ബഹുജനപ്രക്ഷോഭം, സോഷ്യൽമീഡിയസമരങ്ങൾ, സഹനസമരങ്ങൾ തുടങ്ങിയ സമരമുറകളാണ് പ്രധാനമായും സ്വീകരിക്കാറുള്ളത്. വർഗസമരത്തിന്റെ കാലം കഴിഞ്ഞുവെന്ന് വിധിയെഴുതിയവർക്കുള്ള മറുപടിയാണ് കേന്ദ്രസർക്കാർ

1940-കൾ മുതൽ ശക്തിപ്രാപിക്കുന്ന കാർഷികപ്രക്ഷോഭങ്ങൾ ഒരേസമയം ജന്മിത്വത്തിനും വൈദേശികാധിപത്യത്തിനും എതിരെ നിലയുറപ്പിച്ചുകൊണ്ട് വ്യത്യസ്തമായ ഒരു സമരധാര തന്നെയാണ് സൃഷ്ടിച്ചത്. ആയിരക്കണക്കിന് ജനങ്ങൾ ജീവൻ ബലിയർപ്പിച്ചുകൊണ്ടാണ് ഈ പ്രക്ഷോഭങ്ങളുടെ ഭാഗമായത്.

പുറപ്പെടുവിച്ച കാർഷികഭേദഗതിനിയമത്തിനെതിരെ 2020 സെപ്റ്റംബറിൽ കിസാൻസഭയുടെ നേതൃത്വത്തിൽ ലക്ഷക്കണക്കിന് കർഷകർ ഡൽഹിയിൽ നടത്തിയ കർഷകസമരത്തിന്റെ വിജയം.

## സാമൂഹികമുന്നേറ്റവും സർഗാത്മകസമരമുറകളും

പ്രാചീനകാലത്ത് തന്നെ കേരളത്തിൽ ജാതി-ജന്മി-നാടുവാഴിത്തവ്യവസ്ഥയിൽ അടിമജീവിതവും അടിയായ്മജീവിതവും നിലനിന്നിരുന്നു. ഇതിനെതിരെ ഏതെങ്കിലും തരത്തിലുള്ള ചെറുത്തുനിൽപ്പുകളോ കലാപങ്ങളോ അക്കാലത്തുണ്ടായതായി രേഖപ്പെടുത്തിക്കാണുന്നില്ല. കേരളത്തിന്റെ രേഖപ്പെടുത്തപ്പെട്ട സമരചരിത്രവും ആരംഭിക്കുന്നത് അധിനിവേശവിരുദ്ധസമരങ്ങൾ മുതലാണ്. വൈദേശികാധിപത്യത്തിനെതിരെയുണ്ടായ ആദ്യകാല സമരങ്ങളെ കലാപം, യുദ്ധം എന്നിങ്ങനെതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അഞ്ചുതെങ്ങ് കലാപം(1697), ആറ്റിങ്ങൽ കലാപം(1721), കുളച്ചൽ യുദ്ധം(1741) എന്നിവ ഉദാഹരണം. സമരം ഒരു പോരാട്ടമെന്നനിലയിൽ ഉയർത്തപ്പെടുന്നത് കുഞ്ഞാലിമരയ്ക്കാന്മാരുടെയും വയനാട്ടിലെ കുറിച്യരുടെയും കേരളവർമ പഴശ്ശി രാജാവിന്റെയും വേലുത്തമ്പിദളവയുടെയും പോരാട്ടങ്ങളിലൂടെയാണ്. സായുധസമരത്തിന്റെ പാതയാണ് ഇവിടെ സ്വീകരിച്ചിരുന്നത്. സങ്കീർണമായ സാമൂഹികസാഹചര്യങ്ങളിലൂടെ കടന്നുപോയ കേരളത്തിൽ അനവധി അടരുകളിലായാണ് സമരങ്ങൾ നടന്നത്. ജാതീയമായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന കേരളജനതയ്ക്ക് ഒരേസമയം ശക്തമായ ബ്രിട്ടീഷാധിപത്യത്തിനെതിരെയും അതിലേറെ സങ്കീർണമായ ഫ്യൂഡൽ മേധാവിത്വത്തിനെതിരെയും സമരത്തിലേർപ്പെടേണ്ടിവന്നു. അർഥവത്തായ സമരരീതികൾ സ്വീകരിക്കുന്നതിൽ കേരളം ആദ്യകാലം മുതൽക്കേ മാതൃകാപരമാണ്. നിഷേധിക്കപ്പെട്ട അവകാശങ്ങളെ ലംഘനങ്ങളിലൂടെ നേടിയെടുക്കാനാണ് സമരങ്ങളിലൂടെ എക്കാലത്തും കേരളജനത ശ്രമിച്ചിട്ടുള്ളത്. ഓരോ സമരത്തിന്റെയും ശീർഷകത്തിൽ തന്നെ സമരസ്വഭാവവും ലക്ഷ്യവും സന്നിഹിതമാണ്. കേരളചരിത്രത്തിലെ ആദ്യത്തെ ജനകീയസമരമെന്നു വിശേഷിപ്പിക്കാവുന്ന മാറുമറയ്ക്കൽ സമരം(1810-1859) ഉദാഹരണം. എന്നാൽ സമരലക്ഷ്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതിനായി ഒരേസമരത്തെ തന്നെ പല പേരുകളിൽ വിളിക്കപ്പെട്ടിരുന്നുവെന്നതും ശ്രദ്ധേയമാണ്. മാറുമറയ്ക്കൽസമരത്തെ ചാന്നാർലഹള എന്നാണ് പൊതുവേ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രയോഗത്തിലൂടെ സമരത്തിന്റെ സ്വഭാവം തന്നെ മറ്റൊന്നായി മാറുന്നു. മേൽമുണ്ടുസമരം, മുലക്കച്ചസമരം, മുലമാറാപ്പുവഴക്ക് എന്നിങ്ങനെയും പറയാറുണ്ട്. ഒരു നൂറ്റാണ്ടു മുഴുവൻ നീണ്ടുനിന്ന പോരാട്ടമായിരുന്നു ഇത്. സമരമുറകളെ സർഗാത്മകമായി ഉപയോഗിച്ച ഒരു ജനതയാണ് കേരളത്തിലുണ്ടായിരുന്നത്. യഥാർഥത്തിൽ സമരകേരളത്തി നു സർഗാത്മകസമരമാതൃക കാട്ടിക്കൊടുത്തവരിൽ പ്രധാനി അയ്യങ്കാളിയാണ്. അദ്ദേഹം നടത്തിയ വില്ലുവണ്ടിസമരം ഇതിനു മികച്ച ഉദാഹരണമാണ്. അയ്യങ്കാളിയാണ് കേരളത്തിലെ ആദ്യത്തെ കാർഷികസമരത്തിലൂടെ പണിമുടക്ക് എന്ന ആശയം ഇവിടെ നടപ്പിലാക്കിയത്. വില്ലുവണ്ടിസമരം, കല്ലുമാലസമരം, പഞ്ചമിയുടെ സ്കൂൾ പ്രവേശം എന്നിവയിലൂടെ ഏതെല്ലാം അവകാശങ്ങളാണോ നിഷേധിക്കപ്പെട്ടത് അവയെല്ലാം ലംഘിച്ചുകൊണ്ട് പൗരാവകാശങ്ങൾ നേടിയെടുക്കാൻ ഒരു ജനതയ്ക്ക് ആർജവം ഉണ്ടാക്കിക്കൊടുത്തത് അയ്യങ്കാളിയാണ്. വൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, പൊയ്കയിൽ അപ്പച്ചൻ, ആറാട്ടുപുഴ വേലായുധപ്പണിക്കർ തുടങ്ങിയ സാമുദായികപരിഷ്ക്കർത്താക്കളുടെ ഇടപെടൽ വിപ്ലവകരമായ സമരമാർഗങ്ങൾകൂടിയാണ് ലോകത്തിനു നൽകിയത്. അരുവിപ്പുറം ശിവപ്രതിഷ്ഠ, മൂക്കുത്തിച്ചന്ത, അച്ചിപ്പുടവസമരം, വിശുദ്ധസമരങ്ങൾ എന്നീ നവോത്ഥാനസമരങ്ങൾ ഉദാഹരണം. സമരങ്ങളെ വർഗീയകലാപങ്ങളാക്കിത്തീർക്കാനുള്ള ശ്രമങ്ങളും ചരിത്രത്തിലുണ്ട്. 1921ലെ മലബാർ കലാപം ഇത്തരത്തിൽ ശ്രദ്ധേയമാണ്. ഗാന്ധിജി മുന്നോട്ടുവച്ച അക്രമരഹിതസമരമാർഗത്തിലൂടെയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കോളനിവിരുദ്ധസമരങ്ങൾ നടത്തിയത്. ജാതീയമായ അസമത്വത്തെ തകർക്കാതെ ദേശീയസ്വാതന്ത്ര്യസമരത്തിന് മുന്നോട്ടുപോകാനാവില്ലെന്നു തിരിച്ചറിഞ്ഞതിന്റെ ഫലമായിരുന്നു അയിത്തോച്ചാടനസമരങ്ങൾ. അയിത്തോച്ചാടനസമരങ്ങളെല്ലാം സത്യാഗ്രഹരീതിയാണ് സ്വീകരിച്ചത് (വൈക്കംസത്യഗ്രഹം, ഗുരുവായൂർസത്യഗ്രഹം, പാലിയംസത്യഗ്രഹം). നിയമ ലംഘനങ്ങളിലൂടെ ബ്രിട്ടീഷ് ഭരണകൂടത്തെ സ്തംഭിപ്പിക്കാൻ കഴിയില്ലെന്നു ബോധ്യപ്പെട്ടപ്പോഴാണ് ക്വിറ്റിന്ത്യാസമരം ഉണ്ടാകുന്നത്.

> കാർഷികപ്രക്ഷോഭം കഴിഞ്ഞാൽ കേരളത്തിലുണ്ടായിട്ടുള്ള ശക്തവും വ്യത്യസ്തവുമായ സമരമാർഗങ്ങൾ കാണാൻ കഴിയുന്നത് ഭൂസമരങ്ങളിലാണ്. ഭൂപരിഷ്കരണനിയമം പാസാക്കുന്നതിനു വേണ്ടിയുള്ള സമരങ്ങളും മിച്ചഭൂമി സമരങ്ങളുമാണ് തുടക്കത്തിൽ കാണാൻ കഴിയുന്നതെങ്കിൽ ഭൂമിക്കുവേണ്ടി യുള്ള രക്തച്ചൊരിച്ചിലുകളും ജീവത്യാഗങ്ങളും സഹനസമരങ്ങളും സായുധപോരാട്ടങ്ങളും ഉണ്ടാകുന്നത് ആദിവാസി–ദളിത് ഭൂസമരങ്ങളിലാണ്.

## പ്രക്ഷോഭങ്ങൾ

സ്വാതന്ത്ര്യസമരം ശക്തിപ്രാപിക്കുമ്പോൾ തന്നെയാണ് കേരളത്തിൽ ജന്മിനാടുവാഴിത്തവിരുദ്ധസമരങ്ങളും കാർഷികസമരങ്ങളും ശക്തിപ്പെടുന്നത്. സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ശക്തമായ കാർഷിക പ്രക്ഷോഭങ്ങളായിരുന്നു അവ. ബ്രിട്ടീഷാധിപത്യത്തോടും ജന്മിത്തത്തോടുമുള്ള ഏറ്റുമുട്ടലുകളായിരുന്നു ഓരോ കാർഷികപ്രക്ഷോഭവും. അവകാശങ്ങൾക്കുവേണ്ടിയും അനീതിക്കെതിരെയും പൊരുതി മരിക്കുക എന്നതായിരുന്നു ഈ സമരരീതി. അതുകൊണ്ടുതന്നെ ഈ രക്തസാക്ഷിത്വങ്ങളെ കലാപങ്ങളും ആക്രമണങ്ങളുമാക്കിത്തീർക്കാൻ ഭരണകൂടം എല്ലായ്പ്പോഴും ശ്രമിച്ചു. കർഷകത്തൊഴിലാളിയൂണിയനുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കയ്യൂർ സമരം, കരിവെള്ളൂർസമരം, തില്ലങ്കേരിസമരം, കാവുമ്പായിസമരം, മുനയൻകുന്നുസമരം, എള്ളരഞ്ഞിസമരം, പുന്നപ്ര-വയലാർസമരം, ഒഞ്ചിയംസ

മരം എന്നിവ നിരവധിയായ മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ട സായുധസമരങ്ങളായിരുന്നു.

കാർഷികപ്രക്ഷോഭം കഴിഞ്ഞാൽ കേരളത്തിലുണ്ടായിട്ടുള്ള ശക്തവും വ്യത്യസ്തവുമായ സമരമാർഗങ്ങൾ കാണാൻ കഴിയുന്നത് ഭൂസമരങ്ങളിലാണ്. ഭൂപരിഷ്കരണനിയമം പാസാക്കുന്നതിനു വേണ്ടിയുള്ള സമരങ്ങളും മിച്ചഭൂമി സമരങ്ങളുമാണ് തുടക്കത്തിൽ കാണാൻ കഴിയുന്നതെങ്കിൽ ഭൂമിക്കുവേണ്ടിയുള്ള രക്തച്ചൊരിച്ചിലുകളും ജീവത്യാഗങ്ങളും സഹനസമരങ്ങളും സായുധപോരാട്ടങ്ങളും ഉണ്ടാകുന്നത് ആദിവാസി-ദളിത് ഭൂസമരങ്ങളിലാണ്. തലശ്ശേരി-പുൽപ്പള്ളിക്കലാപം, വല്ലിസമരം, തിരുനെല്ലി-തൃശ്ശിലേരി കലാപം, ആദിവാസിഭൂമി വീണ്ടെടുക്കൽ സമരം, തയ്യേനിമുന്നേറ്റം, അമ്പുകുത്തിസമരം, ചിങ്കേരിസമരം, പനവല്ലിസമരം, നെല്ലിയാമ്പതി ഭൂമികയ്യേറ്റം, ആറലം സമരം, എസ്റ്റേറ്റ് സമരം, മുത്തങ്ങസമരം, ചെങ്ങറഭൂസമരം, ഒളകരയിലെസമരം, നിൽപ്പുസമരം , അരിപ്പഭൂസമരം, മൂർത്തിക്കുന്നിയിലെ ഭൂമിപിടിച്ചെടുക്കൽസമരം എന്നിങ്ങനെ ഭൂസമരങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഇവയൊക്കെത്തന്നെ കുടിയൊഴിപ്പിക്കലിനെതിരെയും ഭൂമിക്കുമേലുള്ള അവകാശങ്ങൾ സ്ഥാപിച്ചെടുക്കാനും നിഷേധിക്കപ്പെടുന്ന ഭൂമി കയ്യേറാനും അപഹരിക്കപ്പെട്ട ഭൂമി പിടിച്ചെടുക്കാനുമുള്ള ഒരുവിഭാഗം ജനങ്ങളുടെ അതിജീവനശ്രമങ്ങളാണ്. കുടിൽകെട്ടിസമരം, ഭൂമികയ്യേറൽ, നിരാഹാരം, സഹനസമരങ്ങൾ, പട്ടിണിജാഥ, ബന്ദിയാക്കൽ, കുടിൽകെട്ടി സമരം, ആത്മാഹുതി സമരം, നിൽപ്പ് സമരം, സെക്രട്ടറിയേറ്റ്-കളക്ടേറ്റ് മാർച്ച്, ധർണ്ണ തുടങ്ങിയ സമരമാർഗങ്ങളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

## സമരത്തിന്റെ പുതുഭാവങ്ങൾ

വ്യത്യസ്ത തലങ്ങളിൽ വ്യത്യസ്ത മാനങ്ങളിൽ സമരം പുതുരൂപമാർജിച്ചുകൊണ്ടേയിരിക്കുന്നു. അതിജീവനസമരങ്ങൾ, രാഷ്ട്രീയസമരങ്ങൾ, സ്ത്രീപാർശ്വവൽക്കൃതസമരങ്ങൾ, വിദ്യാർഥിസമരങ്ങൾ, പാരിസ്ഥിതികസമരങ്ങൾ, ആശയസമരങ്ങൾ എന്നിങ്ങനെ വ്യത്യസ്ത അടരുകളിൽ നിലയ്ക്കാത്ത പോരാട്ടങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. കേരളത്തിലുണ്ടായിട്ടുള്ള പ്രതിവിപ്ലവമാണ് വിമോചന സമരം. സമരമാർഗത്തെ ദുർവിനിയോഗം ചെയ്തതിന്റെ ഉദാഹരണമാണിത്. ജനകീയവിചാരണ, ജയിൽനിറയ്ക്കൽ സമരം, കളക്ടേറ്റ്-നിയമസഭ വളയൽ, സമരവിളംബരയാത്ര, ജനകീയസമരം, കുത്തിയിരിപ്പ് സമരം എന്നിവ മനുഷ്യാവകാശവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളവയാണ്. സമരം തീവ്രവിപ്ലവമാർഗം സ്വീകരിക്കുന്നത് നക്സലൈറ്റ് ആക്രമണങ്ങളിലാണ്. നക്സൽബാരി കാർഷിക കലാപത്തിൽ സായുധകലാപത്തിന്റെ പാതയാണ് സ്വീകരിച്ചത്. ആഗോളവൽക്കരണത്തിന്റെയും കുത്തകമുതലാളിത്തത്തിന്റെയും കാലത്ത് ഏറ്റവും കൂടുതലുണ്ടാവുന്നത് തൊഴിലിടങ്ങളിലെ സമരങ്ങളാണ്. അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും വേണ്ടിയാണ് സമരങ്ങളേറെയും ഉണ്ടാകുന്നത്. പണിമുടക്ക്, മിന്നൽപ്പണിമുടക്ക്, ഉപരോധം, ഘെരാവോ, ധർണ, ബന്ദ്, സൂചനാപണിമുടക്ക്, പെൻഡൗൺ സമരം, മാർച്ച്, സിനിമാബന്ദ്, കടയടപ്പ് സമരം എന്നിവയാണ് തൊഴിലാളികളുടെ സമരമുറകൾ. ഇതിൽ സർക്കാർ ജീവനക്കാരും സർക്കാരിതരജീവനക്കാരും ഉൾപ്പെടും. തൊഴിലാളിസമരങ്ങൾക്കെതിരെ ഇന്ത്യയിലും കേരളത്തിലും കോൺഗ്രസ്സ് സർക്കാർ പണിമുടക്ക് നിരോധിച്ചിട്ടുണ്ട്. കേരളത്തെ പുരോഗമനാത്മകമായി മുന്നോട്ടു നയിക്കുന്നതിൽ വിദ്യാർഥിസമരങ്ങൾക്കു വലിയ പങ്കുണ്ട്. പഠിപ്പുമുടക്ക്, ദേശീയപതാക കത്തിച്ച് സമരം, കരിങ്കൊടി കാണിക്കൽ, പ്രകടനം, സത്യഗ്രഹം, നിരാഹാരം, ഉപവാസം, സെക്രട്ടറിയേറ്റ് മാർച്ച്, വിദ്യാർഥിപ്രക്ഷോഭം, ഘെരാവോ, ചോര കൊണ്ട് ചിത്രംവരച്ച് പ്രതിഷേധം, കോടതിയിൽ കോലംകത്തിക്കൽ, പന്തൽക്കെട്ടി സമരം, തെരുവിലിറങ്ങി പ്രതിഷേധം, റോഡ് ഉപരോധം തുടങ്ങിയ സമരമാർഗങ്ങളാണ് വിദ്യാർഥിസമരങ്ങളിൽ പൊതുവേ സ്വീകരിച്ചു കാണുന്നത്. കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് വളരെ ശക്തമായ സ്ത്രീമുന്നേറ്റങ്ങളാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. സ്ത്രീനാടകങ്ങൾ അവതരിപ്പിക്കൽ, അടുക്കള പണിമുടക്ക്, രാത്രികൾ പിടിച്ചെടുക്കൽ, സ്ത്രീമർദ്ദകരെ കടന്നാക്രമിക്കൽ, നഗ്നതാപ്രതിഷേധം, ആർത്തവസമരം, ഇരിക്കൽസമരം, നിയമപോരാട്ടങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ സമരരീതികൾ ഇതിനായി സ്വീകരിച്ചു കാണുന്നു. പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട് ആശയസമരങ്ങളുടേതായ സമരമുറകൾ കാണാവുന്നതാണ്. പ്രകൃതിസംരക്ഷണ പ്രതിജ്ഞ, പോസ്റ്റർ പ്രചാരണം, ബോധവൽക്കരണം, സർഗാത്മകപ്രതിരോധങ്ങൾ, നിവേദനങ്ങൾ, ഹർജികൾ, പന്തംകൊളുത്തി പ്രകടനം, പ്രതിഷേധറാലികൾ, ഒപ്പുശേഖരണം, സെമിനാറുകൾ, ലഘുലേഖാവിതരണം, തെരുവുനാടകങ്ങൾ, സംവാദങ്ങൾ, പിക്കറ്റിങ്, ഉപവാസം, ഹർത്താൽ, പ്രതിഷേധക്കൂട്ടായ്മകൾ തുടങ്ങിയവ ഇക്കൂട്ടത്തിലുൾപ്പെടുന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിനും, ലിംഗപരമായ അസമത്വങ്ങൾക്കും, വ്യത്യസ്തനിലകളിൽ തുടരുന്ന ജാതീയമായ ഉച്ചനീചത്വങ്ങൾക്കുമെതിരെയുള്ള സമരങ്ങളും നടക്കുന്നുണ്ട്. ഉപരോധങ്ങൾ, രാപകൽ സമരം, പ്രതീകാത്മകസമരം, വായമൂടിക്കെട്ടി പ്രകടനം, കാൽനട യാത്രാസമരം, മനുസ്മൃതി കത്തിക്കൽ, ക്ഷേത്രത്തിലേക്ക് ചൂലുമായി പ്രതിഷേധം, മനുഷ്യച്ചങ്ങല, മനുഷ്യമതിൽ, റിലേ നിരാഹാരം, കൂട്ടധർണ, വഞ്ചിപ്പാലം സമരം, പനയെണ്ണ ബഹിഷ്കരണം, റിലേ സത്യഗ്രഹം, , പ്രതിഷേധദിനം ആചരിക്കൽ, ആക്രമണം, കണ്ണുകെട്ടി സമരം, കോലംകത്തിക്കൽ, പോസ്റ്റർ പ്രതിഷേധം, വഴിതടയൽ സമരം, ശയനപ്രദക്ഷിണസമരം തുടങ്ങിയവ ഇക്കൂട്ടത്തിലുൾപ്പെടുന്നു. സാമൂഹികമാധ്യമങ്ങൾ ലോകമടക്കിവാഴുന്ന കാലത്തിലൂടെയാണ് നാം


ജനകീയവിചാരണ, ജയിൽനിറയ്ക്കൽ സമരം, കളക്ടേറ്റ്-നിയമസഭ വളയൽ, സമരവിളംബരയാത്ര, ജനകീയസമരം, കുത്തിയിരിപ്പ് സമരം എന്നിവ മനുഷ്യാവകാശവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളവയാണ്. സമരം തീവ്രവിപ്ലവ മാർഗം സ്വീകരിക്കുന്നത് നക്സലൈറ്റ് ആക്രമണങ്ങളിലാണ്. നക്സൽബാരി കാർഷിക കലാപത്തിൽ സായുധകലാപത്തിന്റെ പാതയാണ് സ്വീകരിച്ചത്.

കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സത്യാനന്തര കാലമെന്നു വിളിക്കപ്പെടുന്ന ഇക്കാലത്തെ പ്രധാന സമരങ്ങളിലൊന്ന് സോഷ്യൽമീഡിയസമരങ്ങളാണ്. പ്രതിഷേധത്തിന്റെയും പിന്തുണയുടെയും ക്യാമ്പയ്നുകളുടെയും ഹാഷ്ടാഗുകളുടെയും രീതിയാണ് ഇതിനായി സ്വീകരിക്കുന്നത്. ചുംബനസമരം, ആലിംഗനസമരം, മാറുതുറക്കൽ സമരം, ശ്രീജിത്തിനൊപ്പം, ആലപ്പാടിനെ രക്ഷിക്കുക, ഒപ്പുമരം നവമാധ്യമകൂട്ടായ്മ എന്നിവയാണ് ഇക്കാലത്തുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സോഷ്യൽമീഡിയസമരങ്ങൾ. യഥാർഥത്തിൽ സമരങ്ങളുടെ പ്രചാരണോപാധിയെയാണ് ഇവയിലൂടെ ഉപയോഗപ്പെടുത്തുന്നത്. കൂടുതൽ ആളുകളിലേക്ക് വിവരങ്ങൾ എത്തിക്കുവാൻ സാധിക്കുന്നു എന്നത് ഇതിന്റെ മേന്മയാണ്. അതോടൊപ്പം നുണപ്രചാരണം ഇതിന്റെ മറ്റൊരു വശമാണ്. സമരലക്ഷ്യം കൈവരിക്കാൻ ഈ സമരമാർഗത്തിനു പലപ്പോഴും കഴിയാറില്ലയെന്നതും ഇതിന്റെ സവിശേഷതയാണ്.

## ഉപസംഹാരം

പ്രാചീനസാമ്രാജ്യങ്ങളിൽ സമരങ്ങൾ രൂപപ്പെടാൻ കാരണം അടിമത്തവ്യവസ്ഥയായിരുന്നു. അടിമത്തവും അടിയായ്മയും ജനങ്ങളുടെ ജീവിതത്തെ ദുരിതപൂർണമാക്കിത്തീർത്തപ്പോൾ ചെറുത്തുനിൽക്കാനുള്ള ശ്രമങ്ങളുണ്ടായി. സായുധസമരത്തിന്റെ രീതികളാണ് അതിനായി അവലംബിച്ചിരുന്നതെന്നത് സ്വാഭാവികമാണ്. മനുഷ്യരായിപ്പോലും പരിഗണിക്കാതെ പണിയെടുപ്പിച്ചിരുന്നവരിൽ നിന്നും മറ്റേതു സമരമാർഗമാണ് ഉയർന്നുവരിക. അതിനാൽത്തന്നെ ഈ സമരങ്ങളൊക്കെയും കലാപങ്ങളായാണ് ചിത്രീകരിക്കപ്പെട്ടത്. ഭരണകൂടം കലാപങ്ങളെന്നു മുദ്രകുത്തി സമരങ്ങളെ ക്രൂരമായി അടിച്ചമർത്താനും ഇല്ലായ്മചെയ്യാനും ശ്രമിച്ചപ്പോഴൊക്കെയും സായുധസമരരീതി കൂടുതലായി സ്വീകരിക്കേണ്ടിവന്നിരുന്നുവെന്നു മനസ്സിലാക്കാം. തുടർന്ന് ജനങ്ങൾ ചെറിയതോതിൽ സംഘടിച്ചു തുടങ്ങി. സമരങ്ങളിൽ നിന്നും മുദ്രാവാക്യങ്ങളുണ്ടായി. സ്വന്തം ജീവൻപോലും ത്യജിക്കാൻ ജനങ്ങൾ തയാറായി. രക്തസാക്ഷിത്വങ്ങൾ സമരങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി. ക്രമേണ കർഷകസമരങ്ങൾ രാഷ്ട്രീയസമരങ്ങളായി പരിണമിക്കാൻ തുടങ്ങി. മൃഗതുല്യരായി പണിയെടുപ്പിച്ചവരിൽ നിന്നും പൗരത്വത്തിലേക്കുള്ള ഉയർച്ചയാണ് സമരങ്ങളിലൂടെ അവർ നേടിയെടുത്തത്. ഒറ്റപ്പെട്ടസമരങ്ങൾ ബഹുജനസമരങ്ങളായിത്തീർന്നതോടെ അവയെ നയിക്കുവാൻ പ്രസ്ഥാനങ്ങളും നേതാക്കന്മാരും ഉണ്ടായി. സംഘടിതമായ സമരങ്ങളും സമരരീതികളും ഇക്കാലത്താണ് രൂപംകൊള്ളുന്നത്. ഭൂപ്രഭുക്കളും അടിമകളും തമ്മിലുള്ള വർഗസമരങ്ങൾ ശക്തിപ്പെട്ടതോടെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള സായുധസമരങ്ങളും സഹനസമരങ്ങളുമുണ്ടായി. ജനങ്ങൾ സംഘടിക്കാനും ഭരണസിരാകേന്ദ്രങ്ങളിലേക്ക് മാർച്ചു ചെയ്യാനും പ്രാപ്തരായി. നാട്ടുവാഴിത്തത്തിന്റെ സ്ഥാനത്ത് മുതലാളിത്തം കടന്നുവന്നതോടെ ഉൽപ്പാദകരായ ജനങ്ങളെ ഉൽപ്പാദനത്തിന്റെ ഉടമകളായ മുതലാളിമാർ ഉപകരണതുല്യമായി ചൂഷണം ചെയ്തു. ഇത് ബൂർഷ്വാസിയും തൊഴിലാളിയും തമ്മിലുള്ള വർഗസംഘട്ടനങ്ങളിലേക്ക് നയിച്ചു. തൊഴിലാളിസംഘടനകൾ രൂപീകരിക്കപ്പെടുന്നതും ലോകതൊഴിലാളിവർഗം ഒന്നിച്ച് തെരുവിലിറങ്ങുന്നതും ഇക്കാലത്താണ്. പണിമുടക്കും ജാഥയും പ്രതിഷേധപ്രകടനങ്ങളുമായിരുന്നു മുതലാളിത്തയുഗത്തിലെ പ്രധാന സമരമാർഗങ്ങൾ. മുതലാളിത്തയുഗത്തിൽ വർഗസമരവും ബൂർഷ്വാവിപ്ലവവും ഒരുപോലെ ശക്തിപ്പെടുകയും വ്യത്യസ്തമായ സമരങ്ങളാൽ ലോകഗതിയെ ചലനാത്മകമാക്കിത്തീർക്കുകയും ചെയ്തു. ബൂർഷ്വാവിപ്ലവത്തിന്റെ ഭാഗമായ യൂറോപ്യൻ നവോത്ഥാനം മതകേന്ദ്രീകൃതമായ വീക്ഷണങ്ങൾക്കും രാജത്വത്തിനും എതിരെ സമരത്തിലേർപ്പെട്ടു. ആശയസമരങ്ങളുടെയും സർഗാത്മകപ്രതിഷേധങ്ങളുടെയും ധാര ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. രാജാവിനെതിരെ ബൂർഷ്വാസി നടത്തുന്ന പ്രതിഷേധങ്ങളുടെ ഭാഗമായാണ് പോസ്റ്റർ പ്രചാരണം നടക്കുന്നത്. എന്നാൽ ബൂർഷ്വാവിപ്ലവത്തിനല്ല തൊഴിലാളിവർഗസമരങ്ങൾക്കാണ് ഭരണകൂടത്തെ തകർക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്നതും ചരിത്രവസ്തുതയാണ്. വിപ്ലവാനന്തരമുണ്ടാകുന്ന പ്രതിവിപ്ലവങ്ങളിലൂടെ സമരത്തുടർച്ചയാണ് വ്യക്തമാകുന്നത്. തൊഴിലാളികൾ വ്യവസായത്തൊഴിലാളി കളായിത്തീർന്നതോടെയാണ് സമരങ്ങൾക്ക് തീവ്രവിപ്ലവ സ്വഭാവം കൈവരുന്നത്. അക്കാലത്തെ സായുധസമരങ്ങളിൽ ഗറില്ലാസമരമുറകളും സ്വീകരിച്ചിരുന്നതായി കാണാം. തൊഴിലാളിവർഗം ശക്തിപ്പെടുന്നതിനനുസരിച്ച് ട്രേഡ് യൂണിയനുകൾ രൂപീകരിക്കപ്പെട്ടു. തൊഴിലാളിവർഗത്തിന് സംഘടനാബലം ബോധ്യപ്പെട്ടതോടെ അവർ ഭരണകൂടത്തിനെതിരെ തെരുവുകളിൽ പ്രകടനങ്ങൾ നടത്തി. കൂടാതെ പണികളിൽ നിന്നകന്നു നിൽക്കുക, ഹർജികൾ നൽകുക എന്നിവയുപകരം ഭൂവുടമകളെ കടന്നാക്രമിക്കാനും തയാറായി. തൊഴിലാളിവർഗശക്തിയെ കൂട്ടിയോജിപ്പിക്കാൻ ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക്ക് പാർട്ടിക്ക് സാധ്യമായതോടെ രാജ്യവ്യാപകമായ രാഷ്ട്രീയപണിമുടക്കിലൂടെ റഷ്യയിലെ ഒക്ടോബർവിപ്ലവം ബഹുജനസമരങ്ങൾക്കു പുതിയദിശാബോധം നൽകുന്നതും ലോകചരിത്രത്തിൽ കാണാം. അധിനിവേശവിരുദ്ധസമരങ്ങളോടൊപ്പം അതിശക്തമായ ജന്മിനാടുവാഴിത്തസമരങ്ങളും നടത്തേണ്ടിവന്ന ഒരു ജനതയാണ് ഇന്ത്യക്കാർ. ലോകത്തെല്ലായിടത്തുമെന്നപോലെ സായുധസമരത്തിന്റെ പാതയാണ് ഇന്ത്യൻ ജനതയും ആദ്യകാലത്ത് സ്വീകരിച്ചത്. ഒറ്റപ്പെട്ട പോരാട്ടങ്ങളായിരുന്നു അവയൊക്കെയും. തുടർന്നു വരുമ്പോൾ അഹിംസയിലധിഷ്ഠിതമായ സഹനസമരത്തിന്റെയും തീവ്രവിപ്ലവസ്വഭാവമുള്ള സായുധസമരത്തിന്റെയും വ്യത്യസ്ത സമരധാരകളിവിടെ കാണാവുന്നതാണ്. സത്യഗ്രഹം, നിരാഹാരം, നി

പ്രാചീന സാമ്രാജ്യങ്ങളിൽ സമരങ്ങൾ രൂപപ്പെടാൻ കാരണം അടിമത്തവ്യവസ്ഥയായിരുന്നു. അടിമത്തവും അടിയായ്മയും ജനങ്ങളുടെ ജീവിതത്തെ ദുരിതപൂർണമാക്കിത്തീർത്തപ്പോൾ ചെറുത്തുനിൽക്കാനുള്ള ശ്രമങ്ങളുണ്ടായി. സായുധസമരത്തിന്റെ രീതികളാണ് അതിനായി അവലംബിച്ചിരുന്നതെന്നത് സ്വാഭാവികമാണ്.



*റഷ്യൻ വിപ്ലവം*

സ്സഹകരണം, നിയമലംഘനം, പ്രതിഷേധ പ്രകടനങ്ങൾ എന്നിവയോടൊപ്പം വിപ്ലവപ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും രക്തസാക്ഷിത്വങ്ങളുമുണ്ടായി. നവോത്ഥാനത്തിന്റെ ഭാഗമായാണ് ആശയ സമരങ്ങളിവിടെയും ഉടലെടുക്കുന്നത്. സമരങ്ങൾക്കെതിരെ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഒരു രാജ്യമാണ് ഇന്ത്യയെന്നറിയുമ്പോൾ ഭരണകൂടം സമരങ്ങളെ എത്രമേൽ ഭയപ്പെടുന്നുവെന്നു മനസ്സിലാക്കാം. സമകാലിക ഇന്ത്യയിൽ അതിനുള്ള ഉത്തമോദാഹരണമാണ് കാർഷികഭേദഗതിനിയമത്തിനെതിരെ നടന്ന കർഷകത്തൊഴിലാളിസമരത്തിനു മുന്നിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടത്. കേരളത്തിന്റെ സമരചരിത്രത്തിലേക്കെത്തുമ്പോൾ പല വിഭാഗങ്ങളായി ചിതറിക്കിടന്നിരുന്ന ജനങ്ങൾ അവർ നടത്തിയ നിരന്തരപോരാട്ടങ്ങളിലൂടെ മുന്നേറുന്നത് കാണാം. കേരളജനതയ്ക്ക് മാതൃകാപരമായ സമരമാർഗങ്ങൾ കാട്ടിക്കൊടുത്തത് അയ്യങ്കാളിയാണ്. നിഷേധിക്കപ്പെട്ട അവകാശങ്ങൾ വിവിധതരം ലംഘനങ്ങളിലൂടെ നേടിയെടുക്കാനുള്ള ശ്രമങ്ങൾ സമരകേരളത്തിലിന്നോളം കാണാൻ കഴിയും. സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലാണ് കേരളത്തിൽ തീവ്രപ്രക്ഷോഭങ്ങളിലൂടെ സമരം വിപ്ലവസ്വഭാവമാർജിക്കുന്നത്. ആദിവാസിഭൂസമരങ്ങളിലൂടെ അതിജീവനത്തിന്റെ നിസ്സഹായമായ സമരമാർഗങ്ങളും ചരിത്രത്തിൽ കാണാം. സ്ത്രീപാർശ്വവൽക്കൃതസമരങ്ങൾ, പാരിസ്ഥിതികസമരങ്ങൾ, വിദ്യാർഥിസമരങ്ങൾ, രാഷ്ട്രീയസമരങ്ങൾ തുടങ്ങി നിരവധി തലങ്ങളിലായി വ്യത്യസ്ത സമരമാർഗങ്ങളിലൂടെ മനുഷ്യരുടെ ജീവിതപോരാട്ടം തുടരുകയാണ്.

ആദിവാസിഭൂസമരങ്ങളിലൂടെ അതിജീവനത്തിന്റെ നിസ്സഹായമായ സമരമാർഗങ്ങളും ചരിത്രത്തിൽ കാണാം. സ്ത്രീപാർശ്വവൽക്കൃതസമരങ്ങൾ, പാരിസ്ഥിതിക സമരങ്ങൾ, വിദ്യാർഥിസമരങ്ങൾ, രാഷ്ട്രീയസമരങ്ങൾ തുടങ്ങി നിരവധി തലങ്ങളിലായി വ്യത്യസ്ത സമരമാർഗങ്ങളിലൂടെ മനുഷ്യരുടെ ജീവിതപോരാട്ടം തുടരുകയാണ്.

## സഹായകഗ്രന്ഥങ്ങൾ

1) ഗണേഷ്. കെ. എൻ, കേരളത്തിന്റെ ഇന്നലെകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018
2) ഗോവിന്ദൻ മാസ്റ്റർ എം. വി, കർഷകത്തൊഴിലാളിപ്രസ്ഥാനം ചരിത്രം വർത്തമാനം, ചിന്ത പബ്ലിഷേഴ്സ്, 2017
3) ചന്ദ്രിക സി. എസ്, കേരളത്തിന്റെ സ്ത്രീചരിത്രമുന്നേറ്റങ്ങൾ, ഡി. സി ബുക്സ്, 2017
4) ഥാപ്പർ റൊമില, ആദിമ ഇന്ത്യാചരിത്രം, വിവ. പി. കെ ശിവദാസ്, ഡിസി ബുക്സ്, 2018
5) നാരായണൻ നായർ പി, സമകാലിക ഭാരതചരിത്രം (പരിഭാഷ), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1974
6) ബിജുരാജ്. ആർ കെ, സമരകേരളം, പ്രണത ബുക്സ്, 2018
7) ഭാസ്കരപ്പണിക്കർ പി. ടി (എഡിറ്റർ), ലോകചരിത്രം (പരിഭാഷ), പ്രഭാതം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ്, 1977
8) രാധാകൃഷ്ണൻ ആർ. ഡോ, കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളുബൻ പബ്ലിക്കേഷൻസ്, 2012

*(mayachempakam07@gmail.com)*



# കാലാവസ്ഥാവ്യതിയാനവും നീതിയും

ഡോ. രതീഷ് മോൻ പി.

കേരളത്തിൽ പാരിസ്ഥിതികദുരന്തങ്ങൾ മുൻപെങ്ങുമില്ലാത്തവണ്ണം വർധിച്ചുവരികയാണ്. 'മനുഷ്യന്റെ' വിവിധ ഉൽപ്പാദന-ഉപഭോഗ പ്രവർത്തനങ്ങളുടെ ഫലമായി കാലാവസ്ഥയിൽ വരും വർഷങ്ങളിലും കാര്യമായ മാറ്റങ്ങൾ സംഭവിച്ചേക്കാമെന്നും അത് ഭൂമിയിൽ ജീവിതം കൂടുതൽ ദുസ്സഹമാക്കുമെന്നും അടുത്തിടെ പുറത്തുവന്ന IPCC യുടെ ആറാമത്തെ സ്പെഷ്യൽ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി പ്രകൃതിദുരന്തങ്ങളുടെ എണ്ണത്തിലും തീവ്രതയിലും ശ്രദ്ധേയമായ വർധനവാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്, അവയുടെ സാമ്പത്തിക, സാമൂഹികമാനങ്ങൾ പല നിലകളിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഒന്നാണെങ്കിലും നീതിയുടെ വീക്ഷണകോണിൽനിന്നും പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനവും അധികമൊന്നും വിശകലനം ചെയ്യപ്പെട്ടിട്ടില്ല. 2017 മുതലിങ്ങോട്ട് കേരളത്തിൽ മഴയുടെ വിതരണത്തിലും തീവ്രതയിലും വന്ന വ്യതിയാനത്തിന്റെ ഫലമായുണ്ടായ പ്രളയങ്ങളുടെയും ഉരുൾപൊട്ടലുകളുടെയും പശ്ചാത്തലത്തിൽ കാലാവസ്ഥാനീതിയെക്കുറിച്ചു(Climatic Justice) ഒരു ആലോചന മുന്നോട്ടുവയ്ക്കുകയാണ് ഈ ലേഖനം.

കഴിഞ്ഞ ഏതാനും ദശകങ്ങളായി കാലാവസ്ഥാവ്യതിയാനവും അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങളും ലോകത്താകമാനം വിപുലമായിത്തന്നെ പഠിക്കപ്പെടുന്ന ഒന്നാണ് (Krishnan et al. 2000; Maslin 2004; Pai et al. 2014; Singh et al. 2015; Sovacool and Linnér 2016). ഇന്റർനാഷണൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC) ന്റെ ആറാമത്തെ സ്പെഷ്യൽ റിപ്പോർട്ട് പുറത്തുവന്നുതുടങ്ങിയ സാഹചര്യത്തിൽ അത്തരം ചർച്ചകൾ വീണ്ടും സജീവമാവുകയാണ്. ആഗോളതാപനവും, കാലാവസ്ഥാവ്യതിയാനവും, അതുമായി ബന്ധപ്പെട്ട ദുരന്തങ്ങളും ഭൗതിക പരിസ്ഥിതിയുടെ സ്വാഭാവിക പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെട്ടതല്ലെന്നും വ്യാവസായികവിപ്ലവാനന്തരം ജൈവഇന്ധനത്തിന്റെ ഉപയോഗത്തിലുണ്ടായ വിപ്ലവാത്മകമായ വർധനവിന്റെ ഫലമാണെന്നും ശാസ്ത്രലോകം സംശയലേശമന്യേ IPCC യുടെ ഭൗതികശാസ്ത്ര അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിൽ പറഞ്ഞുവയ്ക്കുന്നുണ്ട്.



എന്നാൽ, കാലാവസ്ഥാവ്യതിയാനത്തെ സംബന്ധിക്കുന്ന മുഖ്യധാരാപഠനങ്ങൾ ഒന്നുംതന്നെ അവയുടെ രാഷ്ട്രീയസാമ്പത്തികമാനങ്ങളെയോ, കാലാവസ്ഥാവ്യതിയാനത്തിന് കാരണമാവുന്ന $CO_2$ പുറംതള്ളലിലെ അനീതിയെക്കുറിച്ചോ, കാലാവസ്ഥാദുരന്തങ്ങളുടെ കെടുതികൾ പേറുന്ന മനുഷ്യർ നേരിടുന്ന പാരിസ്ഥിതികവും (environmental injustice) ഇടപരവും (Spatial Injustice) കാലാവസ്ഥാപരവുമായ (Climatic Injustice) അനീതികളേയോ കുറിച്ച് ചർച്ച ചെയ്തു കാണുന്നില്ല. കാലാവസ്ഥാവ്യതിയാനത്തെ മൂല്യരഹിതമായതും, "മുഴുവൻ മനുഷ്യരുടെ" (Human Induced) പ്രവർത്തനഫലമായി രൂപപ്പെടുന്നതുമായ പ്രതിഭാസമായിട്ടാണ് അത്തരം പഠനങ്ങൾ പരിഗണിച്ചുകാണുന്നത് (Murthy et al. 2016, 2017; Pandey et al. 2015; Tanner et al. 2018). സാങ്കേതികവിദ്യാകേന്ദ്രീകൃതമായ ദുരന്ത ലഘൂകരണ നടപടികൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള മുഖ്യധാരാപഠനങ്ങൾ പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുവാൻ പല നിലകളിൽ സഹായകമാണ്, അത്തരം പഠനങ്ങളോടൊപ്പംതന്നെ കാലാവസ്ഥാവ്യതിയാനത്തെയും അതിന്റെ കാരണങ്ങളെയും അനന്തരഫലങ്ങളെയും നീതിയുടെ വീക്ഷണകോണിൽനിന്നുകൂടി വിലയിരുത്തേണ്ടതുണ്ട് എന്നാൽ മാത്രമേ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് ഇരയാവുന്ന മനുഷ്യർ അനുഭവിക്കുന്ന ഇടപരവും (Spatial Injustice), പാരിസ്ഥിതികവും (Environmental injustice), കാലാവസ്ഥാപരവുമായ(Climatic injustice) അനീതികളെ മനസ്സിലാക്കുവാനും ഏതുതരത്തിലാണ് കാലാവസ്ഥാവ്യതിയാനവും അനുബന്ധ ദുരന്തങ്ങളും നീതിയുടെ കൂടി ഒരു പ്രശ്നമാവുന്നത് എന്നും മനസ്സിലാക്കാനും സാധിക്കും.

## കാലാവസ്ഥാനീതി

കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ സമൂഹത്തിലെ ഒരു വിഭാഗം മനുഷ്യർ മാത്രം അനുഭവിക്കേണ്ടിവരുന്നു എന്ന നിരീക്ഷണമാണ് കാലാവസ്ഥാനീതി എന്ന ആശയത്തിന്റെ അടിസ്ഥാനം. Climate Change and Society: A Sociological Perspective എന്ന പുസ്തകത്തിൽ Sharon L. Harlan നും കൂട്ടരും കാലാവസ്ഥാവ്യതിയാനം ഒരു നീതിസംബന്ധമായ വിഷയമാണ് എന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. മൂന്ന് കാരണങ്ങളാണ് ഈ വാദത്തിനു അനുകൂലമായി അവർ ഉയർത്തികാണിക്കുന്നത്, ഒന്നാമതായി സാമൂഹിക അസമത്വമാണ് കാലാവസ്ഥാവ്യതിയാനത്തിലേക്ക് നയിക്കുന്നത് എന്ന വസ്തുതയാണ്; സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന മനുഷ്യർ വളരെ കുറഞ്ഞ അളവിൽ മാത്രമാണ് കാലാവസ്ഥാവ്യതിയാനത്തിന് കാരണമാവുന്ന ജൈവഇന്ധനം ഉപയോഗിക്കുന്നത്. രണ്ടാമതായി പ്രാദേശികതലം മുതൽ ആഗോളതലംവരെ കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ സമ്പന്നരും ദരിദ്രരും അസമമായാണ് അനുഭവിക്കുന്നത്. മൂന്നാ

കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ സമൂഹത്തിലെ ഒരു വിഭാഗം മനുഷ്യർ മാത്രം അനുഭവിക്കേണ്ടിവരുന്നു എന്ന നിരീക്ഷണമാണ് കാലാവസ്ഥാനീതി എന്ന ആശയത്തിന്റെ അടിസ്ഥാനം.

**കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി പ്രകൃതിദുരന്തങ്ങളുടെ എണ്ണത്തിലും തീവ്രതയിലും ശ്രദ്ധേയമായ വർധനവാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്, അവയുടെ സാമ്പത്തിക, സാമൂഹികമാനങ്ങൾ പല നിലകളിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഒന്നാണെങ്കിലും നീതിയുടെ വീക്ഷണകോണിൽനിന്നും പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനവും അധികമൊന്നും വിശകലനം ചെയ്യപ്പെട്ടിട്ടില്ല.**

മതായി കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ തയാറാക്കപ്പെടുന്ന പദ്ധതികളുടെയും, സാങ്കേതികവിദ്യകളുടേയുമെല്ലാം പ്രത്യാഘാതങ്ങൾ സമ്പന്നവും ദരിദ്രവുമായ സമൂഹങ്ങളിൽ വ്യത്യസ്തമാണ് (Harlan, et al. 2015). ചരിത്രപരമായി പാർശ്വവൽക്കൃതരായ മനുഷ്യരിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ പ്രത്യാഘാതങ്ങൾ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ വലുതായിരിക്കും. അത് തുല്യമായോ, ന്യായമായോ അല്ല സമ്പന്നരിലും -ദരിദ്രരിലും വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്. ദരിദ്രർ, കറുത്തവർഗക്കാർ, ആദിവാസികൾ, സ്ത്രീകൾ, പ്രായമായവർ, കുട്ടികൾ എന്നിവർ കൊടുങ്കാറ്റ്, പ്രളയങ്ങൾ, കാട്ടുതീ, തീരശോഷണം, വായുമലിനീകരണം, ജല ദൗർലഭ്യം, ഭക്ഷ്യക്ഷാമം എന്നിവയ്ക്ക് കൂടുതൽ ഇരകളാവുന്നു (UN, 2019). കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ വർധിച്ചുവരുന്ന പാരിസ്ഥിതിക ദുരന്തങ്ങളിലും ഈ അനീതി പ്രകടമാണ്. ആദിവാസികളും തോട്ടം തൊഴിലാളികളും തീരദേശവാസികളുമെല്ലാം പ്രളയങ്ങളിലും ഉരുൾപൊട്ടലുകളിലും ചുഴലിക്കാറ്റുകളിലുമെല്ലാം മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് കൂടുതൽ ദുരിതമനുഭവിക്കുന്നവരാണ്. എന്നാൽ ഇതിൽ പലസമൂഹങ്ങളും കാർബൺ ന്യൂട്രൽ സമൂഹങ്ങളോ കാലാവസ്ഥാവ്യതിയാനത്തിന് കാരണമാവുന്ന ഹരിതഗൃഹ വാതകങ്ങളുടെ പുറം തള്ളലിൽ വളരെ ചെറിയ പങ്കുമാത്രം വഹിക്കുന്നവരോ ആണ്.

## കാലാവസ്ഥാവ്യതിയാനം

2040 ആവുന്നതോടെ ഭൂമിയുടെ ശരാശരി ഉപരിതല താപനില വ്യാവസായികവിപ്ലവത്തിന് മുമ്പുണ്ടായിരുന്നതിനേക്കാൾ 1. 5°C വർധിക്കുമെന്നും, കൃത്യമായ നിയന്ത്രണങ്ങളിലൂടെ ഇത് സാവധാനത്തിൽ കുറച്ചുകൊണ്ടുവരേണ്ടത് മനുഷ്യരാശിയുടെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്തതാണ് എന്ന മുന്നറിയിപ്പാണ് IPCC യുടെ ആറാമത്തെ റിപ്പോർട്ട് നൽകുന്നത്. കഴിഞ്ഞ 125000 വർഷങ്ങൾക്കിടയിലെ ഏറ്റവും ചൂടേറിയ ദശകമാണ് കഴിഞ്ഞുപോയതെന്ന് NASA യിലെ പാലിയോക്ലൈമറ്റോളജിസ്റ്റായ Gavin Schmidt 2017 ൽ അഭിപ്രായപ്പെടുകയുണ്ടായി. 1951 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ അന്തരീക്ഷ ഊഷ്മാവിലുണ്ടായ വർധനവിന്റെ പകുതിയിലധികവും "മനുഷ്യജന്യമാണ്" (AR 5IPCC ). "മനുഷ്യജന്യമായ" $CO_2$ പുറംതള്ളലിന്റെ ഫലമായി ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഉപരിതല ഊഷ്മാവ് ദശാബ്ദാടിസ്ഥാനത്തിൽ വർധിക്കുന്നുണ്ടെന്നും, വരും കാലങ്ങളിൽ അതിതീവ്ര കാലാവസ്ഥാപ്രതിഭാസങ്ങൾക്ക് ഇത് കാരണമായേക്കുമെന്നും IPCC റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. 2018 ജൂൺ 28ന് ലോകബാങ്ക് പുറത്തിറക്കിയ പത്രക്കുറിപ്പുപ്രകാരം 2050 ആവുമ്പോഴേക്കും ഇന്ത്യയുൾപ്പെടുന്ന മേഖലകളിൽ ശരാശരി അന്തരീക്ഷഊഷ്മാവ് 1°C മുതൽ 2°C വരേയും പശ്ചിമഘട്ടത്തിലെ കുറഞ്ഞ അന്തരീക്ഷ ഊഷ്മാവ് 1°C മുതൽ 4. 5°C വരെയും ഉയർന്നേക്കാം. അറബിക്കടലും ബംഗാൾ ഉൾക്കടലും ഉൾപ്പെടുന്ന ഇന്ത്യൻ മഹാസമുദ്രം ആഗോള ശരാശരിയേക്കാൾ വേഗത്തിൽ ചൂടുപിടിക്കുകയും ഇത് ഇന്ത്യയുടെ കാലാവസ്ഥയെ സാരമായി ബാധിക്കുകയും മൺസൂൺ മഴ ശക്തിപ്പെടുകയും ചെയ്തേക്കാം(IPCC, 2018). വിനാശകാരികളായ പ്രകൃതിദുരന്തങ്ങളുടെ പട്ടികയിൽ മുന്നിൽ നിൽക്കുന്ന ഒന്നാണ് ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ (OP and Khan 2001), ലോകത്താകമാനം രൂപപ്പെടുന്ന ഉഷ്ണമേഖലാ ചുഴലിക്കാറ്റുകളിൽ ഏതാണ്ട് 7 % ത്തോളം രൂപപ്പെടുന്നത് ഉത്തര ഇന്ത്യൻ മഹാസമുദ്രത്തിലാണ് (Sushil Gupta 2019). 1877 മുതൽ 1998 വരെയുള്ള 122 വർഷങ്ങൾക്കിടയിൽ ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപപ്പെട്ട ഉഷ്ണമേഖലാ ചക്രവാതങ്ങളുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ ഒ. പി സിംഗിന്റെ നേതൃത്വത്തിൽ നടന്ന പഠനത്തിൽ നവംബർ-മേയ് മാസങ്ങളിൽ ഉത്തര ഇന്ത്യൻ മഹാസമുദ്രത്തിൽ ചുഴലിക്കാറ്റുകളുടെ എണ്ണത്തിൽ വർധനവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട് (Singh and Khan 2001). ഈ കാലയളവിൽ ബംഗാൾ ഉൾക്കടലിൽ ഉഷ്ണമേഖലാ ചുഴലിക്കാറ്റുകളുടെ എണ്ണത്തിൽ രണ്ടിരട്ടി വർധനവുണ്ടായതായും, ചുഴലിക്കാറ്റുകളുടെ തീവ്രതയിൽ 17% ത്തോളം വർധനവുണ്ടായതായും ഈ പഠനം ചൂണ്ടിക്കാണിക്കുന്നു (OP and Khan 2001).

## കാലാവസ്ഥാവ്യതിയാനവും കേരളവും

ഒരു ദശാബ്ദത്തിനപ്പുറം ഹിമക്കരടികളും, വെള്ളക്കടുവകളുമായിരുന്നു കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ നിറഞ്ഞുനിന്നിരുന്നതെങ്കിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ മനുഷ്യജീവനും അവരുടെ ജീവനോപാധികളും ആ വ്യവഹാരത്തിനകത്ത് ഗൗരവകരമായി ചർച്ചചെയ്തു തുടങ്ങിയിരിക്കുന്നു. 2017 ൽ കേരളത്തിന്റെ തീരദേശ ജില്ലകളെയാകെ ബാധിച്ച ഓഖിയും, 2018, 19, 20 വർഷങ്ങളിലുണ്ടായ പ്രളയങ്ങളും ഉരുൾപൊട്ടലുകളും ഒടുവിൽ 2021 മെയ്മാസം കേരളതീരത്തു നാശംവിതച്ച ടൗട്ടെ ചുഴലിക്കാറ്റും ഒക്ടോബർ മാസത്തിൽ ഇടുക്കിയിലും കോട്ടയത്തും നടന്ന ഉരുൾപൊട്ടലുകളും ഇത്തരത്തിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങളുടെ ജീവനെയും സ്വത്തിനെയും നേരിട്ട് ബാധിച്ച പ്രതിഭാസങ്ങളിൽ പ്രധാനപ്പെട്ടവയാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുണ്ടാവുന്ന ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഈ വർഷവും കേരളം കൈക്കൊള്ളേണ്ടതുണ്ട് എന്ന മുന്നറിയിപ്പാണ് വിവിധ കാലാവസ്ഥാപഠനവിഭാഗങ്ങളിൽ നിന്നും കഴിഞ്ഞ ഏതാനും ആഴ്ചകളായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ പൊതുസ്വഭാവങ്ങളിൽ പ്രവചനാതീതമായ മാറ്റങ്ങളാണ് കഴിഞ്ഞ ഏതാനും



ഒരു ദശാബ്ദത്തിനപ്പുറം ഹിമക്കരടികളും, വെള്ളക്കടുവകളുമായിരുന്നു കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ നിറഞ്ഞുനിന്നിരുന്നതെങ്കിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ മനുഷ്യജീവനും അവരുടെ ജീവനോപാധികളും ആ വ്യവഹാരത്തിനകത്ത് ഗൗരവകരമായി ചർച്ചചെയ്തു തുടങ്ങിയിരിക്കുന്നു.

വർഷങ്ങളായി കണ്ടുകൊണ്ടിരിക്കുന്നത്. മെയ് 19 ന് ഇന്ത്യൻ കാലാവസ്ഥാകേന്ദ്രം പുറത്തിറക്കിയ കാലാവസ്ഥാപ്രവചനപ്രകാരം 2022 മെയ് 12 നും 18 നും ഇടയിൽ മാത്രം കേരളത്തിൽ 237% മഴയാണ് കൂടുതൽ ലഭിച്ചത്. ഇടവപ്പാതി വരെ ഈ മഴ തുടർന്നേക്കാം എന്നുമാണ് നിലവിലെ കാലാവസ്ഥാപ്രവചന മോഡലുകൾ സൂചിപ്പിക്കുന്നത്.

കാലാവസ്ഥയുടെ പ്രധാന ഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, മഴയുടെ ക്രമം, അളവ്, തീവ്രത തുടങ്ങിയവയിലെല്ലാംതന്നെ സമീപകാലങ്ങളിൽ വ്യക്തമായ വ്യത്യാസങ്ങൾ പ്രകടമാണ്. The Kerala State Action Plan on Climate Change (2014) പ്രകാരം കഴിഞ്ഞ 50 വർഷങ്ങൾക്കിടയിൽ കേരളത്തിലെ ശരാശരി ഉയർന്ന അന്തരീക്ഷ താപനില 0. 8 °C ഉം ശരാശരി കുറഞ്ഞ താപനില 0. 2 °C ഉം കുറയുകയുണ്ടായി. കേരള കാർഷിക സർവകലാശാലയുടെ ഇടുക്കി പാമ്പാടും ചോലയിലെയും, വയനാട് അമ്പലവയലിലെയും പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ ശേഖരിച്ച കണക്കുകൾ പ്രകാരം 1984 മുതൽ 2009 വരെയുള്ള 25 വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ മലയോര മേഖലകളിലെ ഉയർന്ന താപനിലയിൽ 1. 4 °C വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട് (Gopakumar 2011). പൊതുവിൽ കേരളത്തിന്റെ തീരദേശങ്ങൾ മുതൽ ഉയർന്ന പ്രദേശങ്ങളിൽ വരെ അന്തരീക്ഷ ഊഷ്മാവിന്റെ ഈ വർധനവ് വിവിധ പഠനങ്ങളിൽ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വൻകര ഭാഗങ്ങൾക്ക് പുറമേ കേരളത്തോട് ചേർന്ന് കിടക്കുന്ന അറബിക്കടലിലെ പ്രാദേശിക ഊഷ്മാവും, ഉപരിതല ഊഷ്മാവും കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്(Woodruff et al. 2005). സമുദ്രോപരിതലത്തിൽ അനുഭവപ്പെടുന്ന ഈ ഊഷ്മാവിലെ വർധനവ് കേരളത്തിന്റെ കാലാവസ്ഥയിൽ സാരമായ മാറ്റങ്ങൾ വരുത്താൻ പോന്നവയാണ്.

120 വർഷങ്ങൾക്കിടയിലെ ഏറ്റവും ഉയർന്ന തുലാവർഷമാണ് 2021 ൽ കേരളത്തിൽ ലഭിച്ചത്, കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ കേരളത്തിൽ മഴയുടെ അളവിലും തീവ്രതയിലും ശ്രദ്ധേയമായ മാറ്റങ്ങൾ സംഭവിച്ചതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഓർത്തെടുക്കാൻ കഴിയാത്തത്ര ഉരുൾപൊട്ടലുകളും ചുഴലിക്കാറ്റുകളും പ്രളയങ്ങളും സംഭവിച്ച വർഷങ്ങളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ആഗോളകാലാവസ്ഥയുമായി വലിയതോതിൽ ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ് മൺസൂൺ കാലാവസ്ഥ, ആഗോളകാലാവസ്ഥയിൽ വരുന്ന ചെറിയമാറ്റങ്ങൾപോലും കേരളത്തിൽ ലഭിക്കുന്ന മൺസൂൺ മഴയുടെ അളവിൽ പ്രകടമായ മാറ്റങ്ങൾക്കു കാരണമായേക്കാം. കേരളത്തിൽ ആകെ ലഭിക്കുന്ന മഴയിൽ ഏതാണ്ട് 68% വും തെക്കു പടിഞ്ഞാറൻ മൺസൂണിൽനിന്നാണ് (ഇടവപ്പാതി). 1981 മുതൽ 2005 വരെയുള്ള കാലഘട്ടങ്ങളിൽ കേരളത്തിൽ ലഭിച്ച ഇടവപ്പാതിയിൽ കാര്യമായ കുറവുണ്ടായതായും തുലാവർഷത്തിൽ കാര്യമായ വർധനവുണ്ടായതായും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (Guhathakurta and Rajeevan 2007; Krishnakumar et al. 2009; Rupa et al. 1992). കഴിഞ്ഞ 60 വർഷത്തെ കണക്കുകൾ പ്രകാരം ഇന്ത്യൻ തീരത്ത് ഇടവപ്പാതി നേരത്തെ എത്തുകയും നേരത്തെ പിൻവാങ്ങുകയും ചെയ്യുന്നതായി കാണാം. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ലഭിക്കുന്ന ഇടവപ്പാതിയുടെ അളവിൽ 15-മുതൽ 20 % വരെ കുറവുണ്ടായിട്ടുണ്ട്(Soman et al. 1988), പ്രത്യേകിച്ചും തെക്കൻ ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിൽ (Joseph and Simon 2005). 1901 മുതലുള്ള നൂറു വർഷങ്ങൾക്കിടയിൽ കേരളത്തിൽ ലഭിച്ച ഇടവപ്പാതിയിൽ 12% ത്തിന്റെ കുറവു രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ തെക്കൻ ജില്ലകളിലാണ് ഈ കുറവ് ഏറെ പ്രകടമായിട്ടുള്ളത്, ഏതാണ്ട് 360mm

മഴയുടെ കുറവാണ് ഈ പ്രദേശത്തു രേഖപ്പെടുത്തിയിട്ടുള്ളത്(Thomas 2005). ഈ കാലയളവിൽ സംസ്ഥാനത്തു ലഭിക്കുന്ന മഴയുടെ അളവിലും മഴയുള്ള ദിവസങ്ങളുടെ എണ്ണത്തിലും കുറവുണ്ടായി, മഴയുള്ള ദിവസങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് മഴയുടെ തീവ്രത വർധിക്കാൻ ഇടയായി. കുറച്ചു ദിവസങ്ങളിൽ ലഭിക്കുന്ന അതി തീവ്രമായ മഴ സമീപകാലത്തു രൂപപ്പെട്ടുവന്നിട്ടുള്ള പ്രളയങ്ങൾക്കും വർധിച്ചുവരുന്ന ഉരുൾപൊട്ടലുകൾക്കും കാരണമാവുന്നതായി കാണാവുന്നതാണ്.

## വർധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങൾ

1882 ഒക്ടോബർ 4-ന് കോട്ടയം ജില്ലയിലെ മേലടുക്കം എന്ന സ്ഥലത്താണ് കേരളത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യ ഉരുൾപൊട്ടൽ നടക്കുന്നത്, കോട്ടയം ജില്ലയിലെ തന്നെ കൊടിയത്തൂരിൽ 1949 ൽ നടന്ന ഉരുൾപൊട്ടലിൽ ആ പ്രദേശത്തെ ജനങ്ങളാണ് ഈ പ്രതിഭാസത്തിനു "ഉരുൾപൊട്ടൽ " എന്ന പേര് നൽകിയത് (Premlet 2019). കേരളത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ എല്ലാ മഴക്കാലങ്ങളിലും ചെറുതും വലുതുമായ മണ്ണിടിച്ചിലുകളും ഉരുൾപൊട്ടലുകളും ഉണ്ടാവാറുണ്ട്, എന്നാൽ സമീപകാലങ്ങളിൽ മഴയുടെ വിതരണത്തിലും തീവ്രതയിലും ഉണ്ടായ മാറ്റം ശക്തമായ ഉരുൾപൊട്ടലുകൾക്ക് കാരണമാവുന്നു. കുറഞ്ഞസമയത്തിനുള്ളിൽ ലഭിക്കുന്ന അതിശക്തമായ മഴ 2018 മുതൽ ഇങ്ങോട്ട് നിരവധി ഉരുൾപൊട്ടലുകൾക്ക് കാരണമായി. 2018 ൽ കേരളത്തിലെ പതിനാല് ജില്ലകളിൽ പത്തുണ്ണെണ്ണത്തിലും ഉരുൾപൊട്ടലുകളുണ്ടായി (Premlet 2019). അയ്യായിരത്തിലധികം ഉരുൾപൊട്ടലുകളാണ് ആ വർഷം സംസ്ഥാനത്താകമാനം ഉണ്ടായത്. ഇടുക്കി, വയനാട് ജില്ലകളിൽ മാത്രം 4000 ലധികം ഉരുൾപൊട്ടലുകളുണ്ടായി(Premlet 2019), പ്രളയത്തിലും ഉരുൾപൊട്ടലിലുമായി സംസ്ഥാനത്തു 480 ആളുകൾക്ക് ജീവൻ നഷ്ടമായി, ഇതിൽ 155 എണ്ണം ഉരുൾപൊട്ടലുകളിൽ മാത്രമായിരുന്നു. സമീപകാലചരിത്രത്തിലെ ഏറ്റവും വിനാശകാരിയായ ഉരുൾപൊട്ടലുകളായിരുന്നു വയനാട് ജില്ലയിലെ പുത്തുമലയിലും, മലപ്പുറം ജില്ലയിലെ കവളപ്പാറയിലും, ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലും നടന്നത്. കനത്ത മഴയെത്തുടർന്നാണ് ഈ ഉരുൾപൊട്ടലുകൾ എല്ലാം ഉണ്ടായത്. സ്വാഭാവിക വനം വെട്ടിമാറ്റി ഏകവിളതോട്ടങ്ങൾ നിർമിച്ച പ്രദേശത്തായിരുന്നു എല്ലാം. 59 ജീവനുകളാണ് കവളപ്പാറ ഉരുൾപൊട്ടലിൽ നഷ്ടമായത്. ഔദ്യോഗിക കണക്കുകൾ പ്രകാരം ഓഗസ്റ്റ് ഒന്നു മുതൽ ഏഴുവരെ 66 % അധികമഴയാണ് നിലമ്പൂർ മേഖലയിൽ ലഭിച്ചത്. വയനാട് ജില്ലയിലെ പുത്തുമലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 12 പേർക്കാണ് ജീവൻനഷ്ടമായത്. 2020 ൽ ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തേയിലത്തോട്ടം തൊഴിലാളികളുടെ 20 ലയങ്ങളടക്കം 70 മനുഷ്യജീവനുകളാണ് നഷ്ടമായത്. ഇടുക്കി ജില്ലയിലെ കൊക്കയാർ പഞ്ചായത്തിലെ പൂവഞ്ചിയിൽ 2021 ഒക്ടോബർ 21 നുണ്ടായ ഉരുൾപൊട്ടലിൽ 7 പേരാണ് മരിച്ചത്. അന്നുതന്നെ അതേ മലയുടെ മറുചരിവിൽ ഏതാണ്ട് നാലുകിലോമീറ്റർ മാത്രം അകലെ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 12 ജീവനുകൾ പൊലിയുകയുണ്ടായി. ഒക്ടോബർ 14-ന് കിഴക്കൻ-മധ്യ അറബിക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദം മധ്യകേരളത്തിലും തെക്കൻ കേരളത്തിലും വിശിഷ്യാ മലയോരമേഖലകളിൽ വലിയതോതിലുള്ള നാശനഷ്ടങ്ങൾക്ക് കാരണമായി. തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നിവ ഉൾപ്പെടുന്ന മധ്യകേരളത്തിലും തെക്കൻ കേരളത്തിലും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലുകളും റിപ്പോർട്ട് ചെയ്യപ്പെട്ടു. 2021 ൽ ഒക്ടോബർ 12 നും 20 നും ഇടയിൽ 42 ജീവനുകളാണ് മഴകാരണമുള്ള ദുരന്തങ്ങളിൽ സംസ്ഥാനത്തു നഷ്ടമായത്.

2017 മുതൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടായ പ്രകൃതിദുരന്തങ്ങൾ നമ്മൾ ഒട്ടും ശുഭകരമല്ലാത്ത ഒരു കാലത്തിലേക്ക് സഞ്ചരിക്കുന്നു എന്നതിന്റെ ചൂണ്ടുപലകയാണ്. അറബിക്കടലിലെ ഉപരിതലഊഷ്മാവിലുണ്ടാവുന്ന ക്രമാനുഗതമായ വർധനവ് കേരളം നേരിടേണ്ടിവരുന്ന ന്യൂനമർദങ്ങളുടെയും ചുഴലിക്കാറ്റുകളുടേയും എണ്ണത്തിൽ വലിയതോതിലുള്ള വർധനവാണ് ഉണ്ടാക്കിയിട്ടുള്ളത്. ഉരുൾപൊട്ടലുകളിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള മരണങ്ങളെ 2018 ന് മുൻപും ശേഷവും എന്ന് തരംതിരിച്ചുനോക്കിയാൽ വർധിച്ചുവരുന്ന ദുരന്തങ്ങളുടെ ഭീകരത വ്യക്തമാവും. 1950 നും 2018 നും ഇടയിലുള്ള ഏതാണ്ട് ഏഴ് പതിറ്റാണ്ടുകൾക്കിടയിൽ കേരളത്തിൽ ഉരുൾപൊട്ടലുകളിൽ മരിച്ചവരുടെ എണ്ണം 299 ആണ് എന്നാൽ 2018 മുതൽ 2021 ഒക്ടോബർ വരെയുള്ള ഏതാണ്ട് നാലുവർഷക്കാലയളവിനുള്ളിൽ ഉരുൾപൊട്ടലുകളിൽ നഷ്ടമായ ജീവനുകളുടെ എണ്ണം 170 ആണ്.

1882 ഒക്ടോബർ 4-ന് കോട്ടയം ജില്ലയിലെ മേലടുക്കം എന്ന സ്ഥലത്താണ് കേരളത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യ ഉരുൾപൊട്ടൽ നടക്കുന്നത്, കോട്ടയം ജില്ലയിലെ തന്നെ കൊടിയത്തൂരിൽ 1949 ൽ നടന്ന ഉരുൾപൊട്ടലിൽ ആ പ്രദേശത്തെ ജനങ്ങളാണ് ഈ പ്രതിഭാസത്തിനു "ഉരുൾപൊട്ടൽ " എന്ന പേര് നൽകിയത്.

## കാർബൺ പുറംതള്ളലിലെ അനീതി

മുഖ്യധാരാപഠനങ്ങളിൽ ഏറിയപങ്കും കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാവുന്ന പാരിസ്ഥിതിക ദുരന്തങ്ങൾ മൂല്യരഹിതമായ/നിഷ്പക്ഷമായ പ്രതിഭാസങ്ങളായാണ് അടയാളപ്പെടുത്തുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുണ്ടാവുന്ന ദുരന്തങ്ങളെക്കുറിച്ച് ടെക്നോ സെൻട്രിക്കായി രേഖീയ വീക്ഷണത്തോടെയുള്ള പഠനങ്ങൾ എല്ലാമനുഷ്യരും കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾക്ക് തുല്യ അളവിൽ കാരണക്കാരാണെന്നും, അതിന്റെ അനന്തരഫലങ്ങൾ എല്ലാ മനുഷ്യരെയും ഒരുപോലെയാണ് ബാധിക്കുന്നത് എന്നുമുള്ള ബോധനിർമിതിയാണ് നടത്തിപോരുന്നത്. 2021ൽ പുറത്തിറങ്ങിയ IPCC സ്പെഷ്യൽ റിപ്പോർട്ടിലെ ആറാം അധ്യായത്തിന്റെ തലക്കെട്ട്


"Human Influence on the Climate System" എന്നാണ്. IPCC റിപ്പോർട്ട് അവകാശപ്പെടുന്നതു പോലെ "നിഷ്പക്ഷമായി" തയാറാക്കപ്പെടുന്ന ഒരു റിപ്പോർട്ടിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അധ്യായത്തിന്റെ തലക്കെട്ടുപോലും ഏറെ രാഷ്ട്രീയം ഉൾച്ചേർന്നതാണ്. കാലാവസ്ഥാവ്യവസ്ഥയിൽ മനുഷ്യന്റെ സ്വാധീനം എന്ന ഒറ്റ തലക്കെട്ടോടെ മുഴുവൻ മനുഷ്യസമൂഹവും കാലാവസ്ഥാവ്യതിയാനത്തിന് കാരണക്കാരാവുന്നു എന്ന ധാരണ വളരെ കൃത്യമായിത്തന്നെ ഈ റിപ്പോർട്ട് സ്ഥാപിച്ചെടുക്കുന്നുണ്ട്. തുടർന്ന് ആ അധ്യായത്തിൽ വരുന്ന എല്ലാ തലക്കെട്ടുകളിലും ഹ്യൂമൻ എന്ന പദം കൃത്യമായി ഉപയോഗിക്കാൻ ശ്രദ്ധിച്ചതായും കാണാം. ഇത്ര വിപുലമായ ഒരു റിപ്പോർട്ടായിരുന്നിട്ടുകൂടി കാലാവസ്ഥാവ്യതിയാനത്തിന് കാരണമാവുന്ന മൂലധന ആധിപത്യത്തെക്കുറിച്ചോ, ആഗോളതാപനത്തിൽ വലിയ പങ്കുവഹിക്കുന്ന ഒന്നാം ലോക രാജ്യങ്ങളെക്കുറിച്ചോ, കാർബൺ പുറംതള്ളലിലെ അസമത്വത്തെക്കുറിച്ചോ, കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി പാർശ്വവൽക്കൃതരായ മനുഷ്യർ അനുഭവിക്കുന്ന ദുരന്തങ്ങളിലെ അസമത്വങ്ങളെക്കുറിച്ചോ, അനീതികളെക്കുറിച്ചോ വേണ്ടവിധം പരാമർശിച്ചു കാണുന്നില്ല.

Confronting Carbon Inequality എന്ന തലക്കെട്ടോടുകൂടി പുറത്തുവന്ന ഓക്സ്ഫാം റിപ്പോർട്ട് ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിനും അതുകാരണം ഉടലെടുക്കുന്ന ദുരന്തങ്ങൾക്കും സമൂഹത്തിലെ എല്ലാവർഗത്തിൽപ്പെട്ട മനുഷ്യരും ഒരുപോലെ ഉത്തരവാദികളോ ഇരകളോ അല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. 1990 മുതൽ 2015 വരെയുള്ള ഇരുപത്തഞ്ചു വർഷങ്ങൾക്കിടയിൽ അതിസമ്പന്നരായ 1% മനുഷ്യർ പുറംതള്ളിയ $CO_2$ ന്റെ അളവ് ലോകത്തിലെ 3. 1ബില്ല്യണോളം വരുന്ന ലോകജനസംഖ്യയുടെ ദരിദ്രരായ ഒരു പാതി പുറംതള്ളിയതിന്റെ ഇരട്ടിയിലധികമാണ് (Oxfam 2020). 1800 കളുടെ അവസാനം മുതൽ "മനുഷ്യർ" പുറംതള്ളിയ $CO_2$ വിന്റെ അളവ് 2, 400 ബില്യൺ ടൺ ആണ്. ഗ്ലോബൽ കാർബൺ പ്രോജക്ടിന്റെ വെബ്സൈറ്റ് നൽകുന്ന കണക്കനുസരിച്ച് ലോകത്താകമാനം ഇന്നേവരെ പുറംതള്ളിയിട്ടുള്ള $CO_2$ വിന്റെ 79% സംഭാവന ചെയ്തിട്ടുള്ളത് 17% ആളുകൾ മാത്രം അധിവസിക്കുന്ന വികസിത രാജ്യങ്ങളാണ്. 1950 മുതൽ 2011 വരെയുള്ള 60 വർഷങ്ങൾക്കിടയിൽ പുറംതള്ളപ്പെട്ട ആകെ $CO_2$ വിന്റെ 40% യൂറോപ്യൻ രാജ്യങ്ങളിൽനിന്നും 22 % USA യിൽനിന്നുമാണ്. 2020 ലെ കണക്കനുസരിച്ച് ഏറ്റവുമധികം $CO_2$ പുറംതള്ളുന്ന രാജ്യങ്ങളുടെ പട്ടികയിൽ 7. 2% ത്തോടെ ഇന്ത്യ മൂന്നാം സ്ഥാനത്താണ്, എന്നാൽ ലോകജനസംഖ്യയുടെ 17. 7% ജനങ്ങളെ ഉൾക്കൊള്ളുന്ന ഇന്ത്യ കഴിഞ്ഞ 60 വർഷങ്ങൾക്കിടയിൽ 3% $CO_2$ മാത്രമാണ് ആഗോളതലത്തിൽ പുറംതള്ളിയിട്ടുള്ളത്. ലോകബാങ്കിന്റെ കണക്കനുസരിച്ച് ഒരാൾ പുറംതള്ളുന്ന കാർബണിന്റെ ലോക ശരാശരി(Global average Carbon Footprint ) 4. 5 ടൺ ആണ്, ഇന്ത്യയിൽ ഇത് 1. 8 ടണ്ണും അമേരിക്കയിൽ 16 ടണ്ണും ആണ്. അതായത് ഒരു ഇന്ത്യൻ പൗരന്റെ ശരാശരി കാർബൺ ഫുട്പ്രിന്റിന്റെ ഏതാണ്ട് 9 ഇരട്ടിയാണ് ഒരു അമേരിക്കൻ പൗരന്റെ കാർബൺ ഫുട് പ്രിന്റ്. ആഗോളതാപനത്തിന്റെയും അതുവഴി കാലാവസ്ഥാവ്യതിയാനത്തിന്റെയും പ്രധാന കാരണങ്ങളിൽ ഒന്നാണ് വർധിച്ചുവരുന്ന $CO_2$ ന്റെ പുറന്തള്ളൽ. $CO_2$ന്റെ പുറംതള്ളലിലെ മേൽവിവരിച്ച അസമത്വം വ്യക്തമാക്കുന്നത് ആഗോളതാപനത്തിലും കാലാവസ്ഥാവ്യതിയാനത്തിലും ഒന്നാംലോക രാജ്യങ്ങളുടെയും അതിസമ്പന്നരുടെയും പങ്ക് വളരെ വലുതാണ് എന്നതാണ്.

അറബിക്കടലിലെ ഉപരിതലഊഷ്മാവില്ലുണ്ടാവുന്ന ക്രമാനുഗതമായ വർധനവ് കേരളം നേരിടേണ്ടിവരുന്ന ന്യൂനമർദങ്ങളുടെയും ചുഴലിക്കാറ്റുകളുടേയും എണ്ണത്തിൽ വലിയ തോതിലുള്ള വർധനവാണ് ഉണ്ടാക്കിയിട്ടുള്ളത്. ഉരുൾപൊട്ടലുകളിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള മരണങ്ങളെ 2018 ന് മുൻപും ശേഷവും എന്ന് തരം തിരിച്ചുനോക്കിയാൽ വർധിച്ചുവരുന്ന ദുരന്തങ്ങളുടെ ഭീകരത വ്യക്തമാവും.

## ആരാണ് ബാധിതർ?

Table: 1




Source: IMF and IEA

എല്ലാ ദുരന്തങ്ങളും സമൂഹത്തിലെ സാമ്പത്തികവും, സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന മനുഷ്യരെ കൂടുതൽ ബാധിക്കുന്നു എന്നത് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്, എന്നാൽ കാലാവസ്ഥാവ്യതിയാനത്തെയോ, കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുണ്ടാവുന്ന ദുരന്തങ്ങളെയോക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ ഇത്തരം വസ്തുതകൾ ബോധപൂർവമായി മറച്ചുവയ്ക്കപ്പെടുന്നതായി അനുഭവപ്പെടാറുണ്ട്. ഒരുപക്ഷേ ആഗോളതാപനത്തിലോ, ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളലിലോ, കാലാവസ്ഥാവ്യതിയാനത്തിലോ അടയാളപ്പെടുത്താനാവുന്ന ചെറു പങ്കുപോലും ചൂണ്ടിക്കാണിക്കുവാനില്ലാത്ത ആദിവാസികളും, ദലിതരും, ദരിദ്രരും, തോട്ടം തൊഴിലാളികളും, മൽസ്യത്തൊഴിലാളികളുമൊക്കെയാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി വർധിച്ചുവരുന്ന പ്രകൃതിദുരന്തങ്ങൾക്ക് ഏറ്റവുമധികം ഇരകളായിക്കൊണ്ടിരിക്കുന്നത് ഇവരിൽത്തന്നെ സ്ത്രീകളും, കുട്ടികളും, വൃദ്ധരും, ഭിന്നശേഷിക്കാരുമായ ആളുകൾ കൂടുതൽ ദുരിതങ്ങൾക്ക് പാത്രമാവുന്നു. ഒരു സ്ത്രീ ദരിദ്രയാവുകയും, ദലിതോ, ആദിവാസിയോ, വൃദ്ധയോ, ഭിന്നശേഷിക്കാരിയോ ആവുകയും കൂടി ചെയ്യുമ്പോൾ അവരുടെ ദുരിതങ്ങൾ പലമടങ്ങു വർധിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ കേരളം നേരിട്ട പ്രകൃതിദുരന്തങ്ങളിൽ ജീവനും, ജീവനോപാധികൾക്കും സംഭവിച്ച നഷ്ടങ്ങൾ വിശകലനം ചെയ്യുന്നതിൽനിന്നും കാലാവസ്ഥാപരമായ ഈ അസമത്വം വ്യക്തമാവും.

വാർത്താ റിപ്പോർട്ടുകളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് 2013 മുതൽ 2020 ഒക്ടോബർ വരെ സംസ്ഥാനത്ത് ചുഴലിക്കാറ്റുകൾ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽ 1294 പേർക്ക് ജീവൻ നഷ്ടപ്പെടുകയും, ലക്ഷക്കണക്കിന് മനുഷ്യർക്ക് പാർപ്പിടവും ജീവനോപാധികളും നഷ്ടപ്പെടുകയും ചെയ്തു എന്നാണ്. എല്ലാ ദുരന്തങ്ങളെയും സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട വസ്തുത സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മനുഷ്യരിലാണ് ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ടിട്ടുള്ളത് എന്നുള്ളതാണ്. 2017ലെ ഓഖി ചുഴലിക്കാറ്റിൽ 143 പേർക്ക് ജീവൻ നഷ്ടപ്പെടുകയും, 50ഓളം വീടുകൾ പൂർണമായും 700ഓളം വീടുകൾ ഭാഗികമായും നശിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, വിഴിഞ്ഞം എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിൽ ചുഴലിക്കാറ്റിന്റെ ആഘാതം വളരെ വലുതായിരുന്നു, സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ആകെ മരണങ്ങളിൽ പകുതിയോളം ഈ രണ്ട് ഗ്രാമങ്ങളിൽ നിന്നായിരുന്നു. പൂന്തുറയിൽ നിന്ന് 35ഉം വിഴിഞ്ഞത്തുനിന്ന് 37ഉം മൽസ്യത്തൊഴിലാളികൾക്കാണ് ഓഖിയിൽ ജീവൻ നഷ്ടമായത്. ദുരിതബാധിതരായ 530 ലധികം കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി, ഇവരെല്ലാംതന്നെ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മുക്കുവരുൾപ്പെടുന്ന തീരദേശവാസികളായിരുന്നു. 2021മെയ് മാസത്തിൽ അറബിക്കടലിൽ രൂപം കൊണ്ട ടൗട്ടെ ചുഴലിക്കാറ്റും സാരമായി ബാധിച്ചത് കേരളത്തിന്റെ തീരദേശവാസികളെയാണ്. കടലാക്രമണത്തിൽ ആയിരക്കണക്കിന് വീടുകൾ തകർന്നു, 1700ലധികം കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മറ്റും മാറ്റിപാർപ്പിച്ചു. പൊഴിയൂർ, കൊച്ചുതോപ്പ്, എറിയാട്, വൈപ്പിൻ, ചാവക്കാട്, കൊടുങ്ങല്ലൂർ, പള്ളിക്കര, ചെല്ലാനം, വടക്കൻ കേരളത്തിലെ തീരപ്രദേശങ്ങൾ തുടങ്ങിയ മേഖലകളിൽ ചുഴലിക്കാറ്റ് വ്യാപക നാശം വിതച്ചു.

2019 ൽ മലപ്പുറം ജില്ലയിലെ കവളപ്പാറയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ട 59 പേരിൽ 14 പേർ പണിയ സമുദായത്തിൽപ്പെട്ട ആദിവാസികളും ബാക്കിയുള്ളവർ 3 മുതൽ 10 സെന്റ് വരെ മാത്രം ഭൂമി കൈവശമുള്ള കർഷകത്തൊഴിലാളികളുമായിരുന്നു. മണ്ണിടിച്ചിലിൽ 44 വീടുകൾ പൂർണമായും നശിച്ചു, 96 പേർ ഭവനരഹിതരായി, ആയിരത്തിലധികം പേരെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. മുത്തപ്പൻ കുന്നിന്റെ ചരുവിൽ താമസിച്ചിരുന്ന ദരിദ്രരും പാർശ്വവൽക്കൃതരുമായ മനുഷ്യരാണ് ആ ദുരന്തത്തിന്റെ ഇരകളായത്. അതേ മാസത്തിൽത്തന്നെ വയനാട് ജില്ലയിലെ പുത്തുമലയിൽ നടന്ന ഉരുൾപൊട്ടലിൽ 17 പേർക്ക് ജീവൻ നഷ്ടമായി, 57 വീടുകൾ പൂർണമായും 40 വീടുകൾ ഭാഗികമായും തകർന്നു. ഇരകളിൽ ഭൂരിഭാഗവും തേയിലത്തോട്ടങ്ങളിലെ ദരിദ്ര തൊഴിലാളികുടുംബങ്ങളിൽനിന്നുള്ളവരായിരുന്നു. തോട്ടം തൊഴിലാളികൾ താമസിച്ചിരുന്ന ലയങ്ങൾ പൂർണമായും മണ്ണിൽ പുതഞ്ഞു. ഒരു വർഷത്തിനുശേഷം 2020 ആഗസ്റ്റ് മാസത്തിൽ ഇടുക്കി ജില്ലയിലെ പെട്ടിമുടി ഉരുൾപൊട്ടൽ 70 പേരുടെ ജീവൻ അപഹരിച്ചു, 55 മൃതദേഹങ്ങൾ കണ്ടെടുത്തു, 15 പേരെ കാണാതായി. മരിച്ചവരിൽ ഭൂരിഭാഗംപേരും തേയിലത്തോട്ടം തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. 20ഓളം കുടുംബങ്ങൾ താമസിച്ചിരുന്ന ലയം ഉരുൾപൊട്ടലിൽ പൂർണമായും തകർന്നു. 2021ലും ഉരുൾപൊട്ടൽ ആവർത്തിക്കപ്പെട്ടു, ഒക്ടോബർ 21 ന് കോട്ടയം ഇടുക്കി ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിൽ ഉണ്ടായ രണ്ട് ഉരുൾപൊട്ടലുകളിലായി ജീവൻനഷ്ടപ്പെട്ട 19മനുഷ്യരിൽ ഭൂരിഭാഗംപേരും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരായിരുന്നു, കുന്നിൻചരുവിൽ ചെറു പുരയിടങ്ങളിൽ അധിവസിക്കുന്നവരായിരുന്നു.

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ഇത്തരം വിഭാഗങ്ങളുടെ അധിവാസ പ്രദേശങ്ങൾ നേരിടുന്ന സ്പേഷ്യൽ ഇൻജസ്റ്റിസ് ഇവർ കൂടുതലായി പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാവാനുള്ള അടിസ്ഥാന കാരണങ്ങളിൽ ഒന്നാണ്. കേരളത്തിലെ ദരിദ്രരിൽ വലിയൊരു പങ്ക് പ്രധാനമായും അധിവസിക്കുന്നത് തീരപ്രദേശങ്ങൾ, കുന്നിൻ ചരിവുകൾ, താഴ്ന്നതും വെള്ളക്കെട്ടുകളുള്ള പ്രദേശങ്ങൾ തുടങ്ങിയ വിഭവ-ദരിദ്രമോ, പാരിസ്ഥിതിക ലോലമോ ആയ പ്രദേശങ്ങളിലാണ്. അത്തരം പ്രദേശങ്ങളിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടലുകൾ,

വാർത്താ റിപ്പോർട്ടുകളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് 2013 മുതൽ 2020 ഒക്ടോബർ വരെ സംസ്ഥാനത്ത് ചുഴലിക്കാറ്റുകൾ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽ 1294 പേർക്ക് ജീവൻ നഷ്ടപ്പെടുകയും, ലക്ഷക്കണക്കിന് മനുഷ്യർക്ക് പാർപ്പിടവും ജീവനോപാധികളും നഷ്ടപ്പെടുകയും ചെയ്തു എന്നാണ്.



കാലാവസ്ഥാവ്യതിയാനത്തിന് കാരണമാവുന്ന ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളലിലെ അനീതിയും വർഗത്തിന്റെയും ജാതിയുടെയും ലിംഗത്തിന്റെയുമെല്ലാം അടിസ്ഥാനത്തിൽ രൂപപ്പെട്ടുവന്നിട്ടുള്ള സ്പേഷ്യൽ ഇൻജസ്റ്റിസ്സും കേരളത്തിലെ പാർശ്വവൽക്കൃതരായ മനുഷ്യരെ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട ദുരന്തങ്ങളിലേക്ക് കൂടുതൽ തള്ളിവിടുന്നതിനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

മണ്ണിടിച്ചിൽ, ചുഴലിക്കാറ്റുകൾ എന്നിവയുള്ള സാധ്യത ഏറെയാണ്. കേരളത്തിൽ ദലിതരും, ദരിദ്രരുമായ ആളുകൾ അധിവസിക്കുന്ന കോളനികളുടെ പേരുകളോടുചേർന്നുള്ള 'കുന്ന്', 'പുറം', 'മുകൾ', 'കുണ്ട്', 'കുഴി', 'പാടം', 'കുളം' പോലുള്ള വാക്കുകൾ ഇത്തരം കോളനികളുടെ സ്ഥാനീയമായ സവിശേഷതയെ അടയാളപ്പെടുത്തുന്നവയാണ്. ജലലഭ്യതയോ വേണ്ടത്ര ഗതാഗതസൗകര്യമോ ഇല്ലാത്ത ഉയർന്ന പ്രദേശങ്ങളിലോ, ഉരുൾപൊട്ടൽ സാധ്യത ഏറെയുള്ള മലഞ്ചരിവുകളിലോ അല്ലെങ്കിൽ ചതുപ്പുകളിലോ, വെള്ളക്കെട്ടുകളിലോ ആണ് ഇത്തരം കോളനികളിൽ വലിയൊരു ശതമാനവും സ്ഥിതിചെയ്യുന്നത്. അതുപോലെതന്നെ കേരളത്തിൽ ഏറ്റവുമധികം ജലക്ഷാമം അനുഭവിക്കുന്ന വിഭാഗങ്ങളാണ് ആദിവാസികളും ദലിതരും മൽസ്യത്തൊഴിലാളികളും തോട്ടംതൊഴിലാളികളും. ഇവരുടെ ഭൂരിപക്ഷം അധിവാസകേന്ദ്രങ്ങളിലും പ്രവർത്തനക്ഷമമായ ശുദ്ധജല വിതരണം ലഭ്യമല്ല. സ്ഥലപരവും, സാമ്പത്തികവുമായ പരിമിതികളോടൊപ്പം പ്രതികൂലമായ ഭൂമിശാസ്ത്ര സവിശേഷതകളും ഇതിന് കാരണമാണ്.

പിന്നോക്ക വിഭാഗങ്ങളുടെ വാസസ്ഥലങ്ങളുമായി ബന്ധപ്പെട്ട ഈ അനീതികൾ വളരെ പെട്ടെന്ന് രൂപപ്പെട്ട ഒന്നല്ല, മറിച്ച് കേരളത്തിന്റെ ചരിത്രത്തെ പലനിലകളിൽ രൂപപ്പെടുത്തിയ വിവിധ ഉൽപ്പാദന വ്യവസ്ഥകളുടെ പ്രവർത്തനഫലമായി രൂപപ്പെട്ടുവന്നവയാണവ. നാട്ടുവാഴിത്തം, കോളനീകരണം, മുതലാളിത്തം എന്നിങ്ങനെ വിവിധതരം ഉൽപ്പാദനവ്യവസ്ഥകൾക്ക് കേരളം സാക്ഷ്യം വഹിച്ചു, ഈ ഉൽപ്പാദനവ്യവസ്ഥകളെല്ലാംതന്നെ സമൂഹത്തിലെ ദരിദ്ര ജനസമൂഹത്തിന്റെ സ്പേഷ്യലായ പാർശ്വവൽക്കരണത്തിന് പലതരത്തിൽ കാരണമായി. നാട്ടുവാഴിത്തം മുതൽ നവലിബറൽ മുതലാളിത്തം വരെയുള്ള ഓരോ ഉൽപ്പാദനവ്യവസ്ഥയിലും സാമൂഹിക-സാമ്പത്തിക പ്രമാണിത്വം നടത്തിയ വിഭവചൂഷണങ്ങളാണ് കേരളത്തിൽ ഇത്തരം അനീതികൾ ഉയർന്നുവരാൻ പ്രധാന കാരണമായി വർത്തിച്ചിട്ടുള്ളത്.

കാലാവസ്ഥാവ്യതിയാനത്തിന് കാരണമാവുന്ന ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിലെ അനീതിയും വർഗത്തിന്റെയും ജാതിയുടെയും ലിംഗത്തിന്റെയുമെല്ലാം അടിസ്ഥാനത്തിൽ രൂപപ്പെട്ടുവന്നിട്ടുള്ള സ്പേഷ്യൽ ഇൻജസ്റ്റിസ്സും കേരളത്തിലെ പാർശ്വവൽക്കൃതരായ മനുഷ്യരെ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട ദുരന്തങ്ങളിലേക്ക് കൂടുതൽ തള്ളിവിടുന്നതിനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവയാണ്. കാലാവസ്ഥാവ്യതിയാനം എന്നത് സാമൂഹിക അസമത്വത്തിന്റെ ഉൽപ്പന്നമായതുകൊണ്ടുതന്നെ സാങ്കേതികവിദ്യാകേന്ദ്രീകൃതമായ പരിഹാരങ്ങൾ കാലാവസ്ഥാപരമായ ദുരന്തങ്ങളെ ശാശ്വതമായി പരിഹരിക്കുവാൻ പ്രാപ്തിയുള്ളവയല്ല. കാലാവസ്ഥാനീതിയും, ഇടപരമായ നീതിയും ഉറപ്പാക്കിക്കൊണ്ട് സാമൂഹിക അസമത്വങ്ങൾ കുറച്ചുകൊണ്ടുവരുവാനുള്ള ബദലുകൾ വികസിപ്പിക്കുന്നതിലൂടെ മാത്രമേ കേരളത്തിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി വർധിച്ചുവരുന്ന ദുരന്തങ്ങളും അതുമൂലമുള്ള നാശനഷ്ടങ്ങളും കുറച്ചുകൊണ്ടുവരുവാൻ സാധിക്കൂ.

## References


AR 5 IPCC(2014)Synthesis report: Climatic Change https://www. ipcc. ch/report/ ar5/syr/

Christensen, J. H. , Krishna Kumar, K. , Aldrian, E. , An S. -I. , Cavalcanti, I. F. A. , DeCastro, M. et al. 2013. Climate phenomena and their relevence for future regional climate change. In:

Climate change: the physical science basis. IPCC, Cambridge: Cambridge university press.

Guhathakurta, P. and Rajeevan, M. (2007). Trends in the rainfall pattern over India. International Journal of Climatology 28 (11): 1453–1469.

Harlan et al. , (2015)Climate change and Inequality in Climate change and Society: A Sociological Perspective by Dunlap E Rliey and Brulle J Robert Oxford University Press. Oxford.

INCCA(2010)Climate change and India: A 4x4 Assesment http://www. indiaenvironmentportal. org. in/files/ fin-rpt-incca. pdf

IPCC(2018) The Special Report on Global Warming of 1. 5 °C https://www. ipcc. ch/sr15/

IPCC(2001) AR6 Climate Change 2022: Impacts, Adaptation and Vulnerability
sixth Assessment Report

Kerala State Action Plan on Climate Change( 2014) Department of Environment and Climate change, Government of Kerala, Thiruvananthapuram.

Knutson, T. R. McBride J. L. , Emanuel, J. C. K. , Holland G. , Landsea, C. , Held, I. , Kossin, J. P. , 185

Krishnakumar, K. N. , Prasada, R. , and Gopakumar, C. S. (2009). Rainfall trends in twentieth century over Kerala. India Atmospheric Environment 43: 1940–1944

Krishnan, R. , Sanjay, J. , Chellappan, G. et al. (2000). Assessment of Climate Change over the Indian Region. Singapore: Springer Open.

Maslin, M. (2004). Global Warming: A Very Short Introduction. New York: Oxford University Press.

Murthy, C. S. , Singh, J. , Kumar, P. , and Sai, M. S. (2016). Meteorological drought analysis over India using analytical framework on CPC rainfall time series. Natural Hazards 81 (1): 573–587.

Singh, OP and Tariq Masood Ali Khan. 2001. "Has the Frequency of Intense Tropical Cyclones Increased in the North Indian Ocean?" CURRENT SCIENCE 575-580.

Oxfam. (2020). Confronting Carbon Inequality. www. oxfam. org/en/ research/confrontingcarbon-inequality (accessed 18 June 2021).

Pai, D. , Sridhar, L. , Badwaik, M. R. et al. (2014). Analysis of the daily precipitation events over India using a new long period (1901–2010) high resolution (0. 25° × 0. 25°) gridded precipitation data set. Climate Dynamics 45: 3–4.

Pandey, P. C. , Mandal, V. P. , Katiyar, S. et al. (2015). Geospatial approach to assess the impact of nutrients on Rice equivalent yield using MODIS sensors'-based MOD13Q1-NDVI data. IEEE Sensors Journal 15 (11): 6108–6115.

Premlet, B. (2019) Landslide 18 Kerala –A Report: Proceedings of the Symposium on Landslide in Kerala 2018. IEEKollam. Phasor Books

Rupa, K. K. , Pant, G. B. , Parthasarathy, B. et al. (1992). Spatial and sub seasonal patterns of the long term trends of Indian summer monsoon rainfall. International Journal of Climatology 12: 257–268

Sovacool, B. K. and Linnér, B. O. (2016). The Political Economy of Climate Change Adaptation. London: Macmillan.

Singh, A. K. , Dagar, J. C. , Arunachalam, A. R. G. et al. (2015). Climate Change Modelling, Planning and Policy for Agriculture. Singapore: Springer.

Srivastava, A. K. , Sugi, M. 2010. "Tropical cyclones and climate change." Nat. Geosci. 3 (186): 157–163.


Sushil Gupta, Indu Jain, Pushpendra Johari and Murari Lal. 2019. "Impact of Climate Change on Tropical Cyclones Frequency and Intensity on Indian Coasts. " London: Springer.

Tanner, T. , Acharya, S. and Bahadur, A. (2018). Perceptions of Climate Change: Applying Assessments to Policy and Practice. ACT Learning Paper. Oxford Policy Management.

UN 2019, https://www. un. org/ sustainabledevelopment/blog/2019/05/ climate-justice/

Woodruff, S. D. , Diaz, H. F. , Worley, S. J. , Reynolds, R. W. , Lubker, S. J. , 454 2005. Early ship observational data and ICOADS. Climatic Change 73, 455 169-194

*(ഡോ. രതീഷ് മോൻ. പി. - panampatta@gmail.com)*



# കാലാവസ്ഥാവ്യതിയാനപഠനങ്ങളിലെ സത്യാനന്തര സ്വാധീനവും മുതലാളിത്ത യുക്തികളും

എബിൻ എം.ഡി.

ലോകം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് കാലാവസ്ഥാവ്യതിയാനവും അതുയർത്തുന്ന പാരിസ്ഥിതിക-സാമൂഹിക അസന്തുലിതാവസ്ഥകളും. കാലാവസ്ഥാവ്യതിയാനത്തെ സംബന്ധിക്കുന്ന പഠനങ്ങൾക്ക് പുതിയ കാലത്ത്, പ്രധാനമായും സത്യാനന്തര സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ മാനങ്ങൾ കൈവന്നിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനം നാം നേരിടുന്ന പ്രധാന വെല്ലുവിളിയാണെന്ന് മനസ്സിലാക്കുകയും ആ വിഷയത്തിൽ കൂടുതൽ പഠനങ്ങൾ ഇന്ന് ശാസ്ത്രലോകം നടത്തുകയും ചെയ്യുന്നുണ്ട്. ഇതേ സമയം തന്നെ കാലാവസ്ഥാവ്യതിയാനത്തെപ്പറ്റിയുള്ള പഠനങ്ങൾ ഒരു കെട്ടുകഥയാണെന്ന വാദമുയർത്തുന്നവർക്കും (Climate change deniers) ആഗോളതലത്തിൽ വലിയ സ്വീകാര്യത ലഭിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കാലാവസ്ഥാവ്യതിയാനത്തെ സത്യാനന്തരതയുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന പഠനങ്ങളുടെ സ്വഭാവവും പ്രത്യയശാസ്ത്ര പക്ഷപാതിത്വങ്ങളും പഠിക്കുവാനാണ് ഈ ലേഖനം പ്രാമുഖ്യം നൽകുന്നത്.

കാലാവസ്ഥാവ്യതിയാനം എന്ന ആഗോളപ്രതിഭാസത്തെ അംഗീകരിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന വാദമുഖങ്ങൾ ഒരു തലത്തിൽ ശാസ്ത്രീയവും മറ്റൊരു തലത്തിൽ വൈകാരികവുമായ അംശങ്ങളോടെ ഇന്ന് അവതരിപ്പിക്കപ്പെടുന്നു. മനുഷ്യ ഇടപെടൽ മൂലമുണ്ടായ കാലാവസ്ഥാവ്യതിയാനത്തെ നിരാകരിക്കുകയും ആഗോളതാപനം എന്നത് വ്യാജപ്രചാരണമാണ് എന്ന് വിലയിരുത്തുകയും ചെയ്യുന്ന 108ലധികം പുസ്തകങ്ങൾ 2010ൽ തന്നെ പ്രസി



*ബോൺ ലംബോർഗ്*

ഢീകൃതമായിട്ടുണ്ട്. ഇതിൽ 90% ഗ്രന്ഥങ്ങളും വിദഗ്ധപരിശോധനയ്ക്ക് (Peer review) വിധേയമാക്കപ്പെട്ടവയല്ല എന്നും പലതും എഴുത്തുകാർ തന്നെ, സ്വയം പ്രസാധക മാർഗങ്ങളിലൂടെ (Self Publishing) പ്രസിദ്ധപ്പെടുത്തിയവയാണ് എന്നും കാണാം. ഇവയുടെ രചനയ്ക്കായി വലിയ ബൗദ്ധിക പിന്തുണ ചില നിരാകരണ ഗ്രൂപ്പുകളിൽ നിന്നും ലഭിച്ചിരുന്നുവെന്ന് പീറ്റർ കരുതുന്നു (1). 1998ൽ ഡാനിഷ് ഭാഷയിൽ പ്രസിദ്ധീകൃതമാവുകയും പിന്നീട് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തതോടെ ലോകശ്രദ്ധയാകർഷിച്ച ഗ്രന്ഥമാണ് ബ്രിയോൺ ലംബോർഗിന്റെ Cool It: The Skeptical Environmentalist's Guide to Global Warming. ഇതിൽ ആഗോളതാപനത്തെ ചെറുക്കുന്നതിനായി ലോകരാജ്യങ്ങൾ ചെലവഴിക്കുന്ന തുക, ഭീമവും തിരിച്ചുകിട്ടാനാവാത്തതുമായ ഒന്നായി അദ്ദേഹം കണക്കാക്കുന്നു. തന്റെ False Alarm: How Climate Change Panic Costs Us Trillions, Hurts the Poor, and Fails to Fix the Planet എന്ന കേന്ദ്രത്തിൽ തുടർന്നും ആഗോളതാപനത്തെപ്പറ്റി അനാവശ്യ ആകുലത ആവശ്യമില്ല എന്ന നിലപാട് അദ്ദേഹം ഉയർത്തുന്നു. 2020ൽ തന്നെ പുറത്തിറങ്ങിയ Apocalypse Never: Why Environmental Alarmism Hurts Us All എന്ന ഗ്രന്ഥത്തിൽ മൈക്കൽ ഷെല്ലൻബെർഗർ മനുഷ്യ ഇടപെടൽ മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തെ പൂർണമായും നിരാകരിക്കുന്ന നിലപാടുകൾ സ്വീകരിക്കുകയും അവയെ ശാസ്ത്രീയ കണ്ടെത്തലുകളെ എതിർക്കുന്നതിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതായി കാണാം. എന്നാൽ കാലാവസ്ഥാവ്യതിയാനം ഒരു യാഥാർഥ്യമാണ് എന്നും സത്യാനന്തര പശ്ചാത്തലത്തിൽ ഈ വസ്തുത മറയ്ക്കപ്പെടുകയാണ് എന്നും വാദിക്കുന്ന പഠനങ്ങളെയാണ് ഈ ലേഖനത്തിൽ വിശകലനം ചെയ്യുന്നത്. വസ്തുതകളുടെയും ശാസ്ത്രയുക്തികളുടെയും പിൻബലത്തിലാണ് തങ്ങളുടെ വിശകലനങ്ങൾ മുന്നോട്ടുപോകുന്നതെന്ന് സ്ഥാപിക്കുന്ന ഇത്തരം പഠനങ്ങളുടെ രീതിശാസ്ത്രത്തെയും പ്രത്യയശാസ്ത്ര പിന്നിടങ്ങളെയും ഇവിടെ പഠിക്കുന്നതിനായി ശ്രമിക്കുന്നു.

സത്യാനന്തരതയും കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങളിൽ പ്രധാനമാണ് സാമൂഹികശാസ്ത്രകാരനും ദാർശനികനുമായ ക്രിസ്റ്റഫർ ഗ്രോവ്സിന്റെ ചിന്തകൾ. തന്റെ Post-truth and anthropogenic climate change: Asking the right questions എന്ന ലേഖനത്തിൽ മനുഷ്യ ഇടപെടൽ മൂലമുണ്ടായ കാലാവസ്ഥാവ്യതിയാനത്തെപ്പറ്റി (Anthropogenic climate change) അദ്ദേഹം പറയുന്നുണ്ട്. മനുഷ്യൻ എന്ന സ്പീഷീസിന്റെയാകെ ഇടപെടൽ മൂലമുണ്ടായ വ്യതിയാനത്തെക്കുറിക്കുന്നതിനായാണദ്ദേഹം ഈ പദം ഉപയോഗിക്കുന്നതെന്ന് കാണാം. മനുഷ്യ ഇടപെടൽ മൂലം ഭൗമമണ്ഡലത്തിലാകമാനം സംഭവിച്ച വ്യതിയാനത്തെക്കുറിക്കുന്ന ആന്ത്രോപ്പോസീൻ (Anthropocene) എന്ന പദത്തോടാണ് ഈ വീക്ഷണം ചേർന്നു നിൽക്കുന്നതെന്നു കാണാം. തുടർന്ന് കാലാവസ്ഥാ അനിശ്ചിതത്വത്തിലേക്കും (Climate skepticism) കാലാവസ്ഥാവ്യതിയാന നിരാകരണത്തിലേക്കും നയിക്കുന്ന സാമൂഹിക-രാഷ്ട്രീയ ഇടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതരത്തിൽ തന്റെ വാദങ്ങളെ അദ്ദേഹം ക്രോഡീകരിക്കുന്നു. എന്നാൽ കാലാവസ്ഥാവ്യതിയാന നിരാകരണത്തിൽ ശാസ്ത്രത്തിന്റെ ദുരുപയോഗത്തെപ്പറ്റിയുള്ള 'രാഷ്ട്രീയ ഇടതിന്റെ' ആശങ്കകളെപ്പറ്റി അദ്ദേഹം ഒരു ഘട്ടത്തിൽ സൂചിപ്പിക്കുന്നുണ്ട് (ഗ്രോവ്സ് 2). എങ്കിലും മനുഷ്യ ഇടപെടലുകൾ, മനുഷ്യേതര ഇടപെടലുകൾ എന്നിങ്ങനെ കാലാവസ്ഥാവ്യതിയാനത്തെ തരം തിരിക്കുന്ന പൂർവദ്വന്ദ്വങ്ങളിലേക്ക് ഗ്രോവ്സ് മടങ്ങുന്നതായി കാണാനാവും.

കാലാവസ്ഥാവ്യതിയാന നിരാകരണവുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ മറ്റൊരു പഠനം ഹംബർ

ട്ട് യൂണിവേഴ്സിറ്റിയിലെ കാലാവസ്ഥ-ഭക്ഷ്യ-ജനായത്ത പ്രോജക്ടിലെ (Climate and food democracy project, Berlin, Germany) ഗവേഷകനും പഠിതാവുമായ ഫ്രാങ്ക് ഫിഷറുടേതാണ്. ശാസ്ത്രയുദ്ധങ്ങളുടെ[1] ചരിത്രവുമായി കാലാവസ്ഥാവ്യതിയാന നിരാകരണത്തിനുള്ള ബന്ധത്തെപ്പറ്റി വിശദമായി ത്തന്നെ വിശകലനം ചെയ്യുന്ന അദ്ദേഹം, ശാസ്ത്രലോകത്തെ 97 % ശാസ്ത്രകാരന്മാരും മനുഷ്യ ഇടപെടലുകളാണ് കാലാവസ്ഥാവ്യതിയാനത്തിന് അടിസ്ഥാന കാരണം എന്ന് വിലയിരുത്തുന്നുണ്ട് (ഫിഷർ 10). പിന്നീട് ഐ. പി. സി. സി യ്ക്ക്[2] എതിരെ അവിശ്വാസം കൊണ്ടുവരുന്നത് ഒരു ആഗോള ഗൂഢാലോചനയുടെ ഭാഗമാണെന്നും, അതിൽ തീവ്ര വലതുപക്ഷ ക്യാപിറ്റലിസ്റ്റ് പ്രത്യയശാസ്ത്രവാദികളുടെ ശക്തമായ പങ്കിനെപ്പറ്റിയും അദ്ദേഹം വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. ഹാർട്ട്ലാൻഡ് ഇൻസ്റ്റിറ്റ്യൂട്ട് [3] കോൺഫറൻസ് കാലാവസ്ഥാ നിരാകർത്താക്കളുടെ ഹൃദയഭൂമിയായിരുന്നെന്നും ആഗോളതാപ നത്തെ മധ്യവർഗ അമേരിക്കൻ മുതലാളിത്തത്തെ തകർക്കുന്ന അജണ്ടയായിട്ടാണ് അവിടെ വിലയിരുത്തപ്പെട്ടതെന്നും ഫിഷർ കുറിക്കുന്നു. അമേരിക്കൻ മുതലാളിത്ത ജീവിതചര്യയെ ആഗോള സമ്പദ് വിതരണക്രമത്തിനനുസരിച്ച് പുനഃക്രമീകരിക്കുക എന്ന അജണ്ടയാണ് കാലാവസ്ഥാവ്യതിയാന, ആഗോളതാപന ചർച്ചകളിലൂടെയും നിറവേറ്റപ്പെട്ടതെന്ന് ഈ കോൺഫറൻസ് പറഞ്ഞു വച്ചു. (ഫിഷർ 11). 'എല്ലാ പാരിസ്ഥിതിക പ്രസ്ഥാനങ്ങളും അമേരിക്കൻ സ്വാതന്ത്ര്യ ത്തെ കൊള്ളയടിക്കുന്ന ഹരിത ട്രോജൻ കുതിരകളാണെ ന്ന 'വലതുപക്ഷ വാദികളുടെ പ്രഖ്യാപനങ്ങളെയുൾപ്പെടെ വിശകലനം ചെയ്യുമ്പോഴും, മനുഷ്യനിർമിത കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റിയുള്ള ചർച്ചകളിൽ ഫിഷർ പഴയ ദ്വന്ദ്വത്തെ മുറുകെപ്പിടിക്കുന്നതായി കാണാം.

കാലാവസ്ഥാവ്യതിയാനം രൂപപ്പെടുത്തുന്ന ഏറ്റവും പ്രധാന പ്രതിസന്ധിയായി കാലാവസ്ഥ അഭയാർഥികളുടെ രൂപപ്പെടലിനെ നോക്കിക്കാണുന്ന ബെനോയിറ്റ് മേയർ, 2050കൾക്കുള്ളിൽ 150 മില്യണിലധികം കാലാവസ്ഥാ അഭയാർഥികൾ (Climate refugees) ലോകത്തു രൂപപ്പെടുമെന്ന് കണക്കാക്കുന്നു (മേയർ 92). കാലാവസ്ഥാവ്യതിയാനത്തെ ലഘൂകരിക്കുന്നതിനും അതിനോട് പൊരുത്തപ്പെടുന്നതിനുമുള്ള വികസനപദ്ധതികൾ, കുടിയൊഴിപ്പിക്കലുകൾക്കോ പുനരധിവാസത്തിനോ കാരണമാകുന്നു. കാലാവസ്ഥാഅഭയാർഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന നിർണായകമായ പ്രതിസന്ധിയിലേക്ക് ലോകം നടന്നടുക്കുന്നതായി മേയർ കരുതുന്നു. കടൽനിരപ്പുയരുന്നതും കടലിൽ ആസിഡ് ശതമാനം ഉയർന്നതും ചൂടുയരുന്നതുമായ പ്രശ്നങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും അവയുടെ കാരണം മനുഷ്യന്റെ ഇടപെടലുകളാണ് എന്ന പൂർവധാരണയെ മേയറും പിൻപറ്റുന്നതായി കാണാനാവും.


കാലാവസ്ഥാവ്യതിയാനത്തെ സംബന്ധിക്കുന്ന ഈ പ്രധാന പഠനങ്ങളിലെല്ലാം തന്നെ മനുഷ്യ ഇടപെടലുകളാണ് കാലാവസ്ഥാമാറ്റത്തിന്റെ മുഖ്യ കാരണമെന്ന നിരീക്ഷണത്തിലേക്കാണ് എത്തിച്ചേരുന്നതെന്ന് കാണാം. ഇത്തരം മനുഷ്യ ഇടപെടലുകളെ മറച്ചുപിടിക്കുകയും കാലാവസ്ഥാവ്യതിയാനത്തെ പൂർണമായും നിരാകരിക്കുകയും ചെയ്യുന്ന പ്രവണതകളെയാണ് ഈ പഠനങ്ങളെല്ലാം സത്യാനന്തരതയെന്ന് അടയാളപ്പെടുത്തുന്നതെന്നു കാണാം. പ്രത്യക്ഷത്തിൽ ഈ പഠനങ്ങളുടെയെല്ലാം ഉദ്ദേശ്യം കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട സത്യാനന്തര സാഹചര്യങ്ങളെ അടയാളപ്പെടുത്തുക എന്നതാണ് എങ്കിലും 'മനുഷ്യ ഇടപെടലുകൾ' എന്ന ഘടകത്തിൽ ഇവയെല്ലാം ആശയപരമായി യോജിക്കുന്നതായി കാണാം. പക്ഷേ പാരിസ്ഥിതികമായ എല്ലാ വിപത്തുകൾക്കും കാരണം 'മനുഷ്യൻ' എന്ന സാമാന്യവൽക്കരിക്കപ്പെട്ട ഏക പദത്തിൽ സൂചിതമാക്കപ്പെടുന്നതിലെ പൊരുത്തക്കേടുകളൊന്നും തന്നെ ഈ പഠനങ്ങളിൽ വിലയിരുത്തപ്പെടുന്നില്ല. ഒപ്പം എല്ലാത്തരം പാരിസ്ഥിതികാഘാതങ്ങളുടെയും കാരണം മനുഷ്യവർഗത്തിന്റെയാകെ പ്രവർത്തനഫലമാണ് എന്ന തികച്ചും വസ്തുതാവിരുദ്ധമായ അതിവാദം ഈ പഠനങ്ങളെല്ലാംതന്നെ മുന്നോട്ടുവയ്ക്കുന്നുണ്ട്. മൂന്നാം ലോകരാജ്യങ്ങളിലെയുൾപ്പെടെയുള്ള ദരിദ്രരും വിഭവദൗർലഭ്യമനുഭവിക്കുന്നവരും ആധുനിക ലോകക്രമത്തിന്റെ മുഖ്യധാരയിൽ നിന്നും അടർത്തിമാറ്റപ്പെട്ടവരുമായ ദുർബല ജനവിഭാഗങ്ങൾ ഈ സാമാന്യവൽക്കരണത്തിന്റെ ഭാഗമായി പ്രതിചേർക്കപ്പെടുന്നു എന്നതാണ് യാഥാർഥ്യം.

അർഥസത്യങ്ങളുടെയും സമാന്തരസത്യങ്ങളുടെയും നിർമിതിയും അവയുടെ വൈകാരികതയിൽ പൊതിഞ്ഞ വിതരണവുമാണ് സത്യാനന്തരതയുടെ മുഖ്യ സവിശേഷതകളിൽ ഒന്നായി കാണാനാവുന്നത്. 2004ൽ പുറത്തിറങ്ങിയ റാൽഫ് കേസിന്റെ The post truth Era: Dishonesty and Deception in Contemporary Life എന്ന ഗ്രന്ഥത്തിൽ അദ്ദേഹം, അമേരിക്കൻ സമൂഹത്തിൽ ആകമാനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു മാറ്റത്തെ അടയാളപ്പെടുത്തുന്നുണ്ട്. അർഥസത്യങ്ങൾക്കും നുണകൾക്കും ദൈനംദിന ജീവിതത്തിലും രാഷ്ട്രീയ സംസ്കാരത്തിലും ലഭിച്ചുകൊണ്ടിരിക്കുന്ന പ്രാബല്യത്തെ അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ എടുത്തുകാട്ടുകയുണ്ടായി (ഫർകസ് 50). സത്യാനന്തരസമൂഹമായി പരിണമിച്ചുകൊണ്ടിരിക്കുന്ന അമേരിക്കൻ സാമൂഹിക-സാംസ്കാരിക സാഹചര്യത്തെ തുറന്നു കാട്ടുന്ന ഘട്ടത്തിൽ അർഥസത്യങ്ങൾക്ക് ലഭിക്കുന്ന പ്രാധാന്യത്തെ അദ്ദേഹം എടുത്തുപറയുന്നുണ്ട്. സത്യാനന്തരതയും കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട ഈ പഠനങ്ങളിലെല്ലാം സാമാന്യവൽക്കരിക്കപ്പെടുന്ന മനുഷ്യൻ എന്ന പൊതുപദം ഇത്തരത്തിൽ അർധസത്യങ്ങളുടെ (Half truth) പ്രതീകമാണെന്ന് കാണാനാവും.

2016 ൽ പുറത്തിറങ്ങിയ Anthropocene Or

കാലാവസ്ഥാ വ്യതിയാനം രൂപപ്പെടുത്തുന്ന ഏറ്റവും പ്രധാന പ്രതിസന്ധിയായി കാലാവസ്ഥ അഭയാർഥികളുടെ രൂപപ്പെടലിനെ നോക്കിക്കാണുന്ന ബെനോയിറ്റ് മേയർ, 2050കൾക്കുള്ളിൽ 150 മില്യണിലധികം കാലാവസ്ഥാ അഭയാർഥികൾ (Climate refugees) ലോകത്തു രൂപപ്പെടുമെന്ന് കണക്കാക്കുന്നു (മേയർ 92).

അർഥസത്യങ്ങളുടെയും സമാന്തരസത്യങ്ങളുടെയും നിർമിതിയും അവയുടെ വൈകാരികതയിൽ പൊതിഞ്ഞ വിതരണവുമാണ് സത്യാനന്തരതയുടെ മുഖ്യ സവിശേഷതകളിൽ ഒന്നായി കാണാനാവുന്നത്.




Capitalocene? Nature, History, and the Crisis of Capitalism എന്ന ഗ്രന്ഥത്തിൽ ജയ്സൺ എം. മൂർ മനുഷ്യ ഇടപെടൽ മൂലമുണ്ടായ പാരിസ്ഥിതിക മാറ്റങ്ങളെക്കുറിക്കുന്ന ആന്ത്രോപ്പോസീൻ എന്ന പദത്തിലെ പല പ്രശ്നങ്ങളെയും തുറന്നുകാട്ടുന്നുണ്ട്. മുതലാളിത്തത്തിന്റെ പാരിസ്ഥിതികാതിക്രമങ്ങളെ മൂന്നാം ലോകരാഷ്ട്രങ്ങളിലെ ദരിദ്രജനതയുടെ ഉൾപ്പെടെ പാപഭാരമായി കെട്ടിയേൽപ്പിക്കുന്ന മുതലാളിത്ത ലളിതയുക്തിയുടെ പ്രകാശനമായിട്ടാണ് അദ്ദേഹം ഈ പദത്തെ നോക്കിക്കാണുന്നത്. ആന്ത്രോപ്പോസീൻ എന്ന പദത്തിനു പകരമായി മുതലാളിത്ത പാരിസ്ഥിതികാതിക്രമങ്ങളെ തുറന്നുകാട്ടുന്ന 'ക്യാപിറ്റലോസീൻ' എന്ന പദമാണ് യഥാർഥത്തിൽ ഉപയോഗിക്കേണ്ടതെന്ന് അദ്ദേഹം പറയുന്നു: "ആന്ത്രോപ്പോസീൻ ഒരു ലളിതകഥ നിർമിച്ചിരിക്കുന്നു. സ്വാഭാവികമായിത്തീർന്നിരിക്കുന്ന അസമത്വത്തെയും അധിനിവേശത്തെയും അതിക്രമങ്ങളെയും, ഉൽപ്പാദനവും അധികാരവും തമ്മിൽ ആധുനികത വിളക്കിച്ചേർത്ത തന്ത്രപരമായ ബാന്ധവത്തെയും ഈ പദം ലളിതമാക്കിത്തീർത്തു. ഈ പദം നമ്മോട് ഇത്തരം ബന്ധങ്ങളെപ്പറ്റി ആകുലപ്പെടാൻ ആവശ്യപ്പെടുന്നില്ല. ഏകാത്മകമായ മാനവികതാ സങ്കൽപ്പമുയർത്തിയ ഈ പദം, അസമത്വത്തെയും ചരക്കുവൽക്കരണത്തെയും സാമ്രാജ്യത്വത്തെയും പുരുഷാധിപത്യത്തെയും മാനവികതയുടെ മറ്റെല്ലാ പ്രശ്നങ്ങളെയും നിരാകരിക്കുകയും ചെയ്തു" എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു (മൂർ 82).

പാരിസ്ഥിതികാതിക്രമണങ്ങളുടെ ഫലമായാണ് കാലാവസ്ഥാവ്യതിയാനം എന്ന ആഗോളപ്രതിഭാസം രൂപപ്പെട്ടത് എന്ന വസ്തുതയെ ശരിവയ്ക്കുന്നതാണ് ഇവിടെ വിശകലനം ചെയ്ത മൂന്ന് ലേഖനങ്ങളും. എന്നാൽ ഇവയുടെ കാരണം 'മനുഷ്യ ഇടപെടൽ' എന്ന സാമാന്യവൽക്കരിക്കപ്പെട്ട ആശയത്തോട് ചേർത്തുനിർത്തുന്നതിനു നടത്തുന്ന ശ്രമങ്ങളിലൂടെ ഈ പാഠങ്ങളോരോന്നും സത്യാന്തരതയുടെ തന്നെ സ്വഭാവസവിശേഷതയായ അർധസത്യങ്ങളുടെ പ്രചാരകരായി മാറുന്നു. വ്യവസായവൽക്കരണത്തിനുശേഷം സംഭവിച്ച വ്യാപകമായ പാരിസ്ഥിതികാതിക്രമണങ്ങളും അവയ്ക്ക് പിന്നിൽ പ്രവർത്തിച്ച മുതലാളിത്തയുക്തികളെയുമൊക്കെ മറന്നുകൊണ്ടുള്ള ഈ വാദമുഖം അതിനാൽത്തന്നെ അർധസത്യപ്രചാരണത്തിനുള്ള ഉത്തമ ഉദാഹരണമായിത്തീരുന്നു. കാലാവസ്ഥാവ്യതിയാന നിരാകരണമുൾപ്പെടുന്ന സത്യാനന്തര സാഹചര്യങ്ങളെ പഠിക്കുന്ന അക്കാദമിക ലേഖനങ്ങൾ മുതലാളിത്തയുക്തിയുടെ തന്നെ പ്രചാരകരായി ഒരുഘട്ടത്തിൽ മാറുന്നത് ഇത്തരം പഠനങ്ങളുടെ പ്രസക്തിയെത്തന്നെ നഷ്ടമാക്കുന്നുണ്ട്. മനുഷ്യനിർമിത കാലാവസ്ഥാവ്യതിയാനം എന്ന സാമാന്യപദത്തിലൂന്നിയുള്ള പഠനങ്ങൾക്ക് പകരം ക്യാപിറ്റലോസീൻ പോലുള്ള ആശയാവലികളെക്കൂടി ഉൾപ്പെടുത്തിയുള്ള വിശകലനങ്ങളാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ സത്യാനന്തരയുക്തികളെ തേടുന്നതിൽ കൂടുതൽ ചരിത്രപരവും വസ്തുതാപരവും കൃത്യവുമായിത്തീരുന്നത്. അതിലൂടെ മാത്രമേ തീവ്രവലതു പ്രത്യയശാസ്ത്രവാദികൾ ഉയർത്തിക്കാട്ടുന്ന സത്യാനന്തര സമസ്യകളെ പൂർണമായി പ്രതിരോധിക്കുവാൻ സാധിക്കൂ.

2016 ൽ പുറത്തിറങ്ങിയ Anthropocene Or Capitalocene? Nature, History, and the Crisis of Capitalism എന്ന ഗ്രന്ഥത്തിൽ ജയ്സൺ എം. മൂർ മനുഷ്യ ഇടപെടൽ മൂലമുണ്ടായ പാരിസ്ഥിതിക മാറ്റങ്ങളെക്കുറിക്കുന്ന ആന്ത്രോപ്പോസീൻ എന്ന പദത്തിലെ പല പ്രശ്നങ്ങളെയും തുറന്നുകാട്ടുന്നുണ്ട്.

## കുറിപ്പുകൾ

1. 1990കളിൽ ഉത്തരാധുനികരും ശാസ്ത്രകാരന്മാരും തമ്മിൽ ശാസ്ത്രം, സിദ്ധാന്തം, മൗലികത തുടങ്ങിയ വിഷയങ്ങളിൽ നടന്ന ആശയ സംവാദം.

2. The Intergovernmental Panel on Climate Change (IPCC) is the leading international body for assessment of climate change. It is a key source of scientific information and technical guidance to the United Nations Framework Convention on Climate Change (UNFCCC), the Kyoto Protocol and Paris Agreement. The IPCC provides governments at all levels with scientific information they can use to develop climate policies.

3. 1984ൽ അമേരിക്കയിൽ സ്ഥാപിതമായ Heartland Institute, തൊണ്ണൂറുകളിൽ പുകയില കമ്പനികൾക്കുവേണ്ടി പ്രവർത്തിക്കുകയും പുകവലിയുടെ ദൂഷ്യവശങ്ങൾ മറയ്ക്കുന്നതിനായി ഇടപെടൽ നടത്തുകയും ചെയ്തു. 2000നു ശേഷം കാലാവസ്ഥാവ്യതിയാന നിരാകരണം മുഖ്യ അജണ്ടയായി ഇവർ രൂപപ്പെടുത്തുന്നതായി കാണാം.

## ഗ്രന്ഥസൂചി


1. Behrman, Simon, et al. Climate Refugees. Ed. Avidan Kent. Routledge, Taylor & Francis Group, 2018.
2. Dunlap, Riley E. , and Peter J. Jacques. "Climate change denial books and conservative think tanks: Exploring the connection." American Behavioral Scientist, vol. 57, no. 6, 2013, pp. 699-731.
3. Farkas, Johan, and Jannick Schou. Post-truth, Fake News and Democracy: Mapping the Politics of Falsehood. Routledge, 2019.
4. Fischer, Frank. "Knowledge politics and post-truth in climate denial: on the social construction of alternative facts. " Critical Policy Studies, 2019, pp. 133-152.
5. Groves, Christopher. "Post truth and anthropogenic climate change: Asking the right questions. " Wiley Interdisciplinary Reviews: Climate Change, vol. 10, no. 6, 2019, pp. 620.
6. Keyes, Ralph. The post-truth era:



ജയ്സൺ എം. മൂർ

Dishonesty and deception in contemporary life. Macmillan, 2004.

7. Lomborg, Bjorn. Cool it: The skeptical environmentalist's guide to global warming. Vintage, 2010.
8. Lomborg, Bjorn. False Alarm: How climate change panic costs us trillions, hurts the poor, and fails to fix the planet. Hachette UK, 2020.
9. Moore, Jason W. , ed. Anthropocene or capitalocene?: Nature, history, and the crisis of capitalism. Pm Press, 2016.
10. Shellenberger, Michael, Reed Watson, and Chelsea Follett. Apocalypse Never: Why Environmental Alarmism Hurts Us, 2020.

*എബിൻ എം. ഡി,*
*ഗവേഷകൻ, സ്കൂൾ ഓഫ് ലെറ്റേഴ്സ്,*
*മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം.*
*7293404873*
*abin. 0694@gmail. com*

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**



**ലഘു വ്യാകരണം**
**സാഹിത്യ പഞ്ചാനനൻ**
**പി.കെ. നാരായണ പിള്ള**

**സമ്പാദകൻ**
**ഡോ. എം. ഗോപാലകൃഷ്ണൻ നായർ**

മലയാളത്തിന്റെ വ്യാകരണത്തിന്റെ സുപ്രധാനതത്വങ്ങൾ കുട്ടികൾക്ക് മനസ്സിലാകുന്ന തരത്തിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥം. എ.ആർ. രാജരാജ വർമ്മയ്ക്കുശേഷം മലയാളം കണ്ട ഏറ്റവും വലിയ വ്യാകരണ പണ്ഡിതന്റെ വിശിഷ്ടമായ കൃതി

₹ 70



# ഇന്ത്യൻ നാഷണൽ ലൈബ്രറി

ഡോ. വിജയകുമാർ കെ. പി

ഒരു രാജ്യത്ത് പ്രസാധനം ചെയ്യപ്പെടുന്ന മുഴുവൻ പ്രസിദ്ധീകരണങ്ങളുടേയും ശേഖരമായി പ്രവർത്തിക്കുന്നതിനായി അതാതു രാജ്യത്തെ ഗവണ്മെന്റുകൾ സ്ഥാപിക്കുന്ന ലൈബ്രറികളെയാണ് നാഷണൽ ലൈബ്രറികൾ എന്നു പറയുന്നത്. അവ നിർവഹിക്കേണ്ട ചുമതലകൾ കൃത്യമായി നിർവചിച്ചിട്ടുണ്ടാകും. അവയുടെ ഉത്തരവാദിത്വങ്ങൾ ഓരോ രാജ്യത്തും വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും അവയിൽ പലതും പൊതുവായിട്ടുള്ളവയായിരിക്കും. രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന അച്ചടിച്ചതും, ഇലക്ട്രോണിക് രൂപത്തിലുള്ളവയുമായ പ്രസിദ്ധീകരണങ്ങൾ നിലവിലുള്ള പുസ്തകനിക്ഷേപ നിയമമനുസരിച്ച് ശേഖരിക്കുകയും, കാറ്റലോഗ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുക. അവയെ ആസ്പദമാക്കിയുള്ള ബിബ്ലിയോഗ്രാഫി തയാറാക്കുക, റഫറൻസിനു നൽകുക, ദേശീയ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണവും, പ്രചാരണവും മുൻനിർത്തിയുള്ള പരിപാടികൾ സംഘടിപ്പിക്കുക, പ്രാതിനിധ്യസ്വഭാവമുള്ള വിദേശ പ്രസിദ്ധീകരണങ്ങളുടെ ഒരുശേഖരം കെട്ടിപ്പടുക്കുക, ദേശീയ സംസ്കാരകനയം കരുപ്പിടിപ്പിക്കാനും പ്രചരിപ്പിക്കാനും ശ്രമിക്കുക, ദേശീയതലത്തിലുള്ള സാക്ഷരതാപരിപാടിക്കു നേതൃത്വം നൽകുക എന്നിവയാണ് ദേശീയ ലൈബ്രറികളുടെ ധർമങ്ങളിൽപ്പെടുന്നത്.

അന്താരാഷ്ട്രതലത്തിലുള്ള സംസ്കാരികപരിപാടികൾക്കും, പദ്ധതികൾക്കും വേദിയൊരുക്കുക, ഒരു ദേശീയ ഇൻഫർമേഷൻ നയത്തിനു രൂപം നൽകാൻ സർക്കാരിനെ സഹായിക്കുക, രാജ്യത്തെ ലൈബ്രറി പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക, ലൈബ്രറികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിന്



ഉപദേശം നൽകുക എന്നിവ ദേശീയ ലൈബ്രറികളുടെ അനുബന്ധപ്രവർത്തനങ്ങളാണ്. അവയെക്കുറിച്ച് പൊതുവേയുള്ള കാഴ്ചപ്പാടാണ് ഇവിടെ സൂചിപ്പിച്ചത്. അതിനാൽ ഒരു ലൈബ്രറി മേൽപ്പറഞ്ഞ ജോലികളെല്ലാം നിർവഹിക്കാൻ ബാധ്യസ്ഥമാണ് എന്ന് അർഥമില്ല. ഇനി ഇന്ത്യൻ നാഷണൽ ലൈബ്രറിയിലേക്കുവരാം. ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ രേഖകളുടേയും, ഭാഷയോ, രാജ്യമോ കണക്കിലെടുക്കാതെ ഇന്ത്യാക്കാർ രചിച്ച എല്ലാ രേഖകളുടേയും ഇന്ത്യയെ സംബന്ധിച്ച് എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളുടേയും സ്ഥിരംശേഖരം ഉണ്ടാക്കിയെടുക്കുകയാണ് നാഷണൽ ലൈബ്രറിയുടെ ലക്ഷ്യം.

## അല്പം ചരിത്രം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്ഥാപിതമായ കൽക്കത്ത പബ്ലിക് ലൈബ്രറിയിലാണ് തുടക്കം. ഇംഗ്ലീഷ്മാൻ എന്ന പത്രത്തിന്റെ എഡിറ്ററായിരുന്ന ജെ. എച്ച് സ്റ്റോക്ലറുടെ താല്പര്യമാണ് ഇതിനു പിറകിൽ ഉണ്ടായിരുന്നത്. സിവിൽ സർജനായിരുന്ന ഡോ. എഫ് പി. സ്റ്റോങ്ങിന്റെ വസതിയുടെ താഴത്തെ നിലയിൽ ആരംഭിച്ച ലൈബ്രറി 1836 മാർച്ച് 21-ാം തീയതി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. അന്നുണ്ടായിരുന്ന പല സെക്രട്ടറിയേറ്റ് ലൈബ്രറികളും ഒരുമിച്ച് ചേർത്ത് ഒരു ഇംപീരിയൽ ലൈബ്രറി തുടങ്ങിയത് 1891-ലാണ്. പക്ഷേ, ഇതിന്റെ ഉപയോഗം സർക്കാരിലെ ഉന്നതർക്കായി പരിമിതപ്പെടുത്തിയിരുന്നു. ഇംപീരിയൽ ലൈബ്രറി തുടങ്ങിയത് 1981-ലാണ്. പക്ഷേ, ഇംപീരിയൽ ലൈബ്രറിയും, കൽക്കത്ത പബ്ലിക് ലൈബ്രറിയും കൂട്ടിച്ചേർത്ത് വലിയൊരു ലൈബ്രറി തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചത് 1899 മുതൽ 1905 വരെ ഇന്ത്യയുടെ വൈസ്രോയി ആയിരുന്ന കഴ്സൺ പ്രഭുവാണ്.

1902-ൽ ഇംപീരിയൽ ലൈബ്രറി ആക്ട് പാസ്സാക്കുകയും മെറ്റ്കാഫ് ഹാലിൽ അടുത്തവർഷം ജനുവരി 30-ാം തീയതി പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. വിദ്യാർഥികൾക്കും, പണ്ഡിതന്മാർക്കും ഇന്ത്യയെക്കുറിച്ചുള്ള എല്ലാ പുസ്തകങ്ങളും ലഭ്യമാകുന്ന ഒരു റഫറൻസ് ലൈബ്രറി എന്നാണ് കഴ്സൺ പ്രഭു നിർദ്ദേശിച്ചത്. 1867-ലെ പ്രസ്സ് ആൻഡ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ലഭിക്കുന്ന പുസ്തകങ്ങളെല്ലാം നൽകാൻ ബംഗാൾ സർക്കാർ തീരുമാനിച്ചതോടെ ശേഖരം വളരെ വേഗം വർധിച്ചു. വിദേശരാജ്യങ്ങളുമായുള്ള പുസ്തക കൈമാറ്റ പദ്ധതിയിലൂടെ അമേരിക്കയിലെ

ഇന്ത്യയിലെ ഏറ്റവും വലിയ ലൈബ്രറിയാണ് നാഷണൽ ലൈബ്രറി. 1954-ലെ ഡെലിവറി ഓഫ് ബുക്സ് ആൻഡ് ന്യൂസ് പേപ്പേഴ്സ് (പബ്ലിക് ലൈബ്രറീസ്) ആക്ട് പ്രകാരം ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഒരു കോപ്പി നാഷണൽ ലൈബ്രറിയിലേക്ക് നൽകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ എല്ലാ പ്രധാന ഭാഷകളിലെയും ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്

ലൈബ്രറി ഓഫ് കോൺഗ്രസ് ഉൾപ്പെടെ പലരാജ്യങ്ങളിൽ നിന്നും പുസ്തകങ്ങൾ ലഭിച്ചു. ഇംപീരിയൽ ലൈബ്രറി കൗൺസിലിന്റെ പ്രസിഡൻറായി 1910-ൽ നിയമിതനായ സർ അശുതോഷ് മുഖർജി 80000 പുസ്തകങ്ങൾ അടങ്ങുന്ന തന്റെ ശേഖരം ലൈബ്രറിക്ക് നൽകി, ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനസമയത്ത് ഇംപീരിയൽ ലൈബ്രറിയിൽ മൂന്നരലക്ഷത്തിലധികം പുസ്തകങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ലൈബ്രറിയുടെ പേര് നാഷണൽ ലൈബ്രറി എന്നാക്കുകയും എസ്പ്ലനേഡിൽ നിന്ന് 30 ഏക്കർ വിസ്തീർണമുള്ള ഇപ്പോഴത്തെ ആസ്ഥാനമായ ബെൽവെഡിയർ എസ്റ്റേറ്റിലേക്ക് മാറ്റുകയും ചെയ്തു. കേന്ദ്രവിദ്യാഭ്യാസമന്ത്രിയായിരുന്ന മൗലാനാ അബ്ദുൾ കലാം ആസാദ് 1953 ഫെബ്രുവരി 1-ാം തീയതി ലൈബ്രറി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

## വിജ്ഞാന ശേഖരങ്ങൾ

ഏതുവിധം നോക്കിയാലും ഇന്ത്യയിലെ ഏറ്റവും വലിയ ലൈബ്രറിയാണ് നാഷണൽ ലൈബ്രറി. 1954-ലെ ഡെലിവറി ഓഫ് ബുക്സ് ആൻഡ് ന്യൂസ് പേപ്പേഴ്സ് (പബ്ലിക് ലൈബ്രറീസ്) ആക്ട് പ്രകാരം ഇന്ത്യയിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഒരു കോപ്പി നാഷണൽ ലൈബ്രറിയിലേക്ക് നൽകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ എല്ലാ പ്രധാന ഭാഷകളിലെയും ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്. പ്രധാനപ്പെട്ട ഭാഷകൾ ആസാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കന്നട, കശ്മീരി, മലയാളം, മറാത്തി, ഒറിയ, പഞ്ചാബി, സംസ്കൃതം, സിന്ധി, തമിഴ്, തെലുങ്ക്, ഉറുദു എന്നിവയാണ്. ഇവയ്ക്കെല്ലാം പ്രത്യേക വിഭാഗങ്ങളുണ്ട്. ഇവയ്ക്കു പുറമേയാണ് ഇംഗ്ലീഷ് പുസ്തകങ്ങൾ. ഇനി വിവിധ ശേഖരങ്ങളുടെ ഒരേകദേശ കണക്ക് നൽകാം.

പുസ്തകങ്ങളും ബയൻറ് ചെയ്ത ആനുകാലികങ്ങളും-ഇവയിൽ ഏകദേശം അഞ്ചുലക്ഷം പഴയതും 27 ലക്ഷം അപൂർവവും നാശോന്മുഖവുമായ രേഖകളാണ്.

ഇംഗ്ലീഷിലുള്ള ഓൺലൈൻ പുസ്തകങ്ങൾ-125000 ശീർഷകങ്ങൾ.

അച്ചടിച്ച ആനുകാലികങ്ങൾ (വിദേശത്തുള്ളത്)-600

ഓൺലൈൻ ആനുകാലികങ്ങൾ-7000

വർത്തമാനപത്രങ്ങൾ-905 ശീർഷകങ്ങൾ

ഭൂപടങ്ങൾ-88000

കൈയെഴുത്തുപ്രതികൾ -3200

മൈക്രോഫിലിമുകൾ -105000

പൂർണരൂപത്തിലുള്ള ഗവേഷണപ്രബന്ധങ്ങൾ-38 ലക്ഷം

2014-15 മുതൽ 2017-18 വരെയുള്ള പ്രബന്ധങ്ങൾ നാലുവർഷത്തിനിടയിൽ 122094 പുസ്തകങ്ങൾ ഡെലിവറി ഓഫ് ബുക്സ് ആക്ട് പ്രകാരവും 4116 രേഖകൾ മറ്റു വിദേശരാജ്യങ്ങളിൽ നിന്നും, 6170 എണ്ണം സമാനമായും, പരസ്പരം കൈമാറ്റത്തിലൂടെയും ലഭിച്ചു. ഈ നാലു വർഷങ്ങളിലുമായി ഏകദേശം നാലുകോടി 92 ലക്ഷം രൂപയുടെ അച്ചടിച്ച പുസ്തകങ്ങളും ആറുകോടി എട്ടുലക്ഷത്തിൽപ്പരം രൂപയുടെ ഇലക്ട്രോണിക്പുസ്തകങ്ങളുമാണ് ലൈബ്രറി വാങ്ങിയത്. ഇതേകാലയളവിൽ (2014-15 മുതൽ 2017-18 വരെ) അച്ചടിച്ച ജേർണലുകൾ, ഇലക്ട്രോണിക് ജേർണലുകൾ, ഡേറ്റാ ബേസുകൾ എന്നിവയ്ക്കായി ചെലവഴിച്ച തുക സുമാർ 30 കോടി 74 ലക്ഷം രൂപയാണ്. വിവിധ ശേഖരങ്ങൾ വളരെവേഗം വളർന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഒരു ഏകദേശ ധാരണ നൽകാൻവേണ്ടി കണക്ക് നൽകിയെന്നേയുള്ളൂ.

## ഭാഷാ ശേഖരങ്ങൾ

ഇംഗ്ലീഷ് : കൽക്കത്ത പബ്ലിക് ലൈബ്രറിയുടെയും ഇംപീരിയൽ ലൈബ്രറിയുടെയും കാലം മുതലുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ ഇവിടെയുണ്ട്. ഗൗരവതരമായ വായനയ്ക്കും റഫറൻസിനും വേണ്ട പുസ്തകങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. എല്ലാ വിഷയത്തിലുള്ള പുസ്തകങ്ങളും ഉണ്ടെങ്കിലും ബ്രിട്ടീഷ് ചരിത്രം, ഇന്ത്യാചരിത്രം, സാഹിത്യം എന്നിവയുടെ പുസ്തകങ്ങൾ പ്രത്യേകം പരാമർശം അർഹിക്കുന്നു. മറ്റ് വിദേശ ഭാഷാ പുസ്തകങ്ങൾ : ഇന്ത്യയെക്കുറിച്ച് ലോകത്തിന്റെ ഏതുഭാഗത്തും രചിച്ചിട്ടുള്ള പുസ്തകങ്ങൾ വാങ്ങുക എന്നത് നാഷണൽ ലൈബ്രറിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. വിദേശഭാഷാ പുസ്തകങ്ങൾ ഈ ഉദ്ദേശ്യത്തോടെയാണ് വാങ്ങുന്നത്. 1985-മുതൽ ജർമാനിക് ഭാഷാ വിഭാഗം, ലത്തീനോല്പന്ന ഭാഷാ വിഭാഗം (Romance languages), പൂർവേഷ്യൻ ഭാഷാവിഭാഗം (Slavonic Languages), പശ്ചിമേഷ്യൻ-ആഫ്രിക്കൻ വിഭാഗം എന്നിങ്ങനെ അഞ്ചുവിഭാഗങ്ങളായി തിരിച്ചാണ് മറ്റു വിദേശഭാഷാ പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുള്ളത്.

## ഭാരതീയ ഭാഷകൾ

**ആസാമീസ്**: ഈ ഭാഷയിലെ പുസ്തകങ്ങൾക്ക് ഒരു പ്രത്യേകവിഭാഗം ആരംഭിക്കുന്നത് 1963-ലാണ് ഇപ്പോൾ ഏകദേശം 20000 പുസ്തകങ്ങളുള്ള ഈ വിഭാഗത്തിൽ 19-ാം നൂറ്റാണ്ടിലുള്ളവ കുറെയേറെയുണ്ട്.

**ബംഗാളി** : 18-ാം നൂറ്റാണ്ടിൽ അവസാനം മുതലുള്ള കൃതികളുള്ള ഈ വിഭാഗത്തിൽ ഒരു ലക്ഷത്തിലേറെ പുസ്തകങ്ങളാണുള്ളത്.

**ഗുജറാത്തി** : ഡെലിവറി ഓഫ് ബുക്സ് ആക്ട് നിലവിൽ വരുമ്പോൾ വെറും 1200 പുസ്തകങ്ങൾക്കടുത്ത് മാത്രമുണ്ടായിരുന്ന ഗുജറാത്തിശേഖരത്തിൽ ഇപ്പോൾ 45000-ൽ പരം കൃതികളുണ്ട്.

**ഹിന്ദി** : സ്വാഭാവികമായും ഏറ്റവും കൂടുതൽ പുസ്തകങ്ങളുള്ള ഈ ശേഖരത്തിൽ ഇപ്പോൾ 168000-ൽപ്പരം പുസ്തകങ്ങളുണ്ട്. മൈഥിലി ഭാഷയിലെ പുസ്തകങ്ങളും ഈ ശേഖരത്തിലാണുള്ളത്.

**കന്നഡ** : പ്രത്യേകവിഭാഗമായി 1963-ൽ തുടങ്ങിയ കന്നഡ ഭാഷാ ശേഖരത്തിൽ 54000-ൽ തുട



ങ്ങിയ കന്നഡ ഭാഷാ ശേഖരത്തിൽ 5400-ൽ പരം പുസ്തങ്ങളുണ്ട്.

**കാശ്മീരി** : മറ്റുപല വിഷയങ്ങളിലുമെന്നപോലെ 1963-ലാണ് കാശ്മീരി ഭാഷാ പുസ്തകങ്ങളും ഒരു പ്രത്യേക ശേഖരമായി തീർന്നത്. പക്ഷേ ഈ ശേഖരം പൂർണമായും പ്രവർത്തനക്ഷമമായിട്ടില്ല.

**മലയാളം** : അരനൂറ്റാണ്ടിനു മുമ്പ് വെറും അയ്യായിരത്തിനടുത്തു മാത്രം പുസ്തകങ്ങളുണ്ടായിരുന്ന മലയാളശേഖരത്തിൽ ഇപ്പോൾ അവയുടെ എണ്ണം 50000-നടുത്താണ്.

**മറാത്തി** : അരനൂറ്റാണ്ടിന് മുമ്പ് വെറും 9000-നടുത്ത് പുസ്തകങ്ങളുണ്ടായിരുന്ന മറാത്തി ശേഖരത്തിൽ ഇപ്പോൾ 56000-ൽ അധികം പുസ്തകങ്ങളുണ്ട്. ഖരക്പൂരിലെ ബംഗാൾ റെയിൽവേ ഇൻസ്റ്റിറ്റ്യൂട്ടിലെ പുസ്തകങ്ങൾ സ്വന്തമാക്കിയതോടെയാണ് മറാത്തി ശേഖരത്തിന്റെ വലിപ്പം കൂടിയത്,

**ഒറിയ** : 1973-ലാണ് പ്രത്യേക ശേഖരമായതെങ്കിലും 50000-നടുത്ത് പുസ്തകങ്ങളുണ്ട് ഇപ്പോൾ.

**പഞ്ചാബി** : ഇപ്പോൾ കാൽ ലക്ഷത്തോളം പുസ്തകങ്ങളുള്ള പഞ്ചാബി ശേഖരം പ്രവർത്തനം തുടങ്ങിയത് 1974-ലാണ്.

**സംസ്കൃതം** : പാലി, പ്രാകൃതം എന്നീ ഭാഷകളിലുള്ള പുസ്തകങ്ങളും സംസ്കൃതശേഖരത്തിലാണുള്ളത്. മറ്റ് ഭാഷകളിൽ നിന്ന് സംസ്കൃതഗ്രന്ഥങ്ങൾക്കുപുറമേ, പാലിയിലും പ്രാകൃതത്തിലുമുള്ള 500 വീതം പുസ്തകങ്ങളും ഇവിടെയുണ്ട്.

**സിന്ധി** : 1957-ൽ തന്നെ പ്രവർത്തിച്ചുതുടങ്ങിയെങ്കിലും 2100-ന് അടുത്ത് പുസ്തകങ്ങളേ ഈ ശേഖരത്തിലുള്ളൂ.

**തമിഴ്** : ഹിന്ദി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പുസ്തകങ്ങളുള്ളത് തമിഴ് ശേഖരത്തിലാണ്. അവയുടെ എണ്ണം 115000 വരും. ഇതിന് പുറമേയാണ് വയ്യാപുരിപ്പിള്ള കളക്ഷനിലെ 1000-ത്തോളം പുസ്തകങ്ങളും 300-ലധികം തമിഴ് കൈയെഴുത്ത്പ്രതികളും.

**ഉറുദു** : 30000-ൽ അധികം പുസ്തകങ്ങളാണ് ഈ ശേഖരത്തിലുള്ളത്.

## പ്രത്യേക ശേഖരങ്ങൾ

ഏതൊരു ലൈബ്രറിയെയും അന്യാദൃശമാക്കുന്നത് അവിടത്തെ സവിശേഷശേഖരങ്ങളാണ്. ബ്രിട്ടീഷ് ലൈബ്രറിയുടെയും, അമേരിക്കയിലെ ലൈബ്രറി ഓഫ് കോൺഗ്രസിന്റെയും പ്രത്യേക ശേഖരങ്ങൾ പ്രസിദ്ധമാണ്. ഇന്ത്യൻ നാഷണൽ ലൈബ്രറിയും ഒട്ടും പിന്നിലല്ല.

## അപൂർവ പുസ്തകശേഖരം

പ്രസിദ്ധീകരണ വൈചിത്ര്യം കൊണ്ട് അപൂർവമായതോ 1800-ന് മുമ്പ് പ്രസിദ്ധീകരിച്ചതോ, സവിശേഷ ചിത്രങ്ങൾ ഉള്ളവയോ ആയ പുസ്തകങ്ങളെയാണ് അപൂർവപുസ്തകങ്ങളുടെ കൂട്ടത്തിൽപ്പെടുത്തുന്നത്. പല ഭാഷകളിലുമുള്ള 3600-നടുത്ത് കൈയെഴുത്തുപ്രതികൾ എന്നിവയെല്ലാം ഈ ശേഖരത്തിലുണ്ട്.

## ഇന്ത്യയിലെ ഔദ്യോഗിക രേഖകൾ

സർക്കാർ പ്രസിദ്ധീകരണങ്ങളുടെ ഇന്ത്യയിലെ ഏറ്റവും വലിയ ശേഖരമാണിത്. ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ കാലം മുതലുള്ള രേഖകൾ ഇവിടെയുണ്ട്. രേഖകൾ പ്രകാരം 167000 പ്രസിദ്ധീകരണ ങ്ങളാ

ഏതൊരു ലൈബ്രറിയെയും അന്യാദൃശമാക്കുന്നത് അവിടത്തെ സവിശേഷശേഖരങ്ങളാണ്. ബ്രിട്ടീഷ് ലൈബ്രറിയുടെയും, അമേരിക്കയിലെ ലൈബ്രറി ഓഫ് കോൺഗ്രസിന്റെയും പ്രത്യേക ശേഖരങ്ങൾ പ്രസിദ്ധമാണ്. ഇന്ത്യൻ നാഷണൽ ലൈബ്രറിയും ഒട്ടും പിന്നിലല്ല.

ണിവിടെയുള്ളത്. ഇവയ്ക്കുപുറമേ ഏകദേശം 50000 രേഖകൾ വർഗീകരണം നടത്തി ചേർക്കാനുമുണ്ട്.

## വിദേശ ഔദ്യോഗിക രേഖകൾ

പല രാജ്യങ്ങളുടെയും ഐക്യരാഷ്ട്രസംഘടന പോലുള്ള അന്താരാഷ്ട്ര സംഘടനകളുടെയും പ്രസിദ്ധീകരണങ്ങളുടെ പ്രത്യേകശേഖരത്തിൽ രണ്ടുലക്ഷത്തിലധികം രേഖകളുണ്ട്.

## വർത്തമാനപത്രങ്ങളും ആനുകാലികങ്ങളും

വർത്തമാനപത്രങ്ങളും ആനുകാലികങ്ങളും വരുത്തുന്നത് അതിനുവേണ്ടിയുള്ള പ്രത്യേക വിഭാഗമാണെങ്കിലും അവ സൂക്ഷിക്കുന്നത് ഇന്ത്യയിലും വിദേശത്തുമുള്ള ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ഒരുമിച്ചും ഇന്ത്യൻഭാഷകളിലുള്ളവ അതാത് ഭാഷാശേഖരങ്ങളോടും ഒപ്പമാണ്.

## ഭൂപടങ്ങൾ

അപൂർവമായവ ഉൾപ്പെടെ 55000-ൽ പരം ഭൂപടങ്ങളാണ് ഇതുവരെ ശേഖരത്തിൽ കൂട്ടിച്ചേർത്തിട്ടുള്ളത്. ഇനിയും വളരെയേറെ എണ്ണം അക്സഷൻ ചെയ്യാനുമുണ്ട്.

## മൈക്രോഫോമുകൾ

മൈക്രോഫിലിമുകൾ, മൈക്രോഫോമുകൾ ഉൾപ്പെടെ 25000-ൽപ്പരം രേഖകൾ ഈ ശേഖരത്തിലുണ്ട്. 1872 മുതൽ 1951 വരെയുള്ള സെൻസസ് രേഖകളും മൈക്രോഫോമിൽ ലഭ്യമാണ്.

## അംഗത്വം

ഇന്ത്യയിൽ പതിനെട്ടുവയസ്സ് കഴിഞ്ഞ ഏതൊരു വ്യക്തിക്കും ഫാറം പൂരിപ്പിച്ചുകൊടുത്ത് അംഗമാകാം. അംഗങ്ങൾക്ക് നാഷണൽ ലൈബ്രറി നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കാം. സമൂഹമാധ്യമങ്ങളിലും ലൈബ്രറി സജീവമാണ്. ഫേസ്ബുക്ക്, ട്വിറ്റർ, യൂട്യൂബ്, ഇൻസ്റ്റഗ്രാം എന്നീ മാധ്യമങ്ങളിലൂടെയും ലൈബ്രറിയുമായി ബന്ധപ്പെടാം. പതിനാലു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ലൈബ്രറി സൗജന്യമായി ഉപയോഗിക്കാം.

## സേവനങ്ങൾ

ഒരു വർഷം മൂന്ന് അവധിദിനങ്ങൾ ഒഴികെ 362 ദിവസവും പ്രവർത്തിക്കുന്ന ലൈബ്രറിയാണിത്. എല്ലാ പ്രവർത്തിദിനങ്ങളിലും വായനമുറികളെല്ലാം രാവിലെ ഒൻപതു മണിമുതൽ രാത്രി എട്ടു മണിവരെയും ശനി, ഞായർ ദിവസങ്ങളിൽ 9. 30 മുതൽ 6 വരെയും ഉപയോഗിക്കാം. സാധാരണയായി ദേശീയ ലൈബ്രറികളിൽ നിന്നും അതു ചെയ്യാറുണ്ട്. ഒരു തുക നിക്ഷേപമായി സ്വീകരിച്ചാണ് പുസ്തകം വായനയ്ക്ക് നൽകുന്നത്. വായനയ്ക്കുള്ള സൗകര്യം, റഫറൻസ് സേവനം, ബിബ്ലിയോഗ്രാഫി സേവനങ്ങൾ, ലൈബ്രറികൾക്കിടയിലുള്ള പുസ്തകവായ്പ എന്നിവയാണ് സാധാരണസേവനങ്ങൾ.

കമ്പ്യൂട്ടർ കാറ്റലോഗ് സേവനം, അംഗങ്ങൾക്കുവേണ്ടിയുള്ള ലൈബ്രറിബോധവൽക്കരണം, ഇലക്ട്രോണിക് സ്രോതസ്സുകളുടെ വിതരണം, മൈക്രോഫോമുകൾ ഉപയോഗിക്കാനുള്ള സൗകര്യം, കോപ്പിയെടുക്കാനുള്ള സൗകര്യം, ഇൻറർനെറ്റ് സേവനം, വിദഗ്ധോപദേശം നൽകൽ, പരിശീലനപരിപാടികൾ എന്നിവയാണ് മറ്റു സേവനങ്ങൾ. പുസ്തക പ്രസാധനവും ഒരു പ്രധാനപ്രവർത്തനമാണ്.

## കമ്പ്യൂട്ടർവൽക്കരണം

വിവരസാങ്കേതികവിദ്യ വൻതോതിൽ ഉപയോഗിക്കാനുള്ള പദ്ധതി 2008-09 ആരംഭിച്ചു. അതോടെ ഓൺലൈൻ ജേർണലുകൾ, ഇ-പുസ്തകങ്ങൾ, ഡാറ്റാബേസുകൾ എന്നിവ ലഭ്യമാക്കാൻ തുടങ്ങി. ഇ-സ്രോതസ്സുകൾ ഉപയോഗിക്കാനുള്ള പ്രത്യേക കേന്ദ്രം ഉപയോക്താക്കൾക്കായി തുറന്നുകൊടുത്തത് 2015-ലാണ്. ഈ കേന്ദ്രത്തിൽ 50 കമ്പ്യൂട്ടറുകൾ വായനക്കാർക്ക് ഉപയോഗിക്കാം. 2004 മുതലുള്ള പുസ്തകങ്ങൾ ലൈബ്രറിയിലെ കമ്പ്യൂട്ടർ കാറ്റലോഗ് (ഓൺലൈൻ പബ്ലിക് അക്സസ് കാറ്റലോഗ്) വഴി കണ്ടുപിടിക്കാം. അപൂർവവും, നാശത്തിന്റെ വക്കിലെത്തി നിൽക്കുന്നതുമായ പഴയ രേഖകളുടെ 40 ലക്ഷത്തിലധികം പേജുകൾ ഡിജിറ്റൽ രൂപത്തിലാക്കാനുള്ള നാലാംഘട്ട പദ്ധതി 2020 ജൂലൈ മാസത്തിൽ ആരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് രണ്ടു കോടി രൂപയാണ് ചെലവഴിക്കുന്നത്.

## മനുഷ്യവിഭവശേഷി

നാഷണൽ ലൈബ്രറി പ്രവർത്തിക്കുന്നത് ഒരു ഡയറക്ടർ ജനറലിന്റെ കീഴിലാണ്. അദ്ദേഹത്തിനു താഴെ രണ്ടു അഡീഷണൽ ഡയറക്ടർ ജനറൽമാരും ഒരു ജോയിൻറ് ഡയറക്ടർ ജനറലും, രണ്ടു പ്രിൻസിപ്പൽ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർമാരുമുണ്ട്. എല്ലാ തസ്തികകളിലുമായി 658 പേരെ അനുവദിച്ചിട്ടുണ്ടെങ്കിലും അവയിൽ പകുതിയോളം ഒഴിഞ്ഞുകിടക്കുകയാണ് പതിവ്.

നാഷണൽ ലൈബ്രറി പ്രവർത്തിക്കുന്നത് ഒരു ഡയറക്ടർ ജനറലിന്റെ കീഴിലാണ്. അദ്ദേഹത്തിനു താഴെ രണ്ടു അഡീഷണൽ ഡയറക്ടർ ജനറൽമാരും ഒരു ജോയിൻറ് ഡയറക്ടർ ജനറലും, രണ്ടു പ്രിൻസിപ്പൽ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർമാരുമുണ്ട്.

## സെൻട്രൽ റഫറൻസ് ലൈബ്രറി

നാഷണൽ ലൈബ്രറിയെപ്പറ്റി പറയുമ്പോൾ അതേ വളപ്പിൽ തന്നെയുള്ള സെൻട്രൽ റഫറൻസ് ലൈബ്രറിയെക്കുറിച്ചും പരാമർശിക്കേണ്ടതുണ്ട്. ഡെലിവറി ഓഫ് ബുക്സ് ആക്ട് പ്രകാരം ലഭിക്കുന്ന പുസ്തകങ്ങളുടെ വിശദാംശങ്ങൾ ഗ്രന്ഥസൂചി രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് സെൻട്രൽ റഫറൻസ് ലൈബ്രറിയാണ്. ഇന്ത്യൻ നാഷണൽ ബിബ്ലിയോഗ്രഫി എന്ന ശീർഷകത്തിൽ എല്ലാമാസവും ഈ ഗ്രന്ഥസൂചി പുറത്തുവരുന്നു. ഭരണഘടന അംഗീകരിച്ച 22 ഭാഷകളിൽ ഇംഗ്ലീഷ് ഉൾപ്പെടെയുള്ള 14



എണ്ണത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളുടെയെല്ലാം വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതിനാൽ അവ ലിപ്യന്തരണം നടത്തി റോമൻ ലിപിയിലാണ് നൽകുന്നത്. ഓരോ വർഷവും ഇതിന്റെ സഞ്ചിത വാല്യവും (Commutative value) ഭാഷാടിസ്ഥാനത്തിൽ ഇറക്കാറുണ്ട്. 2010 മുതലുള്ള സഞ്ചിതവാല്യങ്ങൾ crlindia. gov. in എന്ന വെബ്സൈറ്റിലൂടെ ലഭിക്കും. ഇവയിൽ കൃത്യമായി പുറത്തിറങ്ങുന്നത് മലയാളത്തിന്റേതാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. അതേസമയം, ഇന്ത്യയിൽ പ്രസാധനം ചെയ്യുന്ന പുസ്തകങ്ങളുടെ ഏകദേശം പകുതി മാത്രമേ ദേശീയഗ്രന്ഥസൂചിയിൽ പ്രത്യക്ഷപ്പെടാറുള്ളൂ എന്നതിൽ പരിതപിക്കുകയും ചെയ്യാം.

## സൂചനകൾ


https://www. nationallibrary. gov. in/home/brief

https://www. nationallibrary. gov. in/home/director

https://www. nationallibrary. gov. in/home/collection

https://www. indiaculture. micin/gov. in/nationallibrary-india

https://tripiol. com/article/national-library-of-india-kerala


http://crlindia. gov. in



*(ഡോ. വിജയകുമാർ കെ. പി- ഫോൺ : 9496749901)*



## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




**മൂലകങ്ങളുടെ കഥ**
**ഡോ. സി.പി. ശ്രീകണ്ഠൻ നായർ**

ആദിമയുഗം മുതൽ ശാസ്ത്രം കൈവരിച്ച നേട്ടങ്ങളും അതിലൂടെ മൂലകങ്ങളുടെ കുടുംബത്തിലെ സ്വഭാവസവിശേഷതകളും വ്യക്തവും ലളിതവുമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ശാസ്ത്രഗ്രന്ഥം

₹ 110



*ഓംപ്രകാശ് വാല്മീകി*

# ജൂഠൻ: ഇന്ത്യൻ ദലിത് ജീവിതത്തിന്റെ സാമൂഹികഭൂപടം

**ഡോ. അലക്സ്. എൽ**

**പ്രബന്ധസംഗ്രഹം:**


ഏതൊരു സാഹിത്യവിഭാഗത്തെക്കാളും ദലിതരുടെ ആവിഷ്കാരങ്ങൾ സജീവസാന്നിധ്യമായിരിക്കുന്നത് ആത്മകഥാഖ്യാനങ്ങളിലാണ്. തീവ്രമായും സംവേദനപരമായും സവർണ സാഹിത്യമൂല്യങ്ങൾക്ക് കടുത്ത പ്രഹരമേല്പിക്കുന്ന നിരവധി ആത്മകഥാഖ്യാനങ്ങൾ ഇന്ത്യയിലെ ഏതാണ്ടെല്ലാ പ്രാദേശികഭാഷകളിലും ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയാന്വേഷണങ്ങൾക്കും സ്വത്വപരമായ തിരിച്ചറിവുകൾക്കും പ്രേരണ നൽകുന്ന ഇത്തരം ആത്മകഥകളെ അതാതു ദേശങ്ങളുമായി ബന്ധപ്പെട്ട സാമൂഹികാഖ്യാനങ്ങളായും ആധുനികസമൂഹം നേരിടുന്ന സ്വത്വപ്രതിസന്ധികൾ ആവിഷ്കരിക്കാനുള്ള മാർഗമായും പരിഗണിക്കാവുന്നതാണ്. ഒരു ദലിത് ബാലന്റെ, എഴുത്തുകാരനായിത്തീരുക എന്ന മോഹത്തിന്റെയും ആ മോഹസാക്ഷാൽക്കാരത്തിലേയ്ക്കുള്ള യാത്രയിൽ നേരിടേണ്ടി വരുന്ന പീഡാനുഭവങ്ങളുടെയും ആഖ്യാനമാണ് ഓംപ്രകാശ് വാല്മീകിയുടെ ജൂഠൻ (എച്ചിൽ) എന്ന ആത്മകഥ. ചൂഹ്റ എന്ന ജാതിജീവിതത്തിന്റെ ആന്തരികയാഥാർഥ്യങ്ങൾ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന ഈ കൃതി വാല്മീകി ഉൾപ്പെടുന്ന സമൂഹത്തിന്റെ ഒരു ചരിത്രരേഖകൂടിയാണ്.

**താക്കോൽവാക്കുകൾ:**
**ആത്മകഥാഖ്യാനം, ദലിത്, വാല്മീകി, എച്ചിൽ, ചൂഹ്റ, സ്വത്വരാഷ്ട്രീയം**

ഇന്ത്യയിൽ പൊതുമണ്ഡലങ്ങളിൽ നിന്ന് നൂറ്റാണ്ടുകളായി അകറ്റിനിർത്തപ്പെട്ട ഒരു ജനവിഭാഗമാ

ണ് ദലിതർ. എല്ലാത്തരം അധികാരവ്യവസ്ഥകളിൽ നിന്നും നിരന്തരം ചൂഷണം അനുഭവിക്കേണ്ടി വന്ന ഈ വിഭാഗത്തിന് മനുഷ്യൻ എന്ന നിലയിലുള്ള സാമാന്യമായ അവകാശങ്ങൾ പോലും വളരെക്കാലം നിഷേധിക്കപ്പെട്ടിരുന്നു. ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന ജനവിഭാഗമാണ് ഇന്നും ദലിതർ. വിവിധ ലേബലുകളിലാണ് അവരിന്ന് അറിയപ്പെടുന്നത്. അതിശൂദ്രർ, അന്ത്യജർ, പഞ്ചമർ, വിജാതി ഹിന്ദുക്കൾ, അധഃകൃതർ, പുറംജാതിക്കാർ, അയിത്തജാതിക്കാർ, ഹരിജനങ്ങൾ, പട്ടികജാതിക്കാർ എന്നിങ്ങനെ. (കെ. സി. പുരുഷോത്തമൻ, ദലിത് സാഹിത്യപ്രസ്ഥാനം, 2008, പുറം-15) സമൂഹത്തിലെ മൂല്യനിർണേതാക്കളും ഉദ്യോഗസ്ഥന്മാരും സാമൂഹികപരിഷ്കർത്താക്കളും അവരുടെ മേൽ പതിച്ചതാണ് ഈ ലേബലുകൾ. എന്നാൽ ദലിത് എന്ന പദം അവർ സ്വയം തിരഞ്ഞെടുത്തതാണ്. ഹമീദ് ചേന്നമംഗലൂർ അതു വ്യക്തമാക്കുന്നുണ്ട്: സ്വതന്ത്ര ഇന്ത്യയിൽ സാമൂഹികമായും സാമ്പത്തികമായും ചൂഷണമനുഭവിക്കുന്ന ജാതിശ്രേണിയുടെ ഏറ്റവും അടിത്തട്ടിലുള്ള ജനവിഭാഗത്തെ അയിത്തക്കാരെന്നോ, പട്ടികജാതിക്കാരെന്നോ വിശേഷിപ്പിച്ചാൽ അവർ അനുഭവിക്കുന്ന പീഡനത്തിന്റെ തീവ്രത പ്രകടിപ്പിക്കാനാവില്ല. തങ്ങളുടേതല്ലാത്ത കാരണത്താൽ മറ്റുള്ളവരാൽ അടിച്ചമർത്തപ്പെട്ടവരാണ് ദലിതർ. അസ്പൃശ്യത കല്പിക്കപ്പെടുകയും ഇന്ത്യൻ സമൂഹശ്രേണിയുടെ അടിത്തട്ടിലേക്ക് നിർദയം ചവിട്ടിത്താഴ്ത്തപ്പെടുകയും ചെയ്ത വിഭാഗത്തിന്റെ ജീവിതാവസ്ഥ സമ്പൂർണമായി സൂചിപ്പിക്കുന്ന ഒരു പദം സർവഥാ അംഗീകാരയോഗ്യമായി. അങ്ങനെയാണ് അധഃകൃതജനത ദലിതർ എന്ന പേര് സ്വീകരിച്ചത്. (ദലിത് സാഹിത്യപ്രസ്ഥാനം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1988 മാർച്ച് 27, ഏപ്രിൽ 2)

നവോത്ഥാന കാലത്ത് ഇന്ത്യയിലെ ദലിതരുടെ അവകാശങ്ങൾക്കുവേണ്ടി അനേകം സമരങ്ങൾ നടന്നു. ഈ അവകാശ സമരങ്ങളുടെ ഭാഗമായിട്ടാണ് ഇന്ത്യയിൽ ദലിത് സാഹിത്യം രൂപം കൊള്ളുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ബാബാസാഹേബ് അംബേദ്കറിന്റെ ചിന്തകളുടെ അടിസ്ഥാനത്തിൽ ദലിത് വിമോചനം ലക്ഷ്യമാക്കി നടത്തുന്ന സാംസ്കാരിക പ്രവർത്തനമാണ് ഒരർഥത്തിൽ ദലിത് സാഹിത്യം. സാഹിത്യത്തെ സാമൂഹിക പരിവർത്തനത്തിനും ദലിത് വിമോചന പോരാട്ടത്തിനുമുള്ള ഉപാധിയായിക്കാണുന്ന ദലിത് എഴുത്തുകാർ തങ്ങളുടെ കൃതികളിലൂടെ ദലിത് ജനതയുടെ യാതനാപൂർണമായ സാമൂഹികജീവിതത്തെ ശക്തമായ ഭാഷയിൽ ആവിഷ്കരിക്കുകയും അവരുടെ പ്രതിരോധപ്രവർത്തനങ്ങളെ കൃത്യമായി അടയാളപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ വ്യത്യസ്ത ഇന്ത്യൻ ഭാഷകളിലെഴുതപ്പെട്ട ദലിത് സാഹിത്യകൃതികളോരോന്നും അതാതു സമൂഹത്തിലെ പ്രാന്തവൽക്കരിക്കപ്പെട്ട ദലിത് ജനതയുടെ അടിച്ചമർത്തപ്പെട്ട ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളാണ്. അതിനാൽ ഇന്ത്യയിലെ ദലിത് ജീവിതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിന് ഏറ്റവും നല്ല പഠനോപാധിയായി ദലിത് സാഹിത്യത്തെ സ്വീകരിക്കാവുന്നതാണ്.




നോവൽ സാഹിത്യത്തെപ്പോലെ ആത്മകഥയും യൂറോപ്യൻ ആധുനികതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ ഒരു പുതിയ സാഹിത്യരൂപമായി ആത്മകഥ വളരുന്നത് ഇരുപതാം നൂറ്റാണ്ടിലാണ്. ഇന്ത്യൻ ഭാഷകളിൽ ആത്മകഥാഖ്യാനത്തിന്റെ പുതിയ രൂപം വികസിച്ചതും ആധുനികതയുടെ പശ്ചാത്തലത്തിലാണ്. സ്വത്വാവിഷ്കാരത്തിനുള്ള ഏറ്റവും നല്ല ഉപാധി എന്ന നിലയിൽ ആത്മകഥാഖ്യാനത്തിന്റെ ഈ പുതിയ രൂപം ഇന്ത്യയിലെ ദലിത് എഴുത്തുകാർക്ക് ഏറ്റവും പ്രിയപ്പെട്ടതായി മാറി. അതിനാൽ ഇതര സാഹിത്യ വിഭാഗങ്ങളെക്കാൾ ദലിതരുടെ ആവിഷ്കാരങ്ങൾ സജീവ സാന്നിധ്യമായിരിക്കുന്നത് ആത്മകഥകളിലാണ്.

ഇന്ത്യയിലെ ഏതാണ്ടെല്ലാ പ്രാദേശികഭാഷകളിലും ഇന്ന് ദലിത് സാഹിത്യം സമ്പന്നമായ ഒരു സാഹിത്യശാഖയാണ്. മാറിവരുന്ന ഉത്തരാധുനിക സാഹചര്യത്തിൽ ദലിത് സാഹിത്യം ഇന്ത്യൻ സാഹിത്യത്തിന്റെ മുൻനിരയിൽത്തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. സ്വത്വരാഷ്ട്രീയവുമായി (Identity Politics) ബന്ധപ്പെട്ട് ദലിത് സാഹിത്യം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നുമുണ്ട്. ദലിത് കവിതകളിലൂടെയും ലേഖനങ്ങളിലൂടെയുമാണ് ദലിത് സാഹിത്യം വികാസം പ്രാപിച്ചത്. എങ്കിലും ആത്മകഥകളാണ് ഈ സാഹിത്യത്തെ സമൃദ്ധമാക്കിയത്. മറ്റേതൊരു സാഹിത്യവിഭാഗത്തെക്കാളും ദലിതരുടെ ആവിഷ്കാരങ്ങൾ സജീവസാന്നിധ്യമായിരിക്കുന്നത് ആത്മകഥകളിലാണ്. തീവ്രമായും സംവേദനപരമായും സവർണസാഹിത്യ മൂല്യങ്ങൾക്ക് കടുത്ത പ്രഹരമേൽപ്പിക്കുന്ന നിരവധി ആത്മകഥാഖ്യാനങ്ങൾ വിവിധ ഭാഷകളിൽ ഉണ്ടായിട്ടുണ്ട്. വിപുലമായ അർഥത്തിൽ ഇവ രാഷ്ട്രീയാന്വേഷണങ്ങൾക്കും സ്വത്വപരമായ തിരിച്ചറിവുകൾക്കും പ്രേരണ നൽകുന്നു. ചരിത്രത്തിൽ നിന്നും തങ്ങൾ നേടിയെടുത്ത പ്രതിരോധത്തിനുള്ള ഊർജമാണ് ഈ ആത്മകഥനങ്ങളുടെ അടിത്തറ. ഇത്തരത്തിൽ ഉജ്ജ്വലങ്ങളായ സാമൂഹികാഖ്യാനമായി പരിഗണിക്കപ്പെട്ടിട്ടുള്ള ആത്മകഥാഖ്യാനമാണ് ഓം പ്രകാശ് വാല്മീകിയുടെ ജൂഠൻ (Juthan).

വ്യക്തിയുടെ ആന്തരികലോകത്തെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്ന പ്രക്രിയയാണ് ഏതൊരു സർഗാത്മക പ്രവർത്തനത്തിന്റെയും അടിത്തറ. ഇതര സർഗാത്മക സൃഷ്ടികളിൽ ആന്തരികലോകം അനുഭവങ്ങളുടെ ഭാവനാത്മക സൃഷ്ടിയായിരിക്കും. എന്നാൽ ആത്മകഥകൾ വാസ്തവങ്ങളുടെ ആലേഖനമായിരിക്കണം. അതുകൊണ്ടുതന്നെ ആത്മകഥ മറ്റു വാങ്മയ രൂപങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നു. പ്രതിപാദിക്കപ്പെടുന്ന സംഭവങ്ങളുടെ സത്യാവസ്ഥയിലാണ് ആത്മകഥയുടെ വിജയം.

ഇന്ത്യയിലെ ഏതാണ്ടെല്ലാ പ്രാദേശികഭാഷകളിലും ഇന്ന് ദലിത് സാഹിത്യം സമ്പന്നമായ ഒരു സാഹിത്യശാഖയാണ്. മാറിവരുന്ന ഉത്തരാധുനിക സാഹചര്യത്തിൽ ദലിത് സാഹിത്യം ഇന്ത്യൻ സാഹിത്യത്തിന്റെ മുൻനിരയിൽത്തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്.

സ്വയം ജീവിതമെഴുതുക എന്ന് ലളിതമായി ആത്മകഥയെ നിർവചിക്കാം. എന്നാൽ മാറിയ സാഹചര്യത്തിൽ ഇന്ന് സാമൂഹിക വിമർശനത്തിന്റെ അധിക ഉത്തരവാദിത്വം കൂടി ആത്മകഥകൾ ഏറ്റെടുക്കുന്നുണ്ട്. യൂറോപ്യൻ ആധുനികതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന സാഹിത്യ രൂപമാണ് ആത്മകഥ. ദാർശനികമായ സമസ്യകളോടുള്ള മനുഷ്യരുടെ സർഗാത്മക പ്രതികരണത്തിന്റെ പ്രതിഫലനങ്ങൾ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. വ്യക്തിത്വത്തിന്റെ അനന്യത പ്രദർശിപ്പിക്കുവാൻ ഉപയുക്തമായ സാഹിത്യഗണമായും ആധുനികസമൂഹം നേരിടുന്ന സ്വത്വപ്രതിസന്ധികൾ ആവിഷ്കരിക്കാനുള്ള മാർഗങ്ങളിലൊന്നായും ആത്മകഥ പരിഗണിക്കപ്പെടുന്നു. സാമൂഹിക മൂല്യനിർണയത്തിന്റെ ഭിന്നതലങ്ങളും സാമൂഹിക പ്രതിനിധാനത്തിന്റെ വ്യവഹാര മണ്ഡലങ്ങളും ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ ആത്മകഥകളേറെയും. അതുകൊണ്ടുതന്നെ ആത്മകഥകളുടെ നവീനപാഠങ്ങൾ വളരെ സങ്കീർണവും വൈവിധ്യവുമാർന്ന വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുന്നു.

സ്വന്തം അനുഭവങ്ങൾ എഴുതുന്നതിൽ ദലിതർക്ക് ഏറ്റവും സ്വീകാര്യമായ സാഹിത്യവിഭാഗമാണ് ആത്മകഥ. ആധികാരികമായ അനുഭവങ്ങളാണ് ഇവയുടെ അസംസ്കൃതവസ്തു. സാമൂഹികാവസ്ഥകളുടെ നിശിതമായ വിമർശനമാണ് മുഖ്യപ്രമേയം. പൊള്ളുന്ന അനുഭവങ്ങളുടെ ആവിഷ്കാരം കൊണ്ടും സാമൂഹിക വിമർശനങ്ങളുടെ തീക്ഷ്ണത കൊണ്ടും ശ്രദ്ധേയമായ ആത്മകഥയാണ് ഹിന്ദിയിൽ എഴുതപ്പെട്ട, ഓം പ്രകാശ് വാല്മീകിയുടെ ജൂഠൻ (എച്ചിൽ).

ഉത്തർപ്രദേശിലെ സഹാരൺപൂരിൽ 1950-ൽ ആണ് ഓംപ്രകാശ് ജനിച്ചത്. പഞ്ചമരിൽ പഞ്ചമരായ ചൂഹ്ര (ചൂര) എന്ന ജാതിയിലായിരുന്നു ജനനം. കുട്ടിക്കാലത്തു തന്നെ ആ ബാലന് ഒരു കാര്യം മനസ്സിലായി. തന്റെ മാതാപിതാക്കൾ മറ്റു വീടുകളിൽ അടിമവേല ചെയ്യുന്നവരാണ്. ആ വീടുകളിൽ നിന്നു കിട്ടുന്ന എച്ചിൽ കഴിക്കാനായിരുന്നു അവരുടെ വിധി. ജൂഠൻ എന്നാൽ എച്ചിൽ. തന്റെ വംശമാകെ എച്ചിൽ തിന്നാൻ വിധിക്കപ്പെട്ടവരാണെന്ന തിരിച്ചറിവ് വിദ്യാഭ്യാസത്തിലൂടെ ആ അവസ്ഥയെ മറികടക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. ചൂഹ്രകളെ എന്നും ചൂഹ്രകളായിത്തന്നെ നിലനിർത്താൻ സവർണമേലാളന്മാർ ശ്രമിക്കുന്നതും അതിനായി അവർ പിന്തുടരുന്ന ക്രൂരരീതികളും ഞെട്ടലോടെ മാത്രമേ നമുക്ക് ഉൾക്കൊള്ളാൻ കഴിയൂ.

ജൂഠൻ (എച്ചിൽ) ഭാരതത്തിലെ ദളിത് ജീവിതത്തിന്റെ നേർക്കാഴ്ചയാണ്. ഒരു ദളിതനായി ജനിച്ചു എന്ന ഒറ്റക്കാരണം കൊണ്ട് ഓം പ്രകാശിനു നേരിടേണ്ടിവന്ന പീഡാനുഭവങ്ങളാണ് ഇതിലെ ഉള്ളടക്കം. ദളിത ജീവിതം തീരാവേദനയാണ്. ജനനം മുതൽ മരണം വരെ അനുഭവങ്ങളുടെ തീക്കുണ്ഡത്തിലൂടെയാണ് കടന്നുപോകേണ്ടിവരുന്നത്. ഓം പ്രകാശ് വാല്മീകിക്ക് അനുഭവിക്കേണ്ടിവരുന്ന സ്കൂൾ ജീവിതം മുതലുള്ള വേദനാജനകമായ അനുഭവങ്ങൾ നമ്മുടെ മനസ്സിലും പൊള്ളലേൽപ്പിക്കുന്നു.

ഒരു ദലിത് ബാലന്റെ, എഴുത്തുകാരനായിത്തീരുക എന്ന മോഹത്തിന്റെയും ആ മോഹസാക്ഷാൽക്കാരത്തിലേക്കുള്ള യാത്രയിൽ നേരിടേണ്ടിവരുന്ന പീഡാനുഭവങ്ങളുടെയും ആഖ്യാനമാണ് എച്ചിൽ എന്ന ആത്മകഥ. ജാതിശ്രേണിയുടെ അടിത്തട്ടിലുള്ള ചൂഹ്ര ജാതിയിലാണ് ഓം പ്രകാശ് വാല്മീകി ജനിച്ചത്. ചൂഹ്ര എന്ന ജാതിജീവിതത്തിന്റെ ആന്തരിക യാഥാർഥ്യങ്ങൾ വാല്മീകി ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു. ഉയർന്ന ജാതിക്കാരായ താഗകൾ ചൂഹ്രകളെ അടിമകളായാണ് കണക്കാക്കിയിരുന്നത്. ആത്മകഥയുടെ തുടക്കത്തിൽത്തന്നെ ചൂഹ്രകളുടെ ജീവിതസാഹചര്യം എത്രമാത്രം ദുരിതപൂർണമാണെന്ന് വാല്മീകി കാണിച്ചുതരുന്നു:

ചന്ദ്രഭാൻ താഗയുടെ തൊഴുത്തിന് അടുത്തായിരുന്നു ഞങ്ങളുടെ വീട്. തൊട്ടടുത്തു തന്നെ നെയ്ത്തുകാരായ മുസ്ലീങ്ങളും താമസിച്ചിരുന്നു. ചന്ദ്രഭാൻ താഗയുടെ വീടിനുമുന്നിൽ ഒരു ചെറിയ കുളമുണ്ട്. ചൂഹ്രകളുടെ കുടിലുകളെ മറ്റു ഗ്രാമങ്ങളിൽ നിന്ന് വേർതിരിച്ചുകൊണ്ട് കുളം നിലകൊണ്ടു. കുളത്തിന്റെ അടുത്തുതന്നെയായിരുന്നു ചൂഹ്രകളുടെ കുടിലുകൾ. ഗ്രാമത്തിലെ എല്ലാ സ്ത്രീകളും, കൊച്ചു പെൺകുട്ടികളാകട്ടെ, വൃദ്ധകളാകട്ടെ, നവവധുക്കളാകട്ടെ കുളത്തിനടുത്ത് ഈ കുടിലുകളുടെ പിന്നിലെ തുറസ്സായ സ്ഥലത്താണ് മലവിസർജനത്തിന് ഇരുന്നിരുന്നത്. രാത്രിയുടെ മറപിടിച്ചല്ല ആരുമെത്തുക. പകൽ വെളിച്ചത്തിലും ഇതുതന്നെ കാണാം. പർദാധാരികളായ താഗി പെണ്ണുങ്ങൾ സാരികൊണ്ട് മുഖം മറച്ച് വെളിമ്പ്രദേശങ്ങളിൽ വന്നിരുന്ന് മലവിസർജനം നടത്തി. നാണക്കേടിന്റെ ലാഞ്ഛന പോലും ഇല്ലാതെ പിൻഭാഗങ്ങൾ തുറന്നിട്ടുകൊണ്ട് അവർ കാര്യം സാധിച്ചു. നാലുപാടും നാറ്റം പരന്നു. തലയ്ക്കു പിടിക്കുന്ന നാറ്റത്തിന്റെ ചൂരിൽ ശ്വാസം മുട്ടിപ്പോകുമായിരുന്നു. കുഴഞ്ഞു മറിഞ്ഞ മലക്കെട്ടുകളുടെ മണം പിടിച്ച് പന്നികൾ മുരണ്ടു നടന്നു. മലത്തിൽ മുങ്ങിയ തെരുവു പട്ടികൾക്കൊപ്പം വെരകുന്ന ഉടുതുണിയില്ലാത്ത കുഞ്ഞുങ്ങൾ. വായുവിനെപ്പോലും വെറിപിടിപ്പിക്കുന്ന മുട്ടൻ തെറിവിളികൾ. ഇതിനിടയിലായിരുന്നു എന്റെ കുട്ടിക്കാലം.

ഇങ്ങനെ ചൂഹ്രകളുടെ ദൈന്യത വിവരിക്കുക മാത്രമല്ല അദ്ദേഹം. ജാതിവ്യവസ്ഥ ഒരു സാമൂഹിക വ്യവസ്ഥയാണെന്ന് വാദിക്കുന്ന സവർണലോകത്തെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നു: ജാതിവ്യവസ്ഥ മാതൃകാപരമായൊരു സാമൂഹിക വ്യവസ്ഥിതിയാണെന്നു ന്യായം മുഴക്കുന്നവർ ഒന്നോ രണ്ടോ ദിവസം ഇവിടെ വന്നു താമസിക്കട്ടെ. അവരുടെ അഭിപ്രായം എങ്ങനെ മാറുന്നുവെന്നു കാണാം.

മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത സാഹചര്യങ്ങളിലൂടെയാണ് ഒരു ചൂഹ്രയുടെ ദലിത് ജീവിതം കടന്നുപോകുന്നത്. പട്ടികളെ തൊടാം. പൂച്ചകളെയും കാലികളെയും തൊടാം. ചൂഹ്രകളെ തൊട്ടുകൂടാ. തൊട്ടാൽ പാപം പോക്കാൻ ഏഴുവട്ടം കുളിക്കണം.

സ്വയം ജീവിതമെഴുതുക എന്ന് ലളിതമായി ആത്മകഥയെ നിർവചിക്കാം. എന്നാൽ മാറിയ സാഹചര്യത്തിൽ ഇന്ന് സാമൂഹിക വിമർശനത്തിന്റെ അധിക ഉത്തരവാദിത്വം കൂടി ആത്മകഥകൾ ഏറ്റെടുക്കുന്നുണ്ട്. യൂറോപ്യൻ ആധുനികതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന സാഹിത്യ രൂപമാണ് ആത്മകഥ.

അതിഭീകരമായ തൊട്ടുകൂടായ്മയാണ് നിലനിന്നിരുന്നത്. ചൂഹ്രകളെ മനുഷ്യരായി ആരും കണക്കാക്കിയിരുന്നില്ല. ആവശ്യങ്ങൾക്കായി എടുത്തു പെരുമാറാനുള്ള എന്തോ ഉപകരണമായിരുന്നു ചൂഹ്രകൾ. ഉപയോഗിക്കുക, എറിഞ്ഞു കളയുക. അതിനുമാത്രമുള്ളതായിരുന്നു ചൂഹ്ര. തൊഴിലിടങ്ങളിൽ, സൗഹൃദസദസ്സുകളിൽ, സ്കൂളിൽ, പൊതുവിടങ്ങളിൽ എല്ലാം ഏതു ജാതിയാണെന്നു ചോദിക്കുകയും ജാതിപറഞ്ഞ് ആക്ഷേപിക്കുകയും ചെയ്യുന്നു. പക്ഷികളെ, മൃഗങ്ങളെ, പുഴുക്കളെ ആരാധിക്കുന്നവർക്ക് ദലിതൻ മാത്രം അസഹനീയനായത് എന്തുകൊണ്ടാണെന്ന് വാല്മീകി ചോദിക്കുന്നു.

എച്ചിൽ എന്ന പേരിലാണ് ചൂഹ്രകൾ പൊതുവിൽ പരാമർശിക്കപ്പെട്ടിരുന്നത്. താഗകൾ (ത്യാഗികൾ) തുടങ്ങിയ മേൽജാതിക്കാരുടെ വിവാഹങ്ങളുടെയും മറ്റു വിശേഷസദ്യകളുടെയും എച്ചിലായിരുന്നു ചൂഹ്രകളുടെ ആഹാരം. അദ്ദേഹം എഴുതുന്നു: എന്തൊരു തരത്തിലുള്ള ജീവിതമായിരുന്നു അത്? രാവും പകലുമില്ലാതെ പണിയെടുക്കുന്ന ഞങ്ങളുടെ വിയർപ്പിന്റെ വില എച്ചിൽ മാത്രം. എന്നിട്ടും ആരും അതൊരു മോശം കാര്യമായി കണ്ടില്ല, ആരും പശ്ചാത്തപിച്ചില്ല, പരാതിപ്പെട്ടില്ല. ജന്മിയുടെ വീട്ടിലെ വിശേഷദിനത്തിൽ അവിടെ അവശേഷിച്ച ഭക്ഷണം ഒരു നേരത്തെ വിശപ്പടക്കാൻ തരപ്പെട്ടമല്ലോ എന്ന് കരുതിയെത്തിയ വാല്മീകിയുടെ അമ്മയുടെ ചിത്രം ഈ ആത്മകഥയിലെ മറക്കാനാവാത്ത സന്ദർഭങ്ങളിൽ ഒന്നുമാത്രമാണ്:

എന്റെ അമ്മ സൽക്കാരപ്പന്തലിനു പിന്നിൽ വാതിലിനു പുറത്ത് ഒരു കുടയുമായി ഇരിക്കുകയാണ്. മധുരപലഹാരങ്ങൾ വേവുന്നതിന്റെ മണം വായുവിൽ പരന്നു. ഞാനും അനുജത്തി മായയും എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിൽ മണം പിടിച്ച് ചുറ്റിപ്പറ്റി നിന്നു. എല്ലാവരും സദ്യയുണ്ട് ഇറങ്ങിക്കഴിഞ്ഞു. അതുവഴി വന്ന സുഖ്ദേവ്സിങ് ത്യാഗിയോട് അമ്മ പറഞ്ഞു ചൗധരിജി, എല്ലാവരും കഴിച്ച് പോയല്ലോ. എന്റെ കുട്ടികൾക്കുകൂടി ഒരിലയിൽ എന്തെങ്കിലും തരാമോ? അവരും കല്യാണത്തീയതിയും കാത്തിരുന്നതാണ്.

## സുഖ്ദേവ് സിങ് എച്ചിലിലകൾ നിറഞ്ഞ കുട്ടയിലേക്ക് നോക്കി

ഓഹാ, കൊട്ട നിറയെ എച്ചിൽ കൊണ്ടുപോകുന്നില്ലേ നീ. അതും പോരാഞ്ഞിട്ട് ആർത്തിപ്പണ്ടാരങ്ങൾക്ക് തിന്നാൻ മുന്തിയത് വേണം പോലും. നിലമറക്കാതെടീ ചൂഹ്രി, കൊട്ടയും എടുത്ത് വേഗം സ്ഥലം വിട്.

സുഖ്ദേവ് സിങിന്റെ വാക്കുകൾ എന്റെ നെഞ്ച് തകർത്തു. ഒന്നും മറക്കാൻ ഇന്നും കഴിയുന്നില്ല. ആ രാത്രി സാക്ഷാൽ ദുർഗ അമ്മയിൽ ഉണരുന്നത് ഞാൻ കണ്ടു. അമ്മ അത്രയും ദേഷ്യപ്പെടുന്നത് ആദ്യം കാണുകയായിരുന്നു. ആ കുട്ടയിലെ എച്ചിൽ അവര് മറിച്ചിട്ടു. ഇതെടുത്ത് അറയിൽ വച്ചോളൂ. നാളെ രാവിലെ വരന്റെ ആൾക്കാരെ ഊട്ടാൻ കൊള്ളാം. തീയെരിയുന്ന കണ്ണുകളോടെ ത്യാഗിയെ നോക്കി ഇത്രയും പറഞ്ഞ് എന്നെയും മായയെയും വലിച്ചെടുത്ത് അമ്മ പാഞ്ഞുപോയി. സുഖ്ദേവ് സിങ് പിന്നാലെ വന്ന് അമ്മയെ തൊഴിക്കാനാഞ്ഞു. പക്ഷേ സിംഹിയെപ്പോലെ തിരിഞ്ഞു തടുത്ത അമ്മയുടെ മുന്നിൽ അയാൾ പതറിപ്പോയി. അവർ നിർഭയയായിരുന്നു.

കെട്ടുകാഴ്ചകൾക്കപ്പുറത്തേക്ക് ദലിത് ആത്മകഥകൾ വായനക്കാരെ കൊണ്ടുപോകുന്നതിന് ഉദാഹരണമാണിത്. അതിശയോക്തിയും അതിഭാവുകത്വവും ഇവിടെ ദർശിക്കുന്നവർ ഒരുപക്ഷേ ദലിത് അവസ്ഥയുടെ യാഥാർഥ്യം മനസ്സിലാക്കാത്തവരാണ്. അതുകൊണ്ടുതന്നെയാണ് ദലിത് സാഹിത്യം അതിന്റേതായ ഒരു തലം സൃഷ്ടിച്ചുകൊണ്ട് ഇന്ത്യൻ സാഹിത്യത്തിൽ നിലനിൽക്കുന്നതും. സ്കൂൾ ജീവിതം വളരെ വേദനാജനകങ്ങളായ അനുഭവങ്ങളോടുകൂടിയതായിരുന്നു ഓംപ്രകാശിന്. ഏറെ പ്രയാസപ്പെട്ടാണ് അദ്ദേഹത്തിന് സ്കൂളിൽ പ്രവേശനം ലഭിച്ചത്. ചൂഹ്രചെക്കാ എന്നുള്ള നിരന്തരമായ അവഹേളനം നേരിടേണ്ടിവന്ന ഓം പ്രകാശിന് അധ്യാപകർ നൽകിയ അധ്യയനം സ്കൂൾ തൂത്തുവാരാനുള്ളതായിരുന്നു. ദാരിദ്ര്യത്തിൽ നിന്ന് എങ്ങനെയും രക്ഷപ്പെടാം. ജാതിയുടെ വലയ്ക്കുള്ളിൽ നിന്ന് ഒരിക്കലും മോചനമില്ല എന്ന് അയാൾ മനസ്സിലാക്കുന്നു. തന്റെ ചുറ്റിലുമുള്ള ജീവിതം ദുസ്സഹമായിത്തീർന്നപ്പോൾ അദ്ദേഹം സ്വയം ഉൾവലിഞ്ഞ് പുസ്തകങ്ങളുടെ ലോകത്തേക്ക് പോയി. ആദ്യമായി ചൂഹ്ര സമുദായത്തിൽ നിന്ന് ഹൈസ്കൂൾ പരീക്ഷയിൽ ഉന്നതവിജയം നേടുന്ന ഒരാൾ വാല്മീകിയായിരുന്നു. സ്കൂൾ ജീവിതം തന്നെ പഠിപ്പിച്ച വലിയ സാമൂഹികപാഠത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതി: ജാതിബോധമുള്ള ഒരു സവർണൻ എത്ര ഉന്നതവിദ്യാഭ്യാസം നേടിയാലും അയാളിൽ നിന്ന് ജാതി വിട്ടുപോകയില്ല. എന്നാൽ താണ ജാതിയിൽപ്പെട്ട ഒരാൾ വിദ്യാഭ്യാസം നേടുന്നതിലൂടെ അയാൾക്ക് ജാതിയെ മറികടന്നു പോകാൻ കഴിയും.

സവർണ ഹിന്ദുമതത്തെ നേരിട്ട് വാല്മീകി ഉന്നതവിദ്യാഭ്യാസം നേടുന്നതിന്റെ ആഖ്യാനം വളരെ സംഭവബഹുലമാണ്. ജാതികാരണം മർദനമേൽക്കേണ്ടിവന്ന പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. സവർണനെന്നു തെറ്റിദ്ധരിച്ചതിനുശേഷം യഥാർഥ ജാതി മനസ്സിലാക്കുമ്പോൾ ആളുകളുടെ പെരുമാറ്റത്തിലുണ്ടാവുന്ന വ്യത്യാസം നമ്മെ ചിന്തിപ്പിക്കുന്നതാണ്. ബ്രാഹ്മണനാണ് എന്നു തെറ്റിദ്ധരിച്ച ഒരു യുവതി (ഒരു കുൽക്കർണിയുടെ മകൾ) പ്രണയിക്കുന്നതും, ദലിതനെന്നു മനസ്സിലാക്കിയപ്പോൾ തകർന്നുപോകുന്നതും അസ്വസ്ഥതയുണ്ടാക്കുന്ന രംഗമാണ്. ഈ സംഭവം അദ്ദേഹത്തിൽ ആഴത്തിലുള്ള മുറിവ് സൃഷ്ടിക്കുന്നു. ജാതി മറ്റേതു പൗരത്വത്തെക്കാളും വലിയ തിരിച്ചറിയൽ കാർഡാണ് എന്ന ബോധം അത് സൃഷ്ടിച്ചു. സ്നേഹവും ബഹുമാനവുമെല്ലാം ഉയർന്ന ജാതിയിൽ ജനിക്കുന്നതുകൊണ്ടു മാത്രം ലഭ്യമാകുന്നതാണെന്ന തിരിച്ചറിവുകൂടിയാണ് ഈ സംഭവം

**മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത സാഹചര്യങ്ങളിലൂടെയാണ് ഒരു ചൂഹ്രയുടെ ദലിത് ജീവിതം കടന്നുപോകുന്നത്. പട്ടികളെ തൊടാം. പൂച്ചകളെയും കാലികളെയും തൊടാം. ചൂഹ്രകളെ തൊട്ടുകൂടാ. തൊട്ടാൽ പാപം പോക്കാൻ ഏഴുവട്ടം കുളിക്കണം. അതിഭീകരമായ തൊട്ടുകൂടായ്മയാണ് നിലനിന്നിരുന്നത്.**

അദ്ദേഹത്തിന നൽകുന്നത്.

ഓം പ്രകാശ് വാല്മീകി തന്റെ ആത്മകഥയ്ക്ക് നൽകുന്ന പേര് ജൂഠൻ (എച്ചിൽ) എന്നാണ്. അതി പാർശ്വവൽക്കരണം അനുഭവിക്കുന്ന ഇന്ത്യൻ ദലിതുകളുടെ പൊതുഅവസ്ഥ സൂചിപ്പിക്കുവാൻ ഇതിലും ശക്തമായ ഒരുപദം കണ്ടെത്താൻ പ്രയാസമാണ്. വിദ്യാഭ്യാസം, പൊതുജീവിതം, സാംസ്കാരികമണ്ഡലം തുടങ്ങി എല്ലാ സാമൂഹിക സംവിധാനങ്ങളും സമൂഹത്തിന്റെ മുകൾത്തട്ടിലുള്ള ഒരു വിഭാഗം മാത്രം അനുഭവിച്ചുകൊണ്ടിരുന്ന കാലത്ത് ഭരണഘടനാപരമായ പിന്തുണ ഉണ്ടായിട്ടുകൂടി ഈ സ്ഥാനങ്ങളിൽ എത്തിച്ചേരാൻ താൻ അനുഭവിച്ച ദുരിതങ്ങളുടെ ആഖ്യാനമാണ് എച്ചിൽ. തന്റെ ആത്മകഥയുടെ അവതാരികയിൽ ഈ അനുഭവങ്ങൾക്ക് സൃഷ്ടിപരമായ സാഹിത്യത്തിൽ ഒരു സ്ഥാനം കണ്ടെത്താൻ സാധിക്കില്ല എന്ന സൂചിപ്പിക്കുന്നുണ്ട്. നവ ഹിന്ദി സാഹിത്യകാരന്മാരിൽ പ്രമുഖനായിരുന്ന ഓം പ്രകാശ് വാല്മീകി നൽകുന്ന ഈ സൂചനയുടെ പാഠം സമൂഹത്തിന്റെ പൊതു ഇടങ്ങളിൽ നിന്നും ബോധപൂർവം മാറ്റിനിർത്തപ്പെട്ട ഒരു വിഭാഗം അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളും മാനസിക സമ്മർദങ്ങളും ആവിഷ്കരിക്കാൻ ഭാഷയെന്ന കേവലമാധ്യമം അപൂർണമാണ് എന്ന ഓർമപ്പെടുത്തലാണ്.

പഠനത്തിന്റെ അംബേദ്കർ വ്യാഖ്യാനം അതിശക്തമായി പിന്തുടർന്ന വാല്മീകിയുടെ വിദ്യാഭ്യാസം നിലനിൽപ്പിന്റെ ഒറ്റയാൾ സമരങ്ങളായിരുന്നു. എപ്പോഴെങ്കിലും ആരെങ്കിലും തന്റെ മഹാനായ ഗുരു എന്ന വ്യക്തിയെപ്പറ്റി പറയാൻ തുടങ്ങുമ്പോൾ എന്നിലെത്തുന്നത് കാണാൻ കൊള്ളാവുന്ന ആമ്പിള്ളേരെ വീട്ടിൽ വിളിച്ചുവരുത്തി ലൈംഗിക സംതൃപ്തി വരുത്തുന്ന അധ്യാപകരെയാണ് എന്ന് വാല്മീകി തന്റെ ആത്മകഥയിൽ പറയുന്നുണ്ട്. ദലിതപക്ഷ വായനയിൽ ഓരോ വിദ്യാലയവും ഓരോ പട്ടിക്കൂടുകളാണ്. ദലിതനായി ജനിച്ചുപോയതിന്റെ പേരിൽ തോട്ടിപ്പണി ചെയ്യിക്കുന്ന ഹെഡ്മാസ്റ്ററും അധ്യാപനം എന്ന മഹത്തായ കർമത്തിന്റെ പൊരുൾ മനസ്സിലാക്കാത്ത അധ്യാപകരും നൽകിയ അനുഭവപാഠങ്ങളാണ് ഓംപ്രകാശിലെ ഗുരുസങ്കൽപ്പത്തെ ഇങ്ങനെ രൂപപ്പെടുത്തിയത്.

ജീവിതത്തിന്റെ പലഘട്ടങ്ങളിലും വാല്മീകി സമവായത്തിന്റെ ഭാഷ ഉപയോഗിക്കുന്നുണ്ട്. അതു വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി മാത്രമാണ്. ഒരു ദലിതനെ സംബന്ധിച്ച് പുരോഗതിയുടെയോ സാമൂഹികാംഗീകാരത്തിന്റെയോ തലത്തിൽ എത്തണമെങ്കിൽ അതിന് പഠനം മാത്രമേയുള്ളൂ മാർഗം എന്ന അംബേദ്കർ ചിന്ത തന്നെയാണ് വാല്മീകിയും പിന്തുടരുന്നത്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ പോലും അപ്രാപ്യമായവിധം പ്രാന്തവൽക്കരിക്കപ്പെട്ടിരുന്ന ഒരു സമുദായത്തിന്റെ പ്രതിനിധി പൊതുസമൂഹത്തിലും ഭാഷാസാഹിത്യത്തിലും തന്റെ സ്ഥാനം ഉറപ്പിക്കുന്ന കാഴ്ചയാണ് ഓം പ്രകാശിന്റെ ജീവിതം. ഒരു ദലിതനും സമൂഹത്തിലെ ഉന്നതകുലജാതർ സൃഷ്ടിച്ച ജാതിയെന്ന വലക്കണ്ണിയിൽ നിന്നും പൂർണമായി മോചനം നേടാൻ കഴിയില്ല എന്ന അനുഭവപാഠം കൂടി അദ്ദേഹം ലോകത്തിനു നൽകുന്നു.

ജാതിചിന്തകൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടുന്ന ഓം പ്രകാശ് വാല്മീകിയുടെ ഈ ആത്മകഥ ജാതിക്കെതിരെ പ്രവർത്തിക്കുന്ന എല്ലാവർക്കും ആവേശം പകരുന്നതാണ്. മരങ്ങളെയും പുല്ലുകളെയും പക്ഷികളെയും മൃഗങ്ങളെയും ആരാധിച്ചിരുന്ന സവർണർ എന്തുകൊണ്ടാണ് ദലിതരോട് അസഹിഷ്ണുതയോടെ പെരുമാറുന്നത്? എന്തുകൊണ്ട് ദലിതന് അവന്റെ ജാതി മാത്രം സ്വത്വമായി പരിണമിക്കുന്നു? എന്തുകൊണ്ട് വിദ്യാഭ്യാസം, തൊഴിൽ, ജീവിതരീതി ഇവയൊന്നും പരിഗണിക്കപ്പെടാതെ പോകുന്നു? ഇങ്ങനെ ഒരുപിടി ചോദ്യങ്ങളാണ് മരവിച്ച ഇന്ത്യൻ മനസ്സിനോട് ഈ കൃതി ചോദിക്കുന്നത്. വേദങ്ങളും സവർണ മേധാവിത്വവും സ്ഥാപിച്ചെടുക്കുന്ന ഫ്യൂഡൽ മൂല്യങ്ങളെ വിചാരണചെയ്യുന്നു ഈ കൃതി. ഇതിലെല്ലാം ഉപരിയായി, ആരാണ് ദലിതരുടെ ജീവിതം എച്ചിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന ചോദ്യം ഓരോ ഇന്ത്യക്കാരനോടും ഈ കൃതി ചോദിച്ചുകൊണ്ടേയിരിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ:


1. ദാസൻ. എം. , ദലിത് സാഹിത്യത്തിലെ ബഹിർ സംസ്കാരബന്ധങ്ങൾ, സാഹിത്യലോകം, കേരളസാഹിത്യ അക്കാദമി, 1998 ജൂലൈ- ആഗസ്റ്റ്
2. പുരുഷോത്തമൻ. കെ. സി., ദലിത് സാഹിത്യ പ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2008
3. പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
4. മമ്ത രാജവത്, എൻസൈക്ലോപീഡിയ ഓഫ് ദലിത്സ് ഇൻ ഇന്ത്യ,
5. രാഘേഷ്, ആർ, ദലിത് വാദം, ഇന്ത്യൻ ബുക്സ്, 2009
6. വർഗീസ്. കെ. സി. , ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ദലിത് പൈതൃകം, ഡോ. ജെ. ജെ. പള്ളത്ത് എഡിറ്റുചെയ്ത ദലിത് വിമോചനം: സമസ്യയും സമീക്ഷയും, കണ്ണൂർ സംസ്കൃതി , 1993
7. ശങ്കരൻ നമ്പൂതിരിപ്പാട് കാണിപ്പയ്യൂർ, സംസ്കൃത മലയാള നിഘണ്ടു, കുന്ദംകുളം, പഞ്ചാംഗം പ്രസാധനകല, 1996
8. ഹമീദ്, ചേന്നമംഗലൂർ, ദലിത് സാഹിത്യപ്രസ്ഥാനം, മാതൃഭൂമി ആഴ്ചപ്പതിപ്പ് 1988 മാർച്ച് 27, ഏപ്രിൽ 2




*(ഡോ. അലക്സ്. എൽ*
*അസോ. പ്രൊഫസർ മലയാളവിഭാഗം, ഗവ. കോളെജ്, നെടുമങ്ങാട് - 9447961070)*

# ജനാധിപത്യ ഉള്ളടക്കം പുരാതന സാഹിത്യ സിദ്ധാന്തങ്ങളിൽ

ഡോ. കെ.പി. കൃഷ്ണൻകുട്ടി


മഹത്തരമെന്നു വിശേഷിപ്പിക്കാവുന്ന സാഹിത്യ വൈജ്ഞാനിക പാരമ്പര്യമാണ് ഇന്ത്യയ്ക്കും ഗ്രീസിനുമുള്ളത്. രണ്ടു പ്രദേശങ്ങളിലും ദർശനം, ഗണിതം, ജ്യോതിശ്ശാ സ്ത്രം, ആയുർവേദം, സാഹിത്യം, സൗന്ദര്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ ശാശ്വതപ്രാധാന്യമുള്ള കൃതികൾ ഉണ്ടായിട്ടുണ്ട്. വേദങ്ങളും ഉപനിഷത്തുകളും ഇതിഹാസങ്ങളും സ്മൃതികളും സൂത്രങ്ങളും ഇന്ത്യയുടെ ദാർശനിക പ്രാവീണ്യം എടുത്തുകാട്ടുന്നവയാണ്. അവയ്ക്കുപുറമേയാണ് മഹാകാവ്യങ്ങളായ 'രാമായണ'വും 'മഹാഭാരത'വും ഭാസകാളിദാസാദികളുടെ നാടകങ്ങളും. അത്ര സുദീർഘമല്ലെങ്കിലും ഗണനീയമായ ദാർശനിക വൈജ്ഞാനിക പാരമ്പര്യം ഗ്രീസിനുമുണ്ട്. ആറാം നൂറ്റാണ്ടിലെ തേൽസി(Thales)ൽ തുടങ്ങി സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരിലൂടെ വളർച്ച പ്രാപിച്ച യവനദർശനമാണ് ആധുനിക പാശ്ചാത്യ ചിന്തയായി വളർന്നത്. ഇതിനുപുറമേയാണ് യവനസാഹിത്യം. ഹോമറുടെ മഹാകാവ്യങ്ങളും സോഫോക്ലീസിന്റെയും യൂറിപ്പിഡസിന്റെയും അരിസ്റ്റോഫനിസിന്റെയും നാടകങ്ങളും മറ്റും അതിസമ്പന്നമായ ഗ്രീക്ക് സാഹിത്യ പാരമ്പര്യം ഉറപ്പിക്കുന്നു.

അലക്സാണ്ടറുടെ കാലം മുതൽ ഇന്ത്യയും ഗ്രീസും തമ്മിൽ വിപുലമായ സാംസ്കാരികവിനിമയം നടന്നിരുന്നു. എന്നാൽ, സാഹിത്യരംഗത്ത് ഈ പരസ്പര സ്വാധീനം വേണ്ടത്ര ഉണ്ടായിട്ടുണ്ടോ? സംശയമാണ്. ഈ കാലത്ത് തുടങ്ങിയ യവനവൽക്കരണം രാഷ്ട്രീയമണ്ഡലത്തിലും വാണിജ്യത്തിലും ശിൽപ്പകലയിലും മാറ്റമുണ്ടാക്കി. എങ്കിലും, ഭാഷയുടെയും സാഹിത്യത്തിന്റെയും മേഖലയിൽ കാര്യമായ മാറ്റങ്ങൾക്കു വഴിവെച്ചില്ല. മൗര്യവംശഭരണത്തിൽ, പ്രത്യേകിച്ച് അശോകന്റെ കാലഘട്ടത്തിൽ, ഇന്ത്യയും ഗ്രീസും തമ്മിൽ മതപരമായ ബന്ധവും പുലർന്നിരുന്നു. എന്നാൽ, സാഹിത്യരംഗത്ത് കാര്യമായ പരസ്പരസ്വാധീനം ഇരുപ്രദേശങ്ങളും തമ്മിൽ നിലനിന്നതായി സാംസ്കാരിക ചരിത്രകാരന്മാർ കണ്ടെത്തിയിട്ടില്ല.



*അരിസ്റ്റോട്ടിൽ*

**യവനരീതിയിലുള്ള ജനാധിപത്യ പ്രക്രിയകൾ ഇന്ത്യ യിൽ അസാധ്യമാക്കി യത് മനുസ്മൃതിയും അതിലെ സാമൂഹിക സംവിധാനം സംബ ന്ധിച്ച ചാതുർവർണ്യ നിയമങ്ങളുമാണ്. സാമൂഹിക സംവാദ ത്തിനോ ആശയവിനി മയത്തിനോ ഇടമില്ലാതിരുന്ന ഇന്ത്യയിൽ യവനജ നാധിപത്യത്തിലെ പ്രഭാഷണമാതൃക അപ്രായോഗിക മായിരുന്നു.**



എന്തുകൊണ്ടെന്ന ചോദ്യം പ്രസക്തമാണെന്നു തോന്നുന്നു. മഹത്തായ എല്ലാ സാഹിത്യ കൃതികളും സമൂഹത്തിൽ ആധിപത്യം വഹിക്കുന്ന പ്രത്യയശാസ്ത്രങ്ങളെ ഒളിഞ്ഞും തെളിഞ്ഞും അടയാളപ്പെടുത്തുമല്ലോ. പുരാതന ഗ്രീക്ക് സാഹിത്യത്തിനും ഇന്ത്യൻ സാഹിത്യത്തിനും ഇത് ബാധകമാണ്. ഗ്രീസിൽ നിലവിലിരുന്ന ജനാധിപത്യത്തിന്റെ സ്വാധീനം അവിടുത്തെ സാഹിത്യത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. സ്വേച്ഛാധികാരത്തെ ചോദ്യം ചെയ്യുന്ന വ്യക്തിയുടെ സ്വാതന്ത്ര്യബോധമായാണ് അത് സാഹിത്യത്തിൽ ആവിഷ്കാരം കണ്ടത്. 'ആന്റിഗണി'യിൽ സ്വേച്ഛാധികാരത്തെ ചോദ്യം ചെയ്യുന്ന വ്യക്തി സ്വാതന്ത്ര്യമാണ് പ്രതിപാദ്യ വിഷയം. ഗ്രീക്ക് നഗരരാഷ്ട്രങ്ങളിൽ, പരിമിതികളോടുകൂടിയാണെങ്കിൽപ്പോലും, ജനാധിപത്യം നിലവിലിരുന്നതുകൊണ്ടാണ് ഇത് സംഭവിച്ചത്. പൊതുവായ ആശയവാദ ദാർശനിക സമീപനവും അതിനോടുചേരുന്ന പ്രകൃത്യാരാധനാ സമ്പ്രദായവും ഉണ്ടായിരുന്നെങ്കിൽപ്പോലും, ഗ്രീക്ക് സാഹിത്യകാരന്മാർ തങ്ങളുടെ മേൽ അവയ്ക്ക് നിയന്ത്രണവും ആധിപത്യവും അനുവദിച്ചിരുന്നില്ല. ഗ്രീക്കുസാഹിത്യകാരന്മാർ വിശേഷിച്ചും നാടകകൃത്തുക്കൾ സ്വീകരിക്കുന്ന പ്രമേയങ്ങൾ ഏതെങ്കിലും ദാർശനിക നിബന്ധനകൾക്ക് വിധേയമായിരുന്നില്ല. 'ഈഡിപ്പസ്' പോലെയുള്ള ദുരന്ത നാടകങ്ങൾ ഗ്രീക്കുകാരുടെ സമഗ്ര ജീവിതവീക്ഷണത്തിന്റെ ശക്തമായ പ്രകടനപത്രികകളാണ്.

എന്നാൽ, ഇന്ത്യൻ സാഹിത്യപാരമ്പര്യത്തിന്റെ കഥ ഇതിൽ നിന്നും വ്യത്യസ്തമാണ്. സംസ്കൃതസാഹിത്യം മാത്രമായിരുന്നു ഇന്ത്യയിൽ സാഹിത്യമായി അംഗീകരിക്കപ്പെട്ടിരുന്നത്. സംസ്കൃത ഭാഷയായിരുന്നു ശ്രേഷ്ഠഭാഷ. 'പ്രാകൃത'വും 'പാലി'യുമൊന്നും അധീശവരേണ്യവർഗത്തെ സംബന്ധിച്ചിടത്തോളം സാഹിത്യസൃഷ്ടിക്ക് യോജിച്ച ഭാഷകളായിരുന്നില്ല. ഭാഷയേയും സാഹിത്യത്തേയും ആധിപത്യത്തിനും സാമൂഹികവർഗ വിഭജനത്തിനും ഉപയോഗിച്ചതിന്റെ ഏറ്റവും നല്ല ഉദാഹരണം ഇന്ത്യയിലേതാണ്. സംസ്കൃതഭാഷയെ ദിവ്യവൽക്കരിച്ചാണിത് ചെയ്തത്. ശൂദ്രരും സ്ത്രീകളും സംസ്കൃതം പഠിക്കാൻ പാടില്ലെന്ന വ്യവസ്ഥയുണ്ടായിരുന്ന ദേശത്ത് ആ വിഭാഗങ്ങളുടെ ജീവിതം എത്രത്തോളം സത്യസന്ധമായി ആ ഭാഷയിൽ ആവിഷ്കരിക്കപ്പെടും? അതിനാൽ വേദേതിഹാസങ്ങളും മഹാകാവ്യങ്ങളും നാടകങ്ങളും മുതൽ ഏറ്റവും ലളിതവും ലഘുവുമായ സംസ്കൃതശ്ലോകങ്ങൾ വരെ പുരുഷമേധാവിത്വ ബ്രാഹ്മണ പ്രത്യയശാസ്ത്രത്താൽ പൂരിതവും നിയന്ത്രിതവുമായിരുന്നെന്ന് വസ്തുനിഷ്ഠമായ വിമർശനബുദ്ധിയോടെ പരിശോധിച്ചാൽ ബോധ്യപ്പെടും. പൂർവലബ്ധവും അപരിണാമിയുമായ ചാതുർവർണ്യവ്യവസ്ഥ അവയിൽ പ്രസരിക്കുന്നു. സംസ്കൃത സാഹിത്യകൃതികളുടെ സൗന്ദര്യശാസ്ത്രപ്രകാരമുള്ള ധർമം സഹൃദയനായ വായനക്കാരന്റെ സൗന്ദര്യാസ്വാദനവാഞ്ഛയെ തൃപ്തിപ്പെടുത്തുകയായിരുന്നു. (വാസ്തവത്തിൽ, സംസ്കൃതത്തിലെ സഹൃദയ സങ്കൽപ്പം പോലും വർഗമേധാവിത്വത്തിന്റെ പ്രത്യേക പരിഗണന ഉൾക്കൊള്ളുന്നതാണ്. സംസ്കൃതം എന്ന ഭാഷയുടെ ചിഹ്നവ്യവസ്ഥ - വർണപദവിന്യാസക്രമങ്ങളും അർഥവ്യഞ്ജകത്വവും - തിരിച്ചറിയുന്ന ആളാണ് ഈ സഹൃദയൻ. സംസ്കൃതം പഠിക്കാത്ത ശൂദ്രൻ സ്വാഭാവികമായും സഹൃദയനല്ലല്ലോ. സാഹിത്യാസ്വാദനത്തിന്റെ സവർണ സഹൃദയപ്പട്ടം ലഭിക്കാത്തവനാണയാൾ). എന്നാൽ, പരോക്ഷമായി ഇവയെല്ലാം ചാതുർവർണ്യ പ്രത്യയശാസ്ത്രത്തേയും അതിസങ്കീർണമായ ആശയവാദദർശനത്തെയും പുനരാവിഷ്കരിച്ച് ശക്തിപ്പെടുത്താൻ ഉദ്ദേശിച്ചുള്ളവയാണ്. മനുസ്മൃതിയിലെ ചാതുർവർണ്യ സിദ്ധാന്തം ആവർത്തിച്ചാവർത്തിച്ച്, ക്ഷീരബലപോലെ, വീര്യവർധന നടത്തി നിലനിർത്തുന്നതിൽ സംസ്കൃത സാഹിത്യവും ദാർശനികസിദ്ധാന്തങ്ങളും വഹിച്ച പങ്ക് വിമർശനപരമായി ഇനിയും വിലയിരുത്തപ്പെട്ടിട്ടില്ല.


ഭാരതീയമല്ലാത്ത എന്തിനേയും മ്ലേച്ഛമായി കരുതുന്ന വരേണ്യ ഇന്ത്യൻ സംസ്കൃത ബ്രാഹ്മണ സാഹിത്യം യവനസാഹിത്യത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാതിരുന്നതിൽ അത്ഭുതമില്ല. യവന ജനാധിപത്യത്തിന്റെ ഉൾച്ചേരുവകൾ ഇന്ത്യൻ ഫ്യൂഡൽ ചാതുർവർണ്യ സമൂഹം സ്വാഭാവികമായി തിരസ്കരിച്ചു. സാമൂഹികസംവാദത്തിനോ ആശയവിനിമയത്തിനോ ഇടമില്ലാതിരുന്ന ഇന്ത്യയിൽ, യവനന്റെ പ്രഭാഷണവും അതിനെ ആസ്പദമാക്കിയ കാവ്യശാസ്ത്രവും അപ്രസക്തമായിരുന്നു. പൊതുതാൽപ്പര്യം എന്നൊന്ന് ഇന്ത്യൻ സമൂ

ഹത്തിൽ ഉണ്ടായിരുന്നില്ല; വർണതാൽപ്പര്യമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. ബ്രാഹ്മണസേവയായിരുന്നു ഇതരവർണികൾക്കും അവർണികൾക്കുമുള്ള മാധവസേവയും ജ്ഞാനവേദവും കർമസിദ്ധാന്തവും. പൊതുതാൽപ്പര്യമുള്ള ഏതെങ്കിലും വിഷയത്തിൽ, സ്വന്തം നിലപാട് മറ്റുള്ളവരെ സാമൂഹികമായി ബോധ്യപ്പെടുത്താനുള്ള ജനാധിപത്യത്തിന്റെ ഉത്തോലകശക്തി പുരാതനകാലത്തെ ഒരു ഇന്ത്യാക്കാരനുമുണ്ടായിരുന്നില്ല.

യവനരീതിയിലുള്ള ജനാധിപത്യപ്രക്രിയകൾ ഇന്ത്യയിൽ അസാധ്യമാക്കിയത് മനുസ്മൃതിയും അതിലെ സാമൂഹികസംവിധാനം സംബന്ധിച്ച ചാതുർവർണ്യനിയമങ്ങളുമാണ്. സാമൂഹിക സംവാദത്തിനോ ആശയവിനിമയത്തിനോ ഇടമില്ലാതിരുന്ന ഇന്ത്യയിൽ യവനജനാധിപത്യത്തിലെ പ്രഭാഷണമാതൃക അപ്രായോഗികമായിരുന്നു. ശ്രേണീപരമായ ശ്രേഷ്ഠ-അധമ അടരുകൾ അതിരുകൾ സൃഷ്ടിച്ച ഘടനയോടുകൂടിയ ഇന്ത്യൻ സമൂഹം സഹജമായി ജനാധിപത്യരഹിതവും ജനാധിപത്യവിരുദ്ധവുമായിരുന്നു. പരസ്പരം സംവദിക്കാനുള്ള കിളിവാതിലുകൾ പോലുമില്ലാത്ത ജാതി അറകളിൽ അടയ്ക്കപ്പെട്ട ജനവിഭാഗങ്ങൾ തമ്മിൽ ജനാധിപത്യസംവാദം എങ്ങനെ സാധ്യമാകും? പൗരധർമങ്ങളുടെ അടിസ്ഥാനത്തിൽ ജനകീയപ്രഭാഷണങ്ങൾ നടത്തിയ ഡമോസ്തനീസും (Demtoshenese) സിസറോ(Cicero)യും പെരിക്ലീസും(Perecle) പുരാതന ഇന്ത്യയിൽ ഒരിടത്തും ഉണ്ടായിരുന്നില്ല. വക്കീലന്മാരേയും രാഷ്ട്രീയക്കാരേയും അനിവാര്യമാക്കുന്ന ജനാധിപത്യ സാമൂഹികസന്ദർഭം ഇന്ത്യയിൽ നിലനിന്നിരുന്നില്ല. ഒരുപക്ഷേ, അത്തരം പ്രഭാഷണങ്ങൾ പുരാതന ഇന്ത്യയിൽ എവിടെയെങ്കിലും നടന്നിട്ടുണ്ടാവുക ജാതിരഹിത സമൂഹത്തിന്റെ ആദ്യത്തെ ഇന്ത്യൻ പരീക്ഷണമായ ബുദ്ധമതത്തിലെ സംഘവേദികളിലായിരിക്കണം. എന്നാൽ, സംഘടിതശക്തി ഉപയോഗിച്ച് ബ്രാഹ്മണമതം ബുദ്ധമതത്തെ ഇല്ലായ്മ ചെയ്തതോടെ ചാതുർവർണ്യം പൂർവാധികം ശക്തിപ്പെടുകയാണുണ്ടായത്.

ജാതിയെ അടിസ്ഥാനപ്പെടുത്തിയ ശുദ്ധാശുദ്ധ വിവേചനം ഇന്ത്യൻ ഫ്യൂഡൽ വ്യവസ്ഥയിൽ ജനാധിപത്യസംവാദം അസാധ്യമാക്കി. കവികളും കലാകാരന്മാരും ഈശ്വരാനുഗ്രഹമുള്ളവരാണെന്നും അവർ ശുഭചിന്തകരാകണമെന്നുമുള്ള സൈദ്ധാന്തിക ശാഠ്യം ഇതിന്റെ ഭാഗമായിരുന്നു. പൊതുവേ, പാശ്ചാത്യ ജ്ഞാനസിദ്ധാന്തമേഖല അയവേറിയതും ജനകീയവുമാണ്. ഇന്ത്യയിലേതുപോലെ, വ്യക്തിയുടെയും സമൂഹത്തിന്റെയും ശരീരത്തെയും മനസ്സിനെയും ചങ്ങലയ്ക്കിട്ട് സമഗ്രാധിപത്യം ചെലുത്തുന്ന ആശയവാദ ദാർശനിക പദ്ധതി പാശ്ചാത്യർക്കില്ല, അന്നും ഇന്നും.

പ്രേരണയുടെ കലയും ശാസ്ത്രവുമായ പ്രഭഷണശാസ്ത്രത്തിൽ സുശിക്ഷിതരായിരുന്നു യവന രാഷ്ട്രീയനേതാക്കന്മാരും നിയമജ്ഞരും. രാഷ്ട്രീയ പിന്തുണയും അധികാരവും ഉറപ്പാക്കുന്നതിന്




പ്ലേറ്റോ

യവനപ്രഭാഷകർക്ക് ജനപിന്തുണ ആർജിക്കേണ്ടിയിരുന്നു. സ്വന്തം നിലപാടുതറയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് യുക്തിയുടെയും വൈകാരികതയുടെയും ഭാഷാസാധ്യതകളെ പരമാവധി ചൂഷണം ചെയ്യുണമായിരുന്നു. രാഷ്ട്രീയ-നിയമവേദികളിലെ സഫല പ്രവർത്തനത്തിന് പ്രഭാഷണശേഷി മുന്നുപാധിയായിരുന്നു. അതുകൊണ്ട്, ഭാഷാവ്യാകരണത്തോടൊപ്പം പ്രഭാഷണശാസ്ത്രവും ഗ്രീക്ക് അക്കാദമികളിലും റോമൻ ലൈസീയമുകളിലും നിഷ്കർഷയോടെ പഠിപ്പിച്ചുപോന്നു. ജനങ്ങളുമായും ജഡ്ജിമാരുമായും സംവദിക്കാനും അവരെ പ്രേരിപ്പിക്കാനും പ്രചോദിപ്പിക്കാനും ഭാഷാപ്രയോഗപ്രാവീണ്യം ഒഴിവാക്കാനാകുമായിരുന്നില്ല. നിയമനിർമാണത്തിലും പൗരസഭകളിലും പ്രഭാഷകർക്ക് വാക്ചാതുരിയും സാമർഥ്യവും കൊണ്ട് സ്വന്തം വാദമുഖങ്ങൾ സ്ഥാപിക്കാൻ കഴിയണമായിരുന്നു. അങ്ങനെ അതിന്റെ സിദ്ധാന്തവും പ്രയോഗരീതിയും കൈകാര്യം ചെയ്യുന്ന വിദഗ്ധരുണ്ടായി. കവിതയെക്കുറിച്ചും പ്രഭാഷണത്തെക്കുറിച്ചും അരിസ്റ്റോട്ടിൽ വ്യത്യസ്ത ഗ്രന്ഥങ്ങൾ രചിച്ചത് ഈ സാഹചര്യത്തിലാണ്. എന്നാൽ, കാലക്രമേണ പൊതുവായ സംവേദന സങ്കേതമാണ് ഭാഷയെന്ന് പ്രഭാഷണശാസ്ത്രജ്ഞരും കാവ്യമീമാംസകരും ഒരേപോലെ തിരിച്ചറിഞ്ഞു.

വർത്തമാനകാലത്ത്, പ്രഭാഷണശാസ്ത്രവും കാവ്യശാസ്ത്രവും ചിഹ്നവിജ്ഞാനീയത്തിന്റെയും ഘടനാവാദത്തിന്റെയും കണ്ടെത്തലുകൾ വിശാലമാക്കിയ ആഗോളവഴികളിലൂടെ നവഭാഷണശാസ്ത്ര

വക്കീലന്മാരേയും രാഷ്ട്രീയക്കാരേയും അനിവാര്യമാക്കുന്ന ജനാധിപത്യ സാമൂഹികസന്ദർഭം ഇന്ത്യയിൽ നിലനിന്നിരുന്നില്ല. ഒരുപക്ഷേ, അത്തരം പ്രഭാഷണങ്ങൾ പുരാതന ഇന്ത്യയിൽ എവിടെയെങ്കിലും നടന്നിട്ടുണ്ടാവുക ജാതിരഹിത സമൂഹത്തിന്റെ ആദ്യത്തെ ഇന്ത്യൻ പരീക്ഷണമായ ബുദ്ധമതത്തിലെ സംഘവേദികളിലായിരിക്കണം.



*ഡമോസ്തനീസ്*

മെന്നോ നവകാവ്യശാസ്ത്രമെന്നോ വിളിച്ചാൽ ഒറ്റശ ബ്ദത്തിൽ വിളികേൾക്കുന്ന ഒന്നായി മുന്നേറുകയാണ്. പാശ്ചാത്യ ഭാഷണശാസ്ത്രത്തിന്റെ പ്രാരംഭംമുതലുള്ള പരിണാമഗതിയിൽ ആദരപൂർവം അഭിവാദ്യം ചെയ്യേണ്ട അതിപ്രഗത്ഭരായ അനേകം സാഹിത്യസൈദ്ധാന്തികരുണ്ട്. ആഗോളമായി മുതലാളിത്ത ജനാധിപത്യ വ്യാപനം സംഭവിച്ചതോടെ കിഴക്കും പടിഞ്ഞാറും തമ്മിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും സൈദ്ധാന്തികവും പ്രായോഗികവുമായ പഠനങ്ങളിലുണ്ടായിട്ടുള്ള ഏകോപനം ഏറെ ശ്രദ്ധേയമാണ്. ഇന്ത്യയെ കണ്ടെത്തിയ പാശ്ചാത്യർ സംസ്കൃതത്തെയും കണ്ടെത്തിയത് ആധുനിക ഭാഷാശാസ്ത്രത്തിലും സാഹിത്യപഠനത്തിലും നവ നിരീക്ഷണങ്ങൾക്കും സിദ്ധാന്തങ്ങൾക്കും കാരണമായി. സംസ്കൃത ഗ്രന്ഥങ്ങൾ പാശ്ചാത്യഭാഷകളിലേക്ക് വിവർത്തനം ചെയ്തതുമൂലം പാണിനിയുടെയും ഭർതൃഹരിയുടെയും മറ്റും സിദ്ധാന്തങ്ങൾ പടിഞ്ഞാറൻ ലോകത്തെ പണ്ഡിതന്മാർക്കിടയിൽ പ്രചുരപ്രചാരം നേടി. ഫെർഡിനാൻഡ് ഡി സസൂ (Ferdinand de Saussure)റും റോമൻ ജാക്സ(Roman Jakobosn)ണും ബ്ലൂംഫീൽ(Bloomfield)ഡും നോം ചോസ്കി (Noam Chomsky) യും മറ്റും സ്വന്തം പഠനങ്ങൾക്ക് മാർഗദർശകമായത് ഇന്ത്യൻ ഭാഷാശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങളാണെന്ന് ഏറ്റു പറഞ്ഞിട്ടുണ്ട്.

അരിസ്റ്റോട്ടിലിനു ശേഷം ഏറ്റവും മൗലികമായ സാഹിത്യ സിദ്ധാന്തം അവതരിപ്പിച്ച ലോഞ്ചൈനസ് (Longinus) ജനാധിപത്യത്തിന്റെ മഹത്വത്തെക്കുറിച്ച് സംസാരിച്ചാണ് വ്യതിരിക്തനാകുന്നത്.

അലക്സാണ്ടറിനു ശേഷമുള്ള യവനബന്ധത്തിന്റെ കാലത്ത് പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ കാര്യമായ യാതൊരു സ്വാധീനവും ഇന്ത്യയിൽ ചെലുത്താതിരുന്നതിന്റെ കാരണം ഇന്ത്യൻ ആശയവാദത്തിന്റെ പ്രത്യയശാസ്ത്രപരമായ ഏകച്ഛത്രാധിപത്യമായിരുന്നു. ഗ്രീക്ക് ജനാധിപത്യസമീപനം ഇന്ത്യൻ ഫ്യൂഡൽ സംവിധാനത്തിന് പൂർണമായും അസ്വീകാര്യമായിരുന്നു. ആധുനികകാലത്ത് പ്രത്യയശാസ്ത്രബന്ധമില്ലാതെ പാശ്ചാത്യ സൈദ്ധാന്തിക പാരമ്പര്യത്തിന് ഇന്ത്യൻ സംസ്കൃതഭാഷാസാഹിത്യ സിദ്ധാന്തങ്ങളെ അനായാസം ഉൾക്കൊള്ളാൻ സഹായിക്കുന്നത് ജനാധിപത്യത്തിന്റെ സഹജവും ഉദാരവുമായ സർവസ്വീകാര്യ സമീപനം മൂലമാണ്. പാശ്ചാത്യ ചിന്തയിൽ ചില അസാധാരണ സന്ദർഭങ്ങളൊഴിച്ചാൽ ജനാധിപത്യത്തിന്റെ പ്രകീർത്തനം മുഖ്യപ്രവണതയായിരുന്നു. ശുദ്ധസാഹിത്യ സൈദ്ധാന്തിക രംഗത്തായാലും നമുക്കിത് കാണാൻ സാധിക്കും.

അരിസ്റ്റോട്ടിലിനു ശേഷം ഏറ്റവും മൗലികമായ സാഹിത്യസിദ്ധാന്തം അവതരിപ്പിച്ച ലോഞ്ചൈനസ് (Longinus) ജനാധിപത്യത്തിന്റെ മഹത്വത്തെക്കുറിച്ച് സംസാരിച്ചാണ് വ്യതിരിക്തനാകുന്നത്. 'ഉദാത്തതയെ സംബന്ധിച്ച്' (On the Sublime) എന്ന അപൂർണ കൃതിയിൽ ഏറെ ഊർജ്ജദായകമായാണ് ഉദാത്തവികാരങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള ജനാധിപത്യത്തിന്റെ ശക്തിയെക്കുറിച്ച് അദ്ദേഹം ചിന്തിക്കുന്നത്. ഗദ്യത്തിലുള്ള നാടകീയ സ്വാഗതാഖ്യാനം പോലെയാണ് ഈ സൈദ്ധാന്തിക സാഹിത്യവിചാരം. സാഹിത്യത്തിന്റെ ജനാധിപത്യ സ്രോതസ്സുകൾ സംബന്ധിച്ച് സമാനമായ മറ്റൊരു ചിന്ത അന്യാദൃശമാണ് - ഇന്ത്യയിലും ഗ്രീസിലും. വാസ്തവത്തിൽ, ഇന്ത്യൻ സാമൂഹികഘടനയിലും കലാസാഹിത്യ ചിന്തകളിലും സമഗ്രസ്വാധീനം ചെലുത്തിയ ആശയവാദ ദർശനത്തിന്റെ ആധിപത്യത്തിനെതിരായിരുന്നു സാമ്രാജ്യത്വ മുതലാളിത്തത്തോടൊപ്പം ഇന്ത്യയിലെത്തിയ ജനാധിപത്യ രാഷ്ട്രീയവും സാഹിത്യചിന്തകളും. ജനാധിപത്യ മൂല്യങ്ങളിലധിഷ്ഠിതമായ സാഹിത്യചിന്തകളും ഫ്യൂഡൽ പ്രത്യയശാസ്ത്രത്തിന്റെ ദാർശനികരൂപമായ ഇന്ത്യൻ ആശയവാദവും തമ്മിലുള്ള പോരാട്ടം ഇപ്പോഴും തുടരുന്നു, വ്യത്യസ്ത രൂപത്തിലും ഭാവത്തിലും. ശ്രദ്ധേയവും സുപ്രധാനവുമാണ് ഈ പോരാട്ടം. ഈ പോരാട്ടത്തിൽ ആർക്കാണ് അന്തിമ വിജയം എന്നതിനെ ആശ്രയിച്ചിരിക്കുന്നു ഇന്ത്യയിലെ ജനാധിപത്യത്തിന്റെ ഭാവി.

*(kpkrishnankutty@gmail.com)*



*പഴവങ്ങാടി ഗണപതി ക്ഷേത്രം*

# സ്ഥലനാമങ്ങളുടെ നിരുക്തിയും പൊരുളും

ഡോ. ഡേവിസ് സേവ്യർ

## പഴയങ്ങാടിയും പഴവങ്ങാടിയും

വാമൊഴിവഴക്കങ്ങൾ മലയാളത്തിൽ സുലഭമാണ്. പ്രദേശഭേദങ്ങളും അഭിരുചികളുമാണ് പലതരം വാമൊഴിരൂപങ്ങളുടെയും പിറവിക്ക് നിദാനം. പഴയ അങ്ങാടി വടക്കർക്കു പഴയങ്ങാടിയും തെക്കർക്കു പഴവങ്ങാടിയും ആകുന്നു. രണ്ടിടത്തെയും പിരിച്ചെഴുത്തുരൂപം ഒന്നാണ്. പഴയങ്ങാടിയിൽ 'യ'കാരവും പഴവങ്ങാടിയിൽ 'വ'കാരവും ആഗമിക്കുന്നു എന്നത്രേ അവ തമ്മിലുള്ള വ്യത്യാസം. മലയാളത്തിലെ അകാരത്തെ താലവ്യമെന്നും ഓഷ്ഠ്യമെന്നും വേർതിരിച്ചിട്ടുണ്ടല്ലോ. പഴ+അങ്ങാടി=പഴയങ്ങാടി, എന്നിടത്തെ 'അ'കാരത്തിന് താലവ്യത്വവും പഴ+അങ്ങാടി = പഴവങ്ങാടി എന്നിടത്തെ 'അ' കാരത്തിന് ഓഷ്ഠ്യത്വവും കൽപ്പിക്കണം. "വർജിപ്പൂ സ്വരസംയോഗം / യവ ചേർത്തു യഥാവലേ / പൂർവം താലവ്യമാണെങ്കിൽ / യകാരമതിലേയ്ക്കണം / പൂർവമോഷ്ഠ്യസ്വരം വന്നാൽ / വകാരം ചേർത്തു കൊള്ളുക"1 (കാരിക 7) എന്നാണല്ലോ കേരളപാണിനീയമതം.

കണ്ണൂർ ജില്ലയിലെ ഒരു ചെറുപട്ടണമാണ് പഴയങ്ങാടി. മാടായി, ഏഴോം എന്നീ ഗ്രാമപഞ്ചായത്തുകളിലായി പഴയങ്ങാടി വ്യാപിച്ചു കിടക്കുന്നു. കടൽത്തീരപ്രദേശമാണ് പഴയങ്ങാടി. തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിന് അല്പം വടക്കുമാറി സ്ഥിതിചെയ്യുന്ന സ്ഥലമാണ് പഴവങ്ങാടി. അവിടെ പ്രസിദ്ധമായ ഗണപതിക്ഷേത്രം സ്ഥിതി ചെയ്യുന്നുണ്ട്. പഴയങ്ങാടിക്കും പഴവങ്ങാടിക്കും നിരുക്ത്യർഥം പഴയ അങ്ങാടി എന്നതന്നെ. ഇവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ കുഞ്ഞുണ്ണിമാഷിന്റെ ഒരു കവിത ഉദ്ധരിക്കാം. "വടക്കു പഴയങ്ങാടി / തെക്കു പഴവങ്ങാടി / തെക്കുവടക്കുകൾ തമ്മിൽ / വായിൽ വ്യത്യാസം / വായയിൽ വ്യത്യാസം."2 ജയിക്കാനായി ജനിച്ചവൻ (1977) എന്ന ചിത്രത്തിനുവേണ്ടി ശ്രീകുമാരൻ തമ്പി രചിച്ച 'ചാലക്കമ്പോളത്തിൽവച്ച് / നിന്നെ കണ്ടപ്പോൾ....' എന്നു തുടങ്ങുന്ന ഗാനത്തിന്റെ അനുപല്ലവിയിൽ, "പുടവകൊടതിയതി ഞാൻ മനസ്സിൽ കുറിച്ചു / പഴവങ്ങാടി ഗണപതിക്കു തേങ്ങയടിച്ചു"3 എന്നിടത്തെ പഴവങ്ങാടി തെക്കരുടെ സ്ഥലനാമമാണല്ലോ!

കണ്ണൂർ ജില്ലയിലെ ഒരു ചെറുപട്ടണമാണ് പഴയങ്ങാടി. മാടായി, ഏഴോം എന്നീ ഗ്രാമപഞ്ചായത്തുകളിലായി പഴയങ്ങാടി വ്യാപിച്ചു കിടക്കുന്നു. കടൽത്തീരപ്രദേശമാണ് പഴയങ്ങാടി. തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിന് അല്പം വടക്കുമാറി സ്ഥിതിചെയ്യുന്ന സ്ഥലമാണ് പഴവങ്ങാടി.

ദേശനാമങ്ങൾക്ക് ഭാഷാപഠനത്തിൽ നിർണായകസ്ഥാനമുണ്ട്. ഒരു ജനതയുടെ പ്രകൃതിജ്ഞാനവും സൗന്ദര്യബോധവും നാട്ടുപേരുകളിൽ ഉൾച്ചേർന്നിരിക്കുന്നു. നാടിന്റെ ഭൂപ്രകൃതി അറിയാൻ ദേശസംജ്ഞകളെ പ്രയോജനപ്പെടുത്താം.

## അട്ടക്കുളങ്ങര

അട്ടക്കുളങ്ങര എന്ന സ്ഥലനാമത്തിന് വനിതാ ജയിലിന്റെ പേരിൽ കുപ്രസിദ്ധി കൈവന്നിട്ടുണ്ട്. അട്ടക്കുളങ്ങര വനിതാജയിൽ എന്നതിലുപരി ആ സ്ഥലനാമത്തിന്റെ നിരുക്തിയും പൊരുളുമാണ് ഈ കുറിപ്പിനു വിഷയം.

തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു സ്ഥലനാമമാണ് അട്ടക്കുളങ്ങര. അട്ടക്കുളങ്ങര എന്ന സംജ്ഞാനാമത്തെ അട്ടം+കുളം+കര എന്നു പിരിച്ചെഴുതാം. ഇവിടെ പൂർവ്വപദം 'അട്ട' എന്നല്ല അട്ടം എന്നാണെന്നു മനസ്സിലാക്കുക. ശത്രുക്കളുടെ വരവ് കാണുന്നതിനും അവരെ തടയുന്നതിനും ഉണ്ടാക്കിയിരുന്ന കാവൽമാടമാണ് അട്ടം. (കൊത്തളം). കൂടാതെ മേൽത്തട്ട്, തട്ടിൻപ്പുറം, മേട തുടങ്ങിയ വിവക്ഷിതങ്ങളും അട്ടത്തിനുണ്ട് ദ്രാവിഡത്തിൽനിന്നു സംസ്കൃതം കടംകൊണ്ട പദമായിരിക്കാം അട്ടം എന്നൊരഭിപ്രായമുണ്ട്.4 അതെന്തായാലും നാനാർഥവാചിയായ ഒരു പദമാണ് അട്ടം. അനേകം അട്ടങ്ങൾ, കൊട്ടാരങ്ങൾ മുതലായവ ഉള്ള സ്ഥലം അട്ടസ്ഥലിയാകും. അവിടെയും പൂർവപദം 'അട്ട'യല്ല; അട്ടം ആണ്. വിശേഷണമായ അട്ടയ്ക്ക് ഉയർന്ന എന്നും നാമമായ അട്ടയ്ക്ക് ഒരു ചെറിയ ഇഴജന്തു എന്നും അർഥം.

അട്ടം+കുളം, സന്ധി ചെയ്യുമ്പോൾ അട്ടക്കുളം എന്നാകുന്നു. (അനുസ്വാരലോപം കകാരദ്വിത്വം) കുളം+കരയാണ് സന്ധിയിൽ കുളങ്ങരയാകുന്നത്. (അട്ടം+കുളം=അട്ടക്കുളം; "കുളം+കര=കുളങ്ങര. കുളം+കര=കുളങ്ങര. മ്+ക=ങ്+ക=ങ്ങ. പരസവർണനവും പൂർവസവർണനവും (സവർണനം എന്ന അധ്യായം നോക്കുക) പ്രവർത്തിക്കുന്നു. കണ്ഠ്യഖരം ഓഷ്ഠ്യാനുനാസികത്തെ ആദ്യം സ്വവർഗാനുനാസികമാക്കുന്നു. ങ് പിന്നീട് ക കാരത്തെ അനുനാസികാതിപ്രസരംകൊണ്ട് ങ ആക്കി."5 അങ്ങനെ കുളം+കര കുളക്കരയാവാതെ കുളങ്ങരയാകുന്നു. അട്ടം+കുളം+കര സമാസിക്കുമ്പോൾ അട്ടക്കുളങ്ങരയാവുമെന്നു ചുരുക്കം.

## ചേർത്തല

മനുഷ്യമനസ്സിന്റെ പരിണാമപ്രക്രിയയുടെ ഉൽപ്പന്നങ്ങളിൽ മുഖ്യമായ ഒന്നാണ് ഭാഷ"6 എന്നു ഡോ. എം. ലീലാവതി നിരീക്ഷിച്ചിട്ടുണ്ട്. ഓരോ വാക്കിന്റെ പിന്നിലും ദുരാസദമായ (difficult or dangerous to be approched) നിഗൂഢതയുണ്ട്. കാലാകാലങ്ങളായി രൂപപ്പെടുന്ന വാക്കുകളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന രഹസ്യം പുനഃസൃഷ്ടിക്കുക എളുപ്പമല്ല. ഓരോ പദത്തിന്റെയും അകംപൊരുൾ കണ്ടെത്താനാണ് എക്കാലവും നിരുക്തികാരൻ ശ്രമിക്കുന്നത്. ആ ശ്രമം ലക്ഷ്യത്തിൽ എത്തിയാലും ഇല്ലെങ്കിലും നിരുക്ത്യന്വേഷണം ഭാഷാപഠനത്തിന്റെ ഭാഗംതന്നെയാകുന്നു. സ്ഥലനാമങ്ങളുടെ നിഷ്പത്തിക്ക് പിന്നിൽ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ കാരണങ്ങൾ ഉണ്ടാകാം.

ചേർത്തല എന്ന സ്ഥലനാമത്തിന്റെ നിരുക്തി എന്താണ്? ചേർ+തല എന്നോ ചേർത്ത + തല എന്നോ ചേർത്തലയെ പിരിച്ചെഴുതാം. ചേർ+തല= ചേർത്തല എന്ന രൂപത്തിന് ചേർനിലം എന്നർഥം പറയാം. ചേർത്ത+തല=ചേർത്തല എന്ന രൂപത്തിന് കൂട്ടിച്ചേർത്ത സ്ഥലം എന്ന വിവക്ഷിതം ലഭിക്കും. സമുദ്രം നികന്നുവന്ന സ്ഥലം എന്നർഥം (സ്ഥലം ? തലം ? തല).

"ചേർത്തലയിലെ വിശാലമായ മണൽപ്പരപ്പും ഭൂപ്രകൃതിയുടെ സവിശേഷതകളും ഈ നിരുക്തി സാധൂകരിക്കും. കിണറു കുഴിക്കുമ്പോഴും മറ്റും കക്കകൾ ഇപ്പോഴും കിട്ടാറുണ്ട്. അറേബ്യൻ കടലും വേമ്പനാട്ടുകായലും പണ്ട് ഒന്നായിരുന്നു. ഏതോ ഭൂകമ്പം കൊണ്ടോ പ്രകൃതിക്ഷോഭം കൊണ്ടോ പിന്നീടുയർന്നുവന്ന ഭൂപ്രദേശമാകണം ചേർത്തല. 'തല' എന്നത് 'സ്ഥല'ത്തിന്റെ തദ്ഭവമാണ്. സ്ഥ എന്ന സംയുക്തവ്യഞ്ജനം തദ്ഭവങ്ങളിൽ തകാരമാവും. സ്ഥാണം ? താണ. സ്ഥൂണ ? തൂൺ, സ്ഥാനം ? താനം, സ്ഥലി ? തളി മുതലായ വാക്കുകൾ സ്മരിക്കുക. തല ദേശവാചിയാകാമോ എന്ന സംശയം വടക്കുംതല, എഴുവന്തല, മുഖത്തല തുടങ്ങിയവയിലെ തല ദൂരീകരിക്കും."7

സ്ഥലസംജ്ഞകൾക്ക് ദുർഗ്രഹതയുടെ പരിവേഷം എപ്പോഴും ഉണ്ടാകാം. പദങ്ങളുടെ കാലപ്പഴക്കവും ദേശ്യസ്വഭാവവും പഠനത്തെ ദുഷ്കരമാക്കുന്നു. പഠിതാവിന്റെ അപ്രഗല്ഭതയും കാരണമാകാം. എങ്കിലും തുടർപഠന സാധ്യതകളിലേക്ക് ഇവയൊക്കെ വെളിച്ചം വീശുന്നുണ്ട് എന്ന വസ്തുത മറക്കാവതല്ല.

## മീനച്ചിൽ

ദേശനാമങ്ങൾക്ക് ഭാഷാപഠനത്തിൽ നിർണായകസ്ഥാനമുണ്ട്. ഒരു ജനതയുടെ പ്രകൃതിജ്ഞാനവും സൗന്ദര്യബോധവും നാട്ടുപേരുകളിൽ ഉൾച്ചേർന്നിരിക്കുന്നു. നാടിന്റെ ഭൂപ്രകൃതി അറിയാൻ ദേശസംജ്ഞകളെ പ്രയോജനപ്പെടുത്താം. ആരാധനാലയങ്ങൾ, നദികൾ, വൃക്ഷങ്ങൾ മുതലായവ പേരിടലിൽ നിയാമകമായി വർത്തിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും നാമകരണത്തിനു കാരണമാകാം. ചില വ്യക്തിസംജ്ഞകളെയും ദേശനാമങ്ങളോട് ബന്ധപ്പെടുത്താറുണ്ട്. പേരിടലിന്റെ പിന്നിലുള്ള കാരണങ്ങൾ എന്തൊക്കെയായാലും സ്ഥലനാമസംജ്ഞകളിൽ പല ഭാഷാരഹസ്യങ്ങളും അടങ്ങിയിരിക്കുന്നു.

കോട്ടയം ജില്ലയിലുള്ള ഒരു താലൂക്കിന്റെ പേരാണ് മീനച്ചിൽ. പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു ഈ പ്രദേശം. മീനച്ചിൽ എന്ന ദേശത്തിന് ഒരു കാലത്ത് പാണ്ഡ്യദേശവുമായി ചരിത്രപരമായ ബന്ധമുണ്ടായിരുന്നു. തന്മൂലം മധുരമീനാക്ഷിയുമായി മീനച്ചിൽ എന്ന വാക്കിന് ബന്ധമുള്ളതായി ചിലർ അഭ്യൂഹിച്ചിട്ടുണ്ട്. പക്ഷേ, മീനച്ച(ച്ചി)ൽ എന്ന ദേശനാമത്തെ മീനാക്ഷിയിൽ നിന്നു നിഷ്പാദിക്കാനാവുമോ? ഭാഷാശാസ്ത്രയുക്തി ഈ മതത്തെ നിരാകരിക്കുന്നു!

മീനാക്ഷി ശബ്ദപരിണാമംവഴി മീനാക്കിയോ മീനാച്ചിയോ ആകാം. എന്നാൽ മീനാക്ഷി, മീനച്ചിൽ (ക്ഷി ? ച്ചിൽ) ആവുകയില്ല. ഇക്കാര്യത്തെക്കുറിച്ച് പണ്ഡിതന്മാർ മൗനം അവലംബിക്കുന്നു. അങ്ങനെയെങ്കിൽ സ്വീകാര്യമായ നിരുക്തി അന്വേഷിക്കേണ്ടതുണ്ട്. കോട്ടയത്തിന്റെ വടക്കൻ പ്രദേശമാണല്ലോ മീനച്ചിൽ. മീനക്കോണിൽ (വടക്കുകിഴക്ക്) സ്ഥിതിചെയ്യുന്ന ഭൂവിഭാഗം എന്ന അർഥത്തിൽ മീനത്തിൽ എന്ന സംജ്ഞ സ്വീകാര്യമാണ്. അ, ഇ, എ, ഐ എന്നീ താലവ്യസ്വരങ്ങൾക്കുശേഷം ത, ന, ത്ത, ന്ന, ന്ത എന്നിവയിൽ ഒരെണ്ണം വന്നാൽ സവർണനംകൊണ്ട് ദന്ത്യം താലവ്യമാകും. ദന്ത്യത്തിന് താലവ്യം ആദേശം ചെയ്യുകയാൽ താലവ്യാദേശമെന്നും തവർഗങ്ങൾക്ക് മാറ്റം സംഭവിക്കുന്നതിനാൽ തവർഗോപമർദം എന്നും ഈ പ്രവണതയ്ക്ക് കേരളപാണിനി നാമകരണം ചെയ്തിട്ടുണ്ട്. അതായത്, മീനത്തിൽ എന്ന വാക്ക് താലവ്യാദേശംകൊണ്ട് മീനച്ചിൽ എന്നാകുന്നു. (മീനത്തിൽ ? മീനച്ചിൽ) മീനക്കോണിൽ ഒഴുകുന്ന ആറാണല്ലോ മീനച്ചിലാർ.8 ഇനി, മീനാക്ഷിയിൽ നിന്നുതന്നെ മീനച്ചിൽ എന്ന പദത്തെ നിഷ്പാദിപ്പിക്കണം എന്നുണ്ടെങ്കിൽ അതിനു വേറെ യുക്തികൾ കണ്ടെത്തണം. അതത്ര എളുപ്പമാണോ? പണ്ഡിതന്മാർ ആലോചിക്കട്ടെ!

## പാല

സ്ഥലനാമങ്ങളിൽ പലതിന്റെയും പിറവി ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീനകേരളത്തിലെ ദ്രാവിഡജനത ഭൂമിയുടെ കിടപ്പിനെ ആധാരമാക്കിയാണ് ഭൂപ്രദേശത്തെ വിഭജിച്ചത്. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട കാവ്യപ്രമേയസ്വീകരണത്തിനു വേണ്ടിയായിരുന്നു വിഭജനം. ഐന്തിണൈകൾ എന്ന പേരിൽ ആ ഭൂവിഭാഗങ്ങൾ അറിയപ്പെട്ടു. കുറിഞ്ചി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിവയാണ് ഐന്തിണൈകൾ. തിണൈ എന്ന പദത്തിന് വിഭാഗം എന്നോ ഭൂവിഭാഗം എന്നോ അർഥം പറയാം. അതത് പ്രദേശത്തുണ്ടാകുന്ന 'പൂക്കളു'മായി ബന്ധപ്പെടുത്തിയാണ് തിണൈകൾക്ക് നാമകരണം ചെയ്തിരിക്കുന്നത്. കുറിഞ്ചി മലമ്പ്രദേശവും പാലൈ മണൽക്കാടും മുല്ലൈ കുറ്റിക്കാടുകൾ നിറഞ്ഞ സ്ഥലവും മരുതം സമതലവും നെയ്തൽ കടൽത്തീരവുമാകുന്നു.

തമിഴിലെ തിണൈ, മുല്ലൈ , പാലൈ എന്നിവ യഥാക്രമം തിണ, മുല്ല, പാല എന്നിങ്ങനെ രൂപം മാറും. പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിൽ ഐകാരം കാണുന്നിടത്ത് മലയാളത്തിൽ അകാരം വരും. ഐ(അ+ഇ)കാരത്തിന് സംവരണം സംഭവിച്ചതാണ്, കേരളപാണിനിയുടെ അഭിപ്രായത്തിൽ അകാരം.9 അങ്ങനെ പാലൈ - പാല എന്നായിത്തീരുന്നു. മീനച്ചിലാറിന്റെ തീരത്തുള്ള നഗരമാണ് ഇന്നത്തെ പാല. എന്നാൽ മണൽത്തിട്ടകൾ നിറഞ്ഞ ഫലഭൂയിഷ്ഠമല്ലാത്ത ഒരു പ്രദേശമായിട്ടാണ്




പാലയെ പൂർവികർ അടയാളപ്പെടുത്തിയിട്ടുള്ളത്. പൂഞ്ഞാർ കേന്ദ്രമായ പാണ്ഡ്യരാജവംശവുമായി പാലയ്ക്കുണ്ടായിരുന്ന ബന്ധവും സുവിദിതമാണല്ലോ. അങ്ങനെയെങ്കിൽ ഭൂപ്രദേശത്തെ അടയാളപ്പെടുത്തുന്ന തിണകളിൽ ഒന്നായ പാലൈ ആണ് പാല ആയിത്തീർന്നതെന്ന കരുതുന്നതിൽ ന്യായമില്ലേ?

യക്ഷിയുടെ സാന്നിധ്യമുള്ള ഒരു വൃക്ഷമായി പാലയെ ചിലർ കരുതുന്നു. പാലയുടെ തടി ബലിഷ്ഠമല്ല. ഉറപ്പുവേണ്ട പണിത്തരങ്ങൾക്ക് പാലത്തടി ഉപയോഗിക്കാറില്ല. വലിയ മരമാകുന്നതും അല്ലാത്തതുമായി വിവിധയിനം പാലകളുണ്ട്. ഉഷ്ണമേഖലാപ്രദേശങ്ങളിലാണ് പാല പൊതുവേ വളരുന്നത്. (ഉണങ്ങിവരണ്ട മണൽക്കാടുകൾ നിറഞ്ഞ പ്രദേശമാണല്ലോ പാലൈനിലം). പാലയുടെ പേരിലുള്ള സ്ഥലനാമങ്ങളിൽ ഒന്നാമത്തേതാണ് പാല (പാലാ?). കേരളത്തിലെ പല ജില്ലകളിലും പാല ചേർന്ന സ്ഥലനാമങ്ങൾ ഉണ്ട്. പാലക്കാട് ജില്ലതന്നെ പാലയുടെ പേരിൽ അറിയപ്പെടുന്നു. പാലത്തറ (കൊല്ലം) പാലത്തറ (വർക്കലയ്ക്കടുത്ത്) പാലവയൽ (കാസർകോട്) എന്നിവ പാല പൂർവപദമായ സ്ഥലനാമങ്ങളാണ്.

പാലൈ ചുരുക്കി പാല എന്നു സ്ഥലനാമമാകുന്നതിലും പാൽ പോലുള്ള കറയോടുകൂടിയ വൃക്ഷമായ പാല സ്ഥലനാമമാകുന്നതിലും യുക്തിഭംഗമില്ല. ഭൂമിശാസ്ത്രപ്രത്യേകതകളും ചരിത്രസൂചനകളും പാല എന്ന ഹ്രസ്വാന്തരൂപത്തെ സാർഥകമാക്കുന്നു. ഉച്ചാരണത്തിൽ കടന്നുകൂടിയ പദാന്ത്യദീർഘം എഴുത്തിലേക്കു സംക്രമിച്ച് സ്ഥലനാമം 'പാലാ' എന്നു രൂഢിയായിത്തീർന്നതാകണം. "ദീർഘാന്തം ഹ്രസ്വമാക്കേണം / മനേകാക്ഷരമാവു

പ്രാചീനകേരളത്തിലെ ദ്രാവിഡജനത ഭൂമിയുടെ കിടപ്പിനെ ആധാരമാക്കിയാണ് ഭൂപ്രദേശത്തെ വിഭജിച്ചത്. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട കാവ്യപ്രമേയസ്വീകരണത്തിനു വേണ്ടിയായിരുന്നു വിഭജനം. ഐന്തിണൈകൾ എന്ന പേരിൽ ആ ഭൂവിഭാഗങ്ങൾ അറിയപ്പെട്ടു.



*മീനച്ചിലാറ്*

കിൽ"11(കാരിക 194) എന്ന കേരളപാണിനീയവിധിയും പാലയെ അനുകൂലിക്കുന്നു. വസ്തുതകൾ എങ്ങനെയായിരുന്നാലും പാല എന്ന ദേശനാമം രണ്ടുതരത്തിൽ എഴുതിവയ്ക്കുന്നത് ആശാസ്യമല്ല.

## അടിക്കുറിപ്പുകൾ


1. രാജരാജവർമ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം 126..
2. രാജരാജവർമ, എഴുമറ്റൂർ, മലയാളത്തിന്റെ ആകാശം, അസെൻഡ് പബ്ലിക്കേഷൻസ്, കോട്ടയം, 2014, പുറം 116..
3. ശ്രീകുമാരൻ തമ്പി, തിരഞ്ഞെടുത്ത 1001 ഗാനങ്ങൾ (ഹൃദയസരസ്സ്), ഡി.സി. ബുക്സ്, കോട്ടയം, 2008, പുറം 67.
4. കുഞ്ഞൻപിള്ള, ശൂരനാട്, എഡിറ്റർ, മലയാളമഹാനിഘണ്ടു, വാല്യം 1, കേരളസർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം, 2016, പുറം 190.
5. ലത, വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം 370.
6. ലീലാവതി, എം., ഡോ., അവതാരിക, എന്തിനാ മലയാളം പഠിക്കുന്നത്? എം. എൻ. കാരശ്ശേരി, മാതൃഭൂമി ബുക്സ്, 2022, പുറം 7.
7. ലത, വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം രണ്ട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം 55.
8. ലത വി. നായർ, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ (സമ്പാദനം) വാല്യം ഒന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം 460.
9. രാജരാജവർമ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം 60.
10 മുൻഗ്രന്ഥം, പുറം 308




*ഡോ. ഡേവിസ് സേവ്യർ*
*മേധാവി, മലയാളവിഭാഗം*
*സെന്റ് തോമസ് കോളേജ് പാലാ*
*Ph: 9447679805*


# വിജ്ഞാനകൈരളി

## വിജ്ഞാനകൈരളിയിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

വിജ്ഞാനകൈരളിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവർ ലേഖനത്തിനോടൊപ്പം പേര്, മേൽവിലാസം, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. ലേഖനത്തിന്റെ വർക്ക് ഫയൽ, പി.ഡി.എഫ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ hariivkairali@gmail.com എന്ന വിലാസത്തിലോ editorvijnanakairali@gmail.com എന്ന വിലാസത്തിലോ അയയ്ക്കുക.

എഡിറ്റർ



എം. മുകുന്ദൻ

# മനുഷ്യത്വത്തിന്റെ നിർവചനങ്ങൾ

പി.എസ്. ജ്യോതിലക്ഷ്മി

“ഞാൻ പരിചയപ്പെടുന്ന ആദ്യത്തെ മനുഷ്യൻ നിങ്ങളാണ് ഇക്കാലമത്രയും ഞാൻ കണ്ടുമുട്ടിയിരുന്നത് വ്യക്തികളെയായിരുന്നു..... പേരുകളിൽ അറിയപ്പെടുന്ന, പേരുകളുടെ ചട്ടക്കൂട്ടിൽ ജീവിക്കുന്ന വ്യക്തികൾ. അപ്പു നിങ്ങൾക്കു പേരില്ല. അഥവാ നിങ്ങളുടെ പേര് മനുഷ്യൻ എന്ന നാമത്തിന്റെ പര്യായമാണ്....”[1] പറയുന്നത് റോസ്മേരിയാണ്. ഫിജിയിൽ നിന്നും ഇന്ത്യയെ കണ്ടെത്താൻ ഡൽഹിയിലേക്കു വന്ന റോസ്മേരി. റോസ്മേരിയോട് അപ്പു പറയുന്ന കഥയാണ് ‘ഈ ലോകം അതിലൊരു മനുഷ്യൻ’ എന്ന നോവൽ. 45 വർഷം മുമ്പ് 1972 ലാണ് മുകുന്ദൻ ഈ നോവൽ എഴുതുന്നത്. ആധുനികതയുടെ പരിസരത്തുനിന്നു സൃഷ്ടിക്കപ്പെട്ട ഈ കൃതി ആ അർഥത്തിൽതന്നെ മനുഷ്യസത്തയെ തേടുകയാണ്. “പേരും ജാതിയും മതവുമില്ലാത്ത, പ്രപഞ്ചത്തിന്റെ തോടായ, കേടുവന്ന കിഡ്നികളുള്ള, മയക്കുമരുന്നുകളുടെ വിഷം ബാധിച്ച ഞരമ്പുകളുള്ള ആ ചെറുപ്പക്കാരനാണ്”2 ഇതിലെ മനുഷ്യൻ. മുകുന്ദന്റെ പിൽക്കാല നായകന്മാരുടെ, രമേശ് പണിക്കരുടെ, ആദിത്യന്റെ പൂർവമാതൃക ഈ ‘മനുഷ്യനി’ൽ കാണാം. അയാൾ സ്വയം നിർമിതിയാർന്നവനല്ല. സ്വന്തം വിധിയെ പിന്തുടരുന്നവനാണ്. അവസാനിക്കാത്ത ദുരന്തങ്ങളിലേക്ക് നയിക്കപ്പെടുന്നവനാണ്. സ്വത്വാന്വേഷണത്തിന്റെ പൂർണാർഥത്തിലേക്ക് ചെന്നെത്തുന്നില്ലെങ്കിലും അപ്പുവിലും അക്തർ അലിയിലുമൊക്കെ അസ്തിത്വവാദത്തിന്റെ ആദ്യാങ്കുരങ്ങൾ ദർശിക്കാൻ കഴിയും. ജീവിതത്തിന്റെ ഓരോരോ ഘട്ടങ്ങളിൽ അനാഥനാക്കപ്പെടുന്ന അസ്തിത്വമാണ് അപ്പു. അഥവാ അനാഥത്വമാണ് പുതിയ ചുഴികൾ തീർത്തുകൊണ്ട് ആ ജീവിതനദിയെ ഗതിതിരിച്ചുവിടുന്നത്. അപ്പുവിന്റെ ജീവിതം ഇണയെത്തേടിയുള്ള അന്വേഷണമാണ്. ആ മൃഗതൃഷ്ണയാണ് അയാളുടെ വിധി നിർണയിക്കുന്നത്. അത് അനാദിയാണ് അനന്തമാണ്. അപ്പുവിന്റെ കഥയ്ക്ക് തുടക്കവും അവസാനവുമില്ല.....”3 അതുകൊണ്ടാണ് ഗാന്ധി മ്യൂസിയത്തിലൂടെ ഇന്ത്യയെ കണ്ടെത്തുന്ന റോസ്മേരി അപ്പുവിലൂടെ പ്രപഞ്ചത്തെ കണ്ടെത്തുന്നത്. അനാദിയായ മനുഷ്യനും അനാദിയായ പ്രപഞ്ചവും താദാത്മ്യപ്പെടുന്നു. അനന്തമായ യാത്ര തുടരുന്നു.

വ്യത്യസ്തമായ മനുഷ്യാവസ്ഥകളിലൂടെ നിഗൂഢങ്ങളായ ജീവിതസന്ദർഭങ്ങളിലൂടെ മനുഷ്യത്വത്തെ നിർവചിക്കാനാണ് നോവൽ ശ്രമിക്കുന്നത്. ഇവിടെ നഗരം ഒരു കഥാപാത്രമാണ്. സ്ഥലവും കാലവും ചരിത്രവും കഥാപാത്രങ്ങളാണ്. അപ്പു ജനിക്കുന്നത് നഗരത്തിലാണ്, ഭൂമിയിൽ ഭാരതത്തിൽ, ദൽഹിയിൽ അപ്പു ജനിച്ചു...”4 ഡൽഹി ഒരു ബിന്ദുവാണ്. ചരിത്രത്തിലെ ഒരു ബിന്ദു. അവിടെ നിന്നാണ് അപ്പു തന്റെ ജീവിതം തുടങ്ങുന്നത്. ആദിത്യനും രാധയും മറ്റു ചിലരിലും പ്രകടമായിക്കാണുന്ന ഭൂതത്തെ ഭാവിയിലും വർത്തമാനത്തെ ഭൂതത്തിലും സ്ഥാപിക്കുന്ന ആഖ്യാനതന്ത്രത്തിന്റെ ഛായകൾ ഈ നോവലിൽ കാണാം. കാലത്തെ മറിച്ചിടുന്ന ആഖ്യാന പരീക്ഷണങ്ങൾ ഇവിടെ ആരംഭിക്കുന്നു. നഗരം മുകുന്ദന്റെ രചനകളിലെ ഒരു പൊതു സാന്നിധ്യമാണ്. അപ്പുവിന്റെ ജീവിതത്തെ നിർണയിക്കുന്നതിലും നഗരത്തിന് സുപ്രധാന പങ്കുണ്ട്. അപ്പുവിനെ വളർത്തുന്ന ഡൽഹി പോസ്റ്റ് കൊളോണിയൽ മെട്രോ പോളിറ്റൻ ഇന്ത്യൻ നഗരമാണ്. ആധുനികവൽക്കരിക്കപ്പെട്ട ഈ ഡൽഹിയിൽ പക്ഷേ, പാരമ്പര്യവും ആധുനികതയും കൈകോർക്കുകയും ചെയ്യുന്നു. ഈ സവിശേഷ സന്ദർഭത്തിൽ നിന്നുകൊണ്ടാണ് വ്യത്യസ്തങ്ങളായ മനുഷ്യജീവിതത്തെ നോവലിസ്റ്റ് അടയാളപ്പെടുത്തുന്നത്; മനുഷ്യത്വത്തെ നിർവചിക്കാൻ ശ്രമിക്കുന്നത്.

നോവലിലെ മനുഷ്യത്വം എന്നത് പുരുഷകേന്ദ്രീകൃതമാണ് എന്നതും ശ്രദ്ധേയമാണ്. ഇതും ആധുനികതയുടെ അടയാളമാണ്. പുരുഷകേന്ദ്രീകൃതമായ

വ്യത്യസ്തമായ മനുഷ്യാവസ്ഥകളിലൂടെ നിഗൂഢങ്ങളായ ജീവിതസന്ദർഭങ്ങളിലൂടെ മനുഷ്യത്വത്തെ നിർവചിക്കാനാണ് നോവൽ ശ്രമിക്കുന്നത്. ഇവിടെ നഗരം ഒരു കഥാപാത്രമാണ്. സ്ഥലവും കാലവും ചരിത്രവും കഥാപാത്രങ്ങളാണ്.

നോവലിലെ
മനുഷ്യത്വം എന്നത്
പുരുഷകേന്ദ്രീകൃത
മാണ് എന്നതും
ശ്രദ്ധേയമാണ്. ഇതും
ആധുനികതയുടെ
അടയാളമാണ്.
പുരുഷകേന്ദ്രീകൃതമായ
മനുഷ്യസത്തയെ
ചർച്ചചെയ്യുന്നതാണ
ല്ലോ ആധുനികതയുടെ
പൊതുസ്വഭാവം.
ഈ നോവലും അതിൽ
നിന്ന് വ്യത്യസ്തമല്ല.

മനുഷ്യസത്തയെ ചർച്ചചെയ്യുന്നതാണല്ലോ ആധുനികതയുടെ പൊതുസ്വഭാവം. ഈ നോവലും അതിൽ നിന്ന് വ്യത്യസ്തമല്ല. പേരിലെ മനുഷ്യനും ഉള്ളടക്കത്തിലെ മനുഷ്യനും പുരുഷനാണ്. "തീയിന്റെ സൗന്ദര്യത്തിൽ വീണ് വെന്തുമരിക്കാത്ത ഈയലുകൾക്കാണ്" നോവൽ സമർപ്പിച്ചിരിക്കുന്നത്. തീയ് ജ്വലിക്കുന്ന സ്ത്രീത്വം തന്നെയാണ്. തീയ് എന്ന കൽപ്പന അവിടെ അവസാനിക്കുന്നില്ല. എട്ടാം അധ്യായം ആരംഭിക്കുന്നത് ഇങ്ങനെയാണ്. "ഗ്രീഷ്മം, തീയിന്റെ നിറമുള്ള ആകാശം. ചൂടേറ്റ്, വിയർപ്പിലൂടെ ഉപ്പ് നഷ്ടപ്പെട്ട്, തളർന്ന മനുഷ്യർ, വാടിക്കരിഞ്ഞ സസ്യങ്ങൾ.

'റോസ് മേരി, ആ ഗ്രീഷ്മം എനിക്കിന്നും ഓർമയുണ്ട്. ആ കാലത്താണ് പെൺകുട്ടികളുടെ നഗ്നത കാണുവാൻ ദുസ്സഹമായ ഒരഭിലാഷം എന്നിലുണ്ടായത്.....'

"അതേ റോസ്മേരി ദുസ്സഹമായ ഭ്രാന്തുപിടിപ്പിക്കുന്ന ഒരാഗ്രഹം."5 ആ ആഗ്രഹമാണ് സുന്ദരികളായ പെൺകുട്ടികളെ അനാവൃതരായി ഭാവന ചെയ്യാൻ അപ്പുവിനെ പ്രേരിപ്പിക്കുന്നത്.

"......... ആ അഭിലാഷം വളർന്നുവളർന്നുവന്നു. അതവസാനം ഭ്രാന്തിന്റെ വക്കിലെത്തി. രാത്രി കണ്ണടച്ച് കിടന്ന് പകൽ കണ്ടുമുട്ടുവാനിടയായ സുന്ദരികളായ പെൺകുട്ടികളെ അവൻ അനാവൃതമായി ഭാവന ചെയ്യും. ആ ഭാവനയിൽ പലപ്പോഴും അവൻ കോരിത്തരിക്കും. അവന്റെ രക്തനാഡികളിലത് ഗ്രീഷ്മങ്ങൾ സൃഷ്ടിക്കും. എന്നും കുറ്റബോധത്തോടെയാണ് അവൻ ഉറങ്ങിയത്......"6 ഈ തൃഷ്ണയും കുറ്റബോധവുമാണ് അപ്പുവിന്റെ ജീവിതമുടനീളം. ക്ലാസ്മുറിയിലിരുന്ന് അതാവർത്തിക്കുന്നു. സുന്ദരിയായ സഹപാഠി ഹർഷ ഖന്നയെ വീട്ടുവരെ പിന്തുടർന്നു. പുരുഷകൗമാരത്തിന്റെ ഈ വ്യഥ തുടരുകയാണ്. അപ്പുവിന്റെ ജിജ്ഞാസയിൽ അച്ഛനായ സദാശിവന് അഭിമാനമാണ്. തന്റെ മകന്റെ ഉന്നതമായ ഭാവി അയാൾ സ്വപ്നം കാണുന്നു. അപ്പുവിന്റെ ജിജ്ഞാസ അവന്റെ ലൈംഗികതയുമായി പിണഞ്ഞുകിടക്കുന്നു. അവൻ വരയ്ക്കുന്ന ചിത്രങ്ങളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നത് കുതിരകളാണ്. നായയുടെ അനാട്ടമിയുള്ള കുതിരകൾ. Menstraution വാക്കിന്റെ അർത്ഥം ഡിക്ഷ്ണറിയിൽ അന്വേഷിക്കുന്ന അതേ ഔത്സുക്യത്തോടെയാണ് ഉറങ്ങിക്കിടന്ന അമ്മായിയുടെ ഉടുമുണ്ട് പൊക്കി അവരുടെ നഗ്നത കാണുന്നത്. 'അനാവൃതയായ ശാന്തയുടെ അരികിൽ മോക്ഷം കണ്ടെത്തി നിൽക്കുന്ന അപ്പുവിനെയും' പിന്നെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ഒപ്പം സ്വയം കുറ്റവാളിയായി തിരിച്ചറിയപ്പെടുകയും ശിക്ഷിക്കപ്പെടാൻ തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുന്ന അപ്പുവിനെയും.

പൂർണിമ ധവാനാണ് അപ്പുവിന്റെ ജീവിതം ഒഴുകിയണഞ്ഞ അടുത്തകര. പൂർണിമ ഒരു ലഹരിയായി പതഞ്ഞുകയറുകയാണ് അപ്പുവിൽ. പൂർണിമയാകട്ടെ എല്ലാം സില്ലിയായി കരുതുന്ന പ്രായോഗികമതിയും. പൂർണിമയിലൂടെയാണ് പുതിയൊരാധ്യായം ആരംഭിക്കുന്നത്. അവളോടുള്ള അതിതീവ്രമായ വൈകാരികത, അതുണർത്തുന്ന ഹർഷോന്മാദം. അവളുടെ സഹചാരിയായ ഫ്രഡ് ഡഗ്ലസിനോടുള്ള ഈർഷ്യ, അവൻ ഇല്ലാതാകുമ്പോഴുണ്ടാകുന്ന കുറ്റബോധം പൂർണിമ പ്രാപ്യയല്ലാതാവുമ്പോഴുണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾ. അതുവരെ ക്ലാസുകളിൽ ഒന്നാമനായ അപ്പു അവസാനപരീക്ഷയിൽ പരാജയമടയുന്നു. സ്കൂൾ ജീവിതത്തിന്റെ ഈ അവസാനം അപ്പുവിന്റെ വ്യവസ്ഥാപിത ജീവിതത്തിന്റെ അവസാനം കൂടിയാണ്. പഠിപ്പിൽ മിടുക്കനായ, സദാശിവന്റെയും മീനാക്ഷിയുടെയും സ്നേഹവാത്സല്യത്തിൽ വളർന്ന അച്ചടക്കമുള്ള നല്ല കുട്ടി അവിടെ അവസാനിക്കുന്നു. പഠനം പൂർത്തിയാക്കാൻ ജഗമോഹൻ ട്യൂട്ടോറിയലിലെത്തുന്നതോടെ അടുത്ത അധ്യായം ആരംഭിക്കുകയായി. റെക്ടർ റിച്ചാർഡ്സന്റെ പ്രശസ്തമായ സ്കൂളിൽ നിന്ന് ജഗ്മോഹൻ ട്യൂട്ടോറിയലിലേക്കുള്ള മാറ്റം നിസ്സാരമല്ല. ഡൽഹിയുടെ അപരമുഖമാണത്. ഉന്നതോദ്യോഗസ്ഥനായ സദാശിവന്റെ മകന് പരിചിതമല്ലാത്ത ഇടം. അവിടെവച്ചാണ് ബേബി കടന്നു വരുന്നത്. അവളോടൊത്തുള്ള യാത്രകളും അപൂർണമായിത്തന്നെ അവസാനിക്കുന്നു. ആത്മാർഥ സുഹൃത്ത് രജീന്ദറിലൂടെ പരിചയപ്പെട്ട അക്തർ അലിയാണ് നിർണായകമായ വേറൊരു കഥാപാത്രം. ആറാം ഇന്ദ്രിയം കൊണ്ട് ചിത്രം വരയ്ക്കുന്ന ഭാംഗ് ഭക്ഷണമാക്കിയ നാർക്കോട്ടിക് നിദ്ര നടത്തുന്ന അക്ബർ അലിയുടെ വീട് അഭയസ്ഥാനമാകുന്നു.

ഡേവിഡ്സിംഗും കാന്തയും ഭക്കോത്തയുമൊക്കെച്ചേർന്ന എൽഡൊറാഡോ എന്ന കാബറേ ജീവിതനാടകത്തിന്റെ വേദിയായിമാറുന്നു. ഡൽഹിയുടെ അപരഭാവമാണ് ഇവിടവും. 'ബ്ലാക്മാർക്കറ്റിങ്ങിനും ബ്ലാക് മെയിലിംഗിനുമെല്ലാം ഇന്ത്യയേക്കാൾ നല്ല രാജ്യം വേറെ എവിടെയാണ്?" എന്ന് ചോദിക്കുന്ന ഡേവിഡ്സിങ് സ്ത്രീയുടെ നഗ്നതമാത്രമല്ല ഇന്ത്യയുടെ നഗ്നതകൂടിയാണ് തുറന്നുകാട്ടുന്നത്. പുരുഷ ലൈംഗികതയുടെ ശമനോപകരണങ്ങളായി പ്രത്യക്ഷപ്പെടുന്ന സ്ത്രീരൂപങ്ങളാണ് എൽഡൊറാഡോയുടെ ജീവൻ. കാന്തക്ക് മോണിക്കയും ലൈലയും റീത്തയും ആകാൻ കഴിയുന്നത് അവൾ മുഖമില്ലാത്ത ഉടൽമാത്രമായതുകൊണ്ടാണ്.

അപ്പുവിന്റെ അന്വേഷണങ്ങൾ ഇത്തരം ശരീരങ്ങളിലല്ല. ആത്മാവില്ലാത്ത ശരീരങ്ങൾ അവനെ പൊള്ളിക്കുകമാത്രമാണ് ചെയ്യുന്നത്. "എല്ലാ ദിവസവും ഓരോ കോൾഗേളിനെ ചൂണ്ടയിട്ടുപിടിച്ച് മൃഗതൃഷ്ണ ശമിപ്പിക്കുകയാണോ അവനാവശ്യം? ഏകാന്തതയിൽ ഒരു കൂട്ടുകാരിയായിരുന്നു അവനാവശ്യം. കൂടെ നടക്കുവാൻ, അനുഭവങ്ങൾ പങ്കിട്ടുവാൻ, ഒരിണയായിരുന്നു അവനാവശ്യം."7 ആ അന്വേഷണം അവസാനിക്കുന്നത് അനിതയിലാണ്. അനിതയിൽ അപ്പു പൂർണിമയെ കാണുന്നു. വിചിത്രമായ ഒരു സ്ത്രീപുരുഷബന്ധമാണ് അനിതയുടെയും അപ്പുവിന്റെയും. സാധാരണക്കാരനല്ലാത്ത അപ്പുവും അസാധാരണയായ അനിതയും. അനിതയുടെ രഹസ്യം തേടിപ്പോയ അപ്പു എത്തിച്ചേരുന്നത് ഇന്ത്യ

യുടെ ഭാഗധേയത്തിലാണ്. ഇന്ത്യ പാകിസ്ഥാൻ വിഭജനത്തിന്റെ ഇരകളാണ് അനിതയും കുടുംബവും. പിന്നെ അനേകം കുടുംബങ്ങൾ. കുടുംബം നടത്താൻ രാഷ്ട്രീയക്കാരനായ സോമലാലിന്റെ വെപ്പാട്ടിയായവളാണ് അനിതയുടെ അമ്മ ദമയന്തീഖന്ന. പ്രായപൂർത്തിയായപ്പോൾ അയാൾ ആ സ്ഥാനത്തേക്ക് അനിതയെ തെരഞ്ഞെടുത്തു. അനേകം അനിതമാരുടെയും ദമയന്തിഖന്നമാരുടെയും കഥ. കാലങ്ങൾക്കിപ്പുറത്തും അനിതയ്ക്ക് ലാലാജിയിൽ നിന്ന് മോചനമില്ല. ആ അനിതയെയാണ് അപ്പുവും സ്നേഹിക്കുന്നത്. അവളെ പുണ്യവതിയായി വാഴ്ത്തുന്നത്. വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നത് അതിനെക്കുറിച്ചാണ്.


"അപ്പു നിങ്ങളാണ് പുണ്യവാളൻ. അനിതയെ സ്നേഹിച്ച നിങ്ങൾ പുണ്യവാളന്മാരിൽ പുണ്യവാളനാണ്"8 എന്ന് റോസ്മേരി പറയുന്നുണ്ട്. അവിടെയും മനുഷ്യത്വത്തിന് പുരുഷന്റെ ഛായയാണ്. നീയിനി ജോലിക്കുപോകേണ്ട എന്ന് നാൻസിയോട് പറയുന്ന ഫ്രെഡ്ഡിക്കും (അപ്പുവിന്റെ ആയയുടെ കാമുകൻ. ഫ്രെഡ്ഡിയുടെ അഭ്യർഥന നിരസിച്ച നാൻസിക്ക് തന്റെ കാമുകനെ എന്നന്നേക്കുമായി നഷ്ടപ്പെട്ടു) 'ഇനി നീലാലാജിയുടെ വീട്ടിൽ പോകേണ്ട, ഒരിക്കലും' എന്നു പറയുന്ന അപ്പുവിനും ഒരേ സ്വരമാണ്. എന്നാൽ അപ്പുവിന് അനിതയെ ലഭിക്കുന്നു, അൽപ്പം വൈകിയാണെങ്കിലും 'അനിതയുടെ കൂടെ താമസം തുടങ്ങിയ ദിവസം തന്റെ അസ്തിത്വം പൂർണമായതായി അപ്പുവിനു തോന്നി.

"എന്റെ ജീവിതം ന്യായീകരിക്കപ്പെട്ടിരിക്കുന്നു. അവൻ സ്വയം പറഞ്ഞു.

എന്റെ ജീവിതത്തിൽ ഇതാ അവസാനം ശാന്തിയും സന്തോഷവും കടന്നുവരുന്നു"9 എന്നാൽ ആ ശാന്തി അവസാനിക്കുകതന്നെ ചെയ്തു. അനിത ലാലാജിയിലേക്ക് മടങ്ങിപ്പോകുമ്പോൾ അയാൾ ഒരിക്കൽകൂടി തകരുന്നു. മയക്കുമരുന്നിന്റെ കവചത്തിൽ അഭയം തേടുന്നു.

അപ്പുവിന്റെ ജീവിതത്തെ ദുരന്തഭൂമിയാക്കിയ വേറൊരു സ്ത്രീരൂപം പ്രേമയാണ്. അപ്പുവിന്റെ മുറപ്പെണ്ണ്. അവനുവേണ്ടി പറഞ്ഞുവച്ചവൾ. പ്രേമ മാത്രമാണ് അപ്പുവിന്റെ ഇച്ഛയ്ക്ക് വിപരീതമായി അയാളിലേക്ക് കടന്നുകയറുന്നത്. അയാളിൽനിന്നും ഗർഭം പിടിച്ചുവാങ്ങുന്നു. അതുണ്ടാക്കുന്ന സംഘർഷങ്ങൾ അയാളെ ആത്മസംഘർഷങ്ങളിലേക്കു നയിക്കുന്നു. കുടുംബം ശിഥിലമാകുന്നു. പ്രേമ അപ്പുവിന് ഒരു പ്രഹേളികയാണ്. എന്താണ് പ്രേമയുടെ മനസ്സെന്ന് അയാൾക്ക് മനസ്സിലാകുന്നില്ല. തനിക്കായി ഉഴിഞ്ഞുവച്ച പുരുഷനിൽ അവകാശം സ്ഥാപിക്കുകയാണോ? ഗർഭത്തിന്റെ ഉത്തരവാദിത്വത്തിലൂടെ പുരുഷനെ തന്നിൽ തളച്ചിടാനുള്ള ബുദ്ധിയാണോ? 'അടക്കവും ഒതുക്കവുമുള്ള ആ ഗ്രാമീണപെൺകുട്ടിയുടെ വിധിയെക്കുറിച്ച് നോവൽ മൗനം പാലിക്കുകയാണ്. മറ്റു സ്ത്രീകളെല്ലാം നഗരവാസികളാകുമ്പോൾ പ്രേമ മാത്രമാണ് ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുവരുന്നത്.

അപ്പു സ്വയം തിരിച്ചറിയുന്നത് റോസ്മേരിയിലൂടെയാണ്. അതും കേവലം 7 ദിവസം മാത്രം പ്രായമുള്ള ബന്ധത്തിലൂടെ. 24 കാരനായ അപ്പു ഇരുപത്തിനാലുമണിക്കൂർകൊണ്ട് 24 വർഷത്തെ ബന്ധം അനുഭവിക്കുകയാണ്. "എന്റെയും നിങ്ങളുടെയും നാടിന്റേത് ഒരേ ഡെസ്റ്റിനിയാണ്. സൂര്യനസ്തമിക്കാത്ത ഒരു രാജ്യത്തിന്റെ ഭരണത്തിൻ കീഴിൽ ജീവിക്കുവാനുള്ള ഭാഗ്യവും നിർഭാഗ്യവും നമുക്കുണ്ടായി.




പരിചയപ്പെട്ട ആ നിമിഷം അപ്പുവും റോസ്മേരിയും തമ്മിലുള്ള ബന്ധം അതായിരുന്നു. ഇംഗ്ലീഷുകാർ ചവിട്ടിമെതിച്ച രണ്ടു കൊളോണിയൽ രാജ്യങ്ങൾ തമ്മിലുള്ള ബന്ധം."10 ഇവിടെ മനുഷ്യസത്തയും ദേശസത്തയും ഒന്നായിത്തീരുന്നു. അടിച്ചമർത്തപ്പെട്ട രണ്ടു ജനത പരസ്പരം മനസ്സിലാക്കുന്നു. വേദനകൾ പങ്കിടുന്നു. ആത്മാവും ശരീരവും ഒന്നാകുകയാണ്. നീയെന്റെ ജീവനാണ് എന്നാണ് അപ്പു അനിതയോട് പറഞ്ഞതെങ്കിൽ ".... എനിക്കും നിനക്കും രണ്ടു ശരീരങ്ങൾ എന്തിന്? ഒരേ ശരീരത്തിൽ നമുക്ക് ജീവിക്കുവാൻ കഴിഞ്ഞുവെങ്കിൽ... എങ്കിൽ നമുക്കൊരിക്കലും വേർപിരിയേണ്ടായിരുന്നു"11 എന്നാണ് റോസ്മേരിയോട് പറയുന്നത്. ശരീരത്തിന്റെ ഐക്യപ്പെടൽ രണ്ടു നാടിന്റെ ദേശത്തിന്റെ കാലത്തിന്റെ ഐക്യപ്പെടൽ കൂടിയാകുന്നു. അപ്പുവും റോസ്മേരിയും 'രണ്ടാത്മാക്കളെ സൂക്ഷിക്കുന്ന ഒരേശരീരം പോലെയാകുന്നു.' എന്നിട്ടും അനിവാര്യമായ വേർപാടിൽ അയാൾ അനാഥനായിപ്പോകുന്നു. അനാഥത്വം എന്നത് മനുഷ്യർക്കുമാത്രം വിധിക്കപ്പെട്ടിട്ടുള്ളതല്ല. നഗരങ്ങൾക്കും അതുണ്ട്. തുഗ്ലക്കാബാദ് അത്തരമൊരു നഗരമാണ്. "ഈ ഞാനും ഒരു തുഗ്ലക്കാബാദാണ്, ഉപേക്ഷിക്കപ്പെട്ട ആളൊഴിഞ്ഞ ഒരു നഗരം"12 എന്ന് അപ്പു പറയുന്നുണ്ട്. എന്നിട്ടും യാത്ര തുടരുകയാണ്. ദൽഹിയിൽ, ഭാരതത്തിൽ, ഭൂമിയിൽ, സൗരയൂഥത്തിൽ, ക്ഷീരപഥത്തിൽ, ബ്രഹ്മാണ്ഡത്തിൽ അയാൾ അപ്രത്യക്ഷനായി."13 എന്നു പറഞ്ഞാണ് നോവൽ അവസാനിക്കുന്നത്. കാലദേശാതീതമായ മനുഷ്യസത്തയെയാണ് ഇവിടെ അർഥമാക്കുന്നത്. അതേസമയംതന്നെ ഈ പ്രയാണം മനുഷ്യന്റേതുമാത്രവുമല്ല. മോക്ഷത്തിലേക്കുള്ള മോചനവുമല്ല. അവസാനദുരന്തത്തെ തേടിക്കൊണ്ടുള്ള യാത്രയാണ്. സമാനമായ വേറൊരു യാത്രയുണ്ട് നോവലിൽ..

*(ജ്യോതിലക്ഷ്മി - 9446544265)*

അപ്പു സ്വയം തിരിച്ചറിയുന്നത് റോസ്മേരിയിലൂടെയാണ്. അതും കേവലം 7 ദിവസം മാത്രം പ്രായമുള്ള ബന്ധത്തിലൂടെ. 24 കാരനായ അപ്പു ഇരുപത്തിനാലുമണിക്കൂർകൊണ്ട് 24 വർഷത്തെ ബന്ധം അനുഭവിക്കുകയാണ്.




# മീമുകളുടെയും ട്രോളുകളുടെയും വിനിമയക്ഷമതയും സംസ്കാരനിർമിതിയും

ഡോ. ജൈനിമോൾ കെ വി

## ആമുഖം

സംസ്കാരവും ആശയവിനിമയവും തമ്മിൽ പരസ്പരാശ്രയത്വത്തിലധിഷ്ഠിതമായ ബന്ധമുണ്ട്. മാനവരാശിയുടെ എല്ലാവിധ സർഗാത്മകനേട്ടങ്ങളും സംസ്കാരം എന്ന വാക്കിൽ ഉൾക്കൊള്ളുന്നു. സംസ്കാരത്തിന്റെ ഏറ്റവും പ്രമുഖമായ വാഹക ശക്തിയായി ആശയവിനിമയത്തെ കണക്കാക്കാം. ആശയവിനിമയത്തിന് ഇന്ന് ആളുകൾ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നത് ഡിജിറ്റൽ മാധ്യമങ്ങളെയാണ്. സാംസ്കാരിക നയങ്ങളുടെ ആവിഷ്കരണത്തിലും സംസ്കാരത്തിന്റെ ജനാധിപത്യവൽക്കരണത്തിലും ഈ മാധ്യമങ്ങൾ പങ്കുവഹിക്കുന്നു. ലോകമെമ്പാടുമുള്ള ജനങ്ങളെ സംസ്കാരത്തിന്റെയും സർഗാവിഷ്കരണത്തിന്റെയും മേഖലകളുമായി ബന്ധപ്പെടുത്തുന്ന മുഖ്യകവാടങ്ങളാണ് ഡിജിറ്റൽ മാധ്യമങ്ങൾ.

ലോകമെമ്പാടുമുള്ള ജനങ്ങളെ സംസ്കാരത്തിന്റെയും സർഗാവിഷ്കരണത്തിന്റെയും മേഖലകളുമായി ബന്ധപ്പെടുത്തുന്ന മുഖ്യകവാടങ്ങളാണ് ഡിജിറ്റൽ മാധ്യമങ്ങൾ.


ഡിജിറ്റൽ മാധ്യമങ്ങളിലെ ജനപ്രിയ സാംസ്കാരിക വ്യവഹാരങ്ങളിൽ പ്രധാനപ്പെട്ടവയാണ് ട്രോളുകളും മീമുകളും. സൈബർ ലോകത്ത് വലിയ സ്വീകാര്യതയും പ്രചാരവും ഇവയ്ക്കുണ്ട്. അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും സൃഷ്ടിക്കുന്നതിനുമായി ഇവ ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഓരോ ഇന്റർനെറ്റ് ഉപഭോക്താവിനും മീമുകൾ മനസ്സിലാക്കുന്നതിന് പ്രായമോ ഭാഷയോ ഒന്നും തടസ്സമാകുന്നില്ല. മാത്രമല്ല, മീമുകൾ ഒരു പൊതുഭാഷയായി മാറുകയും ചെയ്യുന്നുണ്ട്. ഉപഭോക്തൃ ഇടപഴകൽ പ്രക്രിയകളെ ഇവ പ്രോത്സാഹിപ്പിക്കുകയും ത്വരിതഗതിയിലാക്കുകയും ചെയ്യുന്നു. ഓരോ ദിവസവും നവ മാധ്യമങ്ങളിലും ചാറ്റിങ് ആപ്പുകളുമായി നിരവധി മീമുകളാണ് ആളുകൾ പങ്കിടുന്നത്. ഇവയ്ക്ക് വ്യക്തികളുടെ അഭിപ്രായങ്ങളെയും സമീപനങ്ങളെയും സ്വാധീനിക്കുവാനും അവരുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമരുളാനുമുള്ള കഴിവുണ്ട്. ആശ്വസിപ്പിക്കുക, പുഞ്ചിരി നൽകുക, സംഭാഷണത്തിൽ പങ്കാളിത്തം പ്രകടിപ്പിക്കുക, സ്നേഹവും പിന്തുണയും അറിയിക്കുക തുടങ്ങിയ ആശയങ്ങളോ വികാരങ്ങളോ പ്രകടിപ്പിക്കുന്ന മീമുകളാണ് കൂടുതലായും കൈമാറ്റം ചെയ്യപ്പെടുന്നത്. ഓരോ ദിവസവും ഇത്തരത്തിലുള്ള പുതിയ മീമുകൾ ആളുകൾ തിരഞ്ഞുകൊണ്ടിരിക്കുന്നു. വാക്കുകളും പദപ്രയോഗങ്ങളും ഒരു ചിത്രമാക്കി മാറ്റുകയാണവ. അതോടൊപ്പം നർമത്തിനുള്ള ഉപകരണമായും പ്രവർത്തിക്കുന്നു.

മീമുകൾ നൽകുന്ന സന്ദേശങ്ങളുടെ ലാളിത്യവും സംക്ഷിപ്തതയും ഈ ഭാഷയുടെ പ്രാധാന്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ഇന്റർനെറ്റിന്റെ തുടക്കം മുതൽക്കുതന്നെ ഇ-മെയിൽ ഫോർവേഡുകളായി യൂസ്നെറ്റ് ഗ്രൂപ്പുകളിൽ മീമുകൾ പ്രചരിച്ചിരുന്നു. ഇന്ന് മീമുകൾ മലയാളികളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. എങ്കിലും മീമുകളെയും ട്രോളുകളെയും ഒരേ അർഥത്തിലാണ് മലയാളികൾ ഉപയോഗിച്ച് കാണുന്നത്. ഇംഗ്ലീഷ് ട്രോൾ പേജുകളിൽ നിന്നും ആശയങ്ങൾ സ്വീകരിച്ച് അതിനെ മലയാളീകരിച്ചവതരിപ്പിച്ചിരുന്ന ആദ്യകാല രീതിയിൽ നിന്ന് ഏറെ മുന്നോട്ടു പോയിട്ടുണ്ട് ഇന്റർനെറ്റ് ട്രോളുകൾ. ട്രോളുകളെയും മീമുകളെയും അവയുടെ ഘടനയെയും ഉള്ളടക്കത്തെയും അടിസ്ഥാനമാക്കി വേർതിരിച്ച് അപഗ്രഥിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

## മീമുകളുടെ ചരിത്രം

1976 ൽ 'ദി സെൽഫിഷ് ജീൻ' എന്ന പുസ്തകത്തിൽ റിച്ചാർഡ് ഡോക്കിൻസാണ് 'മീം'(meme) എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. മീം എന്ന പദത്തിനെ ഇന്ന് നാം വിവക്ഷിക്കുന്ന രസകരമായ അർഥത്തിലായിരുന്നില്ല ഡോക്കിൻസ് പ്രയോഗിച്ചത്. “We need a name for the new replicator , a nown that conveys the idea of a unit of cultural transmission , or a unit of imitation. 'meme' comes from a suitable Greek root, but I want a monosyllable that sounds a bit like , 'gene'(1976:192). തികച്ചും ശാസ്ത്രീയമായ അർഥത്തിലുള്ള ഒരു പദമായാണ് അദ്ദേഹം മീമിനെ കണ്ടത്. അനുകരണ പ്രക്രിയയിലൂടെ ആളുകൾക്കിടയിൽ ആശയങ്ങളോ പെരുമാറ്റങ്ങളോ കഴിവുകളോ കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. ജീവന്റെ അടിസ്ഥാന ഘടകമായ ജീനുകൾ പരിണാമത്തിന് കാരണമാകുന്നത് പോലെ മീമുകൾ സാംസ്കാരികപരിവർത്തനത്തിന് ഇടയാക്കുന്നു. ഉദാഹരണമായി മീമുകളിലൂടെയും ഹാഷ് ടാഗുകളിലൂടെയും സാമൂഹികവും സാംസ്കാരികവുമായ നിരവധി ആശയങ്ങളാണ് പങ്കുവയ്ക്കപ്പെട്ടത്. ആഗോള തലത്തിൽ തന്നെ ശ്രദ്ധേയമായ ഹാഷ് ടാഗ് ആണ് MeToo. ഈ ഹാഷ്ടാഗ് ഉപയോഗിച്ച് ലൈംഗികാതിക്രമണത്തിനിരയാകുന്ന നിരവധി പേർ സോഷ്യൽ മീഡിയയിലൂടെ അത് സംബന്ധിച്ച ചർച്ചകൾക്ക് തുടക്കമിടുകയും ചെയ്തു. 2017 ൽ അലീസ മിലാനോ എന്ന അമേരിക്കൻ നടി ലൈംഗികാതിക്രമണം നേരിടേണ്ടി വരുന്നവർക്ക് ഐക്യദാർഢ്യവും മാനസികപിന്തുണയും പ്രഖ്യാപിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ട്വീറ്റ് ചെയ്തപ്പോൾ ലോകമെമ്പാടുമുള്ള ആളുകൾ ഈ ഹാഷ് ടാഗ് ഏറ്റെടുക്കുകയും മീടൂപ്രസ്ഥാനത്തിലേക്ക് അവരുടെ ശബ്ദം ചേർത്തുവയ്ക്കുകയും ചെയ്തു. ഡിജിറ്റൽ ഇമേജ് ഉപയോഗിച്ച് വികാരങ്ങളും ഭാവങ്ങളും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'സ്മൈലി ഫേസ്' ആദ്യമായി അവതരിപ്പിച്ചത് സ്കോട്ട് ഇ. ഫാൽമാൻ (Scott Elliott Fahlman) ആണ്. എന്നാൽ ഇന്റർനെറ്റ് മീം എന്ന ആശയം നിർദേശിച്ചത് മൈക്ക് ഗോഡ്വിൻ ആയിരുന്നു. 1993 ൽ WIRED എന്ന മാസികയിലൂടെ ആയിരുന്നു അത്. ഇന്റർനെറ്റിന്റെ വികാസത്തോടെ മീമുകളും വികാസം പ്രാപിച്ചു. യൂട്യൂബ്, ട്വിറ്റർ, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ നെറ്റ്‌വർക്കുകളിലൂടെ GIF ഇമേജുകളുടെയും ഇമേജ് മാക്രോകളുടെയും ജനപ്രീതി വർധിച്ചു. ട്രോളുകൾ ഉണ്ടാക്കാനും മീമുകളെ ഉപയോഗിക്കുന്നു. ട്രോളുകൾക്ക് കുറ്റതലായും ആക്ഷേപഹാസ്യത്തിന്റ സ്വഭാവം ആണെങ്കിൽ മീമുകൾ അത്ര അപകടകാരികളല്ല. പ്രശസ്തരായ വ്യക്തികളും മൃഗങ്ങളും ഇമേജുകളുമൊക്കെ മീമുകളിലെ കഥാപാത്രങ്ങളാകുന്നു.





*സ്കോട്ട് ഇ. ഫാൽമാൻ*

## മീമുകളും ട്രോളുകളും മലയാളത്തിൽ

മഹത്തായ ഹാസ്യപാരമ്പര്യമാണ് കേരളീയർക്കുള്ളത്. എന്തിനെയും നർമത്തോടെയോ ചെറുപരിഹാസത്തോടെയോ വീക്ഷിക്കാനുള്ള വാസന മലയാളിക്ക് ജന്മസഹജമാണ്. മലയാളിയുടെ സ്വത്വമാനങ്ങളിലൊന്നായി ഹാസ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആദ്യകാലം മുതൽ കേരളീയരുടെ ജന്മവാസനകളായി അഞ്ച് ഘടകങ്ങൾ ഉണ്ടെന്ന് കേസരി. എ. ബാലകൃഷ്ണപിള്ള അഭിപ്രായപ്പെടുന്നുണ്ട്. നടനനൃത്തഭ്രമം, സംഗീതഭ്രമം, ഹാസ്യഭ്രമം, നേരിയ വിഷാദാത്മകത്വം, ക്ഷണികമായ വികാരപാരമ്പര്യം എന്നിവയാണവ. ഇതിൽ ഹാസ്യഭ്രമം മലയാളിജീവിതത്തിൽ നിന്ന് മാറ്റി നിർത്താനാവാത്ത ഒന്നാണ്.

മലയാളത്തിൽ നമ്പൂതിരിമാരുടെ യാത്രക്കളിയിൽ അങ്കുരിച്ച ഹാസ്യം പിന്നീട് കാക്കാരശ്ശിനാടകം, പടയണി തുടങ്ങിയ കലാരൂപങ്ങളിലൂടെ വളരുകയും കൂടിയാട്ടത്തിലൂടെ വേരുറപ്പിക്കുകയും ചെയ്തു. പിന്നീട് വന്ന ചമ്പുക്കളിലും ഹാസ്യത്തിന് നല്ല പ്രാധാന്യമുണ്ട്. തോലനിൽ നിന്നും ആരംഭിച്ച് കുഞ്ചൻനമ്പ്യാർ, സഞ്ജയൻ, ഇ. വി കൃഷ്ണപിള്ള എന്നി

മഹത്തായ ഹാസ്യപാരമ്പര്യമാണ് കേരളീയർക്കുള്ളത്. എന്തിനെയും നർമത്തോടെയോ ചെറുപരിഹാസത്തോടെയോ വീക്ഷിക്കാനുള്ള വാസന മലയാളിക്ക് ജന്മസഹജമാണ്.




വരിലൂടെ വികസിച്ച് ട്രോളുകളിലും മീമുകളിലും എത്തിനിൽക്കുന്ന മലയാളികളുടെ ഹാസ്യ പാരമ്പര്യം. ആളുകളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യേണ്ടുന്ന വിഷയങ്ങളെ സിനിമപോലുള്ള ജനപ്രിയ കലാരൂപങ്ങളിൽ നിന്നോ ചുറ്റുപാടുകളിൽ നിന്നോ കണ്ടെത്തി സർഗാത്മകമായി ബന്ധിപ്പിക്കുകയാണ് ഇവയിലൂടെ ചെയ്യുന്നത്.

മലയാളത്തിൽ ജനപ്രിയ സിനിമകളിൽ നിന്നുള്ള സംഭാഷണങ്ങളും തമാശരംഗങ്ങളും മറ്റും മീം നിർമിക്കുന്നതിന് ധാരാളമായി ഉപയോഗപ്പെടുത്തുന്നു. ഞാനേ കണ്ടുള്ളൂ; ഞാൻ മാത്രമേ കണ്ടുള്ളൂ (നന്ദനം), പോളണ്ടിനെ കുറിച്ച് ഒരക്ഷരം മിണ്ടരുത് (സന്ദേശം), തോൽവികളേറ്റു വാങ്ങാൻ ചന്തുവിന്റെ ജീവിതം പിന്നെയും ബാക്കി (ഒരു വടക്കൻ വീരഗാഥ), എല്ലാത്തിനും അതിന്റേതായ സമയമുണ്ട് ദാസാ, എന്താ ദാസാ നമുക്കീ ബുദ്ധി നേരത്തെ തോന്നാഞ്ഞത് (നാടോടിക്കാറ്റ്), ലേലു അല്ലു ലേലു അല്ലു അഴിച്ചു വിട് (തേൻമാവിൻകൊമ്പത്ത്), കൊല്ലാതിരിക്കാൻ പറ്റുമോ? (ചിത്രം) തുടങ്ങിയ വാചകങ്ങൾ അവയിൽ ചിലതുമാത്രം. ജനമനസ്സിൽ ആഴത്തിൽ വേരോടിയ ഭാഷണ ശകലങ്ങൾ മറ്റൊരു സാഹചര്യത്തിലേക്ക് അടർത്തി മാറ്റി പുതിയ വ്യാഖ്യാനസാധ്യത നൽകുകയാണ് ട്രോൾ നിർമാതാക്കൾ ചെയ്യുന്നത്. 'എന്താ ദാസാ നമുക്കീ ബുദ്ധി നേരത്തെ തോന്നാഞ്ഞത്' എന്ന വാചകം കാണുമ്പോൾ നാടോടിക്കാറ്റ് എന്ന സിനിമയിലെ മോഹൻലാലിന്റെയും ശ്രീനിവാസന്റെയും മുഖങ്ങളും പ്രസ്തുതരംഗങ്ങളും വ്യാഖ്യാതാവിന് മനസ്സിൽ കാണുവാൻ സാധിക്കുന്നു.

## ഇന്റർനെറ്റ് ട്രോളുകൾ

മറ്റുള്ളവരെ പ്രകോപിപ്പിക്കാനും അലോസരപ്പെടുത്താനും ഉദ്ദേശിച്ച് ഇന്റർനെറ്റിലെ പൊതുമണ്ഡലത്തിൽ വിനിമയം ചെയ്യപ്പെടുന്ന സന്ദേശങ്ങളാണ് ട്രോളുകൾ. എസ്. എം. എസ്സിൽ വാക്കുകൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ട്രോളിൽ വാക്കുകൾക്കൊപ്പം ചിത്രങ്ങളും ചലനദൃശ്യങ്ങളും ഉണ്ടാകാം. രൂക്ഷമായ പരിഹാസം, ദോഷദർശനം, ആക്ഷേപഹാസ്യം എന്നിവയാണ് ഇവയുടെ പൊതുസ്വഭാവം. (2016:13 ). കനേഡിയൻ സർവകലാശാലയിലെ എറിൻ ബക്കൽസ് 2014 ൽ 1200 ഇന്റർനെറ്റ് ഉപയോക്താക്കളിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രോളുകൾക്ക് മനുഷ്യരുടെ നാല് സ്വഭാവസവിശേഷതകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മാക്യവെല്ലിയനിസം, സൈക്കോപതി, നാർസിസിസം, സാഡിസം എന്നിവയാണവ. സ്വാർഥലാഭത്തിനു വേണ്ടി ഉപജാപം നടത്തി മറ്റുള്ളവരെ ഉപദ്രവിക്കാനുള്ള പ്രവണതയാണ് മാക്യവെല്ലിയനിസം. സൈക്കോപ്പതി എന്നാൽ സഹജീവി സ്നേഹത്തിന്റെയും അനുതാപത്തിന്റെയും അഭാവമാണ്. ആത്മാരാധനയാണ് നാർസിസിസം. അന്യന്റെ വേദനയിൽ ആനന്ദം കണ്ടെത്തുന്നവരാണ് സാഡിസ്റ്റുകൾ. നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന വിവിധതരം ട്രോളുകൾ പരിശോധിച്ചാൽ എറിൻ ബക്കൽസിന്റെ അഭിപ്രായങ്ങളോട് യോജിക്കാനാകും.

സിനിമയിലെ ഹാസ്യരംഗങ്ങളും കഥാപാത്രങ്ങളും സംഭാഷണ ശകലങ്ങളും അടങ്ങിയ മീമുകൾ സംയോജിപ്പിച്ചാണ് ട്രോളുകൾ നിർമിക്കുന്നത്. ഒരു മീം ഉപയോഗിച്ച് തന്നെ വിവിധ ആശയങ്ങളിലുള്ള ട്രോളുകൾ ഉണ്ടാക്കാം. ദിലീപ് നായകനായ സി. ഐ. ഡി. മൂസ എന്ന സിനിമയിലെ മീമുപയോഗിച്ച് സോഷ്യൽ മീഡിയയിലെ അറിയപ്പെടുന്ന 'ട്രോളനാ'യ ഷനോജ് സൈദു നിരവധി ട്രോളുകൾ ഉണ്ടാക്കുകയും അത് 'വൈറൽ' ആവുകയും ചെയ്തത് ഉദാഹരണമായി ചൂണ്ടിക്കാട്ടാം. ട്രോളിന് വേണ്ട ആശയം കിട്ടിക്കഴിഞ്ഞാൽ അതിന് പറ്റിയ മീമുകൾ കണ്ടെത്തുകയാണ് അടുത്ത ഘട്ടം. സിനിമയിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ അടർത്തിയെടുത്ത് അതിൽ നർമം കലർത്തി സന്ദർഭത്തിനനുസരിച്ച് പ്രയോഗിക്കുക എന്നതാണ് ട്രോളിന്റെ രീതി. സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളോട് ആക്ഷേപഹാസ്യരൂപേണ വിമർശിക്കുന്നതിലൂടെ ആളുകളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യാൻ ട്രോളുകൾക്ക് സാധിക്കുന്നു. ഭൂരിഭാഗം ട്രോളുകളും ചിരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിർമിക്കപ്പെടുന്നതെങ്കിലും ഇവയിൽ ചിലത് സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്നതിനും വ്യക്തികളെ 'സൈബർ ബുള്ളിയിങ്' നടത്തുന്നതിലേക്കും കൊണ്ടുചെന്നെത്തിക്കുന്നുണ്ട്.

'ട്രോൾ' എന്ന വാക്കിന് വൃത്തികെട്ട കള്ളൻ, ചെകുത്താൻ, മത്സ്യബന്ധന ടെക്നിക് എന്നെല്ലാമാണ് നിഘണ്ടുവിലെ അർഥം. സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ നാടോടിക്കഥകളിലും നാടൻ പാട്ടുകളിലും രാക്ഷസനായോ കുള്ളനായോ പ്രത്യക്ഷപ്പെടുന്ന മാന്ത്രികരൂപങ്ങളെയാണ് ട്രോൾ എന്നതുകൊണ്ട് അർഥമാക്കുന്നത്. ചൈനീസ് സാഹിത്യത്തിൽ വെള്ളാരങ്കണ്ണ് എന്ന അർഥത്തിൽ 'ട്രോൾ' എന്ന പദം ഉപയോഗിക്കുന്നു. മലയാളത്തിൽ ഹാസ്യസാഹിത്യത്തിന്റെ ഒടുവിലത്തെ കണ്ണിയായി ട്രോൾ സാഹിത്യത്തെ കണക്കാക്കുന്നു. ട്രോളുകൾക്കുവേണ്ടി മാത്രം ധാരാളം പുതിയ വാക്കുകളും പ്രയോഗങ്ങളും ഭാഷയിൽ ഉണ്ടായി. പ്ലിങ് (ചമ്മൽ കാണിക്കാൻ ഉപയോഗിക്കുന്ന പദം), ഫ്രഞ്ച് ഭാഷയിലെ musculine singular definite article ആണ് Le. ഹാസ്യരസം നൽകുന്നതിനായി, The ഉപയോഗിക്കേണ്ടുന്നയിടങ്ങളിൽ Le ഉപയോഗിച്ച് ഭാഷയെ ഫ്രഞ്ച് ആക്കുന്നത് ഇംഗ്ലീഷ് മീമുകളുടെ സ്വഭാവമായിരുന്നു. ആ രീതി മലയാളം അതേപടി അനുകരിക്കുകയായിരുന്നു. ), മീനവിയൽ (Meanwhile എന്ന അർഥത്തിൽ ഉപയോഗിച്ചു വരുന്ന പദം), ട്രോളൻ (ട്രോളുകൾ നിർമിക്കുന്നയാൾ), സൈക്കിളോടിക്കൽ മൂവ് (Psychological move എന്ന ഇംഗ്ലീഷ് പ്രയോഗത്തിന് പകരമായി ഉപയോഗിക്കുന്നു), ചായ കാച്ചൽ (Close Enough എന്ന വാക്കിന് പകരം ഉപയോഗിക്കുന്നു),

സിനിമയിലെ ഹാസ്യരംഗങ്ങളും കഥാപാത്രങ്ങളും സംഭാഷണ ശകലങ്ങളും അടങ്ങിയ മീമുകൾ സംയോജിപ്പിച്ചാണ് ട്രോളുകൾ നിർമിക്കുന്നത്. ഒരു മീം ഉപയോഗിച്ച് തന്നെ വിവിധ ആശയങ്ങളിലുള്ള ട്രോളുകൾ ഉണ്ടാക്കാം.




ബാലൻസ് കെ. നായർ (ഏതെങ്കിലും ഒരു വിഭാഗത്തിന് വേണ്ടി ട്രോളുകളുണ്ടാക്കുമ്പോൾ എതിരാളികൾ തങ്ങൾക്കെതിരെ തിരിഞ്ഞേക്കുമോ എന്ന് ഭയന്ന് ആ വിഭാഗത്തിനെ തൃപ്തിപ്പെടുത്തുന്ന ഒരു പോസ്റ്റ് കൂടി പ്രസിദ്ധീകരിച്ച് സ്വയം ബാലൻസ് ചെയ്യുന്ന സ്വഭാവം ചില മീം ഗ്രൂപ്പുകൾക്ക് ഉണ്ട്. ഇങ്ങനെ ബാലൻസ് ചെയ്യുന്നവരെ കുറിക്കാൻ മീമുകളിൽ ഉപയോഗിക്കുന്ന വാക്ക്), കിടുക്കാച്ചി (കിടിലം എന്ന അർഥത്തിൽ),. jpg (സിനിമകളിലെയോ മറ്റോ ഏതെങ്കിലും രംഗത്തെ സൂചിപ്പിക്കുന്ന സമയത്ത് പ്രസ്തുത ചിത്രമോ വീഡിയോഫയലോ ചേർക്കാതെ ആ രംഗത്തെ സൂചിപ്പിക്കുന്ന വാക്യവും ചേർക്കേണ്ട മീഡിയയുടെ എക്സ്റ്റൻഷനും ചേർത്ത് എഴുതുന്ന രീതി. ഉദാ: കൊല്ലാതിരിക്കാൻ പറ്റുമോ? ഇല്ല ല്ലേ? മോഹൻലാൽ. jpg ) ഇത്തരം ധാരാളം പുതുപദങ്ങൾ ട്രോളുകളിലൂടെ നിഘണ്ടുവിൽ ഇടം പിടിച്ചു. ട്രോൾ മലയാളം, ഇന്റർനാഷണൽ ചളുയൂണിയൻ, ട്രോൾ റിപ്പബ്ലിക്, ട്രോൾ മൂവീസ്, ട്രോൾ കേരള തുടങ്ങി ധാരാളം ട്രോൾ ഗ്രൂപ്പുകൾ സൈബർ ലോകത്തുണ്ട്. ട്രോളുകളുടെ പൊതുസ്വഭാവം ആക്ഷേപഹാസ്യം ആണെങ്കിലും ആക്ഷേപഹാസ്യട്രോളുകൾ, വ്യക്തിഹത്യാട്രോളുകൾ, അശ്ലീല ട്രോളുകൾ, വൈജ്ഞാനിക ട്രോളുകൾ, രാഷ്ട്രീയ ട്രോളുകൾ എന്നിങ്ങനെ ഉള്ളടക്കത്തെ മുൻനിർത്തി അവയെ വേർതിരിക്കാൻ സാധിക്കും.

## ആക്ഷേപഹാസ്യ ട്രോളുകൾ

വസ്തുതാധിഷ്ഠിതമായ ഏതെങ്കിലും ആശയത്തെ മുൻനിർത്തിയുള്ള ആക്ഷേപഹാസ്യപരമായ വിമർശനങ്ങളാണ് ട്രോൾ രൂപത്തിൽ സാമൂഹികമാധ്യമങ്ങളിലൂടെ കൂടുതലായും പങ്കുവയ്ക്കപ്പെടുന്നത്. സമകാലിക സംഭവങ്ങളെ മുൻനിർത്തിയുള്ള ഇത്തരം ട്രോളുകൾ സാംസ്കാരിക പരിവർത്തനങ്ങൾക്ക് തന്നെ കാരണമാകുന്നു. സമീപകാലത്ത് പെട്രോൾ, തക്കാളി തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില വർധനവിനെക്കുറിച്ചുണ്ടായ ട്രോളുകളും മീമുകളും നോക്കുക. ഇന്ത്യൻ അടുക്കളയിലെ ഒഴിവാക്കാനാകാത്ത പച്ചക്കറിയാണ് തക്കാളി. വില ഉയർന്നതും ഉൽപ്പാദനം കുറഞ്ഞതും കാരണം തക്കാളിയുടെ വില കുതിച്ചുയർന്നതിനെതുടർന്ന് രസകരമായ ട്രോളുകൾ കൊണ്ടും മീമുകൾ കൊണ്ടും ധാരാളം പ്രതിഷേധങ്ങളാണ് സോഷ്യൽ മീഡിയയിലുണ്ടായത്. വിവാഹ മോതിരത്തിൽ ഡയമണ്ടിന് പകരം തക്കാളി വെച്ച ചിത്രത്തിലൂടെയാണ് ഒരാൾ തന്റെ പ്രതിഷേധം അറിയിച്ചത്. ഓട്ടമത്സരത്തിൽ പങ്കെടുക്കുന്ന ഉസൈൻ ബോൾട്ടിന്റെയും സഹതാരങ്ങളുടെയും ചിത്രമാണ് മറ്റൊരാൾ ട്വീറ്റ് ചെയ്തത്. മുന്നിൽ ഓടുന്ന ഉസൈൻ ബോൾട്ടിനെ തക്കാളിയായും തൊട്ടു പിന്നാലെയുള്ള താരത്തെ പാചകവാതകമായും ചിത്രീകരിച്ചു. ജനപക്ഷത്തുനിന്നു കൊണ്ടുള്ള ഇത്തരം പ്രതിഷേധട്രോളുകൾക്ക് ആസ്വാദ്യതയും സംവേദനവും ഏറുന്നു. കോവിഡ് കാലത്ത് നവമാധ്യമങ്ങളിലൂടെ പ്രചരിച്ച ട്രോളുകളിലൂടെ രോഗാവസ്ഥയുടെ ഭീതിയും ആശങ്കയും മറികടക്കാൻ ജനങ്ങളെ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. രോഗത്തിനെതിരെ പൊരുതാനുള്ള ബോധവൽക്കരണ ശ്രമങ്ങളും ട്രോൾ രൂപത്തിൽ ഉണ്ടായി. കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായുണ്ടായ ജനതാ കർഫ്യൂവിനെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഐക്യദീപം പരിപാടിയെ കുറിച്ചുമാണ് കോവിഡ് വ്യാപനകാലത്ത് ഏറ്റവും കൂടുതൽ ട്രോളുകൾ ഉണ്ടായിട്ടുള്ളത്.

## വ്യക്തിഹത്യാട്രോളുകൾ

സമൂഹത്തിൽ വിലയും നിലയും ഉള്ളവർക്ക് സംഭവിക്കുന്ന അപചയങ്ങൾ, വീഴ്ചകൾ തുടങ്ങിയവയൊക്കെ ഇത്തരം ട്രോളുകൾക്ക് വിഷയമാകുന്നു. ഇരയെ കളിയാക്കുകയോ പരിഹസിക്കുകയോ ചെയ്യുന്ന തരത്തിലുള്ള ഉള്ളടക്കമാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. വ്യക്തികളെ മാനസികമായും

സാമൂഹികമായും തളർത്തുന്നതിലേക്ക് നയിച്ചേക്കാവുന്ന ഇതുപോലുള്ള ട്രോളുകൾക്ക് ടാബ്ലോയിഡ് മാധ്യമപ്രവർത്തനത്തിന്റെ സ്വഭാവം കൈവരുന്നു.

## വൈജ്ഞാനികട്രോളുകൾ

വിനോദത്തോടൊപ്പം വിജ്ഞാനവും പ്രദാനം ചെയ്യാൻ ട്രോളുകൾക്ക് സാധിക്കുന്നു. ജനങ്ങൾക്ക് സാംസ്കാരിക വിഭവങ്ങൾ എത്തിച്ച് കൊടുക്കുന്നതിനും അവരുടെ സാംസ്കാരികാനുഭൂതികൾക്ക് രൂപം നൽകുകയും ചെയ്യുന്നതിൽ നവമാധ്യമങ്ങൾ ശ്രദ്ധ ചെലുത്തുന്നു. പി. എസ്. സി. ട്രോൾഎന്ന ഫേസ്ബുക്ക് പേജ് പൊതുവിജ്ഞാനം നൽകുക എന്ന ലക്ഷ്യവുമായി ഓരോ ദിവസവും ഒട്ടേറെ ട്രോളുകൾ അവതരിപ്പിക്കുന്നു. 'ഹാസ്യത്തിൽ അറിവ് ചാലിച്ചപ്പോൾ' എന്നാണ് ഈ പേജിന്റെ ടാഗ് ലൈൻ. ഓർമയിൽ നിൽക്കുന്ന സിനിമാ രംഗങ്ങൾ ചേർത്താണ് ഇവർ ട്രോളുകൾ അവതരിപ്പിക്കുന്നത്. ഉദാഹരണമായി രാവണപ്രഭു എന്ന സിനിമയിലെ മോഹൻലാലിന്റെ കഥാപാത്രം പറയുന്ന 'എന്തോ ഇഷ്ടമാണ് ജനങ്ങൾക്കെന്നെ' എന്ന പ്രശസ്തമായ ഡയലോഗിനെ 'ജനകീയനായ വൈസ്രോയി റിപ്പൺ പ്രഭുവാണ്' എന്ന പൊതുവിജ്ഞാനവുമായി സർഗാത്മകമായി ബന്ധിപ്പിച്ച് ട്രോൾ നിർമിക്കുന്നു. പരിശീലന കേന്ദ്രങ്ങളുടെ ഫേസ്ബുക്ക് പേജുകളിലൂടെയും റാങ്ക് ഹോൾഡേഴ്സ് ഗ്രൂപ്പുകളിലൂടെയും ഇത്തരം ട്രോളുകൾ വ്യാപകമായി പ്രചരിക്കുന്നു.

## അശ്ലീലട്രോളുകൾ

'കൂടുതൽ കളിച്ചാൽ നിന്നെ ട്രോളൻ മാർക്ക് ഇട്ടു കൊടുക്കും, കേട്ടോ ?' കട്ടപ്പനയിലെ ഹൃതിക് റോഷൻ എന്ന സിനിമയിൽ ദാസപ്പൻ എന്ന കഥാപാത്രം പറയുന്ന വാക്കുകളാണിത്. നിരുപദ്രവകരമായ തമാശകളെന്നോ ആളുകളെ ചിന്തിപ്പിക്കാനും ചിരിപ്പിക്കാനുമുള്ള ശ്രമമെന്നോ പൊതുജനാഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള പുതിയവേദിയെന്നോ തുടക്കത്തിൽ കണക്കാക്കിയിരുന്ന ട്രോളുകൾ ആരെയും ഒളിഞ്ഞിരുന്നു വിമർശിക്കാനുള്ള പുതിയ വഴിയായി മാറുന്നു. The Crowd_A study of the popular mind എന്ന പുസ്തകത്തിൽ Gustave Le Bon ആൾക്കൂട്ട മനശ്ശാസ്ത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. "ഒരു വ്യക്തി വൈകാരികമായ ഒരു ആൾക്കൂട്ടത്തിലേക്ക് എത്തുമ്പോൾ അയാളുടെ അടിസ്ഥാന സ്വഭാവങ്ങൾ, സമൂഹത്തിലെ അയാളുടെ സ്ഥാനം, ജോലി, പക്വത എന്നിവയെല്ലാം വിസ്മരിച്ച് അയാളുടെ സ്വത്വബോധത്തിൽ നിന്നും മാറി ആൾക്കൂട്ടത്തിന്റെ പൊതു സ്വഭാവത്തിലേക്ക് വിലയം പ്രാപിക്കുന്നു. ഒറ്റയ്ക്ക് നിൽക്കുമ്പോൾ ഒരിക്കലും ചെയ്യുവാൻ തുനിയാത്ത കാര്യങ്ങൾ ഈ വൈകാരികസമൂഹത്തിനുള്ളിൽ നിന്ന് ചെയ്യുവാൻ ഇയാൾ മടികാണിക്കുന്നില്ല. അതായത് ഒരു വ്യക്തി അയാളുടെ നാഗരികതയും മാന്യതയുമെല്ലാം വിസ്മരിച്ച് അടിസ്ഥാന സ്വഭാവത്തിലേക്ക് മടങ്ങുന്നു. " ( 2022:18 ) ഇതേ ആൾക്കൂട്ട മനശ്ശാസ്ത്രമാണ് നവമാധ്യമങ്ങളിലൂടെ തനിക്കു വിദ്വേഷം തോന്നുന്ന ആളുകൾ , പ്രസ്ഥാനങ്ങൾ, മതം, രാഷ്ട്രീയം തുടങ്ങിയവയെ അപകീർത്തിപ്പെടുത്തുന്ന ട്രോളുകൾ നിർമിക്കുന്ന വ്യക്തിയേയും അത് പ്രചരിപ്പിക്കുന്നവരെയും ഭരിക്കുന്നത്. തങ്ങളെ ആരും തിരിച്ചറിയുകയില്ല എന്ന സുരക്ഷിതത്വബോധം ഇത്തരം ട്രോൾ ഉൽപ്പാദകർക്ക് ലഭിക്കുന്നു. സാമൂഹിക രാഷ്ട്രീയ സിനിമാ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളാണ് മുഖ്യമായും അശ്ലീല ട്രോളുകൾക്ക് ഇരയാകേണ്ടി വരുന്നത്. " ഓൺലൈൻ ഇടങ്ങളിൽ അമ്പരപ്പിക്കുന്നവിധം വർധിച്ചുവരുന്ന സ്ത്രീകൾക്കെതിരായ കടന്നാക്രമണങ്ങൾ കാരണം ലിംഗയുദ്ധങ്ങളുടെ (Gender War) യുഗത്തിലാണ് നാമിപ്പോൾ ജീവിക്കുന്നത് എന്ന് സതേൺ കലിഫോർണിയ യൂണിവേഴ്സിറ്റിയിലെ സാറാ ബെനറ്റ് വൈസറും കേറ്റ് മിൽറ്റ്നറും പറയുന്നു. ഈ പ്രതിഭാസത്തെ ശൃംഖലാവത്കൃത സ്ത്രീവിരുദ്ധത (Net worked misogyny) എന്നാണ് ഇവർ വിശേഷിപ്പിക്കുന്നത്. വേറിട്ട രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്യുന്ന സ്ത്രീകളെ അസഭ്യവർഷം കൊണ്ട് ഒതുക്കാൻ ട്രോളുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. " (2016:24) സാമൂഹിക പ്രവർത്തകയായ മീനാ കന്ദസ്വാമി, സിനിമാനടി റിമ കല്ലിങ്കൽ, ടെലിവിഷൻ അവതാരക രഞ്ജിനി ഹരിദാസ് തുടങ്ങി തുടർച്ചയായി ഓൺലൈൻ പീഡനങ്ങൾക്കും അവഹേളനങ്ങൾക്കും ഇരയാകേണ്ടിവരുന്ന നിരവധി സ്ത്രീകളുടെ ഉദാഹരണങ്ങൾ നിരത്താൻ സാധിക്കും. സ്ത്രീകളെ ലൈംഗികപൂരണത്തിനുള്ള ഉപകരണമായി മാത്രം ചിത്രീകരിക്കുന്ന വിഷലിപ്ത പുരുഷത്വത്തിന്റെ(Toxic masculinity) ആവിഷ്കാരങ്ങളാണ് ഇത്തരം ട്രോളുകൾ.


## രാഷ്ട്രീയട്രോളുകൾ

ഹേബർ മാസ് വിഭാവനം ചെയ്ത പൊതുമണ്ഡലങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന സമകാലത്ത് നവമാധ്യമങ്ങൾ രൂപം നൽകുന്ന നവപൊതുമണ്ഡലത്തിലൂടെയാണ് രാഷ്ട്രീയ പ്രവർത്തനവും വിപ്ലവങ്ങളും പുരോഗമിക്കുന്നത്. ഭരണകൂട നിയന്ത്രണങ്ങളെ ഒട്ടും വകവയ്ക്കാതെ, ആശയങ്ങൾ സൈബർ സ്പേസിലൂടെ പരസ്പരം ഏറ്റുമുട്ടുന്നു. അറബ് ലോകത്തെ പിടിച്ചു കുലുക്കിയ മുല്ലപ്പൂ വിപ്ലവത്തിന് പിന്നിൽ ഇന്റർനെറ്റ് കൂട്ടായ്മകളുണ്ടായിരുന്നു. മനുഷ്യരുടെ പങ്കാളിത്ത സംസ്കാരത്തെ ശക്തിപ്പെടുത്താനും പൊതുവേ രാഷ്ട്രീയ കാര്യങ്ങളിൽ നിഷ്ക്രിയരായി ഇടപെടുന്നവരെപ്പോലും സജീവമാക്കാനും സോഷ്യൽ മീഡിയയ്ക്ക് സാധിക്കുന്നു എന്നത് സ്വാഗതാർഹമാണ്. സമകാലിക രാഷ്ട്രീയ സംഭവവികാസങ്ങളോടുള്ള പ്രതികരണമോ പ്രതിഷേധമോ സൂചിപ്പിച്ചു കൊണ്ടുള്ള ട്രോളുകൾ പൊതുവേ പൊതുസമൂഹത്തിന്റെയോ ഏതെങ്കിലും രാഷ്ട്രീയവിഭാഗത്തിന്റെ പക്ഷത്തിലൂന്നുന്നതോ ആയിരിക്കും. തങ്ങ

**പ്രതിരോധ പരമായാലും പ്രതിലോമപരമായാലും സാംസ്കാരികരംഗത്ത് ട്രോളുകൾ വഹിക്കുന്ന പങ്ക് അത്യന്തം നിർണായകമാണ്. കാരണം, അവ സംസ്കാരത്തിന്റെ വിനിമയവും പ്രചാരണവും നിർവഹിക്കുക മാത്രമല്ല; നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ട്രോളുകളും മീമുകളും സംസ്കാരത്തിന്റെ ഉള്ളടക്കത്തെ നിയന്ത്രിക്കുകയോ നിർമിക്കുകയോ കൂടി ചെയ്യുന്നുണ്ട്.**

ളുടെ വരുതിയിലേക്ക് ജനാഭിപ്രായത്തെയും ജനകീയ ബുദ്ധിയെയും എത്തിക്കാനും നിയന്ത്രിക്കാനുമുള്ള ട്രോളിന്റെ കഴിവിനെ ഭരണാധികാരികൾ ഉപയോഗപ്പെടുത്തുന്നു. ഇലക്ഷൻ കാലത്ത് ഓരോ രാഷ്ട്രീയ പാർട്ടിയും ഈയൊരു തന്ത്രത്തെ സമർത്ഥമായി ഉപയോഗിച്ചിട്ടുണ്ട്. മലയാളത്തിൽ ധാരാളം ഫോളോവേഴ്സുള്ള ട്രോൾ ഗ്രൂപ്പുകളും ട്രോൾ പേജുകളും അടുത്ത കാലത്തായി രാഷ്ട്രീയകക്ഷികളുടെ ഭാഗമായി നിന്നുകൊണ്ട് പ്രവർത്തിക്കുന്നത് ഈ പ്രവണതയ്ക്ക് ഉദാഹരണമാണ്. നിഷ്പക്ഷം എന്ന് തോന്നിക്കുന്ന പേജുകൾ വിലയ്ക്കെടുത്ത് സ്വന്തം കക്ഷിക്കാരെക്കൊണ്ട് ലൈക് ചെയ്യിക്കുക, തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾ അടങ്ങിയ ആശയങ്ങൾ ഷെയർ ചെയ്തു പ്രചരിപ്പിക്കുക തുടങ്ങിയ പുത്തൻ രീതികളും സൈബർ ലോകത്തുണ്ട്.

ശബ്ദമില്ലാത്തവരുടെ ശബ്ദമാണ് എന്ന തുടക്കകാലത്തെ പ്രതീക്ഷയിൽ നിന്ന് ഭരണകൂടങ്ങൾക്ക് മെരുക്കിയെടുക്കാൻ കഴിയുന്ന ഒരു സൈനിക സംവിധാനം എന്ന നിലയിലേക്കുള്ള സോഷ്യൽ മീഡിയയുടെ മാറ്റത്തെ' വെർച്വൽ രാജ്യത്തെ ട്രോൾ സൈന്യം' എന്ന ലേഖനത്തിൽ വർഗീസ് ആന്റണി ഇങ്ങനെ നിരീക്ഷിച്ചിട്ടുണ്ട് :വ്യാജവാർത്തകളും വിശകലനങ്ങളും ടൈംലൈനുകളിൽ നിറച്ച് ജനാഭിപ്രായം സ്വന്തം വരുതിയിൽ എത്തിക്കാൻ രാഷ്ട്രതന്ത്രം മെനയുന്നവർ സോഷ്യൽ മീഡിയകളെയാണ് ഇന്നുപയോഗിക്കുന്നത്. പരിശീലനം നേടിയ ട്രോൾ ആർമികൾ ഇതിനായി വെർച്വൽ ലോകത്ത് നിലയുറപ്പിച്ചിട്ടുണ്ട്. (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2016 , മാർച്ച് 2) വാർത്താ വിതരണത്തിൽ മേൽക്കൈ നേടിയ മാധ്യമരൂപമായി സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ മാറിക്കഴിഞ്ഞു. അനുസ്യൂതം പ്രവഹിക്കുന്ന വാർത്തകൾക്കിടയിലെ ശരിതെറ്റുകൾ വേർതിരിച്ചറിയാനുള്ള സംവിധാനങ്ങൾ ഭാവിയിൽ നമുക്ക് കണ്ടെത്തേണ്ടിവരും. വംശീയതയും സ്ത്രീവിരുദ്ധതയും അശ്ലീലവും നിറച്ച് പ്രചരിപ്പിക്കുന്ന പ്രകോപനമട്ടിലുള്ള ട്രോളിങ്ങിനപ്പുറം നിലവാരമുള്ള ആക്ഷേപഹാസ്യകലയായി ഇവ മാറേണ്ടതുണ്ട്.



പ്രതിരോധപരമായാലും പ്രതിലോമപരമായാലും സാംസ്കാരികരംഗത്ത് ട്രോളുകൾ വഹിക്കുന്ന പങ്ക് അത്യന്തം നിർണായകമാണ്. കാരണം, അവ സംസ്കാരത്തിന്റെ വിനിമയവും പ്രചാരണവും നിർവഹിക്കുക മാത്രമല്ല; നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ട്രോളുകളും മീമുകളും സംസ്കാരത്തിന്റെ ഉള്ളടക്കത്തെ നിയന്ത്രിക്കുകയോ നിർമിക്കുകയോ കൂടി ചെയ്യുന്നുണ്ട്.

**ജനങ്ങൾക്ക് സാംസ്കാരിക വിഭവങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും അവരുടെ സാംസ്കാരികാനുഭൂതികൾക്ക് രൂപം നൽകുകയും ചെയ്യുന്നതിൽ നവമാധ്യമങ്ങൾ ശ്രദ്ധ ചെലുത്തുന്നു**

*റിച്ചാർഡ് ഡോക്കിൻസ്*

## ഗ്രന്ഥസൂചി


1. ട്രോൾ ട്രോൾ ട്രോൾ, 2016, ഡി. സി ബുക്സ് & ICU, കോട്ടയം
2. Richard Dawkins, The Selfish gene, 1976, Oxford University press
3. റോബിൻ കെ. മാത്യു, ഡോ, ഡിജിറ്റൽ നാഗവല്ലിമാർ (ഇ-ബുക്ക്), 2022, പെൻസിൽ
4. www. malayaleevision. com (21-July-2020)



*(ഡോ. ജൈനിമോൾ കെ വി - 9995097213)*



**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**



**വെറ്റിലയുടെ പുരാവൃത്തം**
**വേറ്റിനാട് പി.എസ്. കുമാർ**

ഔഷധഗുണം കൊണ്ടും ആചാരപരമായ ഔന്നത്യംകൊണ്ടും സസ്യങ്ങളിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന വെറ്റിലയുടെ പ്രാധാന്യം. ഔഷധഗുണങ്ങൾ, കൃഷിരീതികൾ മറ്റ് പ്രയോജനങ്ങൾ എന്നിവ സോദാഹരണം വിവരിക്കുന്ന ഗ്രന്ഥം

₹110




**ഗണിത ക്വിസ്സുകളുടെ കൗതുക ലോകം**
**പള്ളിയറ ശ്രീധരൻ**

ബീജഗണിതം, ഘനരൂപങ്ങൾ, ജ്യാമിതി തുടങ്ങിയ വിവിധ ഗണിതവിഷയത്തെക്കുറിച്ച് സാമാന്യമായി മനസ്സിലാക്കേണ്ട കാര്യങ്ങൾ ക്വിസ്സ് രൂപത്തിൽ അവതരിപ്പിക്കുന്ന പുസ്തകം.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 210




**യൗവനത്തിന്റെ പുസ്തകം**
**Reliving memories**

ഹൃദയത്തിൽ തൊടുന്ന നേരനുഭവങ്ങൾ. നിശ്ചയദാർഢ്യങ്ങളിൽ തളിരിട്ട ദൈഷണിക ജീവിതങ്ങൾ, ഓരോ മലയാളിയും വായിച്ചിരിക്കേണ്ട അനുഭവങ്ങളുടെയും അനുഭൂതികളുടെയും പുസ്തകം.

DYFI District Committee
Thiruvananthapuram
₹ 300




**രസഗംഗാധരം (ഒന്നാം ആനനം)**
**വിവർത്തനവും വിവരണവും**
**ഡോ. ടി.ജി. ശൈലജ**

രസഗംഗാധരം ഒന്നാം ആനനത്തിന്റെ മലയാള വിവർത്തനമായ ഈ ഗ്രന്ഥം മലയാള സംസ്കൃത വിഷയങ്ങളിലെ സാഹിത്യവിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും ഏറെ പ്രയോജനകരമാണ്.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 290




**ഊർജം, കാലാവസ്ഥ, പരിസ്ഥിതി സമ്പദ്ശാസ്ത്രം ശബ്ദാവലി**
**കെ. സഹദേവൻ,**
**ഡോ. സ്മിത പി. കുമാർ**

വികസനം, ഊർജോൽപ്പാദനം, പരിസ്ഥിതി സമ്പദ്വ്യവസ്ഥ തുടങ്ങിയ മേഖലകളിൽ ആഗോളതലത്തിൽ നടക്കുന്ന സംവാദങ്ങൾ പദരൂപീകരണത്തിനും പുതിയ അർഥസ്വാംശീകരണത്തിനും വേദിയാകുന്നു. .


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 75




**ഒരു നിയോഗം**
**എം.ആർ.സി. നായർ പരശ്ശുവയ്ക്കൽ**

സംഭവബഹുലമായ ഒരു കാലത്തിന്റെ തീക്ഷ്ണയാഥാർഥ്യങ്ങൾ അനുഭവവേദ്യമാക്കുകയാണ്. മാറുന്ന കാലങ്ങളിൽ ആദർശങ്ങൾക്ക് സംഭവിക്കുന്ന അപചയത്തിന്റെ ഓർമക്കുറിപ്പുപോലെ ഈ നോവൽ വായിക്കാം.


പ്രഭാത് ബുക്ക് ഹൗസ് ₹ 520



**പക്ഷികളെ അറിയാം**
**പ്രേമനന്ദൻ ചമ്പാട്**

ആകാശചാരികളായ പക്ഷികളെക്കുറിച്ച് നമുക്ക് പരിമിതമായേ അറിയൂ. അതുതന്നെ സലിംഅലി, ഇന്ദുചൂഡൻ തുടങ്ങിയവർ നമുക്ക് പകർന്നു തന്നവയാണ്. എന്നാൽ വിദ്യാർഥികൾക്കുവേണ്ടി ലളിതമായ ഭാഷയിലുള്ള ഇത്തരമൊരു പുസ്തകം ആദ്യമായിട്ടാണ്.

ഹരിതം ബുക്സ്, ₹ 65




**കെ ജി എസ്**
**വഴികൾ**
**(കവിതാ പഠനങ്ങൾ)**
**സമ്പാദനം : വി.യു, സുരേന്ദ്രൻ**

കാലത്തോടും ചരിത്രത്തോടും ഒപ്പം നടന്നുകൊണ്ട് സമൂഹത്തോട് സംവദിക്കുന്ന കെ.ജി. ശങ്കരപിള്ളയുടെ കവിതകളുടെ സമ്പൂർണാവലോകനമാണ് കെ.ജി.എസ് വഴികൾ എന്ന കവിതാപഠനത്തിലൂടെ എഴുത്തുകാരനായ വി.യു. സുരേന്ദ്രൻ നമുക്ക് സംഭാവന ചെയ്തിരിക്കുന്നത്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 220




**വേരുകളില്ലാത്തവർ**
**കാക്കനാടൻ**

ആധുനികതയുടെ ചൂടും ചൂരും മലയാളി അറിഞ്ഞത് കാക്കനാടനിലൂടെയാണ്. എഴുത്തിന്റെ ലഹരി കാക്കനാടൻ നുണഞ്ഞപ്പോൾ വായനയുടെ ലഹരി അനുവാചകൻ ശരിക്കും അനുഭവിച്ചു. മലയാളി നെഞ്ചിലേറ്റിയ കാക്കനാടിന്റെ നോവലുകളിൽ ശ്രദ്ധേയമാണ് വേരുകളില്ലാത്തവർ.

ഹരിതം ബുക്സ്, ₹ 145